KOTTAYAM PUBLIC LIBRARY

Call No. M.910 Acc. No. 12553

Author ... എബ്രഹാം ഡി. ചന്ദ്രം.

Title ... ശാന്തിനികേതനത്തിലേക്ക്.

1160

# ശാന്തിനികേതനത്തിലേക്ക്

ഫാദർ എബ്രാഹം ഡി. മററം

(പകപ്പവകാശം എസ്. എച്ച്. ലീഗിന്)

പ്രസാധകൻ,
ജനറാൽ സെക്രട്ടറി,
എസ്. എച്ച്. ലീഗ്, ആലുവാ.
1950

കോപ്പി 1200 വില ക. 1-12-0

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

Printed at the Jubilee Memorial Press,
Mangalapuzha Seminary, Alwaye.

NIHIL OBSTAT

Fr. Aurelian O. C. D.,

*Alwaye, 10—12—1949.* *Ap. Seminary.*

IMPRIMATUR

† Joseph Attippetty,

*Ernakulam, 15-12-'49.* *Abp. of Verapoly.*

ദൈവമാതാവായ

കന്യകാമറിയത്തിന്റെ

വിമലഹൃദയത്തിന്

മാതൃഭക്തൻ

# സമർപ്പിക്കുന്ന

വിനീതോപഹാരം.

# മുഖവുര

മനുഷ്യൻ സ്വാതന്ത്ര്യപ്രേമിയാണ്. ശാസ്ത്രപുരോഗതി അവനെ ഉദ്ധതനാക്കിയപ്പോറം അവൻെറ സ്വാതന്ത്ര്യവാഞ്ഛയ്ക്കു് ഒരതിരില്ലാതായി. മതം സ്വാതന്ത്ര്യത്തിനൊരു ക്രച്ചുവിലങ്ങാണെന്നു് അവൻ ആക്രോശിച്ചു. ശാസ്ത്രജ്ഞന്മാർ മുമ്പോട്ടുവന്നു. അവർ പഠിപ്പിച്ചു, ശാസ്ത്രദൃഷ്ടിയിൽ മതത്തിനു നില്ക്കക്കള്ളിയില്ലെന്നു്; മതം ശാസ്ത്രീയമല്ലെന്നു്. ചിന്തകന്മാരുടെ ചിന്താരീതി പാടേ മാറി. സത്യമെന്താണെന്നു കാണുവാനല്ല അവർ ചിന്തിച്ചതു്; സത്യമെന്നു ധരിച്ചതിനെ തെളിയിക്കുവാനായിരുന്നു അവരുടെ പരിശ്രമം. സമുദായ പരിഷ്കർത്താക്കറം വാദിച്ചു, സകല കുഴപ്പങ്ങളുടേയും കാരണം മതമാണെന്നു്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു് എല്ലാവരുംകൂടി പ്രമേയം പാസ്സാക്കി. മതത്തോടുള്ള വിദ്വേഷത്തിൽ സ്വാതന്ത്ര്യഭ്രമംപോലും വിസ്മൃതമായി. മതത്തെ തകർക്കുവാൻവേണ്ടി, മനുഷ്യരെ രാഷ്ട്രത്തിൻെറ അടിമകളാക്കുന്ന പ്രസ്ഥാനങ്ങറക്കു സ്വാഗതമരുളുവാൻ അവർ മടിച്ചില്ല. മതം വേണമെന്നുള്ളവർതന്നെ പറഞ്ഞു, എല്ലാ മതങ്ങളും ശരിയാണെന്നു്. ചുരുക്കം ചിലർ പഴയ മതവിശ്വാസത്തിൽ ഉറച്ചുനിന്നു.

കലഹങ്ങളും കൊലപാതകങ്ങളും പെരുകി; അനീതിയും അക്രമവും മർദ്ദനവും എവിടെയും കളിയാടുവാൻ

തുടങ്ങി. മനുഷ്യൻ എന്തിനു ജനിക്കുന്നു, എന്തിനു ജീവിക്കുന്നു, എന്തിനു മരിക്കുന്നു എന്നു പലൎക്കും ഒരു വിവരവുമില്ലാത്ത മട്ടായി.

മതങ്ങൾക്കെല്ലാം ഒരിടിവുതട്ടി. പല മതങ്ങളും നാമമാത്രങ്ങളും നിർജ്ജീവങ്ങളുമായിത്തീൎന്നു. മതം അഭ്യസ്തവിദ്യർക്കു യോജിച്ചതല്ല എന്നൊരു ധാരണ കലാലയങ്ങളിൽ കടന്നുകൂടി. എന്നാൽ, ഈ കലാപങ്ങളുടേയും കോലാഹലങ്ങളുടേയും ഇടയ്ക്കു കത്തോലിക്കാസഭ മാത്രം അക്ഷയഭാസ്സോടേ വിലസി. അവൾ ജൈത്രയാത്ര തുടർന്നുകൊണ്ടേയിരുന്നു.

പലരുടേയും കണ്ണു തുറന്നു. സമുദായത്തിന് എന്തോ തകരാറു പററിയിരിക്കുന്നൊന്നു പലരും മനസ്സിലാക്കുവാൻ തുടങ്ങി. ശാസ്ത്രജ്ഞന്മാർ ഗ്രഹിച്ചു, ശാസ്ത്രം മതത്തിൽ കൈവച്ചതു പിശകായി, ഭൂതാത്മകവസ്തുക്കളെപ്പററി പറയുവാനേ ശാസ്ത്രത്തിനു കഴിയൂ എന്ന്. ചിന്തകന്മാൎക്കു തിരിഞ്ഞു, തങ്ങളുടെ ചിന്ത തലതിരിഞ്ഞതായിരുന്നൊന്ന്. സമുദായപരിഷ്കർത്താക്കൾ കുററം സമ്മതിച്ചു, 'അയ്യോ ഞങ്ങൾക്കു തെററിപ്പോയി, ഭൗതികവാദം സമുദായത്തെ നാശത്തിലേക്കു വലിച്ചിഴക്കയാണെ'ന്ന്. എല്ലാ മതങ്ങളും ശരിയാണെന്ന വാദം, രണ്ടും രണ്ടും നാലാണെന്നും ആറാണെന്നും പറയുന്നതിനു തുല്യമാണെന്നു മതനിഷ്പക്ഷർക്കും ബോധപ്പെട്ടു. പലരും സഭയുടെ നേൎക്കു ദൃഷ്ടികൾ തിരിച്ചു. സഭയിലേക്കുള്ള പ്രത്യാഗമനങ്ങൾ പൂൎവ്വാധികം വർദ്ധിച്ചു. അജ്ഞേയവാദികളും നിരീശ്വരന്മാരും കമ്മ്യൂണിസ്ററുകാരും പ്രോട്ടസ്റ്റൻറുകാരും ഹിന്ദുക്കളും മുസ്ലീമങ്ങളും സ

യിൽവന്ന ശാശ്വതമായ സമാധാനവും ശാന്തിയും ആസ്വദിക്കയും ചെയ്തു.

നൂറു കവാടങ്ങളുള്ള ഒരു മഹാസൗധമാണു കത്തോലിക്കസഭ എന്നു പറയുന്നത് എത്രയ്ക്കും അൎത്ഥവത്താണെന്നു ചുരുക്കം ചിലരുടേയെങ്കിലും സഭാപ്രവേശനത്തെ പഠിച്ചാൽ കാണാവുന്നതാണ്. ഒരേവിധത്തിലുള്ള രണ്ടു മാനസാന്തരങ്ങൾ കാണുക സാദ്ധ്യമല്ല. മാനസാന്തരം പ്രസാദവരത്തിൻെറ പ്രവൎത്തനമാണെന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. എന്നാൽ, മാനുഷികമായ ഒരു വശംകൂടി അതിനുണ്ട്. നിരീശ്വരത്വം നിമിത്തം നിരാശപ്പെടുമ്പോൾ ഒരാൾ സഭയുടെ നേൎക്കു തിരിയുന്നു. കമ്മ്യൂണിസത്തിൻെറ ദുരന്തഫലങ്ങളാണു മറെറാരാളെ സഭയിലേക്കാകൎഷിക്കുന്നത്. സ്വമതസിദ്ധാന്തങ്ങളുടെ യുക്തിഹീനതയാണു മറെറാരാളെ സഭയിലേക്കു നയിക്കുക. അപ്രമാദമായ ഒരധികാരത്തിൻെറ ആവശ്യകതയാണു വേറൊരാൾക്കു മാൎഗ്ഗദൎശനം നല്കുന്നത്.

അങ്ങിങ്ങായി ഒന്നോ രണ്ടോ പേരല്ല ശാന്തിയും സമാധാനവും അന്വേഷിച്ചു സഭയിലേക്കു ആഗതരാകുന്നത്. ഇംഗ്ലണ്ടിൽത്തന്നെ പ്രതിവൎഷം 1200–ലധികം മാനസാന്തരങ്ങൾ നടക്കുന്നുണ്ടെന്നു കണക്കുകളിൽനിന്നു കാണാം. അമേരിക്കയിൽ ആണ്ടുതോറും 80,000-ലധികം മാനസാന്തരങ്ങൾ നടക്കുന്നുണ്ട്. ആഫ്റിക്കയിൽ കഴിഞ്ഞ 20 കൊല്ലംകൊണ്ടു കത്തോലിക്കരുടെ സംഖ്യ മൂന്നിരട്ടിയായി വൎദ്ധിച്ചിരിക്കുന്നു. ഇതരരാജ്യങ്ങളിലും സഭയിലേക്കുള്ള പ്രത്യാഗമനങ്ങളുടെ എണ്ണം ഒട്ടും കുറവല്ല.

മാർ ഇവാനിയോസ് ഒ. ഐ. സി., എം. എ., ഡി. ഡി., എൽ. എൽ. ഡി. യുടെ സുധീരനേതൃത്വത്തിൽ കേരളത്തിൽ നടക്കുന്ന മാനസാന്തരങ്ങളുടെ സംഖ്യ ഏവർക്കും അറിവുള്ളതാണ്. 3 മെത്രാന്മാരും 75 ലധികം ബിരുദധാരികളുമുൾപ്പെടെ 60,000-ത്തോളം പേർ ഇതിനകം കത്തോലിക്കാസഭയിലേക്കു പ്രത്യാഗമിച്ചിട്ടുണ്ട്.

എല്ലാ മതക്കാരേയും എല്ലാ രാജ്യക്കാരേയും എല്ലാത്തരക്കാരേയും കത്തോലിക്കമതം എപ്രകാരം ആകർഷിക്കുന്നു എന്നു സൂചിപ്പിക്കുവാനായി വിവിധരാജ്യക്കാരും വിവിധമതസ്ഥരും വിവിധസ്ഥിതിക്കാരുമായ ആളുകളുടെ മാനസാന്തരകഥകളാണു തിരഞ്ഞെടുത്തിരിക്കുന്നത്. നമ്മുടെ സമകാലികരുമാണ് ഇവരെല്ലാവരും. ഇവരുടെ ജീവചരിത്രംമാത്രം നല്കാതെ അവസരമനുവദിക്കുന്നിടത്തു കത്തോലിക്കസിദ്ധാന്തങ്ങളെ പ്രകാശിപ്പിക്കുവാനും ശ്രമിച്ചിട്ടുണ്ട്.

അനേകകൊല്ലത്തേക്കു നീണ്ടുനില്ക്കുന്ന മാനസികപരിണാമത്തിൻെറ ഫലമായിട്ടാണു പലരും സഭയിലെത്തുക. കത്തോലിക്കസഭയിൽ പ്രവേശിക്കുന്നതിനുവേണ്ടി സ്ഥാനമാനങ്ങളേയും കുടുംബബന്ധത്തേയും ജീവിതത്തെത്തന്നെയും പണയപ്പെടുത്തുവാൻ അവർ സന്നദ്ധരാകുന്നതു ബുദ്ധിശൂന്യതയോ? സത്യത്തിനുവേണ്ടി ദാഹിച്ചു വലയുന്ന ഒരാത്മാവിൻെറ ദീനരോദനങ്ങൾ ഇവരിൽ ഓരോരുത്തരുടേയും ജീവിതത്തിൽ വ്യക്തമായി കേൾക്കാം. സഭയിലേക്കു പ്രവേശിച്ചവരാരും നിരാശരായിട്ടുമില്ല.

സ്വർഗ്ഗീയസൗഭാഗ്യത്തിൻെറ മുൻകൂട്ടിയുള്ള ഒരാസ്വാദനമാണു സഭയുടെ മടിയിൽ തങ്ങൾക്കു സജ്ജമാക്കപ്പെട്ടിരുന്നതു് എന്നു് അവർ ഉൽഘോഷിക്കുന്നുണ്ടു്. നാനാജാതിജനങ്ങളേയും കത്തോലിക്കമതം ആകർഷിക്കുവാതിൻെറ രഹസ്യമെന്തു് എന്നു ചിന്താശീലന്മാർ ചിന്തിക്കേണ്ടതാണു്.

ലോകത്തിലുള്ള സകല മതങ്ങളേയും പരിശോധിച്ചതിനുശേഷം സത്യമതമേതാണെന്നു തീരുമാനിക്കുവാൻ അധികമാൾക്കും സാധിക്കയില്ല; മനുഷ്യജീവിതത്തിൻെറ ഹ്രസ്വത അതിനനുവദിക്കുന്നില്ല. എന്നാൽ, ഒരു സത്യാന്വേഷി ആരംഭത്തിൽത്തന്നെ തൻെറ ദൃഷ്ടികളെ കത്തോലിക്കസഭയുടെനേർക്കു തിരിക്കുവാൻ മതിയായ കാരണങ്ങളുണ്ടു്. ഇന്നു ലോകത്തിലുള്ള ജനങ്ങളിൽ അഞ്ചിലൊരുഭാഗം (42 കോടി) സ്വീകരിച്ചിരിക്കുന്നതു കത്തോലിക്കമതമാണു്. അമേരിക്കയിലെ ജനസംഖ്യയിൽ പകുതിയിലധികവും യൂറോപ്പിലെ ജനസംഖ്യയിൽ അഞ്ചിൽ രണ്ടുഭാഗത്തിലധികവും കത്തോലിക്കരാണു്. കത്തോലിക്കമതത്തിനു പ്രാബല്യം ലഭിക്കാത്ത യാതൊരു രാജ്യവും ഭൂമുഖത്തില്ല.

സത്യമതം ഏതെന്നു മനസ്സിലാക്കുവാൻ എല്ലാ മതങ്ങളേയും പരിശോധിക്കേണ്ട ആവശ്യമില്ലെന്നു ക്രമേണ അയാൾക്കു ഗ്രഹിക്കുവാൻ കഴിയും. രണ്ടും രണ്ടും നാലാണു് എന്നറിയുവാൻ രണ്ടുംമൂന്നും നാലാണോ എട്ടും രണ്ടും നാലാണോ, ഇങ്ങനെ അസംഖ്യം സാദ്ധ്യതകളെപ്പററി ഒരാൾ ചിന്തിക്കേണ്ടതില്ലല്ലോ.

എന്റെ വൈദികപദപ്രാപ്തിയുടെ അവസരത്തിൽ ഈ ലഘുഗ്രന്ഥം പ്രസിദ്ധീകൃതമാകുന്നതിനു പ്രധാന കാരണക്കാർ വെരി. റവ. ഫാദർ സക്കറിയാസ് ഒ. സി. ഡി., റവ. ഫാദർ ജോൺ കുന്നപ്പള്ളി ഇവരാണു്. അവരുടെ നേർക്കു് ഈ വിനീതശിഷ്യൻ എന്നെന്നും കൃതജ്ഞനായിരിക്കും. മററു പലരുടേയും സഹായങ്ങൾ ഇതിന്റെ രചനയിലും മുദ്രണത്തിലും ലഭിച്ചിട്ടുണ്ടു്. അവർക്കോരോരുത്തർക്കും ഹൃദയംഗമമായ കൃതജ്ഞത.

# വിഷയവിവരം

സമർപ്പണം iii
മുഖവുര iv

1. സസെക്സിലെ അദ്ധ്യായികാകാരി,
ഷെയ്‌ലാ കെയ് സ്മിത്ത്, ഇംഗ്ലണ്ട് 1

2. മന്ത്രിയുടെ കീഴടക്കം,
ഹെൻട്രി പീററർ മർച്ചൻറ്, ഹോളണ്ട് 13

3. വത്തിക്കാനിലെ ഫ്റഞ്ചു സ്ഥാനപതി,
ജാക്ക് മാരിറെറയിൻ, ഫ്റാൻസ് 18

4. റാബി,
പ്രൊഫസർ ഇസ്രേൽ സോളി, ഇററലി 37

5. വിദ്യാഭ്യാസമന്ത്രി,
ഡോക്ടർ പോഠം കൊററാരോ ടാനകാ, ജപ്പാൻ 41

6. അഡ്മിറൽ,
ഷിൻജീരോ സ്റ്റെഫാനോ യമാമോട്ടോ, ജപ്പാൻ 48

7. സന്യാസിയായ പ്രധാനമന്ത്രി,
ഡോം പിയർ സെലെസ്റ്റിൻ ലൂററിസെംഗ്
ററിസിയാംഗ്, ചൈനാ 54

8. ചൈനീസ് മിനിസ്റ്റർ,
ഡോക്ടർ ജോൺ സി. എച്ച്. വൂ, ചൈനാ 63

9. റഷ്യൻ രാജവംശജൻ,
ഡിമിട്രി ഗലിററ്സിൻ, റഷ്യാ 77

10. ജർമ്മൻ വേദാന്തി,
ഡോക്ടർ എച്ച്. സി. ഈ. സക്കറിയാസ്,
പി. എച്ച്. ഡി., ജർമ്മനി 82

11. കമ്മ്യൂണിസ്ററുകാരി,
ക്ലെയർ ബൂത്ത് ലൂസ്, അമേരിക്കാ 96

12. വണിക്പ്രഭു,
ജോൺ മൂഡി, അമേരിക്കാ 102

13. ഓക്സ്ഫോർഡ് പണ്ഡിതൻ,
ഡോക്ടർ ഷെർവുഡ് ടെയിലർ എം. ഏ,
ബി. എസ്. സി., പി. എച്ച്. ഡി., ഇംഗ്ലണ്ട് 106

14. നോബൽ പ്രൈസ് നേടിയ നോവലെഴുത്തുകാരി,
സിഗ്രിഡ് അൺസെററ്, നോർവെ 110

15. ഉപാദ്ധ്യായജി,
ഭവാനി ചരൻ ബാനർജി, ബംഗാൾ 121

16. പരമാനന്ദ മേവാരം, സിൻഡ് 126

17. ബ്രഹ്മചാരി സ്വാമി അനിമാനന്ദൻ,
റിവച്ചന്ദ് ഗയച്ചന്ദ്, സിൻഡ് 129

18. സ്റ്റീഫൻ നാരായണൻ, തൃശ്ശിവപേരൂർ 124

19. എഫ്. എക്സ്. ജെ. ഖാൻ, സൌത്ത് ആർക്കോട്ട് 161



ഷെയ്ലാ കായ് സ്മിത്ത്

# ശാന്തിനികേതന ത്തിലേക്ക്

## I

## സസെക്സിലെ ആഖ്യായികാകാരി

സുരഭിലസുമങ്ങൾ ആ മലർവാടിയിൽ സുലഭങ്ങളാണെന്നെന്നും. മൂളിപ്പറക്കുന്ന തേനീച്ചകളെ ആ മോഹനകുസുമങ്ങൾ മാടിവിളിക്കുന്നു, ആ മലർവാടിയിലേക്ക്. മധുകരന്മാർക്ക് ഒരുത്സവമാണു പിന്നെ. അതേ, വിശുദ്ധിയുടെ പുതുമണം പരത്തുന്ന കുസുമങ്ങളാണു പുണ്യാത്മാക്കൾ. മലർവാടി സഭാമാതാവ്. തേനീച്ചകൾ സത്യാന്വേഷികളായ ജിജ്ഞാസുക്കൾ. സഭയിൽ സത്യത്തെക്കണ്ടെത്തി സംതൃപ്തിയും സമാധാനവുമാസ്വദിച്ച് അവർ ഉത്സവമായിക്കഴിയുന്നു.

സസെക്സിലെ ആഖ്യായികാകാരി എന്ന പേരിൽ വിഖ്യാതയായ ഒരു വനിതാമണിയാണു ഷെയ്‌ലാ കെയ് സ്മിത്ത് (Sheila Kaye-Smith) Sussex Gorse, Shepherds in Sack-cloth, Superstition Corner, Rose Deeprose തുടങ്ങി ഇരുപതിൽപരം നോവലുകളും, The Faithful Stranger, Joanna Godden Married മുതലായ ചെറുകഥാസമാഹാരങ്ങളും, Three Ways Home എന്ന ആത്മകഥാകഥനവും അവർ ആംഗ്ലേയസാഹിത്യത്തിനു സമ്മാനിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ സസെക്സ് സംസ്ഥാനമാണു ഷെയ്‌ലായുടെ ജന്മദേശം. അവളുടെ പിതാവു ഒരു ഡോക്ടറായിരുന്നു. 'എസ്റ്റാബ്ലിഷ്ഡ് ചർ

ച്ച്" എന്ന പ്രോട്ടസ്റ്റൻറുവിഭാഗത്തിൽ അവർ വളർത്തപ്പെട്ടു. പ്രായമായപ്പോൾ സ്വസഭയിൽ അവൾക്ക് അസന്തുഷ്ടി തോന്നിത്തുടങ്ങി. 1918-ൽ അവർ ആംഗ്ലോ കത്തോലിക്ക (*) സഭയിൽ ചേർന്നു. താൻ ഒരു കത്തോലിക്കയാണെന്ന് അവർ പലപ്പോഴും പ്രഖ്യാപിക്കയും അതിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. വിശുദ്ധകുർബാനയിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യം, ശുദ്ധീകരസ്ഥലം, ദിവ്യബലി മുതലായവയെപ്പററി കത്തോലിക്കസഭ നല്കുന്ന പ്രബോധനങ്ങളാണ് അവർ സ്വീകരിച്ചിരുന്നത്. മരിച്ചവർക്കുവേണ്ടി പ്രാത്ഥിക്കയും, വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം തേടുകയും പാപോച്ചാരണം നടത്തുകയും ചെയ്യുക അവരുടെ പതിവായിരുന്നു. ആംഗ്ലോ കത്തോലിക്കസഭക്കുവേണ്ടി അവർ മതപ്രസംഗങ്ങൾ നടത്തുകയും സഭയുടെ മതകർമ്മങ്ങളിൽ ക്രമമായി സംബന്ധിക്കയും ചെയ്തുവന്നു. ഇക്കാലത്തു രചിച്ച കൃതികളിൽ ഹൈചർച്ച് വിഭാഗത്തിൻെറ മനോഭാവങ്ങളെ അവർ സവിശേഷം പ്രകാശിപ്പിച്ചിട്ടുണ്ട്.

1925-ൽ കൊച്ചുത്രേസ്യായെ പുണ്യവതി എന്നു നാമകരണം ചെയ്യുന്നതിനുള്ള ആഘോഷങ്ങളിൽ സംബന്ധിച്ചതിനുശേഷം മടങ്ങിയെത്തിയ ഒരു ആംഗ്ലിക്കൻ സ്നേഹിത വിശുദ്ധയുടെ ഒരു കാശുരൂപവും തിരുശേഷിപ്പും സ്വയംകൃതചരിതത്തിൻെറ ഒരു കോപ്പിയും ഷെയ്ലാക്കു സമ്മാനിച്ചു. അതാണ് അവരുടെ മാനസാന്തരത്തിന് ആരംഭമിട്ട സംഭവം. വിശുദ്ധയുടെ വിശുദ്ധി വിശുദ്ധിയുടെ വിളഭൂമിയിലേക്കാണ് അവരുടെ ദൃഷ്ടികളെ തിരിച്ചത്. ലിസ്യൂവിലെ ആ മഞ്ജുളകുസുമത്തെ അന്വേഷിച്ച് ആ ആഖ്യായികാകാരി യാത്രതിരിച്ചു. അതിൻെറ പുതുമണം, അതിൽനിന്നു പ്രസരിച്ചിരുന്ന വിശുദ്ധിയുടെ പരിമളം അവരെ മതിമയക്കി. നാലുകൊല്ലത്തെ പ

(*) കത്തോലിക്കസഭയോടു വിശ്വാസത്തിലും ആരാധനക്രമത്തിലും കൂടുതൽ സാമ്യമുള്ള പ്രോട്ടസ്റ്റൻറു വിഭാഗം.

ര്യന്വേഷണത്തിനുശേഷം അവർ ഭർത്താവുമൊരുമിച്ച് അതിന്റെ ഉത്ഭവസ്ഥാനത്തു ചെന്നുചേർന്നു— അതേ, കത്തോലിക്കാസഭയാകുന്ന മലർവാടിയിൽ. ഉത്സവാഘോഷമാണ് അവക്കവിടെ.

കൊച്ചുത്രേസ്യായുടെ പുണ്യജീവിതം തന്നിൽ വരുത്തിയ ആദ്യ പ്രത്യാഘാതങ്ങളെ ഷെയ്ലാ ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഈ കൊച്ചുപുണ്യവതി എന്നെ എത്രമാത്രം ആകർഷിച്ചെന്നു വിവരിക്കുക അസാധ്യമാണ്. അവളുടെ ജീവിതത്തിന്റെ മനോജ്ഞതയോ അവൾ കുറിച്ചിട്ടിട്ടുള്ള വാക്കുകളുടെ വശ്യതയോ പാണ്ഡിത്യമോ, അവളുടെ കുറുക്കുവഴിയുടെ ആകർഷകമായ സാധാരണത്വമോ അല്ല, പ്രത്യുത, ആധുനികലോകത്തിനു പ്രഖ്യാപിക്കപ്പെടുന്ന വീരോചിതമായ വിശുദ്ധിയെപ്പററി, ഉന്നതമായ ഉപവിയെപ്പററിയുള്ള ബോധമാണ് എന്റെ ശ്രദ്ധയെ ആകർഷിച്ചത്. നമ്മുടെ കാലത്തു ജീവിച്ച ഒരു വിശുദ്ധ! അവൾ ജീവിച്ചിരുന്നെങ്കിൽ ഇന്നും വാർദ്ധക്യത്തിലെത്തുവാൻ നാളുകളായിട്ടില്ല! (1930–ലാണു ഷെയ്ലാ ഇതെഴുതുന്നത്.) അവളുടെ മുഖഭാവവും, ദേഹപ്രകൃതിയും, പുരാതനകാലത്തെ ഏതോ ചിത്രകാരനിൽനിന്നോ, രൂപം കൊത്തുകാരനിൽനിന്നോ അല്ല, ഫോട്ടോഗ്രാഫറിൽനിന്നു നമുക്കു കിട്ടിയിരിക്കുന്നു. അവളുടെ സ്വന്തം സഹോദരിമാരും അവളെ പരിചയമുള്ളവരും ഇപ്പോഴും ലിസ്യൂവിൽ ജീവിച്ചിരിക്കുന്നു. അവൾക്കു വിശുദ്ധപദം നല്കുന്നതിനാവശ്യമായിരുന്ന അത്ഭുതങ്ങൾ ഐതിഹ്യങ്ങളിൽനിന്നോ, പഴയ ഏടുകകളിൽനിന്നോ എടുത്തിട്ടുള്ളവയല്ല. ജീവിച്ചിരിക്കുന്ന സാക്ഷികളുടെ അധരങ്ങളിൽനിന്നു നേരിട്ടു ലഭിച്ചവയാണ്. ഞാൻ അവളുടെ നേരെ ദൃഷ്ടി തിരിച്ചപ്പോൾ കണ്ടത് അവളെയല്ല, പ്രവഹിക്കുന്നതും വററാത്തതുമായ വിശുദ്ധിയുടെ ഉറവയെയാണ്, അവളെ സൃഷ്ടിച്ച സഭയെയാണ്". (Dropping the Hyphen p. 4)

കത്തോലിക്കസഭയ്ക്ക് ആംഗ്ലിക്കൻ, റോമൻ, പൌരസ്ത്യം എന്നു മൂന്നു ശാഖകളുണ്ടെന്നും രക്ഷപ്രാപിക്കുവാൻ ഇവയിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നാൽ മതിയെന്നും ഇംഗ്ലണ്ടിലെ കത്തോലിക്കസഭ ആംഗ്ലിക്കൻസഭയാണെന്നുമത്രേ ആംഗ്ലോകത്തോലിക്കരുടെയിടിയിലുള്ള വിശ്വാസം. ഷെയ്‌ലായും, ഈ "ശാഖാവാദ"ത്തെ സ്വീകരിച്ചിരുന്നു. താൻ ഒരു കത്തോലിക്കയാണെന്ന് അവർ അഭിമാനിക്കയും പ്രഖ്യാപിക്കയും ചെയ്തിരുന്നതു് ഈ അത്ഥത്തിലാണ്. ഇപ്പോൾ അപ്രതീക്ഷിതമായിട്ട ഷെയ്‌ലായുടെ ശാഖാവാദത്തിന്റെ യുക്തിയുക്തതയ്ക്ക് ഒരു ചോദ്യചിഹ്നമായി ലിസ്സുവിലെ വീരകന്യക അവരുടെ മുമ്പിൽ നിലകൊണ്ടു മുന്നൂറു കൊല്ലങ്ങൾക്കകം ഒരാളെയെങ്കിലും വിശുദ്ധരുടെ പട്ടികയിൽ ചേക്കുവാൻ ആംഗ്ലിക്കൻസഭയ്ക്കു സാധിക്കാതെപോയതിന്റെ കാരണമെന്തു്? ഒരു പട്ടികയിൽ ചേർക്കുന്നതിൽ അല്ലല്ലോ വിശുദ്ധി അടങ്ങിയിരിക്കുന്നതു്. അതിനാൽ, ആംഗ്ലിക്കൻസഭയിലെ ഭക്തന്മാരേയും യോഗ്യന്മാരേയും, അവരുടെ സമകാലികരായി കത്തോലിക്കാസഭയിലുള്ള വിശുദ്ധരേയുംപററി ഒരു താരതമ്യപഠനം നടത്തുന്നതിന് അവർ ആരംഭിച്ചു. വീരോചിതമായ വിശുദ്ധി കത്തോലിക്കസഭയിൽമാത്രമേ കാണപ്പെടുന്നുള്ളുവെന്ന് അവർ സമ്മതിക്കേണ്ടിവന്നു.

"ആംഗ്ലിക്കൻസഭയിൽ തീർച്ചയായും യോഗ്യന്മാരായി പലരുമുണ്ട്;" ഷെയ്‌ലാ എഴുതുന്നു: "അനേകരുടെ പേരുകൾ എന്റെ ഓമ്മയിൽ വരുന്നു. ആൻഡ്രൂസ്, ഹെർബർട്ട്, കേൻ, ജറേമി ടെയിലർ, ബിഷപ് കിംഗ്, ഫാദർ ഡോളിംഗ്, ഫാദർ സ്റ്റാൻറൻ മുതലായ പലരും. ജീവിതത്തിൽ ദൈവത്തെ സേവിച്ചിരുന്ന പുണ്യപുരുഷന്മാരാണിവർ. ഇവരുടെ ഓമ്മ ന്യായ്യമായി ആദരിക്കപ്പെടുന്നു. എന്നാൽ രണ്ടുമൂന്നു വസ്തുതകൾ അവരെപ്പററി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ആദ്യമായി ചർച്ച് ഓഫ് ഇംഗ്ലണ്ട് അവരുടെ യോഗ്യതകളെ

അംഗീകരിക്കുന്നതിൽ വിമുഖത പ്രദർശിപ്പിക്കുന്നു. കലണ്ടറിൽ അവർക്കു സ്ഥാനം കൊടുത്തിട്ടുമില്ല. അവരുടെ ഓർമ്മക്കായി ഒരു ദിവസം നിശ്ചയിക്കുന്നതിനു നടന്ന പരിശ്രമങ്ങൾ പ്രതിഷേധങ്ങൾനിമിത്തം ഉപേക്ഷിക്കേണ്ടിവന്നു. രണ്ടാമത്ത് അവരെല്ലാവരും ഒരുവിധത്തിൽ ആംഗ്ലോ കത്തോലിക്കരാണ്. അതിനാൽ തങ്ങൾ പ്രചോദനം നല്കുന്ന ആംഗ്ലിക്കൻസഭയുടെ പ്രാതിനിധ്യം അവർ വഹിക്കുന്നില്ല. . . മൂന്നാമത്ത്, വിശുദ്ധരെന്നു നാമകരണം ചെയ്യുവാൻ കത്തോലിക്കാസഭ നടത്തു പരിക്ഷണങ്ങളെ അവരിലാരെങ്കിലും വിജയപൂർവ്വം കടന്നുപോകയില്ല. പൂർണ്ണവും ആദ്ധ്യാത്മികവുമായ അർത്ഥത്തിൽ അവരാരും വിശുദ്ധരല്ല.

"സൽസ്വഭാവിയും ഭക്തനുമായതുനിമിത്തം ഒരാൾ പുണ്യവാനാകുന്നില്ല. പൂർണ്ണമായ അർത്ഥത്തിൽ വിശുദ്ധി ആവശ്യപ്പെടുന്നതു വീരോചിതമായ സുകൃതത്തെയാണ്, പരിപൂർണ്ണമായ ആത്മാർപ്പണത്തെയാണ്, ജീവിതത്തെ മുഴുവനും ദഹനബലിയാക്കുന്ന ഒരു സമർപ്പണത്തെയാണ്. അതു രക്തസാക്ഷിത്വത്തെക്കാൾ ഉന്നതവും തികച്ചും അലൗകികവും ദൈവികവരപ്രസാദത്തിന്റെ സമാപനവും വിജയമകുടവുമാകുന്നു.

"സാധാരണമായ ഭക്തജീവിതത്തിന്റെ പരിധികളിൽ നിന്നു വളരെ വിദൂരമാണു വീരോചിതമായ ഈ വിശുദ്ധി. ആകർഷകമായ സന്മനസ്സല്ല ഒരസാധാരണത്വമാണതു്. ആംഗ്ലിക്കൻസഭയിലെ യോഗ്യന്മാരെ കത്തോലിക്കാസഭയിലുള്ള അവരുടെ സമകാലികരോട് — ഫ്റാൻസിസ് ദെ സാലസ്, ഇഗ്നേഷ്യസ് ലയോള, ജോൺ വിയാനി, ആവിലായിലെ ത്രേസ്യാ, ലിസ്യൂവിലെ കൊച്ചുത്രേസ്യാ ഇവരോട് — തുലനം ചെയ്യുന്നത്, അഡിസനെ ഷേക്സ്പീയറിനോടും വില്യം ഹെയിലിയെ വില്യം ബ്ളേക്കിനോടും, ജോർജ്ജ് മാക്ഡൊനാൾഡിനെ ചാറത്സ് ഡിക്കൻസിനോടും താരതമ്യപ്പെടുത്തുന്നതിനു സമമായിരിക്കും. അഡിസനും ഹെയിലിയും

ജോർജ്ജ് മാക്ക്ഡൊനാൾഡും നല്ല സാഹിത്യകാരന്മാർതന്നെ. എന്നാൽ അവരാണ് ആംഗ്ലേയസാഹിത്യത്തിൻെറ ഏററവും വലിയ നേട്ടങ്ങളെന്നുവന്നാൽ ഇംഗ്ലണ്ടിൻെറ ശീതോഷ്ണാവസ്ഥയിലോ, ആചാരമര്യാദകളിലോ, സമുദായികജീവിതത്തിലോ, മന:സ്ഥിതിയിലോ സാഹിത്യകലയ്ക്കു പററാത്തതായി എന്തോ ഉണ്ടെന്ന് ഒരാൾക്കു ന്യായ്യമായി അനുമാനിക്കാം. ഇതുപോലെതന്നെ ആൻഡ്രൂസ്, കേൻ, ഡോളിംഗ് തുടങ്ങിയവരാണു വിശുദ്ധന്മാരുടെ കാര്യത്തിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിൻെറ ഏററവും വലിയ നേട്ടങ്ങളെങ്കിൽ, ആ സഭയുടെ ശീതോഷ്ണാവസ്ഥയും മന:സ്ഥിതിയും വിശുദ്ധിയുടെ വളർച്ചക്കു പററാത്തതാണെന്നു ഞാൻ ഉറപ്പിച്ചുപറയുന്നു. മററു വാക്കുകളിൽ സഭയുടെ നാലു ലക്ഷണങ്ങളിൽ ഒന്നു കാണപ്പെടുന്നില്ല." (Idem p. 8)

റോമൻസഭയെപ്പോലെ ആംഗ്ലിക്കൻസഭ വിശുദ്ധമല്ലെങ്കിൽ അംഗ്ലിക്കൻസഭ സത്യസഭയാണോ? താൻ ശീശ്മയിലാണോ? എന്ന സംശയങ്ങൾ ഷെയ്ലായെ അലട്ടിത്തുടങ്ങി. "ഞാൻ ശീശ്മയിലാണോ"? എന്ന ചോദ്യത്തിന് "നിനക്കു കൂദാശകൾ നല്കപ്പെടുന്നുണ്ട്; മററു കാര്യങ്ങളെപ്പററി ചിന്തിച്ചു ക്ലേശിക്കേണ്ടാ" എന്നു മാത്രമായിരുന്നു ആംഗ്ലിക്കൻ അധികാരികളിൽനിന്ന് അവൾക്കു ലഭിച്ച മറുപടി. ആംഗ്ലിക്കൻ സഭ സത്യസഭയാണോ എന്ന പ്രശ്നം അതിൻെറ പട്ടം ശരിയാണോ എന്നതിനെ ആശ്രയിച്ചിരിക്കുന്നുവെന്നാണ് അവരിൽ പലരും ധരിച്ചിരുന്നത്. കത്തോലിക്കരും ആംഗ്ലോ കത്തോലിക്കരും തമ്മിലുള്ള വാദപ്രതിവാദങ്ങളിൽ ഈ വിഷയത്തിനു വളരെ പ്രാധാന്യം നല്കിയിരുന്നതിനാൽ ആംഗ്ലിക്കരുടെ ഈ വിശ്വാസം ഒന്നുകൂടി പ്രബലമാകയാണു ചെയ്തിട്ടുള്ളത്. പട്ടം വാസ്തവമാണോ എന്നതിനെപ്പററി ശാസ്ത്രീയമായ ഒരു പര്യന്വേഷണം നടത്തുവാൻ സാധാരണക്കാർക്കു സാധിക്കാതിരിക്കെ സത്യത്തെ അറിയുന്നതിനു കാരുണ്യവാനായ

ദൈവം മററു മാർഗ്ഗങ്ങൾ നല്കിയിട്ടില്ലെന്നു വരുമോ എന്നു തന്നോടുതന്നെ അവൾ ചോദിച്ചു.

ഈ ലോകത്തിലുള്ള വിവിധസഭകൾ സത്യസഭയുടെ വിവിധശാഖകളോ അഥവാ സഹോദരസഭകളോ ആണെന്നു മാർത്തോമ്മാക്കാരും വാദിക്കാറുണ്ട്. അടുത്തകാലത്തു യാക്കോബായക്കാരും ഈ വാദം സ്വീകരിച്ചുതുടങ്ങിയിരിക്കുന്നു. ഷെയ്‌ലായുടെ വാക്കുകൾ തങ്ങളെ എപ്രകാരം ബാധിക്കുന്നു എന്ന് അവർ പ്രത്യേകം ചിന്തിക്കേണ്ടതാണ്.

ആംഗ്ലിക്കൻപട്ടം വാസ്തവമാണോ എന്നു നിശ്ചയിക്കുന്നതിനു താൻ പ്രാപ്തയല്ലെന്നു ഷെയ്‌ലാക്കു ബോധമുണ്ടായിരുന്നു. അധികാരികളെ സമീപിക്കുന്നതും ഉപയോഗശൂന്യമായി അവക്കു തോന്നി. ആംഗ്ലിക്കൻപട്ടം വാസ്തവമാണെന്ന് ആംഗ്ലിക്കൻസഭാധികാരികളും അല്ലെന്നു റോമൻസഭയും പഠിപ്പിച്ചു. അതിനാൽ പഠിപ്പിക്കുന്നതിന് ഇരുസഭകൾക്കുമുള്ള അധികാരത്തെപ്പററിയാണ് ആദ്യമായിത്തീരുമാനിക്കേണ്ടതെന്ന് അവർ നിശ്ചയിച്ചു.

"സ്വാഭാവികമായി എൻെറ സഭയുടെ അധികാരികൾ ഒരുപ്രകാരം പഠിച്ചു. റോമാസഭ മററൊരുപ്രകാരവും. അതിനാൽ വേറൊരു പ്രശ്നത്തിലേക്കു ഞാൻ ചെന്നുചാടി— അധികാരത്തിൻെറ കാര്യം. ആംഗ്ലിക്കൻസഭയുടെ പട്ടം വാസ്തവമാണോ എന്നു കണ്ടുപിടിക്കുന്നതിനുമുമ്പായി— അല്ലാതെ അതു കഴിഞ്ഞിട്ടായാൽ പോരാ— ആംഗ്ലിക്കൻസഭയുടെ അധികാരത്തെയാണു ഞാൻ ആരായേണ്ടത്. പട്ടത്തെ സംബന്ധിച്ച് എന്തടിസ്ഥാനത്തിന്മേലാണു ഞാൻ ആംഗ്ലിക്കൻ സഭയുടെ അധികാരത്തെ സ്വീകരിക്കുന്നത്? റോമൻ കത്തോലിക്കസഭയുടേതിൽനിന്നു ഭിന്നമായ ഒരു സിദ്ധാന്തം എന്നെ പഠിപ്പിക്കുവാൻ എന്തവകാശമാണ് അവർക്കുള്ളത്. എന്നെ എന്തെങ്കിലും പഠിപ്പിക്കുന്നതിനുതന്നെ അവർക്കെന്തൊണധികാരം? ഈ രാജ്യത്തെ കത്തോലിക്കസഭ താനാണെന്ന് അ

വരം അവകാശപ്പെടുന്നു. റോമാ അതു നിഷേധിക്കുന്നു; എങ്ങനെയാണ് ഈ അവകാശവാദത്തെ അവരം സ്ഥാപിക്കുന്നത്? സഭയുടെ അടയാളങ്ങരം അവളിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ? സഭ ഏകവും, വിശുദ്ധവും, കാതോലികവും (സാർവ്വത്രികവും) ശ്ലൈഹികവുമാണോ? "അവരുടെ ഫലങ്ങളിൽനിന്നു നിങ്ങരം അവരെ വേർതിരിച്ചറിയും. ഞെരിഞ്ഞില്ലുകളിൽനിന്നോ മുരംപ്പടപ്പുകളിൽനിന്നോ ആളുകരം മുന്തിരിങ്ങാ ശേഖരിക്കാറുണ്ടോ?" എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു. ശരിയായ മുന്തിരിച്ചെടിയുടെ അടയാളങ്ങരം ചർച്ച് ഓഫ് ഇംഗ്ലണ്ട് വഹിക്കുന്നുണ്ടോ? ആ ലക്ഷണം തഴച്ചുകൊഴുത്തുള്ള വളർച്ചയോ, വിസ്തൃതമായ പടർച്ചയോ, കരുത്തേറിയ വേരുകളോ അല്ല, മുന്തിരിക്കുലകളായിരിക്കണം."

1924-ൽ പെൻറോസ് ഫ്റൈയ് എന്നു പേരുള്ള ഒരാംഗ്ലിക്കൻ വൈദികനുമായി ഷെയ്ലാ വിവാഹബന്ധത്തിലേർപ്പെട്ടു. ഷെയ്ലായുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിച്ചിരുന്ന ചില കത്തോലിക്കാസ്നേഹിതർ ഈ ബന്ധംമൂലം അവരുടെ മാനസാന്തരത്തിനുള്ള മാർഗ്ഗം നിശ്ശേഷം അടയ്ക്കപ്പെട്ടു എന്നു കരുതി നിരാശരാകാതിരുന്നില്ല. എന്നാൽ, അനുഭവം നേരെ മറിച്ചായിരുന്നു. ദൈവപരിപാലനയുടെ മാർഗ്ഗങ്ങരം നിഗൂഢങ്ങളത്രേ. തന്റെ വിവാഹംനിമിത്തമല്ലെങ്കിൽ ഒരു പക്ഷേ ഇന്നും താൻ ആംഗ്ലിക്കൻസഭയിലായിരുന്നേനേ എന്നു ഷെയ്ലാ പ്രസ്താവിക്കുന്നു. ആംഗ്ലിക്കൻസഭയുടെ നയത്തേയും സിദ്ധാന്തങ്ങളേയും കൂടുതൽ അറിയുന്നതിന് അനുകൂലമായ ഒരു സാഹചര്യമാണു തന്നിമിത്തം സംസൃഷ്ടമായത്.

അംഗ്ലിക്കൻസഭയിൽ വിശുദ്ധി ദൃശ്യമല്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞു. തുടർന്നു മററു ലക്ഷണങ്ങളിലേക്ക് അവർ കടന്നു. സഭ ഏകമാണോ എന്നതിനെപ്പററി ഒരു വിധി ചെയ്യുവാൻ അധികം വിഷമം നേരിട്ടില്ല. വിശ്വാസസത്യങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ പുരോഹിതനും തനിക്കിഷ്ടമു

ള്ളതെല്ലാം പ്രസംഗിക്കുന്നെന്നും വിശ്വാസികൾ തങ്ങൾക്കി ഷ്ടമുള്ളതൊക്കെ വിശ്വസിക്കുന്നെന്നും അവർ ദർശിച്ചു.

"ആംഗ്ലിക്കൻസഭയിലെ ഓരോ ഇടവകവൈദികനും സ്വന്തം ഇടവകയിൽ തെററാവരമുള്ള ഒരു പാപ്പായാണ്. അവിടത്തെ ആരാധനക്രമങ്ങളെ അയാൾ യഥേഷ്ടം നിയന്ത്രിക്കുന്നു. തനിക്കിഷ്ടമുള്ള ഒരു വിശ്വാസസംഹിത യഥേഷ്ടം തിരഞ്ഞെടുത്ത് അതിനെ പ്രസംഗപീഠത്തിൽനിന്ന് അയാൾ പ്രസംഗിക്കുന്നു. എനിക്കേററം അടുത്തു സമ്പക്കമുണ്ടായിരുന്ന മൂന്നു ആംഗ്ലോ കത്തോലിക്കദൈവാലയങ്ങളിൽ മൂന്നിലും മൂന്നു മതങ്ങളാണു പഠിപ്പിച്ചിരുന്നതു് – ആരാധനക്രമങ്ങളിൽമാത്രമല്ല, പ്രബോധനത്തിലും മനോഭാവത്തിലും ഭിന്നങ്ങളായ മൂന്നു മതങ്ങൾ. ഈ വ്യവസ്ഥയില്ലായ്മയെപ്പററി ഇംഗ്ലീഷ് ചർച്ചിന്റെ അധികാരികൾക്കു ബോധമുണ്ടു്. ഇതിന് അവർക്കു കാണാവുന്ന ഏക പ്രതിവിധി ഇടവകവൈദികന്റെ അധികാരം ഇടവകയോഗത്തിനേല്പിച്ചുകൊടുക്കുകയാണ്. ആ യോഗമോ മതപരമായ കാര്യങ്ങളെക്കുറിച്ചു ജ്ഞാനത്തെക്കാൾ മുൻവിധികൾമാത്രമുള്ള അജ്ഞന്മാരെക്കൊണ്ടായിരിക്കും നിറഞ്ഞിരിക്കുക. സർവ്വത്ര കുഴപ്പം, കുഴപ്പം, കുഴപ്പംതന്നെ; നവീനലോകങ്ങളെ കരുപ്പിടിപ്പിക്കുന്ന ഗുണകരമായ കുഴപ്പമല്ല, ഛിദ്രത്തിന്റേയും ക്ഷയത്തിന്റേയും കുഴപ്പം; ശരീരത്തിൽനിന്നു വിച്ഛേദിക്കപ്പെട്ട നിശ്ചേഷ്ടമായ ഒരവയവത്തിന്റെ ചീച്ചിൽ!" (പുറം 15)

"ആംഗ്ലിക്കൻസഭയെക്കാൾ വിശ്വാസവൈവിധ്യങ്ങൾക്കു സ്ഥാനമുള്ള ഒരു മതസമൂഹമില്ലെന്നു തീർച്ചയാണ്" (പുറം 8)

കാതോലികത്വമാണ് അടുത്ത ലക്ഷണം. സമുദായത്തിലെ എല്ലാ ഗണങ്ങളേയും കത്തോലിക്കസഭ ആകർഷിക്കുന്നു. പ്രഭുവിനും കല്ലുവെട്ടിക്കും അവിടെ ഒരുപോലെ സ്വാഗതം ലഭിക്കുന്നു. എന്നാൽ കത്തോലിക്കദൈവാലയങ്ങളിൽ ധനികരും ദരിദ്രരും സസന്തോഷം ഇടകലർന്ന് ഒരേനിലയിൽ നില്ക്കുന്ന കുതൂഹലമായ രംഗങ്ങൾ ആംഗ്ലിക്കൻസഭയിൽ കാണു

വാൻ സാധിക്കയില്ലെന്നും അംഗ്ലിക്കൻസഭ ധനവാന്മാരുടേയും സാധാരണക്കാരിൽ അല്പം ഭേദപ്പെട്ടവരുടേയും മതമാണെന്നും ഷെയ്ലാ പരാതിപ്പെടുന്നു. ആംഗ്ലോ കത്തോലിക്കർ ഇതിനൊരപവാദമാണ്. അവരുടെ ചില വൈദികന്മാർ സാധുക്കളുടെയിടയിൽ ധീരസേവനമനുഷ്ഠിക്കുന്നുണ്ടെന്നു സമ്മതിക്കണം. എന്നാൽ അവരും ശാരീരികസേവനങ്ങൾ ചെയ്യുമ്പോൾ ആത്മീയാവശ്യങ്ങളെ പൊതുവേ വിസ്മരിക്കയാണു ചെയ്യുന്നത്. ഇതിനും പുറമേ ആംഗ്ലിക്കൻസഭാവിഭാഗങ്ങളെല്ലാം മിക്കവാറും സ്ത്രീജനങ്ങളുടെ സംരംഭമായിട്ടാണു കഴിയുന്നത്. ദൈവാലയങ്ങളിൽ സന്നിഹിതരാകുന്ന പുരുഷന്മാരുടെ സംഖ്യ വളരെ നിരാശാജനകമാണ്. "ചുരുക്കത്തിൽ ആംഗ്ലിക്കൻസഭ ജോലിത്തിരക്കില്ലാത്തവർക്കും മോടിയായി വസ്ത്രമണിയുന്നവർക്കും സദാചാരനിയമങ്ങൾ പാലിക്കുന്നവർക്കും ഭക്തർക്കുംമാത്രം സ്വാഗതമരുളുന്നു. ഇപ്രകാരമുള്ള സ്വാഗതം സഭയുടെ സാർവ്വത്രികത്വത്തിനു തീരെ യോജിച്ചതല്ലല്ലോ".

സഭയുടെ ശ്ലൈഹികത്വമാണ് ഇനിയും ശേഷിക്കുന്ന ലക്ഷണം. ആംഗ്ലിക്കൻസഭയ്ക്ക് അപ്പസ്തോലിക പിന്തുടർച്ചയുണ്ടോ? അപ്പസ്തോലികസത്യങ്ങളും ഉപദേശങ്ങളുമാണോ അതു പഠിപ്പിക്കുന്നത്? ഇതിനു സമാധാനം കണ്ടുപിടിക്കുക ഒട്ടുംതന്നെ ക്ലേശകരമായിരുന്നില്ല. "ലോകത്തിൽ ഏററം കുറച്ചുമാത്രം മതബോധനം ലഭിക്കുന്ന മതക്കാർ പൊതുവേ ആംഗ്ലിക്കരാണെന്നു ഞാൻ വിചാരിക്കുന്നു. സാധാരണയാംഗ്ലിക്കനു തൻെറ മതത്തെപ്പററി യാതൊരു വിവരവുമില്ല. ഏതൊരു സിദ്ധാന്തത്തിൻേറയും വിഷക്കാററിന് അയാൾ വീണുപോകുന്നു. തന്നിമിത്തമാണു 'തിയോസഫിയുടേയും', 'ക്രിസ്ത്യൻ സയൻസിൻേറയും' സ്പിരിച്ച്വലിസത്തിൻേറയും (ഭൂതവിദ്യയുടേയും) മററു മതപ്രസ്ഥാനങ്ങളുടേയും വളർച്ചയ്ക്ക് ഈ രാജ്യം വളക്കൂറുള്ളതായിരിക്കുന്നത്. ഇതിനും പുറമേ ഉന്നതസ്ഥാനങ്ങളിലുള്ള അനേകം ആംഗ്ലിക്കൻ മതപ്രസംഗവേദികളിൽനിന്നു ശാസ്ത്രീയമെന്നും ദൈവശാസ്ത്രപരമെന്നുമുള്ള ഭാ

വത്തിൽ ചപ്പുചവറുകൾ തുടർച്ചയായി പ്രസംഗിക്കപ്പെട്ടു ന്നു. ശ്രോതാക്കളും പ്രസംഗകരും അതു 'മോഡേണിസ (നവ്യതാവാദം) മാണെന്നു ഭാവിക്കുന്നു— ടിറെലും ലോയിസിയും ആ വാക്കിന്റെ അനാശാസ്യമായ ഉപയോഗത്തെ പ്രതിഷേധിക്കുമെങ്കിലും. ഈ ചരക്കെല്ലാം പത്രപംക്തികളിൽ പ്രത്യക്ഷപ്പെടുകയും ഒരൊച്ചപ്പാടുണ്ടാക്കുകയും ചെയ്യുന്നു. തങ്ങളെക്കാൾ ബുദ്ധിമതികളായവർ പണ്ടേതന്നെ വിശ്വാസം പരിത്യജിച്ചിരിക്കുന്നല്ലോ എന്നു സാമാന്യക്കാർ കരുതുകയും അവരിൽ ശേഷിച്ചിട്ടുള്ള അല്പവിശ്വാസംകൂടി നശിച്ചുപോകുകയും ചെയ്യുന്നു. ഇപ്രകാരമുള്ള മേച്ചിൽസ്ഥലത്ത് ആംഗ്ലേയമേഷഗണം എങ്ങനെ സംതൃപ്തരാകും. . . . ?

സത്യസഭയുടെ ലക്ഷണങ്ങളിൽ ഒന്നുപോലും ആംഗ്ലിക്കൻസഭയിൽ ദൃശ്യമായില്ല. "അവരുടെ ഫലങ്ങളിൽനിന്നു നിങ്ങൾ അവരെ വേർതിരിച്ചറിയും." മുന്തിരിങ്ങാകൾ അവിടെ കാണ്മാനില്ലായിരുന്നു— ആംഗ്ലിക്കൻസഭ മുന്തിരിച്ചെടിയല്ല, അഥവാ ഒരുകാലത്തു മുന്തിരിയുടെ ഒരു ശിഖരമായിരുന്നെങ്കിൽ ഇന്നതു തായ്ത്തണ്ടിൽനിന്നു വെട്ടിമാററപ്പെട്ടു നിർജ്ജീവമായിരിക്കുന്നു. കത്തോലിക്കസഭമാത്രം സത്യസഭയുടെ മുദ്രകൾ വഹിച്ചിരുന്നു.

"മറേറതൊന്നിന്റേയും അകൃത്രിമതയെ പരിശോധിക്കുന്നതിനു ഞാൻ ഉപയോഗിക്കുമായിരുന്ന മാർഗ്ഗങ്ങളിൽക്കൂടി യുക്തിയുടെ വെളിച്ചത്തിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ വാദങ്ങളെ ഞാൻ പരിശോധിച്ചപ്പോൾ, താൻ ഈ രാജ്യത്തെ സത്യസഭയാണെന്ന് അവർ നടത്തുന്ന അവകാശവാദം അസ്വീകാര്യമാണെന്ന് എനിക്കു നിശ്ചയംവന്നു. സഭാമുദ്രയുടെ നാലു ഭാഗങ്ങളും ഞാൻ പരിശോധിച്ചു— ഒന്നുപോലും കാണപ്പെട്ടില്ല, അവർ ഒരു വ്യാജച്ചരക്കായിരുന്നു. അവർ ഏകയായിരുന്നില്ല, വിശുദ്ധയായിരുന്നില്ല, കാതോലികമായിരുന്നില്ല, ശ്ലൈഹികയുമായിരുന്നില്ല. ആംഗ്ലിക്കൻസഭയിൽ ഇപ്പോൾ നടക്കുന്നതും അതിന്റെ രക്ഷാമാർഗ്ഗമായി പതിനൊന്നു കൊല്ല

ത്തേക്കു ഞാൻ കരുതിയിരുന്നതുമായ കത്തോലിക്കാ സംരംഭം അവരാം സത്യസഭയെല്ലെന്നുള്ളതിന് ഒന്നാമത്തെ തെളിവായി എനിക്കു തോന്നി.

"ആംഗ്ലിക്കൻസഭയ്ക്കെതിരായി പൊതുവിൽ കൊണ്ടുവരുന്ന ആരോപണങ്ങരാം തങ്ങളെ ബാധിക്കയില്ലെന്ന് ആംഗ്ലോ കത്തോലിക്കർ കരുതാറുണ്ട്. എന്നാൽ വാസ്തവത്തിൽ ആ ആരോപണങ്ങളിൽനിന്ന് വിമുക്തരാകുവാൻ പാടില്ല. ആംഗ്ലിക്കൻ സഭ ഒരു സഭയേ അല്ലെങ്കിൽ, കത്തോലിക്കവിശ്വാസമോ, കത്തോലിക്കനടപടികളോ കുറേ കൂടുതൽ സ്വീകരിച്ചതുകൊണ്ട് അവർ കത്തോലിക്കരായിത്തീരുകയില്ല. ആംഗ്ലിക്കൻ പട്ടം ശാസ്ത്രീയമായ അത്ഥത്തിൽ വാസ്തവമാണെന്നു സംശയരഹിതമായി തെളിയിക്കാമായിരുന്നെങ്കിൽതന്നെ ദൈവിക സ്ഥാപനത്തിൻെറ ഒരൊററ ലക്ഷണംപോലുമില്ലാത്ത ഒരു സഭ ബാഹ്യചടങ്ങിൻെറ ശക്തികൊണ്ട് എങ്ങനെ സത്യസഭയാകുമെന്ന് എനിക്കു മനസ്സിലാകുന്നില്ല." (പുറം 12)

താൻ ശീശ്മയിലാണെന്നും ക്രിസ്തുവിൻെറ ദിവ്യജീവനാൽ പരിപോഷിപ്പിക്കപ്പെടുവാൻ അവിടുത്തെ ഭൗതികശരീരത്തിലെ ഒരംഗമാകുകയാണു തൻെറ കടമയെന്നും ഷെയ്ലായ്ക്കു ബോധപ്പെട്ടു. എങ്കിലും ബുദ്ധിക്കെതിരായി പ്രക്ഷോഭണം നടത്തുന്ന മനസ്സിനെ നിയന്ത്രണത്തിലാക്കുന്നതിനും സഭയിൽ കക്ക്ശതാപവും നിരുന്മേഷതയും അനുഭവപ്പെട്ടേക്കുമെന്ന വ്യത്ഥമായ ഭീതിയെ ജയിക്കുന്നതിനും, പ്രതികൂലശക്തികളുടെ പിടി വിട്ടുവിക്കുന്നതിനും കുറച്ചു കാലതാമസം നേരിട്ടു. ഹൃദയത്തിൻെറ ബന്ധനങ്ങരാം തകത്തു "നമുക്കു ദൈവത്തിൻെറ ഭവനത്തിലേക്കു പോകാം, എന്ന് എന്നോടു പറയുകയിൽ, ഞാൻ ആനന്ദിച്ചു" എന്നു പറയുവാൻ കഴിയുന്ന ദിവസം സമാഗതമാകുവാൻ അവരാം നോക്കിയിരിക്കയായിരുന്നു. ആ ദിനം ഉദയം ചെയ്തു; ഷെയ്ലാ ഭത്താവിനോടൊന്നിച്ചു ദൈവികഭവനത്തിലേക്കു പ്രവേശിക്കയും ചെയ്തു.

II

# മന്ത്രിയുടെ കീഴടക്കം

നെതർലൻഡ്സ്രാജ്യത്തു വിദ്യാഭ്യാസം, കല, ശാസ്ത്രം എന്നീ വകുപ്പുകളുടെ മന്ത്രിയായിരിക്കെ 1938– ഡിസംബർ 21-ാം തീയതി 65–ാ മത്തെ വയസ്സിൽ കത്തോലിക്കസഭയിൽ പ്രവേശിച്ച ഒരു മഹാനാണു ഹെൻട്രി പീററർ മർച്ചൻറ്. (Hendrik Pieter Marchant)

ലെയിഡണിൽ നിയമപഠനം നടത്തി, വളരെക്കാലത്തേക്കു അഭിഭാഷകവൃത്തിയിലേർപ്പെട്ടിരുന്നതിനുശേഷം അദ്ദേഹം രാഷ്ട്രീയരംഗത്തേക്കിറങ്ങി. 1917–ൽ നെതർലൻഡ്സിലേ 'ലിബറൽ ഡെമോക്രാററിക്ക് പാർട്ടിയുടെ ലീഡറായി. "കൗൺസിൽ ഓഫ് ഹേഗിലേക്ക്" (ജനപ്രതിനിധിസഭ) തുടർച്ചയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1933–ൽ ഒരു സംയുക്തമന്ത്രിസഭ രൂപീകരിച്ചപ്പോൾ അദ്ദേഹം മന്ത്രിപദം സ്വീകരിച്ചു. വിദ്യാഭ്യാസമന്ത്രി എന്ന നിലയിൽ വൈദികരും അവൈദികരുമായ അനേകം കത്തോലിക്കരോടു പരിചയപ്പെടുവാൻ അദ്ദേഹത്തിനിടയായി. ഈ പരിചയമാണു കത്തോലിക്കവിശ്വാസത്തെപ്പററി പഠിക്കുന്നതിനും, ഒടുവിൽ കത്തോലിക്കവിശ്വാസം സ്വീകരിക്കുന്നതിനും ആ പ്രോട്ടസ്റ്റൻറുകാരനെ പ്രേരിപ്പിച്ചതു്.

മർച്ചൻറ് പ്രസ്താവിക്കുന്നു: "കത്തോലിക്കരുമായുള്ള സമ്പർക്കം എന്നെ ജിജ്ഞാസുവാക്കി. കത്തോലിക്കമതത്തിൻെറ സാരാംശമെന്തെന്നറിയുവാനുള്ള അഭിവാഞ്ഛയോടേ ഞാൻ കത്തോലിക്കഗ്രന്ഥങ്ങൾ വായിച്ചുതുടങ്ങി. കത്തോലിക്കവേദശാസ്ത്രജ്ഞന്മാരുടെ വാദങ്ങൾ യുക്തിപൂർവകമാണെന്നു് എനി

ക്ക കാണുവാൻ കഴിഞ്ഞു. എന്നാൽ യാഥാസ്ഥിതികരെന്നോ പുരോഗമനവാദികളെന്നോ ഉള്ള വ്യത്യാസം കൂടാതെ സകല പ്രോട്ടസ്റ്റൻറു ദൈവശാസ്ത്രജ്ഞന്മാരുടേയും വാദങ്ങൾ യുക്തിഹീനമായി എനിക്കു തോന്നിയെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. പുരോഗമനവാദികളിൽ ചിലർ സത്യത്തെ കണ്ടുപിടിക്കുന്നതിനെക്കാൾ പ്രധാനം സത്യത്തെ അന്വേഷിക്കയാണെന്ന ലെഡിംഗിൻെറ അഭിപ്രായത്തെ അംഗീകരിക്കുന്നു. ഒരു പടികൂടി കടന്നു സത്യം കണ്ടുപിടിക്കുക അസാദ്ധ്യമാണെന്ന് അവർ വാദിക്കുന്നു. സത്യത്തെ കണ്ടെത്തിയെന്ന് ഒരാൾക്കു തീർച്ച തോന്നുന്നെങ്കിൽ അയാൾ വഴിതെററിപ്പോയി എന്നതിൻെറ ലക്ഷണമാണതെന്ന് അവർ ശഠിക്കുന്നു. അയാൾ ഒരിക്കൽകൂടി ചുവടുകൾ പുറകോട്ടുവയ്ക്കണമത്രേ. ഈ അബദ്ധസിദ്ധാന്തം സ്വീകാര്യമായി എനിക്കു തോന്നിയില്ല. നേരേമറിച്ചു സത്യം ഗ്രഹിച്ചപ്പോൾ ഞാൻ ഹൃദയപൂർവ്വം ദൈവത്തിനു സ്തോത്രം നല്കി." (Through Hundred Gates- page 137)

അന്നത്തെ പരിതഃസ്ഥിതികളിൽ തൻെറ സഭാപ്രവേശനം പല രാഷ്ട്രീയകുഴപ്പങ്ങൾക്കും കാരണമാകുമെന്നു മർച്ചൻറു ദർശിച്ചു. നിയമസഭാംഗങ്ങളിൽ ആറുശതമാനമേ അദ്ദേഹത്തിൻെറ പാർട്ടിയിൽ ഉൾപ്പെട്ടിരുന്നുള്ളൂ. വലതുപക്ഷക്കാരായി കാത്തലിക് പാർട്ടീയും വിപ്ലവവിരുദ്ധപാർട്ടി–(Anti Revolutionary Party), ക്രിസ്ത്യൻ ഹിസ്റ്റോറിക്കൽ പാർട്ടി എന്നു രണ്ടു പ്രോട്ടസ്റ്റൻറു പാർട്ടികളുമാണ് അന്നു നിയമസഭയിലുണ്ടായിരുന്നത്. ഈ മൂന്നു പാർട്ടികൾക്കുംകൂടി ക്രിസ്തീയാദർശങ്ങളെ അംഗീകരിക്കുന്ന ഒരു മന്ത്രിസഭ രൂപീകരിക്കുവാൻ ശക്തിയുണ്ടായിരുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം ലിബറൽപാർട്ടി 1933–ൽ ഇടതുപക്ഷത്തുചേർന്നു. ഈ നിലയിൽ വാമപക്ഷത്തുനിന്ന് ഒരു മന്ത്രി കത്തോലിക്കനാകുന്നെങ്കിൽ അതു രാഷ്ട്രീയകാര്യസിദ്ധിക്കുവേണ്ടിയാണെന്നു വ്യാഖ്യാനിക്കപ്പെടാതേയും അനേകം കുഴപ്പങ്ങൾക്കു വഴിതെളിക്കാതേ

യുമിരിക്കുവാൻ തരമില്ലല്ലോ. വിദ്യാഭ്യാസസംബന്ധമായി പ്രധാനപ്പെട്ട ഒരു ബില്ല് എഴുതിയുണ്ടാക്കിക്കൊണ്ടിരുന്നതിനാൽ അതു പൂർത്തിയാക്കി നിയമസഭയിൽ പാസാക്കുന്നതുവരെ ഉദ്യോഗത്തിൽ തുടരുന്നതിനും അത്രയും നാളത്തേക്കു തന്റെ മാനസാന്തരം മാററിവയ്ക്കുന്നതിനും അദ്ദേഹം നിശ്ചയിച്ചു. എങ്കിലും സഹപ്രവർത്തകർ തന്റെ നിഷ്കപടതയെ പിന്നീട സംശയിച്ചു ചെയ്യാതിരിക്കുന്നതിനുവേണ്ടി മതസംബന്ധമായി തന്റെ മനോഭാവത്തിനു മാററം വന്നിരിക്കുന്നു എന്നു ചിലയവസരങ്ങളിൽ അദ്ദേഹം പ്രസ്താവിച്ചിരുന്നു. ഇതിനിടയ്ക്കു, മർച്ചൻറു കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ടിരിക്കുന്നു എന്ന ശ്രുതി പരന്നു. നിയമസഭയിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകരെ ആ വാർത്ത അമർഷംകൊള്ളിച്ചു. ഉടനെ അദ്ദേഹം മന്ത്രിസഭയിൽനിന്നു രാജിവച്ചു. രാഷ്ട്രീയമായ ലാക്കുകളോ മററാരുടെയെങ്കിലും പ്രേരണയോനിമിത്തമല്ല അന്തഃകരണപ്രേരണനിമിത്തമാണ് അദ്ദേഹം കത്തോലിക്കനാകുവാൻ തീരുമാനിച്ചതെന്നു സ്പഷ്ടമാകുന്നതുവരെ ദീർഘമായ വാദപ്രതിവാദങ്ങളും വിമർശനങ്ങളും നടന്നുകൊണ്ടിരുന്നു.

മാതൃസഭയിലേക്ക് ആഗതരാകുന്നതിനു ധൈര്യപ്പെടുന്നവരെ ഒററുകാരെന്നും ദ്രോഹികളെന്നും അകത്തോലിക്കർ മുദ്രയടിക്കുക സാധാരണമാണ്. യാക്കോബായസഭയിൽനിന്നും വേർപിരിഞ്ഞു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട നേതാക്കന്മാരേയും അവരുടെ അനുയായികളേയും അകാരണമായി ഇപ്രകാരം തെററിധരിക്കയോ കുററപ്പെടുത്തുകയോ ചെയ്യുന്നതു നാം കേൾക്കാറുള്ളതാണല്ലോ. മർച്ചൻറിനും ഇതേസമ്മാനമാണു സ്വമതക്കാർ നല്കിയതു്. ഒററുകാരനെന്നു തന്നെ കുററപ്പെടുത്തുന്നവർക്ക് അദ്ദേഹം ചുരുക്കമായി ഇപ്രകാരം മറുപടി നല്കുന്നു:

"... ഏതായാലും 'എന്താണ് ഒററിക്കാട്ടുകുന്നതു്?' എന്ന ചോദ്യത്തിനു സമാധാനം കാണുക വിഷമമാണ്. മത

പരിവത്തനം ചെയ്യുന്ന ഒരാൾ സ്വസഭയെ 'ഒററിക്കൊടുക്കുന്നു' എന്ന ആരോപണം അപകടകരമാണ്, എന്തെന്നാൽ പ്രോട്ടസ്റ്റൻറു മതവിപ്ലവത്തിൻെറ നേതാക്കൾ കത്തോലിക്കസഭയെ വിട്ടുപോയപ്പോൾ എന്താണ് 'ഒററിക്കൊടുത്തതു്' എന്ന ചോദ്യം ഉടനുദിക്കുന്നു. തൻെറ പൂർവ്വികന്മാർ ഒററിക്കൊടുത്തതിനെ ഒരു ധൂർത്തപുത്രൻ പരിഹരിക്കുന്നതു സ്തുത്യർഹമല്ലേ?

"ഒററുകാരൻ എന്ന ആരോപണത്തിന് ഒരു മറുപടിയേ നല്കുവാനുള്ളൂ. തൻേറയും തൻെറ പൂർവ്വികന്മാരുടേയും മതവിശ്വാസം തങ്ങൾ ലോകത്തെ ധരിപ്പിരുന്നതുപോലെ പക്ഷപാതരഹിതവും പരമാത്ഥവുമല്ലെന്നും സഭയോടു തങ്ങൾക്കുള്ള അതൃപ്തി അജ്ഞതയുടേയും മുൻവിധികളുടേയും ഫലമാണെന്നും മാനസാന്തരപ്പെടുന്ന ഒരാൾ "ഒററിക്കൊടുക്കുന്നു." കത്തോലിക്കരെക്കാൾ ബുദ്ധിമാനെന്നു വിശ്വസിച്ചിരുന്ന ഒരാൾക്കു തൻെറ ആ വിശ്വാസം കഴമ്പില്ലാത്തതാണെന്നു തെളിയുന്നതു് അത്ര സുഖപ്രദമല്ലെന്ന് അനുവാചകന്മാർക്കു ഗ്രഹിക്കുവാൻ വിഷമമുണ്ടാകുകയില്ല. എന്നാൽ, തൻെറ ദൃഢബോധത്തിനനുസരിച്ചു പ്രവത്തിക്കുന്നതിനു ധൈയ്യപ്പെടുന്നവനെ ഒരു മതവിഭാഗത്തിലും ഉൾപ്പെടാതെ മതനിഷ്പക്ഷരായി നടക്കുന്നവരും 'ഒററുകാരനെന്നു' മുദ്രയടിക്കുന്നു എന്നതു വിസ്മയനീയമാണ്." (പുറം 135)

സഭയുടെ വാദങ്ങളെ പരിശോധിക്കുന്നതിനുമുമ്പുതന്നെ അവർക്കെതിരായി പലരും വിധി എഴുതുന്നു. അധികമാളുകളുടേയും സഭാപ്രവേശനത്തിനു വിഘാതമായി നില്ക്കുന്നതു് ഈ മുൻവിധിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. "സഭയെ വിഗ്രഹാരാധികയെന്ന് ആക്ഷേപിച്ചു മതവിപ്ലവകാരികളുടെ വൈരാഗ്യബുദ്ധിയോടെ, മററു പലരും തങ്ങൾ തെററിലാണെങ്കിലും റോമാസഭയിൽ ചേരുകയില്ലെന്നു വ്രതമെടുത്തതുകൊണ്ടു സഭയിലേക്കു തങ്ങളെ നയിച്ചേക്കാവുന്ന ചിന്തകളെ മനഃപൂ

വ്ം ഞെക്കിക്കൊന്നുകളയുന്നു. കത്തോലിക്കസഭയുടെ സത്യാവസ്ഥയെ അറിഞ്ഞിട്ടും തങ്ങൾക്കു ലഭിക്കുന്ന ദിവ്യവരങ്ങളോട സഹകരിക്കാത്തതിനാൽ സഭയിൽനിന്നു വേർപ്പെട്ടിരിക്കുന്നവരും വിരളമല്ല. കത്തോലിക്കപ്രബോധനങ്ങളുടെ യുക്തിയുക്തതയെ സമ്മതിച്ചതിനുശേഷവും ചിലർ അവിശ്വാസികളായി തുടരുന്നു. വിശ്വാസത്തിന്റെ പ്രകൃത്യതീതമായ വെളിച്ചം അവരിൽ കുറവായിരിക്കയോ അതിനോട് അവർ സഹകരിക്കാതിരിക്കയോ ചെയ്യുന്നു. മനുഷ്യന്റെ ബുദ്ധിയുടേയും മനസ്സിന്റേയുംമേൽ ദൈവത്തിനുള്ള നിഗ്രഢമായ പ്രേരണാശക്തിയെ നിസ്സന്ദേഹം തെളിയിക്കുവാൻ സ്വാഭാവികബുദ്ധിക്ക് ഒരിക്കലും സാധിക്കയില്ല. എന്നാൽ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കു ദൈവം വിളിക്കുന്നവർക്ക് അതിനെ അനുഭവിച്ചറിയുവാൻ കഴിയുന്നു. നമ്മൾ അറിയാതെതന്നെ ദൈവപ്രസാദവരം നമ്മിൽ പ്രവത്തിച്ചെന്നുവരാം. കത്തോലിക്കവിശ്വാസത്തെ പഠിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചതു പ്രസാദവരമാണെന്നുള്ളതു നിസ്സംശയമാണ്. ഇക്കാരണത്താൽ യഥാത്ഥമായ ആനന്ദത്തെ അന്വേഷിക്കുന്നവർക്കു കഴിവുള്ള സഹായം ചെയ്യുക എന്റെ കടമയാണെന്നു ഞാൻ കരുതുന്നു''.

# III

# വത്തിക്കാനിലെ ഫ്റഞ്ചു സ്ഥാനപതി

അഖിലലോകപ്രശസ്തനായ ജാക്ക് മാരിററയിനെക്കാരം (Jacques Maritain) വലിയ ഒരു തത്വശാസ്ത്രജ്ഞൻ ഇന്നു ജീവിച്ചിരിപ്പുണ്ടോ എന്നു സംശയമാണ്. യഹൂദമാതാപിതാക്കന്മാരിൽനിന്നു 1882-ൽ അദ്ദേഹം പരിഷ്കാരകേന്ദ്രമെന്നു പറയപ്പെടുന്ന പാരീസിൽ ഭൂജാതനായി. ലിസിഹെൻട്രിസ്സുളിലാണ് അദ്ദേഹത്തിൻെറ പ്രാരംഭവിദ്യാഭ്യാസം നടന്നത്. അവിടെവച്ചു പ്രസിദ്ധ ചിന്തകനായ റെനാൻെറ പൗത്രൻ എർനെസ്ററു സിക്കാരിയും മരിററയിനും ഉററമിത്രങ്ങളായിത്തീർന്നു. പിതാവിനേയും പിതാമഹനേയുംപോലെ സിക്കാരിയും ഒരു നല്ല ഗ്രന്ഥകാരനായിരുന്നു. മരണത്തിനുമാത്രമേ അവരുടെ മൈത്രീബന്ധത്തെ വേർപെടുത്തുവാൻ കഴിഞ്ഞുള്ളു. സിക്കാരി തൻെറ സഭാപ്രവേശത്തിനുശേഷം അധികം താമസിയാതെ ആദ്യത്തെ ലോകമഹായുദ്ധത്തിൻെറ ആദ്യമാസത്തിൽത്തന്നെ ദാരുണമാംവിധം മൃതിയടയുകയാണുണ്ടായത്. ഉപരിപഠനാർത്ഥം മാരിററയിൻ വിശ്രുതമായ സൊർബോൺകലാലയത്തിൽ ചേരുകയും 1906-ൽ 24-ാമത്തെ വയസ്സിൽ അവിടത്തെ പഠനം പൂർത്തിയാക്കുകയും ചെയ്തു. സൊർബോണിൽനിന്നു വിദ്യമാത്രമല്ല, ഒരു വിദുഷിയേയുംകൂടി അദ്ദേഹത്തിനു ലഭിച്ചു. അവിടെ വച്ചാണു പിൽക്കാലത്തു തൻെറ ഭാര്യയാകുവാനിരുന്ന റയിസായെന്നു പേരുള്ള യഹൂദവനിതയുമായി അദ്ദേഹം പരിചയപ്പെട്ടത്. റഷ്യയിലാണു റയിസാ ജനിച്ചതെങ്കിലും ശിശുപ്രായത്തിൽത്തന്നെ ഭവാം



ജാക്ക് മാരിററയിൻ

മാതാപിതാക്കന്മാരോടൊന്നിച്ച ഫ്റാൻസിലേക്ക പോന്നു. റയിസായും സൊർബോണിൽ അദ്ധ്യയനം നടത്തുകയായിരുന്നു.

ഹെൻട്രി ബർഗ്സൺ എന്ന ഫ്റഞ്ചുചിന്തകന്റെ കീൎത്തി ലോകമെങ്ങും വ്യാപിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. ജ്ഞാനസമ്പാദനാസക്തി മാരിററയിനെ അദ്ദേഹത്തിന്റെ പാദങ്ങളിലേക്കാനയിച്ചു. ബർഗ്സന്റെ തത്വശാസ്ത്രം മാരിററയിനു സ്വീകാൎയ്യമായി തോന്നിയില്ല. റാഷണലിസത്തിന്റെ (*) അടിസ്ഥാനംതന്നെ അബദ്ധജടിലമാണെന്നും റിലേററിവിസ്ററുതത്വശാസ്ത്രം' പരാജയമടഞ്ഞിരിക്കുന്നുവെന്നും പരമമായ ഒരു വസ്തുവിന്റെ അസ്തിത്വം സമ്മതിച്ചേമതിയാകൂ എന്നും ബർഗ്സന്റെ ശാസ്ത്രത്തെ സസൂക്ഷ്മം പരിശോധിച്ചപ്പോൾ അദ്ദേഹത്തിനു ഗ്രഹിക്കുവാൻ സാധിച്ചു. മാനുഷികവിജ്ഞാനത്തിന്റെ പിന്നാലെയുള്ള ഓട്ടത്തിൽ നിരാശനായി വിശുദ്ധരുടെ വിജ്ഞാനത്തെ പരിശീലിക്കുന്നതിനു തീരുമാനിച്ചുകൊണ്ടു ഭാൎയ്യയോടുകൂടി 1906-ൽ അദ്ദേഹം കത്തോലിക്കസഭയിൽ പ്രവേശിച്ചു. മാരിറെറയിന്റെ ഒരാത്മമിത്രവും ഒരുത്തമകത്തോലിക്കനുമായിരുന്ന ലെയോൺ ബ്ളോയി (Leon Bloy) യാണ് ഈ പരിവൎത്തനത്തിനു പ്രധാനകാരണക്കാരൻ. മാരിററയിന്റെ ജ്ഞാനസ്നാനത്തിൽ തലതൊട്ടപ്പനായിരുന്നതും അദ്ദേഹംതന്നെയാണ്.

തത്വശാസ്ത്രപഠനമുപേക്ഷിച്ചില്ലെങ്കിലും, പ്രകൃതിശാസ്ത്രപഠനം തുടരുന്നതിനായി ഹിഡെൻബൎഗ്ഗിൽ പോയി പ്രസിദ്ധ ജൎമ്മൻശാസ്ത്രജ്ഞനായ ഹാൻസ് ഡ്റെയിക്കുമൊരുമിച്ചു

---

(*) മതപരമായ സത്യങ്ങളെ ഗ്രഹിക്കുന്നതിനുള്ള മാൎഗ്ഗമായി റാഷണലിസം മനുഷ്യബുദ്ധിയെമാത്രം അംഗീകരിക്കുന്നു; ആവിഷ്കരണത്തേയും, യുക്തികൊണ്ടു തെളിയിക്കുവാനും സ്പഷ്ടമായി ഗ്രഹിക്കുവാനും പാടില്ലാത്ത സത്യങ്ങളേയും നിഷേധിക്കുന്നു.

(Hans Dreich) അദ്ദേഹം രണ്ടുവർഷം ചെലവഴിച്ചു. ഡ്റെയിക്കിൻെറ ജീവോൽപത്തിസിദ്ധാന്തം (Vitalism) അന്നു ഫ്റാൻസിൽ അജ്ഞാതമായിരുന്നു. ഫ്റാൻസിലെ ചിന്തകന്മാരുടേയും ശാസ്ത്രജ്ഞന്മാരുടേയും ശ്രദ്ധയിൽ അതു കൊണ്ടുവന്നതു മാരിററയിൻെറ ഡാർവിനിസവും നെയോ വൈററലിസവും (Darvinism and Neo-Vitalism) എന്ന ഗ്രന്ഥമാണ്.

ജർമ്മനിയിലെ താമസത്തിനിടയിൽ തത്വശാസ്ത്രപഠനത്തോട് അദ്ദേഹത്തിനു സ്വതഃസിദ്ധമായുണ്ടായിരുന്ന താൽപര്യം പുനർജീവിച്ചു. അതിനാൽ ജർമ്മനിയിൽനിന്നു മടങ്ങിവന്നപ്പോൾ പിയെർ ക്ലെരിസാക്ക് (Pere Clerissac) എന്ന മഹാൻെറ ശിക്ഷണത്തിൽ വി. തോമസ് അക്വിനാസിൻെറ തത്വശാസ്ത്രം പഠിച്ചുകൊണ്ടു ദീഘകാലം വെഴ്സെയിൽസിൽ കഴിച്ചു. അതുല്യ ചിന്തകനായ അക്വിനാസിൻെറ ഗ്രന്ഥങ്ങൾ അമൂല്യനിധികളാണെന്ന് അദ്ദേഹം മനസ്സിലാക്കി. വിശ്വാസവും യുക്തിയും പരസ്പരവിരുദ്ധങ്ങളല്ലെന്നുമാത്രമല്ല, എത്രമാത്രം ഏകീഭാവത്തിലാണു രണ്ടും കഴിയുന്നതെന്നും ആ ആചാര്യപാദരുടെ വിശിഷ്ടകൃതികളിൽനിന്ന് അദ്ദേഹം ഗ്രഹിച്ചു. വിശ്വാസം യുക്തിയെ പല അബദ്ധങ്ങളിൽനിന്നും രക്ഷിച്ചു നിയന്ത്രിക്കയും യുക്തിയുടെ പ്രവത്തനത്തിനു പുതിയ പാതകൾ വെട്ടിത്തെളിച്ച് അതിൻെറ പുരോഗമനസാദ്ധ്യതയെ നൂറുമടങ്ങു വദ്ധിപ്പിക്കുകയും ചെയ്യുന്നതായും അദ്ദേഹത്തിനു കാണുവാൻ കഴിഞ്ഞു. ലോകത്തെ ബാധിച്ചിരിക്കുന്ന വ്യാധി മാനസികമാണെന്നും മാനസികമായ ഒരു ചികിത്സകൊണ്ടല്ലാതെ അതിനു ശമനമുണ്ടാകയില്ലെന്നും ഗ്രഹിച്ച് അക്വിനാസിൻെറ തത്വശാസ്ത്രത്തെ ഉപകരണമാക്കിക്കൊണ്ടു ഈ വ്യാധിക്കെതിരായി പോരാടുകയെന്നതു് അന്നുമുതൽ അദ്ദേഹം തൻെറ ജീവിതാദർശമായി സ്വീകരിച്ചു.

"അൻജേലിക്ക് ഡോക്ടർ" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതുന്നു: "ആധുനികലോകത്തെ പിടികൂടിയിരിക്കുന്ന രോ

ഗം പ്രധാനമായി മാനസികമായ ഒന്നാണ്. മനസ്സിനുമാത്രമേ ഈ രോഗത്തെ ശമിപ്പിക്കുന്നതിനു സാധിക്കയുള്ളൂവെന്നു നാം പ്രത്യേകം ധരിക്കേണ്ടതാണ്. . . . മനസ്സിനുമാത്രമേ അതിനെത്തന്നെ സുഖപ്പെടുത്തുവാൻ കഴിയൂ. എത്ര ഭയങ്കരമായവിധം രോഗാതുരമായാലും ശരി, യാതൊന്നിനും നശിപ്പിക്കുന്നതിനോ കേടുവരുത്തുന്നതിനോ സാധ്യമല്ലാത്ത ഒരു ശക്തിവിശേഷം എപ്പോഴും മനസ്സിൽ നിക്ഷിപ്തമായിരിക്കുന്നു. ആ രോഗം മൂർദ്ധന്യാവസ്ഥയിലെത്തി അതിന്റെ ബാഹ്യലക്ഷണങ്ങൾ ഏററം കൂടുതലായി പ്രത്യക്ഷപ്പെടുമ്പോഴാണു സുഖപ്രാപ്തിയെപ്പററി കൂടുതൽ ആശക്കു വഴിയുള്ളതു്" (Angelic Doctor pp. 90,95.) വീണ്ടും അദ്ദേഹം പറയുന്നു: "ഐഡിയലിസത്തിന്റെ (*) പിതാവായ ഡെസ്ക്കാർട്ടസിൽനിന്നും 'ആധുനികചിന്തയുടെ ഉത്ഭവപാപം' ആധുനികമനസ്സിനു ജന്മാവകാശമായിക്കിട്ടിയിരിക്കുന്നു. അതിനാൽ ചിന്തയുടെ ഏതൊരു പ്രവർത്തനവും അതിന്റെ പകർച്ചയിൽനിന്നകററി ശുദ്ധമാക്കേണ്ടിയിരിക്കുന്നു."

1913-ൽ ബർഗ്സന്റെ ശാസ്ത്രത്തെ നിശിതമായി വിമർശിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം മാരിററയിൻ പ്രസിദ്ധപ്പെടുത്തി. 1945-ലാണു യഹൂദമതക്കാരനായിരുന്ന ബർഗ്സൺ നിര്യാതനായതു്. താൻ ഒരു കത്തോലിക്കനാകുവാൻ നിശ്ചയിച്ചിരിക്കുന്നെന്നും യഹൂദമർദ്ദനം നടക്കുന്നതിനാൽ സ്വവർഗ്ഗത്തോടുകൂടി സഹിക്കുന്നതിനുള്ള ആഗ്രഹംനിമിത്തം ഉടൻ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനു നിവൃത്തിയില്ലെന്നും പാ

(*) 1596-ൽ ഫ്റാൻസിൽ ജനിച്ച 1660-ൽ മരിച്ച ഒരു ചിന്തകനാണു ഡെസ്കാർട്ടസ് (കത്തേസിയസ്). സ്വന്തം അസ്തിത്വം മാത്രം അടിസ്ഥാനതത്വമായി സ്വീകരിച്ചുകൊണ്ടു പുതിയ ഒരു തത്വശാസ്ത്രം നിർമ്മിക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ പരിശ്രമം. 'ഞാൻ ചിന്തിക്കുന്നു, അതിനാൽ ഞാൻ സ്ഥിതിചെയ്യുന്നുണ്ട്'. മററു തത്വങ്ങ

രീസിലെ കത്തോലിക്കമെത്രാപ്പോലീത്താ അനുവദിക്കുന്നപക്ഷം ഒരു കത്തോലിക്കവൈദികൻ തൻെറ ശവസംസ്കാരത്തിനുവന്നു പ്രാർത്ഥനകൾ ചൊല്ലണമെന്നും അദ്ദേഹത്തിൻെറ മരണപത്രികയിൽ പറഞ്ഞിരുന്നു എന്നതു പ്രസ്താവാർഹമാണ്.

അന്ത്യശ്വാസം വലിച്ചുതുടങ്ങിയിരിക്കുന്ന റാഷണലിസവും, മോഡേണിസവും മാരിററയിനെ തുറിച്ചു കണ്ണുകളോടുകൂടി നോക്കിയിരിക്കയാണ്. 1914-മുതൽ പാരീസിലെ കത്തോലിക്കസർവ്വകലാശാലയിലും 1933-ൽ ററൊറെൻെറാ സർവ്വകലാശാലയിലും (Institute of Mediaeval Studies) പ്രൊഫസർ എന്ന നിലയിൽ ഇന്നത്തെ ചിന്തകന്മാരുടെയിടയിൽ വളരെയധികം പ്രേരണ ചെലുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. The Angelic Doctor, Art and Scholasticism, Religion and Culture, The Things That Are Not Caesers, Three Reformers: Luther, Descartes, Rousseau, An Introduction to Philosophy മുതലായവയാണ് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള അദ്ദേഹത്തിൻെറ പ്രധാന കൃതികൾ.

---

ളെല്ലാം— കാര്യകാരണബന്ധത്തെപ്പോലും— സംശയിച്ചുകൊണ്ടാണ് അദ്ദേഹം ശാസ്ത്രനിർമ്മിതി ആരംഭിച്ചതു്. ഇന്ദ്രിയങ്ങൾക്കു ഭൂതാത്മകമായ ബാഹ്യവസ്തുക്കളെ നേരിട്ടു ഗ്രഹിക്കുവാൻ സാധിക്കയില്ലെന്നും അദ്ദേഹം പഠിപ്പിച്ചു. ഇന്ദ്രിയസഹായംകൂടാതെ ജന്മനാ മനസ്സിൽ പല ആശയങ്ങളും സ്ഥിതിചെയ്യുന്നു എന്ന് അദ്ദേഹം വാദിച്ചു. ഇപ്രകാരം ഭൂതാത്മകവസ്തുക്കളെപ്പററിയും നമ്മിൽ സ്വതഃസിദ്ധമായ ആശയങ്ങളുള്ളതുകൊണ്ട് അവ വാസ്തവമല്ലെങ്കിൽ സത്യസ്വരൂപനായ ദൈവം നമ്മെ നിരന്തരം വഞ്ചിക്കുന്നു എന്നുവരും — ഇതാണു ഭൂതാത്മകവസ്തുക്കൾ സ്ഥിതിചെയ്യുന്നു എന്നതിനു കത്തേസിയസ് കണ്ട ഏക തെളിവു്. കത്തേസിയസിൻെറ ഈരശസിദ്ധാന്തങ്ങളാണ് ഐഡിയലിസത്തിനു് അടിസ്ഥാനമിട്ടതു്. കത്തേസിയൻവാദങ്ങൾ അബദ്ധസമ്മിശ്രമെന്നു് 1663-ൽ സഭ വിധി പ്രസ്താവിച്ചു.



മാഡം മാരിററയിൻ

1940 ജൂൺമാസത്തിനുശേഷം മാരിററയിൻ ഭാര്യയോടു കൂടി അമേരിക്കൻ ഐക്യനാടുകളിൽ ചുററിസ്സഞ്ചരിച്ചു ഫ്റഞ്ചുസംസ്കാരത്തിൻെറ വ്യാപ്തിക്കുവേണ്ടി പ്രചരണവേല നടത്തിക്കൊണ്ടിരുന്നു. 1945-ൽ അദ്ദേഹം വത്തിക്കനിൽ;ഫ്റഞ്ചുഗവമ്മെൻറിൻെറ പ്രതിനിധിയായി നിയമിക്കപ്പെട്ടു. ഏതാനും മാസങ്ങൾക്കുമുമ്പ് ആ ജോലി രാജിവച്ച് അദ്ദേഹം തത്വശാസ്ത്രപ്രൊഫസർസ്ഥാനം സ്വീകരിച്ചു. നല്ലൊരു ഗ്രന്ഥകർത്രിയായ റെയിസാ മാരിററയിൻ തൻെറ മാതാപിതാക്കന്മാരുടെ ഹൃദയാവർജ്ജകമായ മാനസാന്തരകഥ 'Adventures In Grace' എന്ന ഗ്രന്ഥത്തിൽ മനോഹരമായി വിവരിക്കുന്നുണ്ട്. ഹൃദയംഗമമായ ആ വിവരണം അവരുടെ വാക്കുകളിൽത്തന്നെ ഇവിടെ പകർത്തിക്കൊള്ളുന്നു.

"റഷ്യയിൽ ആരെങ്കിലും യഹൂദമതത്തിൽനിന്നും കത്തോലിക്കമതത്തിൽ ചേന്നാൽ അതു മററു പൗരന്മാരോടൊപ്പം രാഷ്ട്രീയാവകാശങ്ങൾ ലഭിക്കുന്നതിനാണെന്നാണ് എൻെറ മാതാപിതാക്കന്മാർ ധരിച്ചിരുന്നത്. അങ്ങനെ മതം മാറുന്ന യഹൂദരെപ്പററി അവർക്കു വലിയ അവജ്ഞയുമായിരുന്നു. ഫ്റാൻസിൽ ഏതെങ്കിലും യഹൂദൻ ക്രിസ്തുമതം സ്വീകരിക്കുന്നതു ദുർഭഗരായ സ്വജനങ്ങളെ നിന്ദ്യമായി ഒററിക്കൊടുത്തുകൊണ്ട് അവരിൽനിന്നു വേർപെടുന്നതിനാണെന്നല്ലാതെ മറെറാരു വ്യാഖ്യാനം അവർക്കു ദുർഗ്രഹമായിരുന്നു. അക്ഷന്തവ്യമായ ഒരു കടുംകൈയായി അവർ അതിനെ കണക്കാക്കി.

ഞാനും എൻെറ സഹോദരി വേരായും കത്തോലിക്കസഭയിൽ ചേർന്നതു ഞങ്ങളുടെ മാതാപിതാക്കന്മാർക്കു നിസ്സീമമായ വ്യസനത്തിനും നിരാശക്കും കാരണമായി. ഏകദേശം മൂന്നു കൊല്ലങ്ങൾക്കുശേഷം മാത്രമാണ് അവരുടെ മനഃസ്ഥിതിക്ക് അല്പമെങ്കിലും മാററം വന്നതിൻെറ ലക്ഷണങ്ങൾ കണ്ടത്.

എൻെറ പിതാവിന് ഓർഗൺവായന (വലിയ ഹർമ്മോണിയം) കേൾക്കുന്നതു വളരെ കൗതുകമായിരുന്നു. 1910

12-5-53

ആരംഭത്തിൽ പലപ്പോഴും ഓർഗൺ കേൾക്കുവാനായി അദ്ദേഹം കത്തോലിക്കദൈവാലയത്തിൽ പോകുകയുണ്ടായി. അദ്ദേഹത്തെപ്പോലെയുള്ള ഒരു യഹൂദൻ സ്വമനസ്സാ ഒരു കത്തോലിക്കദൈവാലയത്തിൽ പോകുക എന്നതു ക്രിസ്തുമതത്തെ താത്വികമായിട്ടെങ്കിലും അംഗീകരിച്ചതിൻെറ ലക്ഷണമായിരുന്നു. അക്കൊല്ലം വലിയ ശനിയാഴ്ചദിവസം വേരായോടുകൂടി അമ്മയും വെഴ്സെയിൽസിൽ നോട്ടർഡാം ദൈവാലയത്തിൽപോയി. ഉയിർപ്പുഞായറാഴ്ച അപ്പനെ അതേ ദൈവാലയത്തിൽ കൊണ്ടുപോയതു് എൻെറ ഭർത്താവു ജാക്ക് തന്നെയാണ്. എന്നാൽ ഇങ്ങനെ ചുരുക്കംചിലയവസരങ്ങളെയൊഴിച്ചാൽ മതസംബന്ധമായ കാര്യങ്ങളെക്കുറിച്ചു ഞങ്ങൾ പരിപൂർണ്ണമായ മൗനമവലംബിച്ചതേയുള്ളു.

പല കൊല്ലത്തേക്കു സ്പഷ്ടമായ യാതൊരു വ്യതിയാനവും അവരിൽ ദൃശ്യമായില്ല. 1911–ൽ എൻെറ മാതാപിതാക്കന്മാർ വെഴ്സെയിൽസിൽവന്നു ഞങ്ങളുടെ അടുത്തു താമസമാക്കി. അടുത്തകൊല്ലം അപ്പൻ ഒരു കത്തോലിക്കനായിട്ടു മരിച്ചു. എന്നാൽ, ഇതിനെപ്പററി പിന്നീടു പറയാം.

പിതാവിൻെറ മരണത്തിനുശേഷം ഞങ്ങളോടൊരുമിച്ചാണ് അമ്മ താമസിച്ചിരുന്നതു്. വൈദികരും അവൈദികരുമായ ഞങ്ങളുടെ സ്നേഹിതരെക്കാണുന്നതു പ്രകൃത്യാ സൗമ്യയായ അമ്മയ്ക്കു വളരെ സന്തോഷകരമായിരുന്നു. ഞങ്ങൾ സ്നേഹിച്ചിരുന്നതുപോലെ അമ്മയും അവരെ സ്നേഹിച്ചിരുന്നു. ഞങ്ങൾക്കു സ്വന്തമായി ഒരു കപ്പേള അനുവദിച്ചുകിട്ടിയതിനുശേഷം അവിടെ ദിവ്യബലി അർപ്പിക്കപ്പെട്ടിരുന്നപ്പോഴൊക്കെ അമ്മയും അതിൽ സംബന്ധിച്ചുവന്നു. എങ്കിലും കുരിശടയാളം വരയ്ക്കുയോ മുട്ടുകുത്തുകയോ ചെയ്യുമായിരുന്നില്ല. ഭക്തിപൂർവ്വം, ഞങ്ങളിൽനിന്നകലെയല്ലാതെ എഴുന്നേററുനിന്നു സ്വന്തമായ രീതിയിൽ ഹൃദയംകൊണ്ടുമാത്രം പ്രാർത്ഥിക്കും. പതിമൂന്നു കൊല്ലം മുഴുവനും ഇപ്രകാരം ഞങ്ങളോ

12553

ടൊന്നിച്ചു താമസിച്ചെങ്കിലും ഒരിക്കലും ഞങ്ങൾ നേരിട്ടു മതപരമായ കാര്യങ്ങളെപ്പററി അമ്മയോടു യാതൊന്നും ചോദിച്ചിട്ടില്ല. എങ്കിലും അമ്മ ഒരു കത്തോലിക്കയായിക്കാണുവാൻ ഞങ്ങൾ അതിയായി ആഗ്രഹിക്കയും മരണവക്ത്രത്തിലകപ്പെടുന്നതിനുമുമ്പ ആരോഗ്യാവസ്ഥയിൽത്തന്നെ ഈ അനുഗ്രഹം അമ്മയ്ക്കു നല്കണമെന്നു ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്തിരുന്നു. . . . സംഭവിച്ചതും അപ്രകാരംതന്നെ. ലാകോർണുവേയുടെ വികാരിയായിരുന്ന ഫാദർ ലാമി എന്ന ഭക്തനായ ഒരു വൈദികനാണ് — ഒരു വിശുദ്ധനെന്നുതന്നെ അദ്ദേഹത്തെ വിളിക്കേണ്ടതാണ് — ആദ്യം സ്പഷ്ടമായിട്ട് അമ്മയോടു ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനെപ്പററി ചോദിച്ചത്. അദ്ദേഹവുമായി ഞങ്ങൾ പരിചയപ്പെട്ടതു 1921-ലെ പെസഹാവ്യാഴാഴ്ചയാണ്. മ്യൂഡോണിൽ ഞങ്ങൾ താമസിച്ചകാലത്തു വലിയ തിരുനാളുകളിലൊക്കെ അദ്ദേഹം ഞങ്ങളുടെ കപ്പേളയിൽവന്നു കുർബാന ചൊല്ലിയിരുന്നു. അങ്ങനെ ഡിസംബർ 24-ാം തീയതിയും 25-ാം തീയതിയും അദ്ദേഹത്തിന് ആതിഥ്യം നല്കുവാൻ ഞങ്ങൾക്കു ഭാഗ്യം ലഭിച്ചു. അതിനു രണ്ടാഴ്ചമുമ്പ് അമ്മ തനിച്ചായിരുന്ന ഒരവസരത്തിൽ, 'എന്നാണു കത്തോലിക്കയാകുവാനുദ്ദേശിക്കുന്നതെ'ന്ന് അദ്ദേഹം ചോദിക്കയും 'കുറച്ചുകൂടി കഴിഞ്ഞു' എന്ന് അമ്മ മറുപടിപറയുകയും ചെയ്ത വിവരം അന്ന് അദ്ദേഹം ഞങ്ങൾക്കു വെളിപ്പെടുത്തി. ഈ സംഭാഷണത്തെക്കുറിച്ച് അമ്മ ഞങ്ങളോടൊന്നും പറഞ്ഞില്ല, ഞങ്ങളൊട്ടു ചോദിച്ചതുമില്ല.

രണ്ടുമാസത്തിനുശേഷം അപ്പന്റെ ചരമവാർഷികമായ ഫെബ്റുവരി 24-ാം തീയതി വീട്ടിൽ കുർബാന ചൊല്ലണമെന്ന ഉദ്ദേശ്യത്തോടേ പ്രിൻസ് ലാഡിമിൽ ഗീക്കാ റോമിൽനിന്നു തിടുക്കത്തിൽ വീട്ടിലെത്തി. അതിന് ഒന്നേരക്കൊല്ലം മുമ്പായിരുന്നു അദ്ദേഹം റോമിൽവച്ചു വൈദികപട്ടം സ്വീകരിച്ചത്. . . . ജ്ഞാനസ്നാനസ്വീകരണത്തെപ്പററി അമ്മയോ

ട സംസാരിക്കട്ടയോ എന്ന് അദ്ദേഹം ഞങ്ങളോട ചോദിച്ചു. ഇപ്രാവശ്യം അമ്മ അതിനെപ്പററി കാര്യമായി ചിന്തിച്ചു. എന്നോടും അതേപ്പററി അമ്മ സംസാരിക്കയുണ്ടായി. 'ദൈവേഷ്ടം നിറവേററു'മെന്നു അമ്മ ഫാദർ ഗീക്കായോട മറുപടിപറഞ്ഞു.

മൂന്നുമാസത്തിനുശേഷം മേയ് 26-ാം തീയതിയാണ് അമ്മ ഖണ്ഡിതമായ ഒരു വാക്കു പറഞ്ഞത്: "ഞാൻ ഒരുങ്ങണമല്ലോ, വേണ്ടേ? അതിനാൽ ഇതൊക്കെ (ചില പ്രാർത്ഥനകളെ ഉദ്ദേശിച്ച്)ഞാൻ വായിക്കുവാൻ പോകയാണ്".പരിശുദ്ധത്രിത്വത്തിൻെറ തിരുനാളായ ജൂൺ 7-ാം തീയതി, തലേരാത്രിയുണ്ടായ ഒരു സ്വപ്നത്തെപ്പററി അമ്മ ഇപ്രകാരം എന്നോട പറഞ്ഞു. "വെള്ളവസ്ത്രം ധരിച്ച മാർപ്പാപ്പാ എൻെറ മുമ്പിൽ നില്ക്കുകയായിരുന്നു. എനിക്കു തരുവാനായി അദ്ദേഹം ജാക്കിൻെറ കൈവശം വെളുത്ത എന്തോ ഒരു സാധനം കൊടുത്തു. അതു് ഒരു പക്ഷിയാണെന്നു തോന്നി, എന്നാൽ, മൂന്നായിരുന്നു. (ഒന്ന്, മൂന്ന് എന്ന അക്കങ്ങൾ അമ്മ പ്രത്യേകം ഊന്നിപ്പറഞ്ഞു.) ജാക്ക് അതെനിക്കു തരുവാൻ ഭാവിച്ചു. ജാക്കിൻെറ തൊട്ടടുത്താണു ഞാൻ നിന്നിരുന്നതു്." അന്നു വി. ത്രിത്വത്തിൻെറ തിരുനാളാണെന്ന് അമ്മ നേരത്തെ അറിഞ്ഞിരുന്നില്ല. പിന്നീടറിഞ്ഞപ്പോൾ അമ്മയ്ക്കു വളരെ വിസ്മയം തോന്നി. അമ്മ ആ സ്വപ്നത്തിനു പ്രത്യേകമായ യാതൊരർത്ഥവും കല്പിച്ചില്ലെങ്കിലും അമ്മയെ അതു പ്രത്യേകവിധത്തിൽ ആകർഷിക്കാതിരുന്നില്ല.

അവസാനം ജൂലൈ 29-ാം തീയതി വൈകിട്ട അമ്മ താഴത്തെ നിലയിൽ ഊട്ടുമുറിയിൽ ഇരുന്നു വി. യാക്കോബിൻെറ ലേഖനം വായിക്കുന്നതായി ഞാൻ കണ്ടു. സന്തോഷവും സമാധാനവും അമ്മയുടെ മുഖത്തു നിഴലിച്ചുകാണാമായിരുന്നു ഈ വാക്യങ്ങളായിരുന്നിരിക്കണം അമ്മ വായിച്ചതു്: "നല്ലതും പൂർണ്ണവുമായ ഏതു ദാനവും മുകളിൽനിന്ന്—മാററമോ പകർച്ചയുടെ നിഴലോ ഇല്ലാത്തവനായ പ്രകാശങ്ങളുടെ പിതാവിൽനിന്ന്— ഇറങ്ങിവരുന്നു."

"ഇതു വളരെ മനോഹരമായിരിക്കുന്നു," അമ്മ എന്നോടു പറഞ്ഞു.

"നേരാണമ്മേ, അമ്മയ്ക്കിപ്പോൾ പലതും അറിയാം."

"അങ്ങനെ നിനക്കു തോന്നുന്നുണ്ടോ? അമ്മ വീണ്ടും ചോദിച്ചു; "അപ്പോൾ എൻെറ ഒരുക്കം മതിയെന്നാണോ നിൻെറ വിചാരം?"

ആനന്ദത്താൽ മതിമറന്നു ഞങ്ങളെല്ലാവരും അമ്മയുടെ ചുററും കൂടി. കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ പല ക്ലേശങ്ങളും അനുഭവപ്പെട്ടെന്നും എന്നാൽ, ഇപ്പോൾ വിഷമതകളെല്ലാം വിട്ടുമാറിയിരിക്കുന്നെന്നും മാമ്മോദീസാ സ്വീകരിക്കുന്നതിനു നിശ്ചയിച്ചുകഴിഞ്ഞെന്നും അമ്മ അറിയിച്ചു. വെഴ്സെയിൽസിലേ വികാരി ജനറാളും ഞങ്ങളുടെ ഒരു സുഹൃത്തുമായിരുന്ന ഫാദർ മില്ലോട്ടിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കണമെന്നായിരുന്നു അമ്മയുടെ ആഗ്രഹം. മാലാഖായെപ്പോലെ നിഷ്കളങ്കനും വി. ബർണാർദിനെപ്പോലെ ദൈവമാതൃഭക്തനുമായ ഒരു വൈദികനാണ് അദ്ദേഹം. അമ്മ അദ്ദേഹത്തെ തിരഞ്ഞെടുത്തതു ഞങ്ങൾക്ക് ഏററം സന്തോഷകരമായിരുന്നു. മാമ്മോദീസാ സ്വീകരിക്കുന്നതിനു രണ്ടുദിവസത്തിലധികം താമസിക്കേണ്ടതില്ലെന്ന് അദ്ദേഹം തീരുമാനിച്ചു; ജാക്ക് തലതൊട്ടപ്പനും ഞാൻ തലതൊട്ടമ്മയുമാകണമെന്നായിരുന്നു തീരുമാനം. എലിസബെത്തെന്നുള്ള സ്വന്തം പേരിനോടുകൂടി മേരിയെന്ന നാമംകൂടി അമ്മ തിരഞ്ഞെടുത്തു. അപ്രകാരം ആഗസ്ററു രണ്ടാം തീയതി ഞായറാഴ്ച വൈകിട്ട് അഞ്ചുമണിക്കു രണ്ടാം നിലയിലുള്ള ഞങ്ങളുടെ കപ്പേളയിൽവച്ച് അമ്മ മാമ്മോദീസാ സ്വീകരിച്ചു. താഴത്തേ നിലയിൽ ഞങ്ങളുടെ സ്നേഹിതർ പലരുമുണ്ടായിരുന്നു. അവർക്ക് ഇതുസംബന്ധിച്ചു യാതൊരു മുന്നറിവും കൊടുത്തിരുന്നില്ല. മുകളിൽ നടക്കുന്നതെന്താണെന്ന് അവരൊട്ടറിഞ്ഞുമില്ല. അതിനാൽ ഞങ്ങള

ടെ താമസമുറിയിൽ ഛായാപടങ്ങൾ വിതറിയിരിക്കുന്നതു കണ്ട് അവർ വിസ്മയിച്ചു.

അമ്മയ്ക്കു വളരെ സന്തോഷമായിരുന്നു, അമ്മ നല്ല ആരോഗ്യസ്ഥിതിയിലായിരുന്നതാനും. ഞങ്ങളുടെ പ്രാർത്ഥനയ്ക്കു വിസ്മയനീയമാംവിധം ദൈവം മറുപടി നല്കി; പിതാവിന്റെ പ്രാർത്ഥനയും ചെവിക്കൊള്ളപ്പെട്ടു: "നീയും എന്നോടു കൂടിയായിരിക്കുവാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിക്കും" എന്ന് അദ്ദേഹം തന്റെ മരണത്തിന് ഏതാനും മണിക്കൂറുകൾ മുമ്പു ഭാര്യയോടു പറഞ്ഞിട്ടുണ്ടായിരുന്നു. അദ്ദേഹത്തോടുകൂടി അമ്മയും ഇപ്പോൾ ദൈവത്തിന്റെ സഭയിലായി. തന്റെ മക്കൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടു ജ്ഞാനസ്നാനത്തിൽ ലഭിച്ച വിശ്വാസത്തിലും നിർമ്മലതയിലും അനുഗ്രഹീതമായ ഏഴു വർഷക്കാലംകൂടി അമ്മ ജീവിച്ചു.

തനിക്കു ലഭിച്ച പുതിയ വിശ്വാസത്തിൽ ജീവിക്കുന്നതിന് അപ്പനു വളരെ കുറച്ചുസമയമേ ലഭിച്ചുള്ളു. എങ്കിലും വളരെക്കൊല്ലങ്ങൾക്കുമുമ്പത്തെ ആ ചുരുങ്ങിയ ദിവസങ്ങൾ അമ്മയെ എന്തെന്നില്ലാതെ സ്പർശിച്ചു. 1911–ൽ പിതാവും അമ്മയുംകൂടി വെഴ്സെയിൽസിൽ ഞങ്ങളുടെ സമീപെ താമസമാക്കിയതിനുശേഷം ചിലപ്പോഴെല്ലാം സന്ദർഭവശാൽ അദ്ദേഹം പറയുവാനിടയായ ചില വാക്കുകളിൽനിന്നു മതകാര്യങ്ങളെക്കുറിച്ച് അദ്ദേഹം ചിന്തിച്ചുകൊണ്ടിരിക്കയാണെന്ന് എനിക്കു മനസ്സിലായി. തക്കസമയത്തുള്ള ഒരു നടപടിയാണോ എന്നു ഭയപ്പെട്ടു വിറച്ചുകൊണ്ടെങ്കിലും അവസാനം റഷ്യൻ ഭാഷയിലുള്ള ഒരു വേദോപദേശഗ്രന്ഥം അപ്പനു കൊടുക്കുന്നതിനു ഞാൻ തീരുമാനിച്ചു. അദ്ദേഹം അതു വായിക്കുന്നുണ്ടെന്നു പിന്നീട് അദ്ദേഹം ചോദിച്ച ചില ചോദ്യങ്ങൾ സ്പഷ്ടമാക്കി. പരിശുദ്ധാത്മാവിനെതിരായുള്ള പാപങ്ങൾ എന്നാൽ എന്താണെന്ന് അദ്ദേഹം എന്നോടു ചോദിക്കയുണ്ടായി.

1912 ഫെബ്രുവരി രണ്ടാം തീയതി അപ്പൻ കഠിനമാ

യ സുഖക്കേടു പിടിപെട്ടു കിടപ്പിലായി. രക്ഷയ്ക്കു മാർഗ്ഗമൊന്നുമില്ലെന്നു ഡോക്ടർ അഭിപ്രായപ്പെട്ടു. ഞങ്ങൾക്കു സങ്കടവും ആശങ്കയും നിറഞ്ഞ ദിവസങ്ങളായിരുന്നു അവ. ഞാൻ സ്നേഹിച്ചിരുന്നവരിൽ ഒരാൾക്കു മരണം നേരിടുന്നതു് അതാദ്യമായിട്ടായിരുന്നു. എത്രമാത്രം ഞാൻ അപ്പനെ സ്നേഹിച്ചിരുന്നു! അദ്ദേഹത്തിൻെറ ജീവൻ എപ്പോഴും എൻെറ ജീവനായിരുന്നെന്നും ഇപ്പോൾ നിരാശ്രയാവസ്ഥയിലെത്തിയിരിക്കുന്ന സുശീലനും നിഷ്കളങ്കനുമായ പിതാവിനെ രക്ഷിക്കുക എൻെറ കടമയാണെന്നും എനിക്കു തോന്നി. മരണത്തിലും മരണത്തിൻെറ വ്യാകുലതകളിലുംനിന്നു ഞാൻ അദ്ദേഹത്തെ രക്ഷിക്കേണ്ടിവന്നിരിക്കുന്നു. ഞങ്ങൾക്കു മൂന്നുപേർക്കും അപ്പനെ എത്ര കാര്യമായിരുന്നു! ഞങ്ങളെ അപ്പനും എന്തുമാത്രം സ്നേഹിച്ചിരുന്നു! ജ്ഞാനസ്നാനത്തെക്കുറിച്ചു്. അദ്ദേഹം ചിന്തിക്കുന്നുണ്ടാകുമോ?— തൻെറ മക്കൾ ആനന്ദവും സത്യവും കണ്ടെത്തിയ ആ ജ്ഞാനസ്നാനത്തെക്കുറിച്ചു് അദ്ദേഹത്തിൻെറ വിശ്വാസം എന്തായിരിക്കാം.? രണ്ടാഴ്ചത്തേക്കു് അദ്ദേഹം യാതൊന്നും പറഞ്ഞില്ല. ഒരുപക്ഷേ, സുഖമാകുമെന്നു് അപ്പൻ വിചാരിച്ചിരിക്കാം. ഇക്കാര്യത്തിൽ ഇടപെടുന്നതുമൂലം അദ്ദേഹത്തിൻെറ മരണവ്യാകുലതകളേയും, രോഗപീഡകളേയും ഞങ്ങൾ വർദ്ധിപ്പിക്കുകയില്ലേ? അത്രയ്ക്കും നിഷ്കരുണമായ ധൈര്യം ഞങ്ങൾ പ്രകടിപ്പിക്കുമെന്നോ? ഒരുവേള അദ്ദേഹം മരണത്തെപ്പററി ചിന്തിക്കുകയും വിശ്വാസവരം നല്കിക്കൊണ്ടു മരണത്തെ അഭിമുഖീകരിക്കുവാൻ ദൈവംതന്നെ ശക്തിപ്പെടുത്തുമെന്നു പ്രതീക്ഷിക്കയും ചെയ്യുകയല്ലയോ?

സ്വർഗ്ഗത്തിലുള്ള സകല വിശുദ്ധരോടും വിശിഷ്യ, മാമ്മോദീസായിൽ ഞങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ ബർണബാസിനോടും പരിശുദ്ധ ദൈവമാതാവിനോടും ഞങ്ങൾ പ്രാർത്ഥിച്ചു– അപ്പനെ സുഖപ്പെടുത്തണമെന്നും സത്യം ഗ്രഹിക്കുന്നതിനുള്ള സമയം അദ്ദേഹത്തിനു് പ്രദാനം ചെയ്യണമെ

ന്നും . . . . . കഠിനവ്യാധിയാൽ ഞെരുക്കപ്പെട്ടമ്പോറം അദ്ദേഹത്തെ ശല്യപ്പെടുത്തുന്നതിനെക്കുറിച്ച ചിന്തിക്കുന്നതുപോലും എത്രമാത്രം അസഹ്യം!

അദ്ദേഹത്തിനുവേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ ഞങ്ങറംക്ക് ഒരാശയും ആശ്വാസവും അനുഭവപ്പെട്ടു; പ്രസാദവരത്തിന് ഒന്നും അസാധ്യമല്ലെന്നു ജാക്കിനു തീർച്ചയുണ്ടായിരുന്നു.

അപ്പൻെറ സുഖക്കേട ഭേദമാകാനുള്ളതായിരുന്നില്ല. ഫെബ്റുവരി 21– തീയതി രാവിലെ ജാക്ക് അപ്പൻെറ മുറിയിൽ പ്രവേശിച്ചപ്പോറം മരണലക്ഷണങ്ങറം അദ്ദേഹത്തിൻെറ മുഖത്തു പ്രത്യക്ഷമായിരുന്നു. ഞങ്ങളുടെ സ്നേഹിതനായിരുന്നു ഡോക്ടർ ലെഗ്രെയിന് അദ്ദേഹം ആളയച്ചു; ഞാനും അപ്പോഴേക്കും വന്നെത്തി. അപ്പൻ വളരെ വിഷമിച്ചാണു ശ്വാസിച്ചിരുന്നത്; കണ്ണുകളിൽ നേരിയ ഒരുപടലവും ദൃശ്യമായിരുന്നു. ബോധം മിക്കവാറും മറഞ്ഞതായിത്തോന്നി.

പത്തുമണിയോടുകൂടി ഡോക്ടർ വന്നെത്തി. ഡോക്ടറൊഴികെ മററെല്ലാവരും അല്പസമയത്തേക്കു മുറിയിൽനിന്നു പുറത്തുപോകുന്നതിന് അപ്പൻ ഞങ്ങളോടാവശ്യപ്പെട്ടു.

ഏതാനും നിമിഷങ്ങറം കഴിഞ്ഞു ഡോക്ടർ ലെഗ്രെയിൻ മുറിതുറന്നു. അദ്ദേഹത്തിൻെറ മുഖഭാവം വളരെ വ്യത്യാസപ്പെട്ടിരുന്നു. "അകത്തേക്കു വരിക, നിങ്ങറംക്കു വളരെ നല്ല ഒരു പിതാവാണുള്ളത്." എന്ന് അദ്ദേഹം പറഞ്ഞു.

ഗൗരവവും സമാധാനവും കളിയാടുന്ന മുഖത്തോടുകൂടി അപ്പൻ കട്ടിലിൽ എഴുന്നേററിരിക്കുകയായിരുന്നു. സംഭവിച്ചതെന്താണെന്ന് അദ്ദേഹം വിശദമാക്കി. "എൻെറ സുഖക്കേടിൻെറ വാസ്തവസ്ഥിതി എന്താണെന്നു പറയുവാൻ ഞാൻ ഡോക്ടറോട് അപേക്ഷിച്ചു. 'അത്ഭുതംകൊണ്ടല്ലാതെ ഇതു സു

ഖപ്പെട്ടുകയില്ല' എന്നു് അദ്ദേഹം പറഞ്ഞു. ഞാൻ ചോദിച്ചു: 'ഡോക്ടർ നിങ്ങളുടേയും അഭിപ്രായം അങ്ങനെതന്നെയോ?' എന്നു്. എൻെറ അരികിൽ മുട്ടുകുത്തിക്കൊണ്ടു് അദ്ദേഹം പറഞ്ഞു: 'അങ്ങനെയാണു്.'

"എൻെറ സുഖക്കേടിനെപ്പററിയുള്ള യാഥാർത്ഥ്യം അദ്ദേഹം പറഞ്ഞിരിക്കുന്നതിനാൽ മരണത്തിന് ഒരുങ്ങുവാൻ ഞാനാഗ്രഹിക്കുന്നു; മാമ്മോദീസാ സ്വീകരിക്കുന്നതിനു ഞാനഭിലഷിക്കുന്നു."

അനന്തരം, അനുവാദം ചോദിച്ചുകൊണ്ടെന്നപോലെ അദ്ദേഹം ഭാര്യയുടെനേക്കു തിരിഞ്ഞു. ഇതുമൂലം അവരെ വേദനപ്പെടുത്തുകയല്ലെന്നു പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. യാതൊന്നിനും താൻ എതിരല്ലെന്നു കണ്ണുനീർ വാർത്തിക്കൊണ്ടു് അമ്മ മറുപടി നല്കി.

മരണം അത്യാസന്നമെന്നു ഞങ്ങളെല്ലാവരും നിശ്ചയിച്ചു. ഡോക്ടർ ലെഗ്രെയിൻ തൻേറയും എൻേറയും ആത്മികപുത്രനാകുവാൻപോകുന്ന രോഗിയുടെ അരികത്തു മുട്ടുകുത്തി. "ലാസലേററേ"യിൽനിന്നുള്ള ഒരു കുപ്പി വെള്ളമെടുത്തു ജാക്ക് "ബാവായുടേയും, പുത്രൻേറയും, റൂഹാദക്കുദ്ശായുടേയും നാമത്തിൽ" ജ്ഞാനസ്നാനം നല്കി. യൂദാ ബർണബാസ് എന്നു് അപ്പനു പേരിട്ടു. സ്വർഗ്ഗീയസമാധാനം ഞങ്ങളിലേക്ക് ഇറങ്ങിവരികയും ഞങ്ങളെ ആനന്ദപൂരിതരാക്കുകയും ചെയ്തു.

ജാക്ക് വേരായുടെ പക്കലേക്കോടി. അവൾക്കു സുഖമില്ലാതിരുന്നതിനാൽ വിശ്രമിക്കുന്നതിനു ഞങ്ങൾ അവളെ അനുവദിച്ചിരിക്കയായിരുന്നു. സംഗതികൾ അത്ര വേഗം ആ നിലയിലെത്തുമെന്നു ഞങ്ങൾ കരുതിയില്ല. അവളെ കണ്ടപ്പോൾ അപ്പൻ പറഞ്ഞു. "എൻെറ കൊച്ചുമകളേ, നിനക്കു സന്തോഷമാണോ?" സന്തോഷത്താൽ അദ്ദേഹത്തിൻെറ വദനം പ്രകാശിച്ചിരുന്നു. ഒരു നിമിഷംമുമ്പു നിശ്ചേഷ്ടമായിരുന്ന ആ കണ്ണുകളിൽ മന്ദമായ ഒരു പ്രഭ തിളങ്ങുന്നതു കാണാമായിരുന്നു

"എനിക്കു സന്തോഷമായി" എന്നു വേഗം അമ്മയോടു പറഞ്ഞു. എൻെറ ഹൃദയത്തിൽനിന്ന് ഒരു വലിയ ഭാരം നീങ്ങിയതുപോലെ തോന്നി. അന്നു 1912 ഫെബ്രുവരി 21-ാം തീയതി വിഭൂതിത്തിരുനാളായിരുന്നു.

ഞങ്ങൾക്കു വലിയ ഉൽക്കണ്ഠയ്ക്കു കാരണമായ ആ സംഗതി— അപ്പൻെറ ജ്ഞാനസ്നാനസ്വീകരണം— പ്രാർത്ഥനയാൽ സഫലമായി. അപ്പൻെറ സുഖപ്രാപ്തിക്കായി കഴിവുള്ള എല്ലാ വിധത്തിലും പരിശ്രമിക്കുകയാണു ശേഷിച്ചിരുന്നത്. താമസിയാതെ അദ്ദേഹത്തിൻെറ അസ്വാസ്ഥ്യത്തിനു വളരെ മാററം കണ്ടുതുടങ്ങി. സുഖപ്പെട്ടുമെന്നുതന്നെ ഞങ്ങൾക്കു തോന്നി.

ആത്മീയമായി ഞങ്ങൾ മറെറാന്നും അപേക്ഷില്ല. ദൈവാനുഗ്രഹത്താൽ നിർമ്മലതയുടെ വരം അദ്ദേഹത്തിനു ലഭിച്ചുകഴിഞ്ഞു. ഒരു ശിശുവിലെന്നതിൽക്കവിഞ്ഞ ബാഹ്യഫലങ്ങളൊന്നും തത്ക്കാലം മാമ്മോദീസാസ്വീകരണം അദ്ദേഹത്തിൽ പുറപ്പെടുവിക്കയില്ലെന്നു ഞങ്ങൾ വിചാരിച്ചു.

എന്നാൽ പെട്ടെന്നു ഞങ്ങൾ അദ്ദേഹത്തിൽനിന്നു ശ്രവിച്ചതു്, സഭ രോഗികൾക്കു കൊടുക്കുന്നതെല്ലാം തനിക്കും സ്വീകരിക്കണമെന്നും ഉറങ്ങാതിരിക്കുന്നതിനു ദീർഘസമയം തന്നോടൊന്നിച്ചു സംസാരിക്കുവാൻ ഒരു വൈദികനെ കാണണമെന്നുമാണ്. വിനോദഭാവത്തോടുകൂടിയാണ് അദ്ദേഹം അപ്രകാരം പറഞ്ഞതു്. വെഴ്സെയിൽസിലെ മെത്രാനായ മോൺ ഗിബിയറെ കാണുന്നതിനും അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. പിന്നീടു അപ്പൻ പറഞ്ഞു: "ഇനി എൻെറ കാശുരൂപങ്ങൾ എൻെറ കഴുത്തിലിടുവിൻ" ('അത്ഭുതകാശുരൂപം' എന്നു വിളിക്കുന്ന മാതാവിൻെറ ഒരു കാശുരൂപവും. . . . വിശുദ്ധ ബെനഡിക്റ്റിൻെറ ഒരു കാശുരൂപവും അദ്ദേഹം പേഴ്സിൽ സൂക്ഷിച്ചിരുന്നു. ഒരു ചെറിയ കുരിശും, ലാസലേററ(*)കാശുരൂപവുംകൂടി ഞങ്ങൾ ധരിപ്പിച്ചു.

(*) ഫ്രാൻസിൽ മാതാവു പ്രത്യക്ഷപ്പെട്ട ഒരു സ്ഥലം

അനന്തരം അപ്പൻ പറഞ്ഞു: "ഞാൻ എങ്ങനെയാണു പ്രാർത്ഥിക്കുക. വായിക്കുവാൻ എനിക്കറിഞ്ഞുകൂടല്ലോ?" (ഫ്റഞ്ചുഭാഷ വായിക്കുന്നതിന്.) 'ആകാശങ്ങളിലിരിക്കുന്ന' നമസ്കാരവും മൈവെസ്നേഹപ്രകരണവും ഫ്റഞ്ചുഭാഷയിൽ റഷ്യൻ ലിപികളിൽ എഴുതിയ ഒരു കടലാസു ഞാൻ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. അപ്പന്റെ സമീപേ ഞാൻ മുട്ടുകുത്തിനിന്നു. അദ്ദേഹം കണ്ണടയെടുത്തുവച്ചു ഭക്തിപൂർവ്വം ആ ജപങ്ങൾ ചൊല്ലി. ഉച്ചരിക്കുന്നതിനു വളരെ ക്ലേശമുണ്ടായിരുന്നു. ചില ഭാഗങ്ങൾ ഞാൻ തർജ്ജമചെയ്തുകൊടുത്തു. "ശത്രുക്കളോടു ക്ഷമിക്കുന്നോ?" എന്നു ഞാൻ ചോദിച്ചപ്പോൾ, "പിന്നെ, തീർച്ചയായും" എന്നു സുസ്മേരവദനനായി അദ്ദേഹം പ്രത്യുത്തരിച്ചു.

അദ്ദേഹം തന്റെ ആദ്യപ്രാർത്ഥനകളടങ്ങിയ ആ തുണ്ടുകടലാസു മാറോടുചേർത്തു പിടിക്കുകയും ശ്രദ്ധയോടുകൂടി സൂക്ഷിക്കുകയും ചെയ്തിരുന്നു. രാത്രിയിൽ അതന്വേഷിച്ചു. മരിക്കുന്നതിനുമുമ്പ് അതെടുക്കുവാനായി അദ്ദേഹം കരങ്ങൾ നീട്ടി. മരിച്ചപ്പോഴും അതു മാറോടണച്ചുപിടിച്ചിരുന്നു.

അവസാനമായി, വിഭൂതിത്തിരുനാൾ രാവിലേ, കുരിശടയാളം വരയ്ക്കുന്നതിനു പഠിപ്പിക്കുവാൻ അപ്പൻ എന്നോടാവശ്യപ്പെട്ടു. ക്രിസ്തീയജീവിതത്തിലേക്കുള്ള ആദ്യപടിയായിരുന്നു അതു്. "ബാവായുടേയും പുത്രന്റേയും റൂഹാദക്കുദശായുടേയും നാമത്തിൽ" എന്നു ശ്രദ്ധയോടുകൂടി ഉച്ചരിച്ചുകൊണ്ടു സാവധാനം തന്റെമേൽത്തന്നെ കുരിശടയാളം വരച്ചപ്പോൾ അദ്ദേഹം പ്രദർശിപ്പിച്ച ഭക്തിപാരവശ്യം ഒരുനാളും ഞങ്ങൾക്കു മറക്കാവതല്ല. അപ്പന്റെ അഭ്യർത്ഥനമനുസരിച്ചു കത്തീഡ്രലിൽനിന്നു ഞങ്ങളുടെ സ്നേഹിതനായ ഫാദർ ഷേർട്ടലോമോണ്ടിനെ കൊണ്ടുവരുവാൻ ജാക്ക് പുറപ്പെട്ടു. അദ്ദേഹം വന്നു ദീർഘനേരം അപ്പനുമായി സംഭാഷണത്തിലേർപ്പെട്ടു. അവസാനം അദ്ദേഹത്തിൽനിന്നു് അപ്പൻ പാപമോചനം സ്വീകരിക്കുകയും

ചെയ്തു. രോഗിക്കു മതസത്യങ്ങളെക്കുറിച്ചു നല്ല അറിവുണ്ടെന്നും അന്ത്യകൂദാശകളെല്ലാം സ്വീകരിക്കുന്നതിനുവേണ്ട ഒരുക്കമുണ്ടെന്നും മുറിയിൽനിന്നു പുറത്തേക്കു വന്നപ്പോൾ ആ യുവവൈദികൻ വികാരഭരിതനായി പറഞ്ഞു. അടുത്തദിവസംതന്നെ വിശുദ്ധകുർബാനയും അന്ത്യലേപനവും നല്കണമെന്നും അദ്ദേഹം താൽപര്യപ്പെട്ടു.

അപ്പന് അന്ന് അല്പം ആശ്വാസമുണ്ടായിരുന്നു. അടുത്തദിവസം, ഫെബ്രുവരി 22-ാം തീയതി, അദ്ദേഹം വിശുദ്ധ കുർബാനയും അന്ത്യലേപനവും സ്വീകരിച്ചു. സഭയുടെ പ്രാർത്ഥനയോട് എങ്ങനെയാണു യോജിച്ചു പ്രവർത്തിക്കേണ്ടതെന്നും തന്റെ വിശ്വാസത്തെ എപ്രകാരമാണു പ്രത്യക്ഷമാക്കേണ്ടതെന്നും അറിയാതെ അന്ത്യലേപനം സ്വീകരിക്കുന്ന സമയം മുഴുവനും അദ്ദേഹം തന്റെമേൽത്തന്നെ വലിയ കുരിശടയാളങ്ങൾ വരച്ചുകൊണ്ടിരുന്നു. . . . .

ധാരധാരയായി കണ്ണുനീർ വാർത്തുകൊണ്ട് അമ്മ സമീപെ നിന്നിരുന്നു. അമ്മയോടായി അപ്പൻ ഇപ്രകാരം പറഞ്ഞു: "നീയും എന്നോടുകൂടിയായിരിക്കുവാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിക്കും". അല്പസമയം കഴിഞ്ഞ് അദ്ദേഹം തുടർന്നു: "മക്കളാരും ഇതിനെപ്പറ്റി നിന്നോടൊന്നും പറയുകയില്ല." അവർ എന്തെങ്കിലും "പറയുക" ആവശ്യമില്ലായിരുന്നു താനും; അപ്പന്റെ പ്രാർത്ഥനകൾ ധാരാളം മതിയായിരുന്നു. നമ്മൾ കണ്ടതുപോലെ അമ്മയുടെ മതപരിവർത്തനം ശാന്തമായി സാവധാനം നടന്നു.

ഈ ദിവസവും രോഗിക്ക് ആശ്വാസമാണു കണ്ടത്. അടുത്തദിവസം വെഴ്സെയിൽസിലെ മെത്രാൻവന്ന് അദ്ദേഹത്തിനു സ്ഥൈര്യലേപനം നല്കി. ആ മരണാസന്നന്റെ വിശ്വാസമാർദ്ദവ്യവും ദൈവത്തിലുള്ള ആശ്രയവും കണ്ടു ഹൃദയമിളകി മോൺസിഞ്ഞോർ ഗിബിയേർ ഞങ്ങളെല്ലാവരോടുംകൂടി പൊട്ടിക്കരഞ്ഞു. "നിങ്ങൾ ഇപ്പോൾ ദൈവത്തിന്റെ ഒരേ

പടയാളിയാണ്" എന്നു തിരുമേനി അദ്ദേഹത്തോടു പറഞ്ഞു.

അത്യാവശ്യമായ കൂദാശകളെല്ലാം മൂന്നു ദിവസത്തിനു ള്ളിൽ അപ്പൻ സ്വീകരിച്ചുകഴിഞ്ഞു. കൂദാശകളുടെ പ്രഭ യാൽ അദ്ദേഹം പൂരിതനുമായിരുന്നു. ഇപ്രകാരം ശക്തി പ്രാ പിച്ചുകൊണ്ട് എന്റെ വത്സലപിതാവു നിർഭയം തന്റെ അവസാനനാഴികയെ സമീപിച്ചു. ഇടയ്ക്കിടെ ബോധമാന്ദ്യമു ണ്ടായപ്പോൾ സുഖപ്പെടുന്നതിനുള്ള ആഗ്രഹം അദ്ദേഹം പ്രക ടിപ്പിച്ചിരുന്നു. തനിക്കു സന്തോഷമാണെന്നും ഞങ്ങളും സന്തു ഷ്ടരായിരിക്കണമെന്നും അപ്പൻ പലപ്രാവശ്യം പറഞ്ഞു.

അമ്മയോടൊന്നിച്ചു ഞങ്ങളെല്ലാവരും അദ്ദേഹത്തിന്റെ സമീപത്തുതന്നെനിന്നു. അദ്ദേഹം മരിക്കുന്നതു കണ്ടുനില്ക്കു വാൻ ശക്തിയില്ലാതെ ഒരു മുറിയിൽനിന്നു മറെറാരു മുറിയി ലേക്കു ഞാൻ പൊയ്ക്കൊണ്ടിരുന്നു.

ജാക്ക് ഒരിക്കലും അദ്ദേഹത്തെ വിട്ടകലാതെ കട്ടിലിനോ ടു ചേർന്നുനിന്നിരുന്നു. അവസാനവിനാഴികകളിൽ, ഫെ ബ്റുവരി 24-ാം തീയതി ഞായറാഴ്ച രാവിലെ, നാലുമണിക്ക് അല്പം മുമ്പായി, അപ്പൻ ഇപ്രകാരം ചൊല്ലുന്നതായി അദ്ദേഹം കേട്ടു. "എന്റെ ദൈവമേ! എന്നെ സംരക്ഷിക്കണമേ!" ജാ ക്ക് സാവധാനം ചൊല്ലിക്കൊടുത്തു: "എന്റെ ദൈവമേ, എ ന്റെ ജീവനെ അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു." അപ്പൻ അതേറ്റുചൊല്ലി: "എന്റെ ദൈവമേ, എന്റെ ജീവനെ അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു." അങ്ങനെ അവസാനശ്വാ സവും കഴിഞ്ഞു.

പ്രഭാപൂർണ്ണവും, പ്രതാപസമന്വിതവുമായിരുന്നു അദ്ദേ ഹത്തിന്റെ മുഖഭാവം. ആ മുറിയിലെങ്ങും ഒരു സുഗന്ധം വീ ശിയിരുന്നു. മനസ്സിന്റെയും ശരീരത്തിന്റെയും സകല കഴി വുകളും പ്രയോഗിച്ചുള്ള ഒരു സമരം കഴിഞ്ഞാലെന്നപോലെ ഞങ്ങൾ ക്ഷീണിച്ചു തളർന്നിരുന്നു. അവസാനംവരെ പിതാ വിന്റെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന സ്വർഗ്ഗീയസമാധാനം

മാത്രമാണു ഞങ്ങളുടെ സങ്കടത്തിൽ ഞങ്ങളെ ശക്തിപ്പെടുത്തിയിരുന്നതു്.

എൻെറ പ്രിയപ്പെട്ട ജാക്ക് അപ്പൻെറ ശവസംസ്കാരം വളരെ മോടിയായിട്ടു നടത്തി. എൻെറ വത്സലപിതാവു് ആദ്യമായി ഒരു ദൈവാലയത്തിൽ പ്രവേശിച്ചതു് ഓർഗൺവായന കേൾക്കുന്നതിനാണു് എന്നോർമ്മിച്ചുകൊണ്ടു മനോഹരമായ ഗാനാലാപങ്ങളുടെ അകമ്പടിയോടെയാണു സംസ്കാരകർമ്മം നടത്തിയതു്."

ദീർഘകാലത്തെ ഉൽക്കണ്ഠയുടേയും പ്രാർത്ഥനയുടേയും ശേഷം, അവസാനം തൻെറ മാതാപിതാക്കന്മാർക്കു വിശ്വാസവെളിച്ചം ലഭിച്ചതിനെപ്പററി റയിസാ നല്കുന്ന വിവരണം ഇത്രയുമാണു്. ജാക്കിൻെറയും റയിസായുടേയും പ്രാർത്ഥനയും മാതൃകയും മററു പലരേയും പ്രകാശത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു എന്നതിനു സംശയമില്ല.

"ജാക്ക് മാരിററയിൻെറ കൃതികളിൽനിന്നു് അദ്ദേഹത്തിൻെറ ബുദ്ധിയുടെ സൂക്ഷ്മതയേയും ചിന്തയുടെ അഗാധതയേയും ഉപവിയുടെ തീക്ഷ്ണതയേയും വിലമതിക്കുന്നതിനു ലോകത്തിനു സാധിച്ചിട്ടുണ്ടു്. തൻെറ സ്വർഗ്ഗീയഗുരുവിനെപ്പോലെ അദ്ദേഹം 'എതിരുപറയപ്പെടുന്ന ഒരടയാളമാണു്'. അദ്ദേഹം സ്നേഹത്തിനോ വിദ്വേഷത്തിനോ, വിസ്മയത്തിനോ ഭയത്തിനോ, അനാദരവിനോ ആക്രമണത്തിനോ പാത്രമാണു്. എന്നാൽ, ഒരിക്കലും അദ്ദേഹം അവഗണിക്കപ്പെടുകയോ വിസ്മരിക്കപ്പെടുകയോ ചെയ്യുന്നില്ല. തൻെറ മാനുഷികഗുരുവായ വി. തോമസ് അക്വിനാസിനെപ്പോലെ അദ്ദേഹം സത്യത്തേയും മനുഷ്യവംശത്തേയും സ്നേഹിക്കുന്നു. പാപത്താൽ വ്രണിതവും പ്രസാദവരത്താൽ ശമിതവുമായ മനുഷ്യമനസ്സിനുവേണ്ടി അദ്ദേഹം തൻെറ കഴിവുകളും ജീവിതവും സമർപ്പിച്ചിരിക്കുന്നു." (Jacques Maritain by Gerald B. Phelan-p. 5)

# IV

# റാബി

ഇററാലിയൻജനതയെ ആകമാനം വിസ്മയംകൊള്ളിച്ച ഒരാകസ്മികസംഭവമാണു റോമിലേ റാബിയായിരുന്ന പ്രൊഫസർ ഇസ്രേൽസോളിയുടെ മാനസാന്തരം. റോമാനഗരത്തിലേ റാബി എന്ന നിലയിൽ ഇററലിയിലേ സകല യഹൂദപുരോഹിതന്മാരും സോളിയുടെ കീഴിലായിരുന്നു. 1945-ൽ റോമിലേ ഒരു ബസിലിക്കായിൽവച്ച് ആ വേദപുസ്തകപണ്ഡിതൻ ഭാര്യയുമൊരുമിച്ചു കത്തോലിക്കസഭയിൽ പ്രവേശിച്ചു. റോമിൽ സ്ഥാപിക്കുവാനിരുന്ന യഹൂദകലാലയത്തിൻെറ (Rabbinical College) ഡയറക്ടറായി പ്രൊഫസർ സോളിയുടെ നാമം നിർദ്ദേശിക്കപ്പെട്ടതു് അതിനല്പം മുമ്പുമാത്രമായിരുന്നു.

"അസ്പഷ്ടമായ ആരംഭത്തോടുകൂടിയ ഒരു പരിവത്തനമാണു സാവധാനം എന്നിലുണ്ടായതു്. എൻെറ മാനസാന്തരത്തിൻെറ പദ്ധതി ഇന്നതരത്തിലുള്ളതെന്നു വിവരിക്കുക പ്രയാസമാണ്. അതു സ്വാഭാവികമായ ഒരു മാനസികവളർച്ചയായിരുന്നു" എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. യുദ്ധകാലത്തു റോമിലേ കത്തോലിക്കർ പരിശുദ്ധപിതാവിൻെറ നേതൃത്വത്തിൽ യഹൂദർക്കു നല്കിയ സഹായങ്ങളും സേവനങ്ങളുമാണു കത്തോലിക്കസഭയ്ക്കു കീഴടങ്ങുന്നതിന് അന്തിമതീരുമാനം ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. സങ്കലിതസൈന്യം റോമിൽ പ്രവേശിച്ചപ്പോൾ യഹൂദസമുദായത്തിൻെറപേർക്കു പ്രൊഫസർ സോളി പരിശുദ്ധപിതാവിനു നന്ദി പ്രകാശിപ്പിക്കുകയുണ്ടായി. പരിശുദ്ധപിതാവിനോടുള്ള ബഹുമാനത്തിൻേറയും കൃതജ്ഞതയുടേയും അടയാളമായി എവുജേനി

യോ മരിയ എന്ന നാമമാണു ജ്ഞാനസ്നാനത്തിൽ അദ്ദേഹം സ്വീകരിച്ചതു്. എവുജേനിയോ പച്ചെല്ലി എന്നായിരുന്നു വല്ലോ പ. പിതാവിന്റെ നേരത്തേയുള്ള പേരു്.

1939–ലാണു പ്രൊ. സോളി റോമിൽ ചെന്നതു്. അതിനുമുമ്പു ട്രീസ്റ്റിലെ പ്രധാനപുരോഹിതനായിരുന്ന അവസരത്തിൽ കത്തോലിക്കവൈദികാദ്ധ്യക്ഷന്മാരുമായി സമ്പൎക്കത്തിലേർപ്പെടുവാൻ അദ്ദേഹത്തിനു് അവസരങ്ങളുണ്ടായിട്ടുണ്ടു്. ബൈബിൾസംബന്ധിച്ചുള്ള 'പൊൻറിഫിക്കൽ കമ്മീഷന്റെ'യും ഇററാലിയൻഭാഷയിലുള്ള 'കത്തോലിക് എൻസൈക്ലോപ്പീഡിയാ'യുടേയും ജോലിയിൽ സംബന്ധിക്കുവാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടിരുന്നു.

സഭയിൽ പ്രവേശിക്കുന്നതിനു പന്ത്രണ്ടുകൊല്ലം മുമ്പു പ്രൊഫസർ സോളിക്കു കത്തോലിക്കമതത്തിൽ താത്പര്യം തുടങ്ങിയതാണു്. നശീകരണശക്തികളെ എതിരിടുന്നതിനും യൂറോപ്പിന്റെ പുനഃസംവിധാനം സാധിക്കുന്നതിനുമുള്ള ഏകമാൎഗ്ഗം ക്രിസ്തുവഴി ദൈവത്തിലും മനുഷ്യസാഹോദൎയ്യത്തിലുമുള്ള വിശ്വാസം സ്വീകരിക്കുകയാണെന്നും, എല്ലാക്കാലത്തും മനുഷ്യവൎഗ്ഗത്തെ ഐക്യത്തിൽ നിറുത്തുന്നതു സാഹോദൎയ്യമാണെന്നു മതവും നിയമസംഹിതകളും യുക്തിയും സമൎത്ഥിക്കുന്നുവെന്നുമുള്ള ദൃഢബോധത്തെ അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ടു്.

"ലാ ക്രൂവാ" എന്ന ഫ്റഞ്ചുദിനപത്രത്തിനു നല്കിയ ഒരു പ്രസ്താവനയിൽ തന്റെ മാനസാന്തരത്തിന്റെ കാരണങ്ങളെപ്പററി അദ്ദേഹം ഇപ്രകാരം എഴുതുന്നു:

"പതിനൊന്നാം പീയൂസ് മാർപ്പാപ്പാ നാസിസത്തെ അപലപിച്ചു വിധിപ്രസ്താവിച്ചപ്പോൾ ഞാൻ കത്തോലിക്കമതത്തിന്റെ തീക്ഷ്ണമതിയായ ഒരനുയായി ആയിത്തീർന്നു. എങ്കിലും റോമിലെ യഹൂദസമുദായത്തിന്റെ റാബി എന്ന സ്ഥാനം ഞാൻ ഉപേക്ഷിച്ചില്ല. ജർമ്മൻ രഹസ്യപ്പോലീസിന്റെ മേധാവിയായിരുന്ന ഹിംലർ യഹൂദരെ നാമാവശേഷരാക്കു

വാൻ 1942 അവസാനത്തിൽ ഇററലിയിൽ വന്നപ്പോൾ എനിക്കു അവലംബമായിരുന്നതു കത്തോലിക്കവൈദികശ്രേഷ്ഠന്മാർമാത്രമാണ്. അവർ എനിക്കഭയം നല്കിയതിനുപുറമേ നാസികളുടേയും ഫാസിസ്ററുകളുടേയും ക്രൂരതയ്ക്കു ഇരയാകുമായിരുന്ന അനേകം യഹൂദരെ രഹസ്യമായി രക്ഷിക്കുവാനും സന്നദ്ധരായി.

"1943-ൽ ഇററാലിയൻ യഹൂദരെ നാടുകടത്തുവാൻ തയ്യാറാക്കിക്കൊണ്ടിരുന്ന പ്ലാനിനെപ്പററി എനിക്കറിവു നല്കിയതും വത്തിക്കാൻതന്നെയാണ്. അങ്ങനെ അറിവു കിട്ടിയതു നിമിത്തം അനേകശതം കുടുംബങ്ങൾ നാശത്തിൽനിന്നു രക്ഷിക്കപ്പെട്ടു.

"1944 ജൂൺ 4-ാം തീയതി സങ്കലിതസൈന്യം റോമിൽ പ്രവേശിച്ചപ്പോൾ അവിടെ വലിയ പഞ്ഞം പിടിപെട്ടു. ജീവസന്ധാരണത്തിനു മാർഗ്ഗമില്ലാതെ പട്ടണവാസികൾ കഷ്ടപ്പെട്ടു. അപ്പോഴും കത്തോലിക്കവൈദികരാണു സംഘടിതമായി ദുരിതനിവാരണം നിർവഹിച്ചതു്. വൈദികരും സന്യാസികളും ഏർപ്പാടുചെയ്തിരുന്ന ഭക്ഷണശാലകളിൽ ദരിദ്രർക്കും അതുവരെ വിശപ്പടഞ്ഞിട്ടില്ലാത്തവർക്കും അവർതന്നെ ഭക്ഷണം വിളമ്പിക്കൊടുക്കുന്നതു് എനിക്കു കാണാമായിരുന്നു." യുദ്ധം കഴിഞ്ഞു ജീവിച്ചിരിക്കുന്നെങ്കിൽ താൻ ഒരു ക്രിസ്ത്യാനിയായിക്കൊള്ളാമെന്നു 1943-ൽ ദൈവത്തോടു വാഗ്ദാനം ചെയ്തിരുന്നുവെന്നും അദ്ദേഹം വെളിപ്പെടുത്തുന്നു.

റോമാനഗരം ശത്രുവിമുക്തമായശേഷം പ്രൊഫസർ സോളിയെ ഒരു പത്രലേഖകൻ സന്ദർശിച്ചപ്പോൾ അദ്ദേഹം നഗരത്തിലെ ഒരു സന്യാസമന്ദിരത്തിൽ ധ്യാനം കഴിക്കുകയായിരുന്നു. അനാഡംബരമായ ഒരു മുറിയിൽ ഒരു ചെറിയ മേശയുടെ പിന്നിൽ ഇരിക്കുന്നതായിട്ടാണ് അയാൾ സോളിയെ കണ്ടതു്. മേശപ്പുറത്തു് ഒരു വേദോപദേശഗ്രന്ഥവും മററു ചില ഗ്രന്ഥങ്ങളും ഒരു കരിശുരൂപവുമുണ്ടായിരുന്നു. "പ്രശാ

ന്തനും, പ്രസന്നവദനനും വെളുത്ത താടിമീശയോടുകൂടിയവനു മായ അദ്ദേഹം ഞങ്ങളെ ഏററവും സൗഹാർദ്ദമായി അഭിവാദനം ചെയ്തു" എന്നു ആ പത്രലേഖകൻ റിപ്പോർട്ടു ചെയ്യുന്നു.

റോമിലെ ചില പത്രങ്ങൾ സോളിയുടെ മാനസാന്തരം ത്തെ ദുർവ്യാഖ്യാനം ചെയ്യുന്ന വസ്തുത അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപെടുത്തിയപ്പോൾ പ്രൊഫസർ ആ പത്രലേഖകനു നല്കിയ മറുപടി ഇപ്രകാരമാണു്: "അതെനിക്കറിയാം. ചില പത്രങ്ങളുടെ വിമർശനങ്ങൾ ഞാൻ കേട്ടു. ജസ്വിററുവൈദികരുടെ പ്രേരണനിമിത്തമാണു് എൻെറ മാനസാന്തരമെന്നു ചില ആളുകൾ വിചാരിക്കുന്നു. എന്നാൽ, സത്യത്തെപ്രതി ഇത്രയും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജസ്വിററുവൈദികരുമായുള്ള എൻെറ ബന്ധം വളരെ പരിമിതമായിരുന്നു. പഴയനിയമത്തിൻെറ വ്യാഖ്യാനംസംബന്ധിച്ചു ചില നോട്ടുകൾ കൈമാററം ചെയ്യുക, ചിലപ്പോൾ അച്ചടിച്ച പ്രൂഫ് തിരുത്തുക, നവവത്സരമംഗളങ്ങൾ പരസ്പരം ആശംസിക്കുക എന്നിവയിൽ കവിഞ്ഞ ബന്ധമൊന്നും അവരുമായി എനിക്കുണ്ടായിരുന്നില്ല. എന്നെ മാനസാന്തരപ്പെടുത്തുവാൻ ഈ ലോകത്തിൽ ആരും ഒരിക്കലും ശ്രമിച്ചിട്ടില്ല."

"ഇസ്രായേൽജനത്തോടു് എനിക്കുണ്ടായിരുന്ന സ്നേഹം അഭംഗമായി ഞാൻ പാലിച്ചുകൊണ്ടിരിക്കുന്നു. അവരെ ബാധിച്ചിരിക്കുന്ന ദൗർഭാഗ്യത്തിൽ എനിക്കുള്ള സഹതാപം അഭംഗമായിരിക്കും" എന്നു് അവസാനമായി അദ്ദേഹം പ്രസ്താവിച്ചു.

# V

# വിദ്യാഭ്യാസമന്ത്രി

"പതിനൊന്നുകൊല്ലങ്ങൾക്കുമുമ്പ് (*) ദൈവത്തിൻെറ അനുഗ്രഹത്താൽ ഞാൻ ഒരു കത്തോലിക്കനായി; ഈലോക ജീവിതത്തിലെ സമാധാനവും സൗഭാഗ്യവുമല്ല മതത്തിൻെറ ഉദ്ദേശ്യമെങ്കിലും, എൻെറ മാനസാന്തരത്തിനുശേഷം, മുമ്പി ലത്തേതിലും വളരെയധികം സമാധാനവും സന്തോഷവും ഞാൻ അനുഭവിക്കുന്നു– എൻെറ മാനസാന്തരത്തെപ്പററി എ ന്തെങ്കിലും എനിക്കു പറയുവാനുണ്ടെങ്കിൽ അതിത്രമാത്രമാണു്. വിവിധമാർഗ്ഗങ്ങളിലൂടെയാണു ദൈവം തന്നെ സേവിക്കുവാൻ നമ്മെ ആകർഷിക്കുന്നതു്.... ദൈവം ബലമായി എന്നെ പി ടികൂടി, ഞാൻ അങ്ങയേയും മുറുകെ പിടിച്ചു..... എൻെറ പൂർവ്വജീവിതത്തെ സ്മരിക്കുമ്പോൾ കത്തോലിക്കസത്യങ്ങളെ അറിയുന്നതിനും അവയുടെ സമൃദ്ധിയാൽ സമ്പന്നനാക്ക പ്പെടുന്നതിനുമുള്ള ഭാഗ്യം ലഭിക്കുവാൻ ഞാൻ അർഹനല്ലെ ന്നുള്ള ബോധമാണു് എൻെറ മനസ്സിലുദിക്കുന്നതു്". (Dr. Tanaka, Through Hundred Gates p. 260)ശരിയാണു്, കുരു ടനായിരുന്ന ഒരാൾക്കേ കഴിയു കാഴ്ചയുടെ വില ശരിക്കറിയു വാൻ. ആദ്ധ്യാത്മികമായ അന്ധത അനുഭവിച്ചറിഞ്ഞവർക്കേ കഴിയു വിശ്വാസവരത്തിൻെറ അമൂല്യതയെ ശരിക്കു ഗ്രഹി ക്കുവാൻ.

ഇപ്പോൾ ജപ്പാനിലെ ദേശീയവിദ്യാഭ്യാസത്തിൻെറ സാ രഥ്യം വഹിക്കുന്നതു മന്ത്രി ഡോക്ടർ പോൾ കൊററാരോ ടാന

---

(*) 1937–ലാണു ഡോക്ടർ ടാനകാ ഇതെഴുതുന്നതു്.

കാ (Paul Kotaro Tanaka) യാണ്. 1920 മുതൽ അദ്ദേഹം ടോക്കിയോയിലെ ഇംപീരിയൽ യൂണിവേഴ്സിററിയിൽ നിയമം പഠിപ്പിക്കുകയായിരുന്നു. അഞ്ചു യൂറോപ്യൻഭാഷകൾ അദ്ദേഹത്തിനു വശമാണ്. റോം, ഫ്റാൻസ്, ബെൽജിയം, തെക്കേ അമേരിക്ക എന്നീ രാജ്യങ്ങളിൽ ടാനകാ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. 1926-ൽ അദ്ദേഹം കത്തോലിക്കാസഭയിൽ പ്രവേശിച്ചു.

പോസിററിവിസത്തിൻെറ (*) അന്തരീക്ഷത്തിലാണു ഡോക്ടർ ടാനകായുടെ കോളേജുവിദ്യാഭ്യാസം നടന്നത്. പ്രസ്തുത തത്വചിന്ത യുക്തിഹീനമെന്നു കണ്ട് അദ്ദേഹം 'നെയോകാൻഷ്യനിസം' അംഗീകരിച്ചു. കാൻറിൻെറ തത്വശാസ്ത്രം പല രാജ്യങ്ങളിലും പല രൂപങ്ങൾ പ്രാപിച്ചു. 19-ാം നൂററാണ്ടിൻെറ മദ്ധ്യദശയിൽ കാൻഷ്യൻ തത്വശാസ്ത്രത്തെ അതിൻെറ തനിരൂപത്തിലേക്കു കൊണ്ടുവരുന്നതിനുള്ള ഒരു സംരംഭം ചില സ്ഥലങ്ങളിൽ തലപൊക്കി. അതാണു നെയോകാൻഷ്യനിസം എന്ന പേരിലറിയപ്പെടുന്നത്. ജപ്പാനിലും കുറേക്കാലത്തേക്കു നെയോകാൻഷ്യനിസത്തിനു പ്രചാരം സിദ്ധിച്ചു.

ഹ്യൂം എന്ന ആംഗ്ലേയചിന്തകൻെറ സന്ദേഹവാദത്തിൻെറ ദുരന്തഫലങ്ങൾ മനസ്സിലാക്കി ശാസ്ത്രീയജ്ഞാനത്തേയും സാന്മാർഗ്ഗികനിയമങ്ങളേയും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഒരു പുതിയ മാർഗ്ഗം താൻ അന്വേഷിച്ചതെന്നു കാൻറു

---

(*) പോസിററിവിസം സന്ദേഹവാദത്തിൻേറയും അജ്ഞേയവാദത്തിൻേറയും ഒരു വകഭേദമാണ്. അറിവ് ഇന്ദ്രിയഗോചരമായവയെപ്പററിമാത്രമാണെന്നും അവശ്യവും സാർവ്വത്രികവുമായ (Universal and necessary) തത്വങ്ങളെയോ വസ്തുക്കളുടെ ആന്തരികമായ പ്രകൃതിയെയോ ഗ്രഹിക്കുവാൻ മനസ്സിനു പ്രാപ്തിയില്ലെന്നും പോസിററിവിസം പഠിപ്പിക്കുന്നു.

പ്രസ്താവിക്കുന്നുണ്ടെങ്കിലും, അസാന്മാർഗ്ഗികതയും മതനിഷ്ഷേധതയുമാണ് അദ്ദേഹത്തിന്റെ തത്വശാസ്ത്രം വഴിതെളിച്ചത്. ആധുനികകാലത്തെ അബദ്ധസിദ്ധാന്തങ്ങളുടെ 'കാരണവർസ്ഥാനം' കാൻഷ്യനിസത്തിനു കൊടുക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു.

മതത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച കാൻറു പറിപ്പിച്ച വാദങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. മനസ്സ് സ്വതന്ത്രമാണെന്നും ആത്മാവ് അമർത്ത്യമാണെന്നും നന്മതിന്മകൾക്കു പ്രതിസമ്മാനം നല്കുന്ന ഒരു ദൈവമുണ്ടെന്നും പ്രായോഗികബുദ്ധി നമുക്കുറപ്പുതരുന്നു. എന്നാൽ ഈ സത്യങ്ങളെപ്പററി ശാസ്ത്രീയജ്ഞാനം ലഭിക്കുക സാധ്യമല്ല. ശാസ്ത്രീയജ്ഞാനം വ്യതിയാനങ്ങൾക്കു വിധേയമായ വസ്തുക്കളെക്കുറിച്ചുമാത്രമാണ്. അന്യവസ്തുക്കളെ വസ്തുപരമായി നാം ഗ്രഹിക്കുന്നില്ല. പ്രത്യുത, അവയുടെ മാനസികരൂപങ്ങളെയാണു ബുദ്ധി ഗ്രഹിക്കുന്നത്. സാന്മാർഗ്ഗികനിയമങ്ങളുടെ അടിസ്ഥാനം അവനവന്റെ മനസ്സുതന്നെയാണ്. ബാഹ്യമായ ഏതെങ്കിലും വസ്തുവോ ഒരു നിയമകർത്താവോ അല്ല. ആവിഷ്കൃതങ്ങളെന്നവകാശപ്പെടുന്ന മതങ്ങൾ, ദൈവരാജ്യത്തെ ഒരു നിശ്ചിതരൂപത്തിൽ പ്രദർശിപ്പിക്കുന്നതിനു മനുഷ്യൻ ചെയ്യുന്ന പരിശ്രമങ്ങളുടെ ഫലമാണ്. മനുഷ്യവംശത്തിന്റെ ശൈശവദശയിൽ അവയാവശ്യമായിരുന്നു. അത്ഭുതങ്ങളുടെ യാഥാർത്ഥ്യത്തെ തെളിയിക്കുവാൻ നിവൃത്തിയില്ല. കാരണം, തെററുപററാവുന്ന ഒരധികാരത്തെ ആസ്പദമാക്കിയേ അവയെ വിശ്വസിക്കുവാൻ കഴിയൂ. ക്രിസ്തുമതതത്വങ്ങൾ മററു മതങ്ങളുടേതിനെക്കാൾ ഉൽകൃഷ്ടമാണ്. എന്നാൽ യുക്തിക്കനുസരണമായി ആലങ്കാരികാർത്ഥത്തിലാണ് അവയെ മനസ്സിലാക്കേണ്ടത്. മതം ഒന്നുമാത്രമേയുള്ളു. അതു പ്രകൃത്യനുസൃതവുമാണ്. പ്രായോഗികബുദ്ധിക്കു സ്പഷ്ടമായ സാന്മാർഗ്ഗികനിയമങ്ങൾ അതിലുൾപ്പെടുന്നു.

കാൻഷ്യൻവേദാന്തമനുസരിച്ച ദൈവനിർദ്ദിഷ്ടമായ സ്വാഭാവികനിയമങ്ങൾ ഉണ്ടാകുവാൻ പാടില്ലെന്നു ടാനകാ വിശ്വസിച്ചു. ജപ്പാനിൽ പ്രചാരത്തിലിരിക്കുന്ന സാന്മാർഗ്ഗികനിയമസംഹിത കൺഫ്യൂഷ്യനിസത്തിന്റെ വ്യഭിചരിപ്പിക്കപ്പെട്ട രൂപമാണ്. അതു നിഷിദ്ധമായി അദ്ദേഹം തള്ളിക്കളഞ്ഞു. സന്മാർഗ്ഗത്തിന്റെ അപ്രമാദദണ്ഡമായി സ്വബുദ്ധിയെ പ്രതിഷ്ഠിച്ചു. ആ മാനദണ്ഡം വച്ചളന്നപ്പോൾ തന്റെ സാന്മാർഗ്ഗികനില സാമാന്യം ഭേദപ്പെട്ടതാണെന്ന് അദ്ദേഹത്തിനു സംതൃപ്തിതോന്നി. സന്മാർഗ്ഗമേത്, അസന്മാർഗ്ഗമേത് എന്നു തീരുമാനിക്കുന്നതിനുള്ള പരമാധികാരം സ്വന്തം ബുദ്ധിക്കു വിട്ടുകൊടുത്താലത്തെ സ്ഥിതി ഊഹ്യമാണല്ലോ.

ഡോക്ടർ ഉഷിമൂറാ എന്നൊരു പണ്ഡിതൻ കുറെ യുവജനങ്ങളെ ചേർത്തു ജപ്പാനിൽ ഒരു പുതിയ സഭ സ്ഥാപിച്ചു. കാൻറു പഠിപ്പിക്കുന്നതു മതം ഉപകാരപ്രദമാണെന്നാണല്ലോ. അതിനാൽ ടാനകായും ഉഷിമൂറായുടെ പുതിയ സഭയിൽ ചേർന്നു. നിലവിലുള്ള പ്രോട്ടസ്റ്റൻറു സഭകളൊന്നും അവർക്കു തൃപ്തികരമായിരുന്നില്ല. ലൂതറിനെപ്പററി ഉഷിമൂറായ്ക്ക് അസാമാന്യമായ മതിപ്പുണ്ടായിരുന്നു. പ്രവൃത്തികൂടാതെ വിശ്വാസംകൊണ്ടുമാത്രം രക്ഷപെടാമെന്നും വേദപുസ്തകത്തെ അതിന്റെ വാച്യാത്ഥത്തിൽ വ്യാഖ്യാനിക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന സിദ്ധാന്തങ്ങൾ. കൂദാശകൾ അദ്ദേഹം അംഗീകരിച്ചില്ല. എന്നാൽ അതേസമയം ജപ്പാനിലെ പ്രോട്ടസ്റ്റൻറുകാരിലധികഭാഗവും വിശ്വസിക്കുന്നതിനെതിരായി ക്രിസ്തു ദൈവമാണെന്നും അവിടുന്നു പ്രവത്തിച്ച അത്ഭുതങ്ങൾ യഥാത്ഥങ്ങളാണെന്നും അദ്ദേഹം ദൃഢമായി വിശ്വസിച്ചു. ഓരോരുത്തരും തോന്നിയതുപോലെ വേദപുസ്തകത്തെ വ്യാഖ്യാനിച്ചതിനാൽ അംഗങ്ങളുടെയിടയിൽ വിശ്വാസൈക്യം പാലിക്കുക സാദ്ധ്യമായിരുന്നില്ല. പ്രായോഗികപ്രശ്നങ്ങളെപ്പററി പര്യാലോചിക്കേണ്ടിവരുമ്പോൾ ഈ അഭിപ്രായഭിന്നതകൾ പല

പ്പോഴും വഴക്കിലാണവസാനിച്ചിരുന്നതു്.

ടാനകാ തൻെറ സാന്മാൎഗ്ഗികജീവിതത്തിനും അടിസ്ഥാനമായി വേദപുസ്തകത്തെ സ്വീകരിക്കുവാൻ നിശ്ചയിച്ചു. എന്നാൽ, ഇവിടേയും വേദപുസ്തകത്തിൻെറ അൎത്ഥം ഗ്രഹിക്കുന്നതിനുള്ള അപ്രമാദമാനദണ്ഡമായി സ്വബുദ്ധിയെ സ്വീകരിച്ചു. അതു നന്മതിന്മകളെ വിവേചിക്കുന്നതിനുള്ള പരമാധികാരം സ്വന്തം മനസ്സിനു വിട്ടുകൊടുക്കുന്നതിനു സമമായിരുന്നു. പാരമ്പൎയ്യവും ദൈവശാസ്ത്രവും വേദപുസ്തകഭാഷ്യങ്ങളും ബൈബിളിൻെറ ശരിയായ അൎത്ഥം ഗ്രഹിക്കുന്നതിനു പ്രതിബന്ധങ്ങളായിക്കരുതി അവയെ അദ്ദേഹം അകററിനിറുത്തി. ഇതിൻെറ ഫലം എന്തായിരുന്നുവെന്നു് അദ്ദേഹം ഏററുപറയുന്നു: "ഒരു ഔദ്യോഗികവ്യാഖ്യാനത്തിൻെറയോ ശാസ്ത്രീയപരിശോധനയുടേയോ സഹായം സ്വീകരിക്കാതിരുന്നാൽ വേദപുസ്തകത്തെ എൻെറ താത്പൎയ്യങ്ങൾക്കനുസരണമായി വ്യാഖ്യാനിക്കുന്നതിനുള്ള അപകടത്തിലാണു ഞാൻ ചെന്നുചാടിയതു്. സാന്മാൎഗ്ഗികനിയമരാഹിത്യമായിരുന്നു അതിൻെറ അവശ്യഫലം; പ്രത്യേകിച്ചു് എൻെറ കാൎയ്യത്തിൽ, എൻെറ ദുരാശകളോടും ബലഹീനതകളോടും തിന്മയിലേക്കുള്ള ചാച്ചിലുകളോടുംകൂടി പാപ്പായുടെ ഉദ്യോഗത്തെ നിൎവ്വഹിക്കുവാൻ ഞാൻ തുനിഞ്ഞതിനാൽ. അനുദിനജീവിതത്തെസംബന്ധിക്കുന്ന സാന്മാൎഗ്ഗികപ്രശ്നങ്ങൾക്കു ഒരു സമാധാനം കാണുക നീട്ടിവെക്കുവാൻ പാടില്ലാതിരുന്ന സ്ഥിതിക്കു് എൻെറ ഈ അഹംഭാവം എൻെറ അധഃപതനത്തെ ത്വരിതമാക്കുകമാത്രം ചെയ്തു. എൻെറ തത്വശാസ്ത്രം തീരെ അപ്രായോഗികമെന്നു മനഃക്ലേശത്തോടെയെങ്കിലും ഞാൻ സമ്മതിക്കേണ്ടിവന്നു. സാന്മാൎഗ്ഗികതത്വപഠനത്തിൽ ഒരു കടിഞ്ഞാൺപോലെ എന്നെ നിയന്ത്രിക്കുന്ന ഒരു മാനദണ്ഡം, നന്മയും തിന്മയും കൃത്യമായ ഒരതിൎത്തി നിൎണ്ണയിക്കുന്ന ഒരധികാരം എനിക്കില്ലാതെപോയി."

ഇപ്രകാരം നെയോകാൻഷ്യനിസവും പ്രോട്ടസ്റ്റൻറിസവുംകൊണ്ടു ഗതികെട്ടിരുന്നയവസരത്തിൽ ഭാഗ്യവശാൽ കത്തോലിക്കതത്വങ്ങളെ ഗ്രഹിക്കുന്നതിനു ടാനകായ്ക്കിടയായി. സ്വപ്നലോകത്തിൽ ജീവിക്കുന്ന കാൻഷ്യനിസത്തിനും മതത്തെ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം ബലഹീനമായ മനുഷ്യപ്രകൃതിയുടെ തോന്ന്യാസത്തിനു വിട്ടുകൊടുക്കുന്ന പ്രോട്ടസ്റ്റൻറിസത്തിനും ഒരു പ്രതിവിധി കത്തോലിക്കതത്വമാണെന്നു് അദ്ദേഹത്തിനു വ്യക്തമായി. അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തുന്നു: "അരിസ്റ്റോട്ടലിൻേറയും സ്കോളാസ്റ്റിക്കു ചിന്തകന്മാരുടേയും കാലംമുതൽ നമുക്കു ലഭിച്ചിട്ടുള്ള കത്തോലിക്കതത്വശാസ്ത്രം നല്കുന്ന പ്രബോധനം നെയോകാൻഷ്യനിസത്തിൻേറ അബദ്ധവാദങ്ങളിൽനിന്നു് (സബ്ജെക്റ്റിവിസവും ഫോർമലിസവും) എന്നെ സ്വതന്ത്രമാക്കി. നന്മയ്ക്കും തിന്മയ്ക്കും ക്ലിപ്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന സ്വാഭാവികന്യായത്തിനെതിരായി എനിക്കുണ്ടായിരുന്ന മുൻവിധിയെ ജയിക്കുന്നതിനും എനിക്കു സാധിച്ചു. . . . . ശാസ്ത്രീയജ്ഞാനവും മതവിശ്വാസവും തമ്മിൽ ഐക്യതപ്പെടുത്തുന്നതിനും എനിക്കു കഴിഞ്ഞു".


"കുടുംബത്തേയും സമുദായത്തേയും ലോകത്തേയും ബാധിച്ചിരിക്കുന്ന വ്യാധികൾ ശമിപ്പിക്കുവാൻ കത്തോലിക്കാസഭയുടെ സാമുദായികപ്രമാണത്തിനും സേവനതല്പരതയ്ക്കും മാത്രമേ സാധിക്കൂ" എന്ന ബോധത്തോടെ കത്തോലിക്കാസിദ്ധാന്തങ്ങളെ പ്രചരിപ്പിച്ചുകൊണ്ടു സാമുദായികസേവനം നടത്തുവാൻ ടാനകാ ഉൽസുകനാണു്. ടോക്കിയോയിലെ കത്തോലിക്കാ സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ ജപ്പാൻ ഭാഷയിൽ പരസ്യപ്പെടുത്തുന്ന "കാത്തലിക് എൻസൈക്ലോപ്പീഡിയാ"യുടെ ചീഫ് എഡിററർ ഡോക്ടർ ടാനകായാണു്. ജപ്പാനിലെ ചക്രവർത്തിയും രാജകുടുംബാംഗങ്ങളുമായി ഒന്നര മണിക്കൂറോളം കത്തോലിക്കാമതത്തെപ്പററി അദ്ദേഹം സംസാരി

ച്ചെന്നു കുറെ മുമ്പു പത്രങ്ങളിൽ കാണുകയുണ്ടായി. ചക്രവർത്തിക്കു് ഏതു മതവും അവലംബിക്കുന്നതിനു സ്വാതന്ത്ര്യമുണ്ടു് എന്നു ജാപ്പ് പാർലിമെൻറ് പാസാക്കിയ പ്രമേയവും ഈ സംഭാഷണവും തമ്മിൽ ബന്ധമുണ്ടെന്നു സങ്കല്പിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ സദ്യത്നങ്ങൾ വിജയിക്കട്ടെ.

# VI

## അഡ്മിറൽ

ജപ്പാന്റെ തലസ്ഥാനനഗരിയായ ടോക്കിയോയിൽനിന്നും ഏകദേശം ഒരു മണിക്കൂർ തീവണ്ടിയാത്ര ചെയ്യുന്ന ഒരാൾക്കു കററാസി എന്നൊരു ചെറുഗ്രാമത്തിൽ ചെന്നെത്താം. മൂന്നു യുദ്ധങ്ങളിൽ പോരാടി പേരെടുത്ത ഒരു പോരാളിവീരന്റെ ജന്മനാടാണ് ആ കൊച്ചുഗ്രാമം. ആ നാവികസേനാനി എപ്രകാരം "ശാന്തിനികേതനത്തി''ലെത്തി എന്ന് ഈ അദ്ധ്യായത്തിൽ നമുക്കു കാണാം. അഡ്മിറൽ ഷിൻജീരോ സ്റ്റെഫാനോ യമാമോട്ടോ(Admiral Shinjiro Stefano Yamamoto) **1877**-ൽ ജനിച്ചു. ഒരു കൊച്ചു വികൃതിയായിട്ടാണ് അവൻ വളർന്നുവന്നത്. സ്കൂളിലേക്കു വിട്ടാൽ സമീപത്തുള്ള കററിക്കാടുകളിൽ കൂട്ടുകാരുമൊന്നിച്ചു കളിച്ചുനടക്കുകയായിരുന്നു പലപ്പോഴും അവന്റെ തൊഴിൽ. എങ്കിലും ഉന്നതവിദ്യാഭ്യാസം നടത്തി ഒരു നാവികസേനാധിപനോ ജപ്പാനിലെ മന്ത്രിയോ ആയിത്തീരണമെന്നുള്ള ആകാംക്ഷ അവന്റെ ബാലഹൃദയത്തിൽ സ്ഥലം പിടിച്ചിരുന്നു. പ്രാരംഭവിദ്യാഭ്യാസം അങ്ങനെ ഒരുവിധം കഴിഞ്ഞു. ഉപരിപഠനത്തിനായി ടോക്കിയോയിൽ പോകുവാൻ അവൻ ആഗ്രഹിച്ചു. പക്ഷേ, ഈ വികൃതിച്ചെറുക്കനെ അകലെയൊരു സ്ഥലത്തു തനിയെ സ്വതന്ത്രനായി വിടുന്ന കാര്യം അപ്പന് അത്ര സ്വീകാര്യമായിരുന്നില്ല. പോരെങ്കിൽ അവന്റെ ജ്യേഷ്ഠൻ ടോക്കിയോയിലെ പഠനവും നിറുത്തി പിതാവിന്റെ സൽപ്പേരിനെ കളങ്കപ്പെടുത്തിക്കൊണ്ടു മടങ്ങിയിരിക്കയുമായിരുന്നു.



അഡ്മിറൽ

ഷിൻജീരോ സ്റ്റെഫാനോ യമാമോട്ടോ

അയിടെ ടോക്കിയോയിൽനിന്ന് ഒരു ദിവസം ഒരു വെള്ളക്കാരൻ ഷിൻജീരോയുടെ വീട്ടിൽവന്നു. തലസ്ഥാനനഗരത്തിലെ ഒരു സെക്കണ്ടറിസ്കൂളിൻെറ പ്രിൻസിപ്പളായിരുന്നു അദ്ദേഹം. വേനൽക്കാലവാസത്തിനായി അവരുടെവക ഒരു കെട്ടിടം വാടകക്കെടുക്കുകയായിരുന്നു അദ്ദേഹത്തിൻെറ ആഗമനോദ്ദേശ്യം. വന്ന കാര്യം സാധിച്ചുകൊണ്ട് ഉടൻതന്നെ അദ്ദേഹം മടങ്ങുകയും ചെയ്തു. വേനൽ അതിക്രമിച്ചപ്പോൾ പത്തുപന്ത്രണ്ടു വെള്ളക്കാരേയും കൂട്ടിക്കൊണ്ട് അദ്ദേഹം മടങ്ങിവന്നു. എല്ലാവരും ഒന്നുപോലെ കറുത്ത സൂട്ടും കറുത്ത ടൈയും ധരിച്ചിരുന്നു. "സ്കൂൾ ബ്രദേഴ്സ് ഓഫ് മേരി" എന്ന സന്ന്യാസസംഘത്തിൻെറ അംഗങ്ങളായിരുന്നു അവരെല്ലാവരും. ഷിൻജീരോയുടെ പിതാവിൻെറ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിന് അവർ തങ്ങളുടെ പ്രവർത്തനത്തെപ്പററി ഇപ്രകാരം ഒരു ചുരുങ്ങിയ വിവരണം നല്കി: "ചെറുപ്പക്കാർക്കു വിദ്യാഭ്യാസവും ശിക്ഷണവും നല്കുകയാണു ഞങ്ങളുടെ കൃത്യം. ഞങ്ങളുടെ സ്കൂളിൽ ചേരുന്നവരൊക്കെ വിദ്യാലയനിയമങ്ങളെല്ലാം കണിശമായി പാലിക്കണം. ചുരുക്കംചില അവസരങ്ങളിൽമാത്രമേ പുറത്തു പോകുവാൻ അവരെ അനുവദിക്കുകയുള്ളൂ. കൃത്യനിഷ്ഠയുടെ കാര്യത്തിൽ ഞങ്ങൾക്കു പ്രത്യേക നിഷ്കർഷയാണ്. ആഴ്ചയിൽ മൂന്നു ദിവസം ഇംഗ്ലീഷും രണ്ടുദിവസം ഫ്റഞ്ചും സംസാരിക്കണം." ക്രമാനുഷ്ഠാനത്തിൻെറയും വിദേശഭാഷാഭ്യസനത്തിൻെറയും കാര്യം അവർ പ്രത്യേകം ശ്രദ്ധിക്കുന്നുവെന്നു കേട്ടപ്പോൾ അദ്ദേഹത്തിനു വളരെ സംതൃപ്തി തോന്നി.

പ്രസന്നതയും നല്ല പ്രസരിപ്പുമുള്ള ചെറുപ്പക്കാരായിരുന്നു ആ യൂറോപ്യന്മാർ. അക്കൊല്ലത്തേ അവധിക്കാലം ഷിൻജീരോയ്ക്കും വളരെയുല്ലാസമായിരുന്നു. മലകയററത്തിനും വള്ളംകളിക്കും മീൻപിടുത്തത്തിനും അവരോടൊന്നിച്ച് അവനുമുണ്ടായിരിക്കും എല്ലായ്പോഴും. അവരുടെ പെരുമാററവും

കൃത്യനിഷ്ഠയും കണ്ട് അവൻെറ പിതാവിന് അവരോട് അതിയായ മതിപ്പു തോന്നി. അതിനാൽ അവധികഴിഞ്ഞു സെപ്റ്റംബർ ആരംഭത്തിൽ അവർ മടങ്ങിയപ്പോൾ അദ്ദേഹം ഷിൻജീരോയെ ടോക്കിയോയിൽ കൊണ്ടുചെന്ന് അവരുടെ ശിക്ഷണത്തിനേല്പിച്ചു.

ദേശഭക്തരും ധനികരുമായ മാതാപിതാക്കന്മാരുടെ മക്കളായിരുന്ന വിദ്യാർത്ഥികളിലധികവും, മിക്കവരും പ്രായംകൂടിയവരുമായിരുന്നു. മുട്ടാളത്തരവും ഒട്ടും കുറവായിരുന്നില്ല. 'യാസോമതത്തേയും' (ക്രിസ്തുമതം) യാസോമതക്കാരേയും അവർ കഠിനമായി വിദ്വേഷിച്ചിരുന്നു. ഒരു പടികൂടി കടന്നു ഷിൻജീരോ തൻെറ വിദ്വേഷവും അവജ്ഞയും ക്ലാസ്സുകളിൽ പ്രത്യക്ഷമാക്കുന്നതിനു മടിച്ചില്ല. എന്നാൽ, ആ സന്യാസസഹോദരന്മാരുടെ ത്യാഗനിഷ്ഠമായ ജീവിതവും പരസ്നേഹവും കണ്ട് അവരെ ബഹുമാനിക്കുന്നതിനു കാലക്രമത്തിൽ അവൻ നിർബന്ധിതനായി. ഈ ഗുണവിശേഷങ്ങൾക്കു കാരണം അവരുടെ മതമല്ലാതെ മറെറാന്നുമാകുവാൻ വഴിയില്ലെന്ന് അവൻ തീരുമാനിച്ചു: "അവരുടെ വ്യക്തിജീവിതത്തേയും ആദ്ധ്യാത്മികജീവിതത്തേയും ക്രമേണ ഞാൻ പഠിച്ചുതുടങ്ങി. അവരോരുത്തരും ശ്രേഷ്ഠനെ എപ്രകാരം അനുസരിക്കുന്നെന്ന്, അദ്ദേഹത്തിൻെറ വംശമോ വയസ്സോ യോഗ്യതയോ നോക്കാതെ എത്ര പരിപൂർണ്ണമായി അനുസരിക്കുന്നെന്നു ഞാൻ ദർശിച്ചു. കർക്കശമായ ഒരു നിയമാവലി കണിശമായി അവർ പാലിക്കുന്നെന്നും വ്രതങ്ങളെടുത്ത് അവയ്ക്കനുസൃതമായി ജീവിക്കുന്നെന്നും തങ്ങളെക്കാളുമധികം ഞങ്ങളെ അവർ സ്നേഹിക്കുന്നെന്നും ഞാൻ മനസ്സിലാക്കി. ഇവയ്ക്കെല്ലാം നിദാനമായി അവരുടെ മതംമാത്രമേ കാണുമാനുണ്ടായിരുന്നുള്ളു. ഈ ആശയം ആദ്യമായി എന്നിൽ അങ്കുരിച്ചപ്പോൾത്തന്നെ ഒരു കാലത്ത് ഒരു കത്തോലിക്കനാകുകയല്ലാതെ ഗത്യന്തരമില്ലെന്ന് എനിക്കു ദൃഢബോധം വന്നു. ദൈവത്തേയും മാതൃരാജ്യത്തേയും സേവി

ക്കമെന്നു ഞാൻ വ്രതമെടുത്തിരിക്കയായിരുന്നു. എന്റെ നിശ്ചയങ്ങൾ നിറവേററുവാൻ ദൈവപരിപാലന എന്റെ ചുവടുകളെ നയിക്കയും എനിക്കു സഹായമരുളുകയും ചെയ്തു." (Through Hundred Gates p. 257).

ജപ്പാനിലെ ഒരു പ്രസിദ്ധ ബുദ്ധക്ഷേത്രത്തിന്റെ മേലാധികാരിയായിരുന്നു ഷിൻജീരോയുടെ പിതാവ്. സ്വഗൃഹത്തോടനുബന്ധിച്ച് അവർക്ക് ഒരു ബുദ്ധബലിപീഠവും (ബുദ്സുദാൻ) ഷിന്റോക്ഷേത്രവും (കമിദന) മുണ്ടായിരുന്നു. എല്ലാദിവസവും പ്രഭാതത്തിൽ കുടുംബപാരമ്പര്യപ്രകാരം അവിടെ കർമ്മങ്ങൾ നടത്തുകയും പതിവായിരുന്നു. പിതാവ് ഇപ്രകാരം ഷിന്റോമതത്തിന്റെ തീക്ഷ്ണതയുള്ള ഒരനുയായി ആയിരുന്നതിനാൽ ഷിൻജീരോ തന്റെ തീരുമാനങ്ങൾ അദ്ദേഹത്തെ അറിയിക്കുന്നതിന് ആദ്യം ഭയപ്പെട്ടു. ഒടുവിൽ ധൈര്യമവലംബിച്ച്, കത്തോലിക്കമതാരാധനം സ്വീകരിക്കുവാൻ തന്നെ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് അയാൾ പിതാവിനൊരു കത്തയച്ചു. എഴുത്തു കിട്ടിയ ഉടനെ നിരാശയോടും ഹൃദയവ്യഥയോടുംകൂടി പിതാവു ടോക്കിയോയിലെത്തി. ഈ ദുശപ്രലോഭനങ്ങൾക്ക് ഒരിക്കലും അവസരം അനുവദിക്കരുതെന്ന് അദ്ദേഹം മകനെ ഗുണദോഷിച്ചു. മകന്റെ അഭ്യർത്ഥനകളും വാദങ്ങളും വനരോദനമായി കലാശിച്ചതേയുള്ളു. യാസോമതം രാജ്യത്തിനു ഹാനികരമാണെന്നും, യാസോമതം സ്വീകരിച്ചാൽ ശോഭനമായ ഒരു ഭാവിയെ ആരംഭദശയിൽ ത്തന്നെ നശിപ്പിച്ചുകളയുകയായിരിക്കും ചെയ്യുന്നതെന്നും അദ്ദേഹം പുത്രനോടു പറഞ്ഞു.

മധ്യവേനൽ അവധിക്കു വീട്ടിൽ വന്നപ്പോൾ മാതാപിതാക്കന്മാരുടെ സമക്ഷം ഷിൻജീരോ തന്റെ അപേക്ഷയെ ആവർത്തിക്കുന്നതിനു ധൈര്യപ്പെട്ടു. ഇപ്രാവശ്യവും പിതാവു ഖണ്ഡിതമായി അനുവാദം നിഷേധിച്ചു. എന്നാൽ, അവൻ ഭഗ്നാശനായില്ല. തന്റെ വാഗ്സാമർത്ഥ്യം മുഴുവനുപയോഗിച്ചു

പിതാവിന്റെ സമ്മതം ലഭിക്കുവാൻ ഒരിക്കൽക്കൂടി ശ്രമിക്കുന്നതിന് അവൻ നിശ്ചയിച്ചു. പരിശുദ്ധാത്മാവു പ്രത്യേകമായ വിധത്തിൽ ഇപ്രാവശ്യം തന്നെ സഹായിച്ചിരിക്കണമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു: "ജ്ഞാനസ്നാനം ലഭിക്കാത്ത അവിശ്വാസിയായ ഒരു സാധുവിന്റെ നാവിനെ പരിശുദ്ധാത്മാവു ശക്തിപ്പെടുത്തിയെന്നാണ് എന്റെ വിശ്വാസം."

അവൻ പിതാവുമായി ഏതാണ്ടിപ്രകാരം വാദം നടത്തി: "എനിക്കു പ്രായമായിവരുകയാണെന്നും എന്റെ ഭാവിയെപ്പററി ഞാൻ ചിന്തിക്കുകയാണെന്നും അപ്പച്ചനറിയാം. ഇപ്പോഴത്തെ നിലയ്ക്കു ഞാൻ ഏതെങ്കിലുമവസരത്തിൽ സൽപഥത്തിൽനിന്നു വ്യഭിചരിക്കയും അങ്ങയുടെ ദുഷ്കീർത്തിക്കു കാരണമാകുകയും ചെയ്കയില്ലേ എന്നു പ്രബലമായി ഞാൻ സംശയിക്കുന്നു. കത്തോലിക്കനായെങ്കിൽമാത്രമേ എന്റെ ആത്മാവിനെ തിന്മയിൽനിന്നകററിനിറുത്തുവാൻ സാധിക്കുവെന്ന് എനിക്കു തീർച്ചയുണ്ട്. അതുതന്നെയാണു കത്തോലിക്കമതസിദ്ധാന്തങ്ങളെ പരിശോധിക്കുന്നതിന് അങ്ങയുടെ അനുവാദം അപേക്ഷിച്ചതിന്റെ കാരണവും. അപ്പച്ചൻ അതു നിരാകരിച്ചു. അവിടുന്നു കീർത്തിയെ എല്ലാററിലും ഉപരിയായി വിലമതിക്കുന്നുണ്ട്. ഞാൻ എനിക്കുതന്നെ അപകീർത്തിക്കു കാരണമായിത്തീരുമെങ്കിൽ അതിനുള്ള ഉത്തരവാദിത്തം ഇനി എനിക്കായിരിക്കയില്ല."

ഇത്രയും ശ്രവിച്ചശേഷം അപ്പൻ പറഞ്ഞു: "കൊള്ളാം, ഞാൻ അനുവദിച്ചിരിക്കുന്നു. പ്രിൻസിപ്പാളിന്റെ പേർക്ക് എഴുതിക്കൊള്ളുക.''

അവധി കഴിഞ്ഞു സെപ്ററംബറിൽ സ്കൂളിൽ തിരിച്ചെത്തിയ ഉടനെ യാമാമോട്ടോ മതബോധനം സ്വീകരിച്ചുതുടങ്ങി. അക്കൊല്ലംതന്നെ ക്രിസ്മസ്സിന്റെ തലേദിവസം സ്കൂൾവക കപ്പേളയിൽവച്ചു അദ്ദേഹം മാമ്മോദീസാ സ്വീകരിക്കയും ചെയ്തു.

വർഷങ്ങൾ അമ്പതിലധികമായിരിക്കുന്നു ആ സുദിനം കടന്നുപോയിട്ട്. വർഗ്ഗീയവാദത്തിൻെറ ചവിട്ടേററു വത്സലപുത്രൻെറ ഭാവി അപകടത്തിലാകുമെന്നായിരുന്നു ആ പിതാവിൻെറ ഭയം. അതിനിടയായില്ല. ചെറുപ്പത്തിൽത്തന്നെ അവൻ നാവികസേനയിൽ ചേർന്നു. ക്രമേണ അഡ്മിറൽ സ്ഥാനത്തേക്ക് ഉയരുകയും ചെയ്തു. ഒന്നിലധികം പ്രാവശ്യം യുദ്ധത്തിനിടയിൽ മരണാപകടത്തിൽനിന്ന് അത്ഭുതകരമായി അദ്ദേഹം രക്ഷിക്കപ്പെട്ടിട്ടുണ്ട്. ജപ്പാൻചരിത്രത്തിൽ ഇദംപ്രഥമമായിട്ടു ഗവമ്മെൻറിൻെറ ഒരു സന്ദേശവും വഹിച്ചുകൊണ്ടു പരിശുദ്ധപിതാവിൻെറ പക്കലേക്കു പോകുവാൻ അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചു. ഹിരോഹിതോ ചക്രവത്തി രാജ്യഭാരമേല്ക്കുന്നതിനുമുമ്പു യൂറോപ്യൻപര്യടനം നടത്തിയപ്പോൾ അദ്ദേഹത്തെ അനുഗമിക്കുന്നതിനുള്ള ബഹുമതിയും ഷിൻജിരോയ്ക്കു നല്കപ്പെട്ടു. രാജകൊട്ടാരത്തിൽത്തന്നെയാണ് അതിൽപിന്നീട് അദ്ദേഹം താമസിച്ചിരുന്നത്. അഡ്മിറൽസ്ഥാനത്തുനിന്നു വിരമിച്ച് ഇപ്പോൾ അദ്ദേഹം 'സെയ്നെങ്കവായ്' എന്ന കത്തോലിക്കപ്രവത്തനസംഘത്തിൻെറ പ്രസിഡൻറു സ്ഥാനം വഹിച്ചുവരുന്നു.

# VII

# സന്ന്യാസിയായ പ്രധാനമന്ത്രി

ലൌകികസ്നേഹത്തിന്റെ ക്ഷണികതയേയും നശ്വരവസ്തുക്കളുടെ ശൂന്യതയേയും ലോകത്തോട് ഉപന്യസിച്ചുകൊണ്ടിരുന്ന ഒരു സന്ന്യസ്തജീവിതത്തിന്റെ സമാപനദിനമായിരുന്നു 1949 ജനുവരി 15–ാം തീയതി. ചൈനയുടെ പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, റഷ്യയിലേയും നെതർലണ്ട്സിലേയും വത്തിക്കാനിലേയും ചൈനീസ് സ്ഥാനപതി, സർവ്വരാജ്യസഖ്യത്തിൽ ചൈനയുടെ പ്രതിനിധിസംഘാദ്ധ്യക്ഷൻ എന്നീനിലകളിൽ വിശ്രുതനായതിനുശേഷം സമസ്തവും പരിത്യജിച്ച് ബനഡിക്റ്റൻ സന്ന്യാസസഭയിൽ ചേരുകയും അവസാനം ഒരു ആബട്ടായി അഭിഷിക്തനാകുകയും ചെയ്ത ഒരു മഹാത്മാവിന്റെ വേർപാടിനെപ്രതിയാണ് അന്നു ലോകം കണ്ണുനീർ വാർത്തത്. പണ്ഡിതനും ചിന്തകനും രാജ്യതന്ത്രജ്ഞനുമായിരുന്ന ഡോംപിയർ സെലെസ്റ്റിൻ ലൂ റ്റിസെംഗ്– റ്റിസിയാംഗിനെ (Dom Pierre Celestin Lou Tseng-Tsiang) എന്നേക്കുമായി അന്നു നമുക്കു നഷ്ടപ്പെട്ടു.

പരോപകാരതല്പരനായിരുന്ന ഒരു പ്രോട്ടസ്റ്റന്റ് ഉപദേശിയാണു ലൂവിന്റെ പിതാവ്. ലൂവിന് എട്ടുവയസ്സുമാത്രം പ്രായമുള്ളപ്പോൾ ത്യാഗസമ്പന്നയായ മാതാവു പരലോകപ്രാപ്തയായി. റഷ്യയിലെ ചൈനീസ് അംബാസഡറായിരുന്ന ഷൂകിംഗ് ചെനോടുകൂടി (Shu King Chen) 21–ാമത്തെ വയസിൽ അദ്ദേഹം പീറേറഴ്സ്ബർഗിലെത്തി (ലെനിൻഗ്രാഡ്). ഷൂകിംഗിന്റെ ദ്വിഭാഷ്യകാരൻ, സെക്രട്ടറി, ഉപദേഷ്ടാവ് എന്നീ ഉദ്യോഗങ്ങൾ വഹിച്ചുകൊണ്ടു പതിനാലുവർഷം അദ്ദേഹം അവിടെ താമസിച്ചു. അഗാധപണ്ഡിതനായിരുന്ന ഷൂ

കിംഗ് ചെന്നമായുള്ള പരിചയം ലൂവിൻെറ സ്വഭാവസംസ്ക രണത്തിലും ജ്ഞാനസമ്പാദനത്തിലും വലിയൊരു പങ്കുവഹിച്ചു. അദ്ദേഹത്തോടുകൂടി കഴിച്ച കാലങ്ങൾ പേഗൻതത്വശാസ്ത്രം പഠിക്കുന്നതിന്നു ലൂവിന്നു പ്രത്യേകം ഉപകാരപ്രദമായി.

പാശ്ചാത്യസംസ്കാരത്തെ വളരെയധികം വിലമതിച്ചിരുന്ന ഒരാളാണു ഷ്യൂകിംഗ്. ക്രിസ്തുമതമാണ് അതിൻെറ അസ്ഥിവാരമെന്ന് അദ്ദേഹം ദർശിച്ചു. "യൂറോപ്പിൻെറ ശക്തി സ്ഥിതിചെയ്യുന്നതു് അതിൻെറ സൈനികസന്നാഹങ്ങളിലോ അതിൻെറ ശാസ്ത്രീയപുരോഗതിയിലോ അല്ല,പ്രത്യുത, അതിൻെറ മതത്തിലാണ്" എന്ന് അദ്ദേഹം പ്രസ്താവിക്കാറുണ്ടായിരുന്നു. കുടുംബത്തിലും സമുദായത്തിലും കത്തോലിക്കാസഭ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ധാർമ്മികവും ആദ്ധ്യാത്മികവുമായ പ്രേരണാശക്തിയുടേയും വത്തിക്കാൻെറ സാർവ്വദേശീയസ്വാധീനതയുടേയും ആന്തരികകാരണങ്ങളെ ആരായുന്നതിന്നു യുവാവായ ററിസിയാംഗിനെ ഷ്യൂകിംഗ് പ്രേരിപ്പിച്ചു.

ലനിൻഗ്രാഡിൽവച്ചു റഷ്യയിലേ ബൽജിയൻ അംബാസഡറിൻെറ ഭാഗിനേയിയായ മിസ് ബേർത്തു ബോവി എന്ന കത്തോലിക്കവനിതയിൽ ലൂ അനുരക്തനായി. അവർക്കു ജനിക്കുന്ന സന്താനങ്ങളെ കത്തോലിക്കവിശ്വാസത്തിൽ വളർത്തുമെന്ന വാഗ്ദാനത്തോടുകൂടി വിവാഹബന്ധത്തിലേർപ്പെടുന്നതിന്നു സഭ അവരെ അനുവദിച്ചു.

ആ നവദമ്പതിമാരെ അഭിസംബോധനചെയ്തുകൊണ്ടു ഷ്യൂകിംഗ് ഇപ്രകാരം പ്രസ്താവിച്ചു: "ആനന്ദപൂർണ്ണമെങ്കിലും സന്താനരഹിതമായ ഒരു വൈവാഹികജീവിതം ഭാര്യാഭർത്താക്കന്മാരിലൊരാളുടെ മരണത്തിൽ അവസാനിച്ചാൽ മററെയാൾ സന്ന്യാസജീവിതം അവലംബിക്കുക അസാധാരണമല്ല. നിങ്ങളും ഈ പാരമ്പര്യത്തെ സ്ഥിരീകരിച്ചേക്കാം. . . . അതിനിടയാകുന്നെങ്കിൽ ക്രൈസ്തവചിന്തയാകുന്ന ഉറവയുടെ ഉൽപത്തിസ്ഥാനത്തുനിന്നുതന്നെ ദാഹം ശമിപ്പിക്കുവാൻ ഏററം പുരാ

തനമായ സന്ന്യാസസഭയിൽ പ്രവേശിക്കുന്നതിനു ശ്രമിക്കുക." ഷ്യ കിംഗിൻെറ വാക്കുകൾ ദീർഘദർശനമായിട്ടാണു കലാശിച്ചത്.

ലൂവിസിൻെറയും ബേർത്തിൻെറയും ദാമ്പത്യജീവിതം സ്നേഹഭരിതമായിരുന്നു. "ഞങ്ങളുടെ സ്നേഹബന്ധം ദൃഢതമവും സ്വാതന്ത്ര്യരഹിതവുമായിരുന്നു. കർത്തവ്യനിർവ്വഹണത്തിലും സഹനത്തിലും ഞങ്ങൾ ഒരു ഹൃദയവും ഒരാത്മാവുമായി വർത്തിച്ചുവന്നു" എന്നാണ് അദ്ദേഹം രേഖപ്പെടുത്തുന്നത്. സ്നേഹസിന്ധുവിലൂടെ ആഴ്ചകളും മാസങ്ങളും ഓടിക്കടന്നുപോകുന്നത് അവർ അറിയുന്നില്ല. വർഷങ്ങൾ പലതു കഴിയുന്നു. ഇരുവരുടേയും മുഖകമലങ്ങളെ ഒരു കരിനിഴൽ, ഒരു മ്ളാനത നിഷ്പ്രഭമാക്കുന്നു. അവരുടെ ആശാസൗധം നിലംപതിക്കുവാൻപോകയാണ്. ദാമ്പത്യവല്ലരി കുസുമരഹിതമാണെന്ന്!

മതനിഷ്പക്ഷതയ്ക്കും അനാശാസ്യഫലങ്ങൾക്കുമാണു മിശ്രവിവാഹം വഴിതെളിക്കാറുള്ളത്. എങ്കിലും ബേർത്ത്—ലൂബന്ധം അതിനൊരപവാദമായിരുന്നു. കൃത്യമായും ശാന്തമായും ബേർത്ത് ബോവി തൻെറ മതകൃത്യങ്ങൾ നിറവേററിവന്നു. എങ്കിലും ഒരിക്കൽപോലും മതപരിവർത്തനത്തെപ്പററി അവൾ ഭർത്താവിനോടു സംസാരിച്ചില്ല; അതിനാവശ്യവുമില്ലായിരുന്നു. കാരണം, അവളുടെ ജീവിതം അദ്ദേഹത്തോടു നിരന്തരം ധർമ്മോപദേശം നടത്തിക്കൊണ്ടിരുന്നു. കത്തോലിക്കമതത്തിൻെറ ഒരു പ്രതിബിംബനമായിരുന്നു അവളുടെ ജീവിതം. ലൂ പ്രസ്താവിക്കുന്നു: "എൻെറ പ്രിയതമയുടെ ആത്മാവിലും ജീവിതത്തിലുംനിന്നാണു കത്തോലിക്കമതത്തിൻെറ ജീവനും ശക്തിയും ഞാൻ കണ്ടുപിടിച്ചത്."

സന്താനരഹിതമായ ജീവിതം ലൂവിനെ ആകുലചിത്തനാക്കി. തങ്ങളുടെ സന്താനങ്ങളെ കത്തോലിക്കവിശ്വാസത്തിൽ വളർത്തുമെന്നു വിവാഹവേളയിൽ ചെയ്ത വാഗ്ദാനം നിറവേ

റുവാൻ ഒരവസരം ഉണ്ടാകുന്നില്ലല്ലോ എന്നും അദ്ദേഹം ഖേദിച്ചു. ഈ അവസ്ഥയിലാണു കത്തോലിക്കാസഭയിൽ ചേരുവാൻ അദ്ദേഹം തീരുമാനിച്ചതു്. സന്താനരാഹിത്യംനിമിത്തം സന്തപ്തമായ തൻെറ ജീവിതത്തെ ഉന്മേഷപ്പെടുത്തുന്നതിനു കത്തോലിക്കമതത്തിനുമാത്രമേ സാധിക്കുവെന്നു് അദ്ദേഹം മനസ്സിലാക്കി. പ്രോട്ടസ്റ്റൻറുമതം അദ്ദേഹത്തിനു കത്തോലിക്കമതത്തിലേക്കുള്ള ഒരു കോണിപ്പടിയായിരുന്നു. സഭയെപ്പററി അദ്ദേഹം രേഖപ്പെടുത്തുന്ന ചില വാക്കുകൾ ഇവിടെ ഉദ്ധരിക്കാം:

"അപ്പസ്തോലികകാലംമുതലുള്ള ഈ സഭ(കത്തോലിക്കാസഭ) എല്ലാ ക്രിസ്തീയസഭകളിലുംവച്ചു പുരാതനവും പരിപൂർണ്ണവുമാണെന്നും, ഒരു ഹൈരാക്കിയും സത്യംപോലെ മാററമില്ലാത്തതും എന്നാൽ, കാലാനുസൃതമായ പ്രശ്നങ്ങൾക്കു തക്കപ്രതിവിധി നിർദ്ദേശിക്കുന്നതുമായ ഒരു വിശ്വാസസംഹിതയുംവഴി അംഗങ്ങളെ ഏകീകരിക്കുന്നതാണെന്നും പണ്ടുമുതൽക്കേ എനിക്കുതോന്നിയിരുന്നു. ഈ വിധ ചിന്തകൾ ദീർഘകാലം എൻെറ മനസ്സിൽ സ്ഥലംപിടിച്ചു. ഞാൻ പ്രാർത്ഥിച്ചു; പരിശുദ്ധവും കത്തോലിക്കവും അപ്പസ്തോലികവുമായ റോമാസഭയിൽ വിശ്വസിക്കുന്നതിനുള്ള പ്രസാദവരം എനിക്കു ലഭിക്കയും ചെയ്തു. ഈ വരം എന്നെ സഭയുടെ ആഹ്വാനത്തിനു വിധേയനും അവളുടെ പ്രബോധനങ്ങളനുസരിച്ചു ജീവിക്കുവാൻ ഉൽസുകനുമാക്കി. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനു് ഈ ആഹ്വാനത്തെപ്രതി സ്തുതിയും സ്തോത്രവും." (Through Hundred Gates p. 266). ഇങ്ങനെ വിവാഹാനന്തരം പത്തു കൊല്ലങ്ങൾ കഴിഞ്ഞു ലൂററിസെംഗ് "ശാന്തിനികേതനത്തി"ലെത്തി.

നിലവിലിരുന്ന ഗവമ്മെൻറു നിലംപതിച്ചതോടെ 1912-ൽ ചൈന ഒരു റിപ്പബ്ളിക്കായിത്തീർന്നപ്പോൾ വിദേശകാര്യമന്ത്രിയുടെ ഉദ്യോഗം വഹിക്കുന്നതിനു ലൂററിസെംഗ്

ററിസിയാംഗ് തിരികെവിളിക്കപ്പെട്ടു. അടുത്തേ മന്ത്രിസഭ തകന്നപ്പോറം അദ്ദേഹം പ്രധാനമന്ത്രിയായി. 1915–ൽ വീണ്ടും അദ്ദേഹം പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. 1917 മുതൽ 20 വരെ രണ്ടാം പ്രാവശ്യവും വിദേശകാര്യമന്ത്രിയായി നിയമിതനായി; 1922–ൽ സ്വിററ്സർലണ്ടിലേക്കു ചൈനീസ് സ്ഥാനപതിയായി അയക്കപ്പെട്ടു. വെഴ്സെയിൽസ് സമാധാനസമ്മേളനത്തിൽ ചൈനീസ് പ്രതിനിധിസംഘത്തിൻെറ നായകത്വം വഹിച്ചിരുന്നതു ലൂവാണ്. അക്ഷേപാർഹമായ ആ സമാധാനയുടമ്പടിക്ക് ഒപ്പുവയ്ക്കുവാൻ അദ്ദേഹം വിസമ്മതിച്ചു എന്നതും പ്രസ്താവയോഗ്യമാണ്.

1923 മുതൽ മൂന്നു കൊല്ലത്തേക്കു ലൂവിൻെറ ഭാര്യ കഠിനമായ ഒരു രോഗത്തിന് അധീനയായി. ഇക്കാലത്ത് അദ്ദേഹം സ്വരാജ്യസഖ്യത്തിൽ സേവനം നടത്തിക്കൊണ്ടു ബേൺപട്ടണത്തിൽ താമസിക്കുകയായിരുന്നു. ഭാര്യയുടെ ആരോഗ്യസ്ഥിതി ഒന്നിനൊന്നിനു നിരാശാജനകമായിക്കണ്ടു. സുഖപ്രാപ്തി അസാദ്ധ്യമായിരുന്നു. അവറം വേർപെട്ടതിനുശേഷവും ആജീവാനന്തം അവളുടെ സ്മരണയെ നിലനിറുത്തുന്നതിന് അദ്ദേഹം തീരുമാനിച്ചു. ഈ തീരുമാനം ഭാര്യയെ അറിയിക്കുകയും എന്നാൽ അവളുടെ രോഗം അപകടകരമായ നിലയിലാണെന്നതിന് അതൊരു സൂചനയാകാതിരിക്കുകയും ചെയ്യുവാൻ അദ്ദേഹം ഒരു പായം കണ്ടുപിടിച്ചു.

രോഗശയ്യയിൽ കിടക്കുന്ന പ്രിയതമയെ അദ്ദേഹം ദിവസവും പത്രം വായിച്ചു കേറംപ്പിക്കുക പതിവായിരുന്നു. ഇങ്ങനെ ഒരു ദിവസം വായിച്ചുകൊണ്ടിരുന്നപ്പോറം, പരേതയായ എലിസബത്തു ലെസിയേറിൻെറ ഗ്രന്ഥങ്ങളെപ്പററിയുള്ള ഒരു നിരൂപണം കാണുവാനിടയായി. എലിസബത്ത് അകാലമൃത്യു അടയുകയും ഭർത്താവായിരുന്ന ലസീയെർ അനന്തരം സഭയിലേക്കു പുനരാഗമിക്കയും ഒടുവിൽ ഒരു വൈദികനായിത്തീരുകയും ചെയ്തതാണ് അവരുടെ കഥ. എലിസബത്തിൻെറ

ഗ്രന്ഥങ്ങൾ തങ്ങൾക്ക് ഏററം യോജിച്ചതായി കാണുകയാൽ അവയെ വാങ്ങിക്കുന്നതിനു ലൂ ഏർപ്പാടുചെയ്തു. "Journel et Pensees)" എന്ന ഗ്രന്ഥമാണ് അവയിൽ ഏററം ഹൃദ്യമായി ബെർത്തുലൂമാർക്ക് അനുഭവപ്പെട്ടതു്. എലിസബെത്തു തൻെറ പ്രേമത്തെ പ്രകടിപ്പിക്കുന്ന പല ഭാഗങ്ങളും സ്വന്തം ഹൃദയ രഹസ്യങ്ങളുടെ പ്രതിഫലനമായി അവർക്കു തോന്നി. ദിവസവും അതിൽനിന്നു കുറെ ഭാഗം ലൂ ഭാര്യയെ വായിച്ചുകേൾപ്പിച്ചുതുടങ്ങി. അതോടൊപ്പം എലിസബത്തിൻെറ പ്രേരണയും മാദ്ധ്യസ്ഥ്യശക്തിയും ആ ഭവനത്തിൽ പ്രബലമായി വന്നു.

ഉററമിത്രങ്ങളുടെ പ്രത്യേക സമ്പ്രദായങ്ങളും രീതികളും അനുകരിക്കുക എന്നതു് ആ ദമ്പതിമാരുടെ ഒരു വിനോദമായിരുന്നു. അതനുസരിച്ചു ലൂ ററിസെംഗ് ഭാര്യയെ'എലിസബത്തു്' എന്നു വിളിച്ചുതുടങ്ങി. 'ഫാദർ ലൂ' എന്നായിരിക്കും എപ്പോഴും ബെർത്തിൻെറ മറുപടി. ഇങ്ങനെ പ്രിയതമയെ തൻെറ ഇംഗിതങ്ങൾ അല്പം അവ്യക്തമായിമാത്രം ഗ്രഹിപ്പിക്കുവാനാണ് അദ്ദേഹം നിശ്ചയിച്ചതു്. ബെർത്തിൻെറ അന്ത്യവിനാഴികവരെ ഈ വിധത്തിലാണു പിന്നീട് അവർ പരസ്പരം സംബോധന ചെയ്തിരുന്നതു്.

ഒരു ദിവസം പതിവനുസരിച്ചു വായിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ഭാര്യയോടു പറഞ്ഞു: "പ്രിയേ, നീ എലിസബത്തിനെ പൂർണ്ണമായി അനുകരിക്കുന്നുണ്ടു്. എന്നാൽ വേറൊരു ഫാദർ ലസിയർ ആകുന്നതിന് എപ്പോഴെങ്കിലും എനിക്കു കഴിയുമോ എന്നു ഞാൻ സംശയിക്കുന്നു. അപ്രതീക്ഷിതമായി അവൾ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "എന്തുകൊണ്ടു പാടില്ല? അങ്ങയുടെ സന്മനസ്സും ദൈവത്തിൻെറ അനുഗ്രഹവും ഉണ്ടെങ്കിൽ." ഇങ്ങനെ അദ്ദേഹത്തിൻെറ ഉപായം ഫലപ്രദമായി.

ലസിയറിൻെറ ഗ്രന്ഥങ്ങളുമായി പരിചയപ്പെട്ടു് അധികം കഴിയുന്നതിനുമുമ്പു ബെർത്ത് "എലിസബത്തു ലസിയർ

സർക്കിൾ" എന്ന പേരിൽ ഒരു സംഘം സ്ഥാപിക്കപ്പെട്ടു. അതിൻെറ പ്രസിഡൻറായിരുന്ന മിസ് ഫെർകിംഗ് അവിടെ ഒരു പ്രസംഗം ചെയ്യുന്നതിനു ഫാദർ ലസിയറിനെ ക്ഷണിച്ചു വരുത്തി. ആ പ്രസംഗത്തിൽ ലൂവും സംബന്ധിച്ചു എന്നു പ്രത്യേകം പറയേണ്ടല്ലോ. ആദ്യമായി ഫാദർ ലസിയറിനെ അനുമോദിച്ചതും അദ്ദേഹംതന്നെയാണ്.

അസഹിഷ്ണുതയുടെയോ അസംതൃപ്തിയുടെയോ യാതൊരു ലാഞ്ഛനയുംകൂടാതെ സമാധാനത്തോടെ 1926 ഏപ്രിൽ 16-ാം തീയതി ബേത്ത് ബോവി തൻെറ പ്രിയതമനോട് അന്ത്യയാത്ര പറഞ്ഞുപിരിഞ്ഞു.

"ലസിയർ തൻെറ മാതാവു കത്തോലിക്കസഭയിലേക്കു തിരിച്ചുവരുന്നതിനു കാരണക്കാരിയായി. ബേത്തുബോവി, തൻെറ മാതാവു സഭയുടെ സിദ്ധാന്തങ്ങളെ പരിശോധിക്കുന്നതിനും. ലസിയറിനു മാതാവു സഭയിലേക്കു പുനരാഗമിക്കും എന്ന് ഉറപ്പുണ്ടായിരുന്നു. ബേത്തുലൂവിനു മാതാവു സന്ന്യാസസഭയിൽ പ്രവേശിക്കും എന്ന ഉറപ്പോടെ ശവകുടീരത്തിലേക്കു യാത്രതിരിക്കുന്നതിനു ഭാഗ്യം ലഭിച്ചു. എന്തുകൊണ്ടെന്നാൽ, മാതാവിൽനിന്ന് അങ്ങനെയൊരു വാഗ്ദാനം അവർക്കു ലഭിച്ചിരുന്നു."

പ്രിയതമയുടെ വേർപാടിനെപ്പററി ലൂ വിങ്ങുന്ന ഹൃദയത്തോടെ ഇപ്രകാരം എഴുതുന്നു: "എൻെറ സന്ന്യാസജീവിതത്തെ അവൾ തന്നോടുകൂടി ശവകുടീരത്തിലേക്കു സംവഹിച്ചു. അവളുടെ നിത്യജീവിതത്തെ എന്നോടുകൂടി ഞാൻ സ്വയം കൈവരിച്ച ഏകാന്തതയിലേക്കും. ഇതിലുപരിയായി എന്താണു ഞങ്ങൾക്കു പരസ്പരം കൈമാറുവാനുണ്ടായിരുന്നത്? ദൈവം ഞങ്ങൾക്കു പ്രദാനം ചെയ്തിരുന്നവ സമസ്തവും— ശരീരത്തിനു ശരീരത്തേയും, ഹൃദയത്തിനു ഹൃദയത്തേയും, ആത്മാവിന് ആത്മാവിനേയും, സന്ന്യാസജീവിതത്തിനു നിത്യജീവിതത്തേയും— ഞങ്ങൾ പരസ്പരം കൈമാറി. മരണം ഞങ്ങളെ വേർ

തിരിച്ചു. എന്നാൽ സന്ന്യാസജീവിതത്തിൻെറ പരിപാവനത, ഞങ്ങളെ വീണ്ടും നിത്യമായി യോജിപ്പിച്ചു. ഇപ്പോഴാകട്ടെ വേറൊരു ബന്ധംകൂടി— ദിവ്യകാരുണ്യസ്വീകരണം— ഞങ്ങളെ സംയോജിപ്പിക്കയും ഞങ്ങളുടെ ബന്ധം ദൃഢതരമാക്കുകയും ചെയ്യുന്നു."

ഒന്നരകൊല്ലത്തെ ദുഃഖാചരണത്തിനുശേഷം ബ്രസൽസിനു സമീപം ലോഫെം എന്ന സ്ഥലത്തുള്ള വിശുദ്ധ അന്ത്രയോസിൻെറ ആശ്രമത്തിൽ ചേർന്നുകൊണ്ടു ലൂ തൻെറ പ്രതിജ്ഞയെ നിറവേററി. 1927 ഒക്ടോബർ 4-ാം തീയതി അദ്ദേഹം വി. ബനഡിക്റ്റിൻെറ സന്ന്യാസവസ്ത്രം സ്വീകരിച്ചു;പ്പോരം ബേത്തുബോവി സ്വർഗ്ഗത്തിൽനിന്നു തൻെറ പ്രിയതമനെ നോക്കി മന്ദസ്മിതം തൂകിയിരിക്കണം.

പീററർ സെലസ്റ്റിൻ എന്ന നാമത്തിൽ 1928 ജനുവരി 14-ാം തീയതി അദ്ദേഹം 'നൊവിഷിയേററിൽ' പ്രവേശിച്ചു. നാലുവർഷങ്ങൾക്കുശേഷം നിത്യവ്രതവാഗ്ദാനം നടത്തി. 1935 ജൂൺ 29-ാം തീയതി ചെൽസസ് കോൺസ്റ്റൻററിനി മെത്രാപ്പോലീത്തായിൽനിന്നു വൈദികപട്ടം സ്വീകരിക്കുകയും അങ്ങനെ 'സന്മനസ്സും ദൈവത്തിൻെറ അനുഗ്രഹവും വഴി' ലൂവേറൊരു "ഫാദർ ലെയിസർ" ആയിത്തീരുകയും ചെയ്തു. മോസ്കോയിലേയും പാരീസിലേയും മാഡ്റിഡിലേയും ചീനരാജ്യപ്രതിനിധികൾ അദ്ദേഹത്തിൻെറ ഗുരുപ്പട്ടസ്വീകരണചടങ്ങുകളിൽ സംബന്ധിക്കുന്നതിനായി ബെൽജിയത്തിലെത്തിയിരുന്നു. അനുമോദനസന്ദേശങ്ങൾ ലോകത്തിൻെറ നാനാഭാഗത്തുനിന്നും പ്രവഹിച്ചുകൊണ്ടുമിരുന്നു.

ഗുരുപ്പട്ടസ്വീകരണദിനങ്ങളിൽ അദ്ദേഹം ചൈനീസ് പത്രങ്ങൾക്ക് ഒരു കേബിൾസന്ദേശം അയച്ചു. "പുതിയ ഭരണഘടന സൃഷ്ടിക്കുകയും നീതിയുടേയും സാഹോദര്യത്തിൻേറയും അടിസ്ഥാനത്തിൽ സമുദായത്തെ പുനഃസ്ഥാപിക്കുകയും ചെയ്യുവാൻപോകുന്ന ചൈനയുടെമേൽ അനുഗ്രഹങ്ങൾ വർഷിക്ക

ന്നതിന് എൻെറ ശരീരത്തിൽ ജീവൻ ശേഷിക്കുന്നിടത്തോളം കാലം ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നതാണ്."

വൈദികപട്ടം സ്വീകരിച്ചതിനുശേഷവും, വത്തിക്കാനിലേ ചൈനീസ് മന്ത്രി എന്ന നിലയിൽ അദ്ദേഹം രാജ്യസേവനം നടത്തിയിട്ടുണ്ട്. 1946-ൽ പന്ത്രണ്ടാംപീയൂസ് മാർപ്പാതിരുമനസ്സുകൊണ്ട് അദ്ദേഹത്തെ ടിററുലർ ആബട്ട് (Titular Abbot) എന്ന സ്ഥാനത്തേക്കുയർത്തി. ചൈനയുടെ ചരിത്രത്തിൽ ഒരാൾ ആബട്ടുസ്ഥാനം സ്വീകരിക്കുന്നത് ഇതാദ്യമാണ്. "വംശത്തിലും വാസനയിലും സ്വരാജ്യസ്നേഹത്തിലും 'അടിയുറച്ച ഒരു ചൈനാക്കാരൻ'" എന്നാണു പലരും അദ്ദേഹത്തെ ചിത്രീകരിക്കാറുള്ളത്. 1872-ൽ ലൂ ററിസെംഗ് ററിസിയാംഗ് ഷാംഗേയിൻ ഭൂജാതനായി.



ഡോക്ടർ ജോൺ സി. എച്ച്. വൂ

# VIII

# ചൈനീസ് മിനിസ്റ്റർ

നീണ്ടുനിവൻ കിടക്കുന്ന ഹിമാലയത്തിന്മുകളിൽക്കൂടി വടക്കോട്ടു ദൃഷ്ടികളൊന്നു പായിക്കുക. വിശാലമായ ആ ടിബററിന്നും അപ്പുറത്തായി മിന്നിത്തിളങ്ങുന്ന ഒരു വെന്നിക്കൊടി അവിടെ കാണാറാകും. വേദസാക്ഷികളുടെ രക്തത്താൽ സഭയുടെ വളർച്ചയ്ക്കു വളക്കൂറുകൂടിയ ചൈനയുടെ മണ്ണിൽ ക്രിസ്തുരാജൻ നാട്ടിയിരിക്കുന്ന ജയക്കൊടിയാണതു്. അതിന്റെകീഴെ അണിനിരന്നിട്ടുള്ള ധർമ്മഭടന്മാരോ അസംഖ്യം. അവരിൽ ഒട്ടും അപ്രധാനനല്ല ഡോക്ടർ ജോൺ സി. എച്ച്. വൂ— രാജ്യത്തിന്റേയും സഭയുടേയും അഭിമാനസ്തംഭമായ ആ പണ്ഡിതശ്രേഷ്ഠൻ.

ചൈനയിലെ ചെക്യാംഗ് പ്രോവിൻസിൽ നിംഗ്പോ എന്ന സ്ഥലത്തു ഡോക്ടർ വൂ ഭൂജാതനായി. കൺഫ്യൂഷ്യൻമതത്തിൽ അദ്ദേഹം വളർത്തപ്പെട്ടു. 20-ാമത്തെ വയസ്സിൽ കൺഫ്യൂഷ്യൻമതവുമുപേക്ഷിച്ച്, അദ്ദേഹം പ്രോട്ടസ്റ്റൻറു മതം സ്വീകരിച്ചു. 1921-ൽ ജോൺ വൂ ഷാംഗേയിലെ നിയമപാഠശാലയിൽനിന്നു് എൽ. ബി. ബിരുദവും 1922-ൽ അമേരിക്കയിലെ മിച്ചിഗൺ സർവ്വകലാശാലയിൽനിന്നു. ജെ. ഡി. ബിരുദവും സമ്പാദിച്ചു. അനന്തരം സൊർബോണിലും ബർലിൻ സർവ്വകലാശാലയിലും അദ്ദേഹം പഠനം നടത്തി. 49 വയസ്സുമാത്രമേ പ്രായമുള്ളുവെങ്കിലും ഉന്നതമായ പല ഉദ്യോഗങ്ങളും ഇതിനകം വൂ വഹിച്ചിട്ടുണ്ടു്. 1929-ൽ പ്രൊവിഷനൽ കോർട്ടിന്റെ പ്രസിഡൻറായി അദ്ദേഹം നിയമിക്കപ്പെട്ടു. കുറെക്കഴിഞ്ഞു തൽസ്ഥാനം രാജിവച്ചു ചിക്കാഗോയിൽ നോർത്തു

വെസ്റ്റേൺ യൂണിവേഴ്സിററി ലോ സ്കൂളിൽ ലക്ചർസ്ഥാനം സ്വീകരിച്ചു. ഭാര്യയുടെ സുഖക്കേടുനിമിത്തം 1930-ൽ ചൈനയിലേക്കു മടങ്ങുവാൻ അദ്ദേഹം നിർബന്ധിതനായി. അടുത്തകൊല്ലം ഷാംഗേ മുനിസിപ്പൽകൗൺസലിൻെറ ഉപദേഷ്ടാവായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. 1933 മുതൽ ഡോക്ടർ വൂ ചൈനയിലെ ലെജിസ്ലേററീവു യുവാൻെറ (നിയമസഭയുടെ) ഒരംഗമാണ്. സംസ്കരത്തിൻേറയും വിദ്യാഭ്യാസത്തിൻേറയും അഭിവൃദ്ധിക്കായി സ്ഥാപിതമായിരിക്കുന്ന സൻ യത് സേൻ ഇൻസ്റ്റിററ്യൂട്ടിൻെറ (Sun-Yath Sen institute) എഡിറേററിയൽ ഡിപ്പാർട്ടുമെൻറിൻെറ അദ്ധ്യക്ഷസ്ഥാനവും അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

ഹർവാഡ് സർവ്വകലാശാലയിൽ പ്രൊഫസറായും അദ്ദേഹം ജോലിനോക്കിയിട്ടുണ്ട്. 1945ൽ ചൈനീസ് ഡലഗേഷൻെറ ഉപദേഷ്ടാവെന്ന നിലയിൽ ഡോക്ടർ വൂ സാൻഫ്റാൻസിസ്കോയിലെ സർവ്വരാഷ്ട്രസമ്മേളനത്തിൽ പങ്കെടുത്തു. നാലഞ്ചുകൊല്ലം മുമ്പു ചൈനീസ് നാഷനൽ അസംബ്ളി പാസ്സാക്കിയ പുതിയ ഭരണഘടന എഴുതിയുണ്ടാക്കിയതു മിക്കവാറും ഡോക്ടർ വൂവിൻെറ പരിശ്രമഫലമായിട്ടാണ്. "വൂവിൻെറ കരടുനിയമങ്ങൾ"(Wu's Draft) എന്നാണ് അതു് അറിയപ്പെട്ടിരുന്നതുതന്നെ. 1947-ൽ വത്തിക്കാനിലെ ചൈനീസ് സ്ഥാനപതിയായി അദ്ദേഹം നിയമിക്കപ്പെട്ടു. 1949-ൽ പ്രസ്തുതോദ്യോഗം രാജിവച്ചു് ഹാവായിലെ സർവ്വകലാശാലയിൽ ചൈനീസ് തത്വശാസ്ത്രം പഠിപ്പിക്കുന്ന ജോലി ഏറേറു. റോമിൽനിന്നും ചൈനയിൽ മടങ്ങിയെത്തിയപ്പോൾ പുതിയ മന്ത്രിസഭയിൽ നിയമവകുപ്പിൻെറയോ വിദ്യാഭ്യാസവകുപ്പിൻേറയോ മന്ത്രിയാകുന്നതിനു പ്രധാനമന്ത്രി സൺ ഫോ വൂവിനെ ക്ഷണിച്ചു. എന്നാൽ സർവ്വകലാശാലക്കാക്കു നേരത്തെ വാക്കുകൊടുത്തുപോയതിനാൽ സൺ ഫോയുടെ ക്ഷണം അദ്ദേഹം നിരാകരിക്കയാണു ചെയ്തതു്.

ഡോക്ടർ വൂ പ്രോട്ടസ്റ്റൻറിസം സ്വീകരിച്ചിട്ട വർഷങ്ങൾ ഇരുപതോളമായി. പ്രോട്ടസ്റ്റൻറുമതത്തിൻെറ അന്ധകാരമയമായ ഒഴുക്കിൽപ്പെട്ട നിരീശ്വരത്വമെന്ന അഗാധഗത്തത്തിൻെറ വക്കുവരെ ചെന്നെത്തിയിരിക്കയാണദ്ദേഹം. ഒരു പെൺകിടാവ് അവിടെനിന്നും അദ്ദേഹത്തെ രക്ഷപെടുത്തുന്നു- അശ്രുമലിത്തികൾക്കുള്ളിൽ അജ്ഞാതവാസം നയിച്ച ഒരു പെണ്ണ്. അക്കാലം ഡോക്ടർ വൂവിനു തൻെറ ഒരാത്മസുഹൃത്തായ യുവാൻകിയാ ഫോംഗ് എന്ന ഒരു കത്തോലിക്കനൊരുമിച്ച് ഏതാനും ദിവസങ്ങൾ താമസിക്കുന്നതിനിടയായി. യുവാൻകുടുംബാംഗങ്ങൾ ഒന്നിച്ചുകൂടി ഭക്തിപൂർവ്വം കൊന്ത ജപിക്കുന്നതു് അദ്ദേഹത്തിനു വളരെ ആകർഷകമായിത്തോന്നി. അവിടെ വി. കൊച്ചുത്രേസ്യായുടെ ഒരു ചിത്രം വച്ചിരുന്നതു കണ്ടു വൂ സ്നേഹിതനോടു ചോദിച്ചു:

"ഇതാണോ കന്യകാമറിയം?"

"അല്ല, ഉണ്ണിയീശോയുടെ ചെറുപുഷ്പമാണ്."

"ആരാണ് ഉണ്ണിയീശോയുടെ ഈ ചെറുപുഷ്പം?"

"കൊള്ളാം, ചെറുപുഷ്പത്തെപ്പോലും നിങ്ങൾക്കറിഞ്ഞുകൂടെന്നോ?'' എന്നു പറഞ്ഞുകൊണ്ടു വിശുദ്ധയുടെ ഒരു ജീവചരിത്രസംഗ്രഹം യുവാൻ സ്നേഹിതനു കൊടുത്തു. ചെറുപുഷ്പത്തിൻെറ പല വാക്യങ്ങളും അതിൽ ഉദ്ധരിച്ചിരുന്നു. അവളുടെ അഭിപ്രായം, ക്രിസ്തുമതത്തെപ്പററി തനിക്കുള്ള ചിന്താഗതിയുമായി യോജിച്ചിരിക്കുന്നതുകണ്ടു അദ്ദേഹത്തിനു വിസ്മയം തോന്നി. കത്തോലിക്കസഭയെപ്പററിയുള്ള ഒരു വെളിപാടുപോലെയാണ് അതനുഭവപ്പെട്ടതു്. ആ ലഘുഗ്രന്ഥം വായിച്ചശേഷം അദ്ദേഹം ഇപ്രകാരം ആത്മഗതം ചെയ്തു: "ഈ പുണ്യവതി കത്തോലിക്കസഭയുടെ പ്രാതിനിധ്യം വഹിക്കുന്നെങ്കിൽ ഞാൻ ഒരു കത്തോലിക്കനാകാതിരിക്കുവാൻ യാതൊരു കാരണവും കാണുന്നില്ല.'' ഡോക്ടർ വൂ തുടരുന്നു: "ഞാനൊരു പ്രോട്ടസ്റ്റൻറുകാരനായിരുന്നതുകൊണ്ടു് എൻെറ ബുദ്ധിക്കു് ഏ

ററവും യുക്തമായിത്തോന്നിയ വ്യാഖ്യാനം സ്വീകരിക്കുവാൻ എനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ, പുണ്യവതിയുടെ വ്യാഖ്യാനമാണു് എനിക്കു് ഏററം സമുചിതമായിത്തോന്നിയതു്. അതിനാൽ ഞാൻ ഒരു കത്തോലിക്കനായി". (The Science of Love– Preface).

കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനു വൂ തീരുമാനിച്ചു എന്നു കേട്ടപ്പോൾ യുവാൻ സന്തോഷാധിക്യത്താൽ മതിമറന്നുപോയി. പത്തുകൊല്ലമായിരുന്നു ആ അത്മായപ്രേഷിതൻ സ്നേഹിതൻെറ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങിയിട്ടു്. അപ്രതീക്ഷിതമായി ഇപ്പോൾ വൂവിനെ സ്വഗൃഹത്തിൽ സ്വീകരിക്കുന്നതിനും അതു് അദ്ദേഹത്തിൻെറ മാനസാന്തരത്തിന് അവസരമാകുന്നതിനും ഇടയായതിൻെറ രഹസ്യം മറെറാന്നുമായിരുന്നില്ല.

തെരേസായെ പരിചയപ്പെട്ട ക്ഷണത്തിൽത്തന്നെ വൂവിന് അവളുടെപേരിൽ വിസ്മയവും വാത്സല്യവും തോന്നിയതാണു്. അവളുടെ ജീവിതത്തേയും പ്രബോധനങ്ങളേയും കൂടുതലായി പഠിച്ചപ്പോൾ അദ്ദേഹത്തിൻെറ വിസ്മയവും സ്നേഹാദരങ്ങളും ശതഗുണീഭവിച്ചതേയുള്ളൂ. ആശ്രമഭിത്തികൾക്കുള്ളിൽ ജീവിതം പാഴാക്കിയ പേപിടിച്ച ഒരു പെണ്ണല്ല അവൾ; അവൾ ഏതൊരു ശാസ്ത്രജ്ഞനേയുംകാൾ അഭിജ്ഞയും നാശത്തിൽ നിപതിച്ചിരിക്കുന്ന ലോകത്തിനു രക്ഷാമാർഗ്ഗം ഉപദേശിച്ചുകൊടുക്കുവാൻമാത്രം സമർത്ഥയുമാണെന്നു് അദ്ദേഹം ഗ്രഹിച്ചു. വിശുദ്ധയുടെ ആദ്ധ്യാത്മികപ്രബോധനങ്ങളെ അധികരിച്ചുള്ള "സ്നേഹശാസ്ത്രം" (The Science of Love) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു:

"തെരേസാ ഇതരവിശുദ്ധരെ പിന്നിലാക്കുന്നില്ല, എന്നാൽ, അവൾ വിശുദ്ധിയെ കാലാനുസൃതമാക്കിയിരിക്കുന്നു. പരിവർത്തനംവഴി പരിഷ്കാരങ്ങൾ നടപ്പിലാക്കുവാനറിയാവുന്ന ഒരു വിപ്ലവകാരിയാണവൾ. കത്തോലിക്കാസഭ എന്നും

സജീവയാണ്. ശതാബ്ദങ്ങളോടൊപ്പം അവർ വളരുകയും ചെയ്യുന്നു. മനഃശാസ്ത്രവിജ്ഞാനത്തിന്റെ ദശയെന്നു വിളിക്കപ്പെടാവുന്ന ഇരുപതാം നൂററാണ്ടിനു തെരേസായെപ്പോലുള്ള ഒരു വിശുദ്ധയെയാണാവശ്യം. എന്തെന്നാൽ അവളാണ് എനിക്കറിവുള്ളതിൽ ഏററവും വലിയ മനഃശാസ്ത്രപടുവും വിശകലനവിദഗ്ദ്ധയും. അവളുടെ കരങ്ങളിൽ വിശുദ്ധി ഉന്നതമായ ഒന്നായി അകന്നുനില്ക്കാതെ അധോമണ്ഡലത്തിലേക്ക് ഒഴുകിവന്നിരിക്കുന്നു. ഓരോ കാലത്തിന്റെയും ആവശ്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് അവയ്ക്കനുസൃതമായ വിശുദ്ധരെ പരിശുദ്ധാത്മാവ് എന്നും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. 'ഇൻഡിവിഡ്വലിസ'ത്തിന്റെ ആരംഭദശയായ പതിനാറാം നൂററാണ്ടിൽ പുരുഷനുസമാനയായ ഒരു സ്ത്രീയെ, ആവിലായിലെ തെരേസായെ അവിടുന്നു പ്രദാനം ചെയ്തത് ആകസ്മികമായിട്ടല്ല. "വയോവൃദ്ധന്റെ പക്വതയുള്ള ഒരു ചെറുബാലികയെ" നമ്മുടെ കാലത്തിന് അവിടുന്നു പ്രദാനം ചെയ്തതും ഉദ്ദേശ്യമില്ലാതല്ല. എന്തെന്നാൽ നമ്മുടെ ശതാബ്ദം ഒരു വയോവൃദ്ധനു സമാനമാണ്. ഒരു ബാലികയെപ്പോലെയാകുകയാണ് അതിനാവശ്യമായിരിക്കുന്നത്. ചെറുപുഷ്പം അതിനുള്ള മാർഗ്ഗം കാണിച്ചുതന്നിരിക്കുന്നു. മൃദുലഹൃദയയും സരളസ്വഭാവയും, സൂക്ഷ്മനിരീക്ഷികയും വിനോദാത്മകയും, ഗഹനമതിയും സൗമ്യയും സ്വച്ഛീയയുമായ ആവർ ആദ്ധ്യാത്മികജീവിതസരണിയിൽ ചെയ്തിട്ടുള്ളവ സമകാലികരായ മഹാമതികൾ തങ്ങളുടെ പ്രവർത്തനമണ്ഡലത്തിൽ ചെയ്തിട്ടുള്ളവയെക്കാൾ ഒട്ടും അപ്രധാനങ്ങളല്ല."

നമ്മുടെ അനുദിനജീവിതത്തിനു തെരേസായുടെ വിദ്യാലയത്തിൽ പ്രത്യേകമായ ഒരർത്ഥം ലഭിക്കുന്നു. അതാണ് അവളുടെ പുതിയ വഴിയുടെ വൈശിഷ്ട്യം. "തന്റെ ദിവ്യമണാളനെപ്രതി ഏതൊരു രൂപത്തിലുള്ള രക്തസാക്ഷിത്വവും കൈവരിച്ചതിനുശേഷം അത് ഏററം നിസ്സാരമായിക്കരുതുന്നതിന് അവർ

ക്ക് ഒരുക്കമാണ്. ജീവിതം അവർക്ക നിരന്തരമായ ഒരു രക്തസാക്ഷിത്വവും ചെറു ത്യാഗകൃത്യങ്ങളുടെ ഒരു ക്രമ്പാരവുമാകുന്നു. അവർക്ക് ഒരു രക്തസാക്ഷിണിയാകണം. എന്നാൽ മററുള്ളവരുടെ ദൃഷ്ടിയിൽ അപ്രകാരം ആയിരിക്കയുമരുത്. അസാധാരണമായതുകൂടി സാധാരണമെന്നു തോന്നത്തക്കവിധം അവളുടെ അസാധാരണത അതിൻെറ ഉച്ചിയിലെത്തുന്നു. പ്രബോധനവും മാതൃകയും വഴി രക്തസാക്ഷിത്വത്തെപ്പററിയുള്ള ആശയം കൂടുതൽ ഉന്നതവും സാരവത്തും വ്യാപകവുമാക്കുവാൻ അവർക്ക സാധിച്ചു. സമസ്തവും സ്നേഹത്തിനു കീഴ്പ്പെടുത്തിക്കൊണ്ടു് അവർ ആ ഉന്നതപദവി, തനിക്കും മററാത്മാക്കൾക്കമായി കരസ്ഥമാക്കുകയും ചെയ്തു. "ബാല്യകാലംമുതൽ നാനാതരം തപഃക്രിയകൾ പരിശീലിക്കുന്ന ധീരാത്മാക്കളിൽനിന്നു പാടെ വ്യത്യസ്തമായ രീതിയിൽ എൻെറ പരിത്യാഗം അടങ്ങിയിരുന്നതു്, ഒരാഗ്രഹത്തെ ബലികഴിക്കുക, തിരിച്ചടിയായി പ്രയോഗിക്കുവാൻ തോന്നുന്ന ഒരു വാക്കു പുറത്തുവിടാതിരിക്കുക, നിസ്സാരമെന്നു കരുതിക്കൊണ്ടു ചെറിയ ചെറിയ സേവനങ്ങൾ അനുഷ്ഠിക്കുക, എന്നിതുപോലെയുള്ള ഒരായിരം നിസ്സാരസംഗതികളിലാണ്," അവർ എഴുതുന്നു.

"അവർക്ക് രക്തസാക്ഷിത്വമെന്നതു തല വെട്ടപ്പെടുകയോ അഗ്നികുണ്ഡത്തിൽ ദഹിക്കയോ തിളച്ചുകിടക്കുന്ന എണ്ണയിലേക്ക് എടുത്തുചാടുകയോ അല്ല. അതിനുള്ള അവസരങ്ങൾ വളരെ വിരളമാണ്. ചുരുക്കം ചില അനുഗ്രഹീതർക്കുമാത്രം അവ ദത്തവുമാണ്. എന്നാൽ ദൈനംദിനജീവിതമുണ്ടു് എല്ലാവർക്കും. ആത്മപരിത്യാഗങ്ങളാൽ സ്നേഹം പരിപുഷ്ടമായി വളരുന്നതുപോലെ വലിയ ത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള അവസരങ്ങൾമാത്രം നോക്കിയിരുന്നാൽ അതു പട്ടിണിമൂലം നശിക്കുന്നതിനിടയാകും. അവളുടെ കരങ്ങളിൽ നമ്മുടെ അനുദിനജീവിതത്തിനു നൂതനമായ ഒരു മഹത്വവും അർത്ഥപൂർണ്ണതയും ലഭിക്കുന്നു. . . ." (The Scicce of Love p. 22).

ചൈനയുടെ ററാവോമതത്തേയും കൺഫ്യൂഷ്യൻമതത്തേയും ചെറുപുഷ്പത്തിന്റെ ക്രിസ്തുമതത്തോടു ഡോക്ടർ വു താരതമ്യപ്പെടുത്തുന്നു: "ഈശോയാണ് എല്ലാം ചെയ്യുന്നതു്, ഞാനോ . . . . ഞാൻ ഒന്നും ചെയ്യുന്നില്ല," എന്നു് അവരം ഏററു പറയുന്നു. ഒരു പക്ഷേ, ലാവോ സൂ പറയുമായിരുന്നു, "ററാവോയാണു (വചനമാണു) സകലതും നിർവ്വഹിക്കുന്നതു്, ഞാനോ, ഞാൻ യാതൊന്നും നിർവ്വഹിക്കുന്നില്ല." എന്നു്. പക്ഷേ, ററാവോ തണുത്തുമരച്ച ഒരു നിർജീവവസ്തുവായിട്ടാണ് എനിക്ക തോന്നുന്നതു്. ഈശോയോ, എന്നാൽ, എന്റെ ഹൃദയത്തിന്റെ ഓരോ സിരയേയും ജ്വലിപ്പിക്കുന്ന സജീവസ്നേഹാഗ്നിയാണ്. ഒരു ചൈനാക്കാരനെന്ന നിലയിൽ ക്രിസ്തുമതത്തിൽ ഞാൻ കാണുന്ന ശ്രേഷ്ഠത അതു ലാവോ സൂവിന്റെ (Lao Tzu) അഗാധമായ മിസ്റ്റിസിസത്തെ കൺഫ്യൂഷ്യസിന്റെ (*) തീവ്രമായ മാനുഷികസ്വഭാവവുമായി യോജിപ്പിക്കുന്നു എന്നതാണ്. ററാവോ അഥവാ വചനം ശരീരവും സ്നേഹപൂർണ്ണമായ ഒരു ഹൃദയവും സ്വീകരിച്ചുവെന്നതാണു ക്രിസ്തുമതത്തിനു ററാവോമതത്തിൽനിന്നുള്ള വ്യത്യാസം. ദൈവവചനംതന്നെയാണ്, വചനത്തിൽ താഴ്ന്ന ഒരാളല്ല മനുഷ്യനായി അവതരിച്ചതു് എന്നതാണു കൺഫ്യൂഷ്യനിസത്തിൽനിന്നു് അതിനുള്ള വ്യത്യാസം. കൺഫ്യൂഷ്യസ് പറയുന്നു: "ദൈവത്തെ ദ്രോഹിച്ച ഒരുവന്റെ പ്രാർത്ഥന വ്യഥായാണ്" എന്നു്. ലാവോസൂ പറഞ്ഞു: "ററാവോയെ പൂർവ്വികന്മാർ വിലമതിച്ചതു് എന്തിന്? ററാവോ വഴി അന്വേഷിക്കുന്നവരേവരും കണ്ടെത്തുകയും തെററുചെയ്യവർ ശിക്ഷയിൽനിന്നു വിമുക്തരാകുകയും ചെയ്യുന്നതുകൊ

(*) കൺഫ്യൂഷ്യസ് ബി. സി. ആറാം നൂററാണ്ടിൽ ചൈനയിൽജീവിച്ചിരുന്ന ഒരു മതസ്ഥാപകനാണ്. ബി. സി. ആറാം നൂററാണ്ടിന്റെ ആരംഭത്തിൽ ചൈനയിൽ ജീവിച്ചിരുന്ന വേറൊരു മതാദ്ധ്യാപകനാണു ലാവോ സൂ. ററാവോ ആകാശത്തിന്റെയും ഭൂമിയുടേയും കാരണക്കാരനും നിത്യനുമായ ഒരു വസ്തുവാണെന്നു് ലാവോ സൂ പഠിപ്പിച്ചു.

ങ്ങളല്ലയോ?'' കൺഫ്യൂഷ്യൻമതപ്രകാരം ദൈവം പുരുഷാത്മകനാണ്. പക്ഷേ, വിശാലഹൃദയനല്ല. ററാവോമതപ്രകാരം ദൈവം വിശാലനാണ പക്ഷേ, പുരുഷാത്മകനല്ല. എൻെറ വിനീതമായ അഭിപ്രായത്തിൽ പുരുഷാത്മകത്വത്തെക്കാൾ വലിയവനാണ ദൈവം. അക്കാരണത്താൽത്തന്നെ പുരുഷാത്മകത്വം സ്വീകരിക്കുന്നതിന്ന ശക്തനുമാണവിടുന്ന്. നേരെമറിച്ചു വിചാരിക്കുന്നവർ സ്വയം ദൈവത്തെക്കാൾ ഉന്നതമായ ഒരു നില ഭാവിക്കയാണ ചെയ്യുന്നത്. മനുഷ്യർക്കുമാത്രമേ പുരുഷാത്മകത്വം സ്വീകരിക്കുന്നതിന്നു സാധിക്കു, ദൈവത്തിന്നു സാധ്യമല്ല എന്നാണ് അവരുടെ ഭാവം. ക്രിസ്തുമതത്തിന്നു മാത്രമേ എൻെറ ഹൃദയത്തെ സംതൃപ്തിപ്പെടുത്തുവാൻ സാധിക്കു. എന്തെന്നാൽ ക്രിസ്തുമതപ്രകാരം ദൈവം ഒരേസമയം വിശാലഹൃദയനും പുരുഷാത്മകനുംകൂടിയാണ. തെരേസാ എൻെറ മതവിശ്വാസത്തെ ബലപ്പെടുത്തിയിരിക്കുന്നു. അവളുടെ മനസ്സു ലാവോസുവിൻെറതുപോലെ ഗഹനവും വിരക്തവും, അവളുടെ ഹൃദയം കൺഫ്യൂഷ്യസിൻേറതുപോലെ സ്നേഹോജ്ജ്വലവും വാത്സല്യപൂർണ്ണവുമാണ്.''

മക്കൾക്ക് ആരാണൊരാശ്രയം അമ്മയല്ലാതെ. ആത്മീയശത്രുക്കൾ ആക്രമണത്തിനടുക്കുമ്പോൾ സ്വർഗ്ഗത്തിലുള്ള അമ്മയെയല്ലാതെ ആരെയാണ സമാശ്രയിക്കുക. ശാന്തിപ്രദമായ മാതൃസംരക്ഷണത്തിൻെറ മഹനീയത! എന്നാൽ എന്തുപറയട്ടെ, സഭാകവാടങ്ങൾക്കുമുമ്പിൽ ഒരു വിലങ്ങുതടിയായി മരിയഭക്തി പലർക്കും കാണപ്പെടുന്നു കുപ്രചരണങ്ങളുടേയും ദുർവ്യാഖ്യാനങ്ങളുടേയും ദയനീയപരിണാമം! കത്തോലിക്കരുടെ ദൈവമാതൃഭക്തിയെപ്പററി അകത്തോലിക്കരുടെ ഇടയിലുള്ള തെററിദ്ധാരണ ചില്ലറയൊന്നുമല്ല. നോക്കുക, സഭയെ എങ്ങനെ തെററിദ്ധരിക്കയോ തെററിദ്ധരിപ്പിക്കയോ ചെയ്യുന്നെന്ന്! "ഈ ശതകത്തിൻെറ അവസാനത്തിലോ അടുത്ത ശതകത്തിലോ കന്യകാമറിയം ദൈവംതന്നെയാണെന്നു പാപ്പാ തീരുമാനിക്ക

യില്ലെന്ന് ഇപ്പോൾ ആർക്കും ഉറയ്ക്കാൻ നിവൃത്തിയില്ല. . . . റോമൻകത്തോലിക്കർ മറിയത്തിനു ദൈവത്തെക്കാൾ കൂടിയ സ്ഥാനം നല്കുന്നു. മറിയം ദൈവത്തെക്കാൾ വലിയവൾ ആണെന്നും കത്തോലിക്കർ വിശ്വസിക്കുന്നു." (കെ. എൻ. ദാനിയേൽ).

പക്ഷേ, പരമാർത്ഥമെന്താണ്? ക്രിസ്തു ദൈവമാണ് എന്ന വിശ്വാസത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയെന്നപോലെ മറിയം ദൈവമല്ലെന്നും ദൈവികാരാധന അവൾക്കു കൊടുത്തുകൂടാ എന്നുമുള്ള സത്യങ്ങൾക്കുവേണ്ടിയും രക്തസാക്ഷിത്വംതന്നെ കൈവരിക്കുവാൻ ഒരു കത്തോലിക്കൻ മടിക്കയില്ല.

കത്തോലിക്കസഭയിൽ പ്രവേശിക്കുന്നതിനു വൂവിനുമുണ്ടായിരുന്ന പ്രധാനപ്രതിബന്ധം ദൈവമാതൃഭക്തിയാണ്. വി. കൊച്ചുത്രേസാതന്നെ അദ്ദേഹത്തെ മരിയഭക്തി അഭ്യസിപ്പിച്ചു. "ഈശോയെ എങ്ങനെ സ്നേഹിക്കണമെന്നും നമ്മുടെ അമ്മയായ പരിശുദ്ധകന്യകയെ എങ്ങനെയാണു സ്നേഹിക്കേണ്ടതെന്നും അവൾ എന്നെ പഠിപ്പിച്ചു." യൂറോപ്പിന്റെ പല ഭാഗങ്ങളിലും മരിയഭക്തിയെപ്പററി ഡോക്ടർ വൂ പ്രഭാഷണങ്ങൾ നടത്തുന്നുണ്ട്. 'ഷീൽഡ്' (Shield) എന്ന മാസികയുടെ 1948 ഫെബ്റുവരി ലക്കത്തിൽ അദ്ദേഹം മരിയഭക്തിയെപ്പററി ദീർഘമായ ഒരു ലേഖനം എഴുതിയിട്ടുണ്ട്. മാതാവിനോടു കത്തോലിക്കർ പ്രദർശിപ്പിക്കുന്ന ഭക്തി എത്രമാത്രം യുക്തിപൂർവ്വകമാണെന്ന് അതിൽ അദ്ദേഹം സമർത്ഥിക്കുന്നു.

" . . . . പത്തൊൻപതുകൊല്ലത്തേക്കു ഞാനൊരു പ്രോട്ടസ്റ്റൻറുകാരനായിരുന്നു. ഇപ്പോൾ പത്തുകൊല്ലമായിട്ടു ഞാനൊരു കത്തോലിക്കനാണ്. ദൈവമാതാവിനോടുള്ള ഭക്തിയെ അടിസ്ഥാനമാക്കിയാണ് എന്റെ മതപരിവർത്തനം നടന്നത്. എന്റെ മാനസാന്തരത്തിനുശേഷം ഈ ഭക്തി, ദൈവാനുഗ്രഹത്താൽ കൂടുതൽ ദൃഢവും സജീവവുമായിരിക്കുന്നു. ദൈ

വജനനിയോട് എനിക്കുള്ള ഭക്തി തനി വിഗ്രഹാരാധനയായി മുദ്രയടിക്കുന്നതിന് എൻെറ പ്രൊട്ടസ്റ്റൻറു സ്നേഹിതന്മാർ മടിക്കുന്നില്ല. എന്നാൽ, സൂക്ഷ്മമായ പരിചിന്തനത്തിൻെറയും ദീർഘമായ ധ്യാനങ്ങളുടേയും ഫലമായി, പരിശുദ്ധകന്യകയോടുള്ള ഭക്തി യഥാർത്ഥമായ ക്രിസ്തുമതത്തിൻെറ മാററുറിയുന്നതിനുള്ള ഉരകല്ലാണെന്ന തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നു. അതിനു ഞാൻ കാണുന്ന കാരണങ്ങൾ താഴെ ചേർക്കുന്നവയാണ്:

1) ഒരു ചൈനാക്കാരനായ എനിക്കു പരിശുദ്ധ കന്യകയെ വണങ്ങാതെ ക്രിസ്തുവിനെ ആരാധിക്കുക സാധ്യമല്ല. ഒരു ചൈനീസ് പഴമൊഴിയുണ്ട്: "അമ്മ മകനെപ്രതി ബഹുമാനിക്കപ്പെടുന്നു. മകൻ അമ്മയെപ്രതിയും." അമ്മയേയും മകനേയും തമ്മിൽ വേർപെടുത്താവുന്നതല്ല. മകനെ ബഹുമാനിക്കയും അതേസമയം അമ്മയെ അപമാനിക്കയും ചെയ്യുക എന്നതു വകതിരിവില്ലായ്മയും വിഡ്ഢിത്തവുമാണ്,

2) ഈശോ നമ്മെ പഠിപ്പിച്ചിരിക്കുന്നതുപോലെ "ഫലത്തിൽനിന്നു വൃക്ഷത്തെ അറിയാം." ഈശോ മറിയയുടെ ഉദരഫലമാണ്. അതിനാൽ മറിയയുടെ നന്മയെ ഗ്രഹിക്കുവാൻ നമുക്കു വിഷമമില്ല. ചൈനാക്കാരുടെ ശൈലിയിൽ പറഞ്ഞാൽ "അമ്മ എങ്ങനെയോ, മകനും അങ്ങനെ." ചൈനാക്കാരുടെ ജീവിതസിദ്ധാന്തത്തെ പ്രതിഫലിപ്പിക്കുന്ന വേറൊരു ചൊല്ലുണ്ട്: "വെള്ളം കുടിക്കുമ്പോൾ അതിൻെറ ഉത്ഭവസ്ഥാനത്തെ കൃതജ്ഞതാപൂർവ്വം നീ അനുസ്മരിക്കണം." സകല നന്മകളുടേയും ഉത്ഭവസ്ഥാനം പരിശുദ്ധ ത്രിത്വമാണെന്നു പ്രത്യേകം പറയേണ്ടല്ലോ. എന്നാൽ, മനുഷ്യാവതാരത്തിൽ മാനുഷികമായ ഒരുത്ഭവസ്ഥാനം സ്വീകരിക്കുവാൻ ദൈവവചനം തിരുവുള്ളമായി. ആ ഉത്ഭവസ്ഥാനമാണു പരിശുദ്ധ കന്യകാമറിയം. ഈശോ നമ്മുടെ രക്ഷകനാണെങ്കിൽ ഈശോയെ നമുക്കു പ്രദാനംചെയ്തവളോടു നാം എത്രമാത്രം കൃതജ്ഞത കാ

ണിക്കണം. 'മനുഷ്യൻെറ പ്രഥമകൃത്യം കൃതജ്ഞത പ്രദർശിപ്പിക്കയാണു്,' എന്നു വി. അമ്പ്രോസു പ്രസ്താവിക്കുന്നു. കൃതജ്ഞതയുള്ള ഒരാത്മാവിനെക്കാൾ ദൈവത്തിനു സ്വീകാര്യമായി യാതൊന്നുമില്ല' എന്നു വി. ജോൺ ക്രിസോസ്തോം രേഖപ്പെടുത്തുന്നു. ഒരു ചൈനാക്കാരനെന്ന നിലയിൽ ഈ സൂക്തികളെ വിലമതിക്കാതിരിക്കുവാൻ എനിക്കു കഴിവില്ല.

(3) ഒരു ക്രിസ്ത്യാനിയാകുകയെന്നതു ക്രിസ്തുവിൻെറ ഒരവയവമാകുകയാണു്. ശിരസ്സു ബഹുമാനിക്കുന്നതിനെ കാലുകൾ തൊഴിച്ചുകളയുകയല്ല ചെയ്യേണ്ടതു്. ഈശോയുടെ അമ്മയാകുവാൻ യോഗ്യതയുള്ളവൾ നമ്മുടേയും അമ്മയാകുവാൻ യോഗ്യയാണു്.

4) ഒരു ക്രിസ്ത്യാനിയാകുകയെന്നതു വേറൊരു മറിയയാകുകയാണു്. എന്തുകൊണ്ടെന്നാൽ, പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ഈശോയുടെ ശരീരം മറിയത്തിൽ ഉൽപാദിതമായതുപോലെ, പരിശുദ്ധകുർബാനയുടെ ശക്തിയാൽ ഈശോയുടെ അരൂപി നമ്മിൽ ഉൽപാദിതമാകുന്നു. പുതിയ മനുഷ്യൻെറ നമ്മിലുള്ള ജനനം പലപ്പോഴും ക്ലേശാവഹവും വേദനാജനകവുമാണു്. ക്രിസ്തുനാഥൻതന്നെ എന്താണു് അരുളിച്ചെയ്യുന്നതു്: 'ഒരു സ്ത്രീ പ്രസവിക്കുമ്പോൾ, പ്രസവത്തിൻെറ ദിവസം വന്നതുകൊണ്ടു് അവൾ ദുഃഖിക്കുന്നു. എന്നാൽ, പുത്രനെ പ്രസവിച്ചുശേഷം ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചു എന്ന സന്തോഷംനിമിത്തം അവൾ തൻെറ ക്ലേശത്തെ വിസ്മരിക്കുന്നു.' സഹനവും സ്നേഹവും തമ്മിലുള്ള നിഗൂഢമായ ബന്ധത്തെക്കുറിച്ചു് ഒരു സംഗതി പല മക്കളുള്ള ഒരു ചൈനീസുകാരി എന്നോടൊരിക്കൽ പറയുകയുണ്ടായി: "ഒരു മാതാവു ഗർഭധാരണത്തിൽ എത്രയധികമായി സഹിക്കേണ്ടിവരുന്നുവോ അത്രക്കും അധികം ജനിക്കുന്ന കുട്ടിയോടു് അവൾക്കു സ്നേഹം തോന്നുന്നു." [ഇതുപോലെ ഓരോ ക്രിസ്ത്യാനിയും തന്നിൽ ക്രിസ്തു രൂപമെടുക്കുകയും, പുതിയ മനുഷ്യൻ ജാതനാ

ഷകയും ചെയ്യുന്നതിൻമുമ്പായി വളരെയധികം സഹിക്കേണ്ടിയിരിക്കുന്നു. എത്രയധികമായി അയാൾ സഹിക്കേണ്ടിവരുന്നുവോ അത്രക്കുമധികം അയാൾക്കു ക്രിസ്തുവിനോട്ട് സ്നേഹം തോന്നുന്നു. അവിടുത്തേക്കുവേണ്ടി മററാരേക്കാളും സഹിച്ചിട്ടുള്ളതു മരിയയാണ്. അതുപോലെ മററാരേക്കാളും അവിടുത്തെ സ്നേഹിക്കുന്നതും മരിയതന്നെ.

5) ഒരു ക്രിസ്ത്യാനിയാകുകയെന്നാൽ മറെറാരു ക്രിസ്തുവാകുകയെന്നാണ്. മറെറാരു ക്രിസ്തുവായിരിക്കയോ, പരിശുദ്ധ ജനനിക്കു യോജിച്ച ഒരു പുത്രനായിരിക്കയാണ്. നാം ക്രിസ്തുവിനോട്ട് എത്ര കൂടുതൽ ഐക്യപ്പെട്ടിരിക്കുന്നുവോ, നമ്മുടേയും അമ്മയായ അവിടുത്തെ അമ്മയുടെ നേക്കു അത്രയ്ക്കും കൂടുതൽ നമുക്കു പ്രതിനന്ദി തോന്നേണ്ടതാണ് . . . .

6) പരിശുദ്ധകന്യക ധ്യാനജീവിതത്തിൻെറ മാത്രമല്ല പ്രവൎത്തനത്തിൻെറയും മാതാവാകുന്നു. അവൾ ബോധജ്ഞാനസമ്പൂൎണ്ണയാണ്. സകല പുണ്യങ്ങളുടേയും മാതൃകയാണ്. അനുകരണീയയാണ്. അവളുടെ "മാഗ്നിഫിക്കാത്തു" എത്രയോ മനോജ്ഞമായിരിക്കുന്നു! . . ."

ആ കൊച്ചുറാണിക്ക്, തെരേസാക്ക്, പക്ഷപാതപരമായ ഒരു വാത്സല്യമുള്ളതുപോലെ തോന്നുന്നു, വൂവിൻെറ കുടുംബത്തോട്ട്. ശാന്തിയുടെ മണിയറയിലേക്ക് അവരെയെല്ലാം കൂട്ടിക്കൊണ്ടുപോകുവാൻ അവൾ കൈവിളക്കുമേന്തി ഇറങ്ങിയിരിക്കയാണ്. ഭാൎയ്യയുടെയോ മക്കളുടെയോമേൽ കത്തോലിക്കമതം കെട്ടിവെക്കുന്നതിന്നു ഡോക്ടർ വൂ ആഗ്രഹിച്ചില്ല. അവരെല്ലാവരും സ്വമനസ്സാ തന്നെ അനുഗമിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. പ്രത്യാശാപൂൎവ്വം അദ്ദേഹം വിശുദ്ധയുടെ പക്കലേക്കു കണ്ണുകളുയൎത്തി. അവിടെ ഒരു പുഷ്പവൃഷ്ടി നടത്തുകയും ചെയ്തുവൾ.

വൂവിൻെറ ഇളയ പെൺകുട്ടി സുഖക്കേടു പിടിപെട്ടു കിടപ്പിലായി. ഡോക്ടർ വന്നു പരിശോധിച്ചപ്പോൾ കുട്ടിയെ ബാ

ധിച്ചിരിക്കുന്നതു ശക്തിയായ ന്യൂമോണിയായാണെന്നു മനസ്സിലായി. സുഖക്കേടു ഭേദമാകുന്നതിനു കുറഞ്ഞപക്ഷം ഒൻപതു ദിവസം വേണ്ടിവരുമെന്നും അത്രയും ദിവസത്തേക്കു പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നും ഡോക്ടർ പറഞ്ഞു. വൂവിൻെറ ഭാര്യ പൂർണ്ണഗർഭിണിയായിരുന്നതിനാൽ പല ദിവസത്തേക്കു രോഗിണിയെ ശുശ്രൂഷിക്കേണ്ടിവന്നാൽ അധ്വാനത്താലും ആധിയാലും തള്ളയുടെ സ്ഥിതിയും അപകടത്തിലാകുമെന്ന് അദ്ദേഹം ഭയപ്പെട്ടു. കുട്ടിയുടെ പനി ശക്തിയായി വർദ്ധിച്ചുകൊണ്ടിരുന്നു. അതു രോഗത്തിൻെറ ആരംഭം മാത്രമാണെന്നും തുടർന്നുള്ള സ്ഥിതി കണ്ടിട്ടേ സുഖപ്രാപ്തിയെപ്പററി തീർച്ച പറയുവാൻ പാടുള്ളുവെന്നും ഡോക്ടർ അഭിപ്രായപ്പെട്ടു. ഭാര്യയോടാലോചിച്ചതിനുശേഷം അദ്ദേഹം ഫാദർ മെസ്ട്രീനിയെ വരുത്തി ശിശുവിനു ജ്ഞാനസ്നാനം നല്കി. അതിനുശേഷം കുഞ്ഞിനെ കൈയിലെടുത്തുകൊണ്ടു് അദ്ദേഹത്തിൻെറ ഭാര്യ വി. കൊച്ചുത്രേസ്യയുടെ ഒരു രൂപത്തിൻ മുമ്പിൽ മുട്ടുകുത്തി വിശുദ്ധയോടു ഹൃദയം തകർന്നപേക്ഷിച്ചു. പ്രാർത്ഥന കഴിഞ്ഞു് എഴുന്നേററപ്പോൾ, എന്താണു് അവൾ പ്രാർത്ഥിച്ചതെന്നു വൂ ചോദിച്ചു. "ഓ, ലാൻഡീയനെ വളർത്തുന്നതിനു് എനിക്കു തീരെ നിവൃത്തിയില്ലെന്നു ഞാൻ പറഞ്ഞു. ഞാൻ അവളുടെ അമ്മയാകുവാൻ യോഗ്യയല്ല, അതുകൊണ്ടു വി. കൊച്ചുതെരേസതന്നെ അവളുടെ അമ്മയാകണമെന്നു ഞാൻ അഭ്യർത്ഥിച്ചു," എന്നായിരുന്നു മറുപടി. പിറേറദിവസം ഡോക്ടർ വന്നു കുട്ടിയുടെ പനി അളന്നുനോക്കി. പനി നൂറു ഡിഗ്രിയിൽ താഴെ നില്ക്കുന്നു! തലേദിവസമോ നൂററഞ്ചും! കുറേ പരിശോധിച്ചപ്പോൾ രോഗം പാടേ വിട്ടുമാറിയിരിക്കുന്നു! "അത്ഭുതം!! അത്ഭുതം!!" എന്നു ഡോക്ടർ വിളിച്ചുപറഞ്ഞുപോയി. തലേദിവസത്തെ സംഭവമെല്ലാം അപ്പോൾ വൂ അദ്ദേഹത്തെ വിവരിച്ചുകേൾപ്പിച്ചു. തെരേസാ ശിശുവിൻെറ അമ്മയാകുവാൻ തന്നെ സമ്മതിച്ചു. മാത്രമല്ല അതോടൊപ്പം ആ മാതാവിനു

ക്രിസ്തുവിൽ പൂർണ്ണവിശ്വാസവും അവർ പ്രദാനം ചെയ്തു.

ഡോക്ടർ ജോൺ വൂ വത്തിക്കാനിൽ ചൈനയിലെ ദേശീയ ഗവമ്മെൻറിൻെറ പ്രതിനിധിയായിരിക്കവേ അദ്ദേഹത്തിൻെറ പതിമൂന്നു മക്കളിൽ പന്ത്രണ്ടുപേരും അദ്ദേഹത്തോടൊരുമിച്ചു റോമിൽ താമസിച്ചിരുന്നു. കുടുംബാംഗങ്ങളുടെ ആധിക്യംനിമിത്തം ഭക്ഷണത്തിനും മററുമായി എല്ലാവരും ഒരുമിച്ചുകൂടേണ്ട സമയങ്ങളിൽ സന്യാസാശ്രമങ്ങളിലേപോലെ ഒരു മണി കിലുക്കും. ദിവസേന അദ്ദേഹം ദിവ്യപൂജയിൽ സംബന്ധിക്കും. റോമിൽ താമസിച്ചിരുന്നപ്പോൾ വി. ആഗസ്തീൻെറ ദൈവാലയത്തിൽ മാതാവിനു പ്രതിഷ്ഠിച്ചിരിക്കുന്ന അൾത്താരയിൽ കർബാന കാണുന്നതിനായിരുന്നു അദ്ദേഹത്തിനു കൂടുതൽ താൽപര്യം. കൊച്ചുത്രേസ്യാ റോമാ സന്ദർശിച്ചയവസരത്തിൽ ഒരിക്കൽ അവിടെ പോയി പ്രാർത്ഥിച്ചുവെന്നതാണ് അതിൻെറ പ്രാധാന്യം. വി. കൊച്ചുത്രേസ്യായുടെ, ആ മഹാവിപ്ലവകാരിണിയുടെ ആദ്ധ്യാത്മികവിദ്യാലയത്തിൽ ശിക്ഷണം ലഭിക്കയാണ് ഇന്നത്തെ വികൃതസംസ്കാരത്തിനു ഡോക്ടർ വൂ കാണുന്ന ഏക പ്രതിവിധി.

# IX

## റഷ്യൻ രാജവംശജൻ

ഏററം പുരാതനമായ ഒരു രാജകുടുംബമാണു 'ഗലിററ്സിൻ.' സ്വനിഗോറോഡിലെ പട്രിക്കേയി, ഗ്രീക്ക് ഓർത്തഡോക്സ് വിശ്വാസം സംരക്ഷിക്കുവാനുള്ള സൗകര്യം തനിക്കും തന്റെ സന്താനങ്ങൾക്കും ലഭിക്കുന്നതിനു 1408-ൽ റഷ്യയിലേക്കു പോയെന്നും അവിടെ ഗലിററ്സിൻകുടുംബത്തിന്റെ ആസ്ഥാനം ഉറപ്പിച്ചുവെന്നുമാണ് അവരുടെ കുടുംബപാരമ്പര്യം. 16-ാം നൂററാണ്ടുമുതൽ റഷ്യൻചരിത്രവും ഗലിററ്സിൻ കുടുംബചരിത്രവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടാണിരുന്നിട്ടുള്ളതു്. അനേകം യുദ്ധവീരന്മാരും രാജ്യതന്ത്രജ്ഞന്മാരും സാഹിത്യസേവകന്മാരും ആ കുടുംബത്തിൽനിന്നും ജന്മമെടുത്തിട്ടുണ്ട്. പുരാതനമായ ഈ രാജകുടുംബത്തിലെ ഒരംഗമാണു ഡിമിട്രി ഗലിററ്സിൻ. റഷ്യൻ ഓർത്തഡോക്സ് വിശ്വാസത്തിൽത്തന്നെ അദ്ദേഹം വളർത്തപ്പെട്ടു. ബാല്യത്തിൽ ഡിമിട്രിക്ക് മതകാര്യങ്ങളിൽ പറയത്തക്ക താൽപര്യമൊന്നുമില്ലായിരുന്നു. റഷ്യയുടേയും സ്വകുടുംബത്തിന്റേയും ചരിത്രപഠനമാണു മതകാര്യങ്ങളിൽ അദ്ദേഹത്തെ ജിജ്ഞാസുവാക്കിയതും ഒടുവിൽ കത്തോലിക്കസഭയെ ആശ്ലേഷിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും. സമ്പത്തുകളേയും കുടുംബത്തേയും സ്ഥാനമാനങ്ങളേയും പണയപ്പെടുത്തിക്കൊണ്ടുപോലും ഗലിററ്സിൻ കുടുംബാംഗങ്ങളിൽ പലരും കത്തോലിക്കസഭയിൽ പ്രവേശിച്ചുകൊണ്ടിരുന്നെന്നും റഷ്യൻ ഓത്തഡോക്സ്സഭ ശീശ്മയിലാണെന്ന ബോധത്തോടേ റോമായുമായി പുനരൈക്യപ്പെടുന്നതിനുള്ള ശ്രമങ്ങൾ ഓരോരോ ശതകങ്ങളിലും നടന്നിരുന്നെന്നും അദ്ദേഹം കണ്ടുപിടിച്ചു. പുനരൈക്യപ്രസ്ഥാനത്തെ

പിന്നിലേക്ക തള്ളുകയും അനേകരെ കത്തോലിക്കസഭയിൽ നിന്ന് അകററിനിർത്തുകയും ചെയ്തിരുന്നത്, തുടന്നു രാജ്യ ഭാരമേററിരുന്ന സ്വേച്ഛാപ്രഭുക്കളുടെ മർദ്ദനനയമാണെന്നു റഷ്യൻചരിത്രം സാക്ഷ്യം നല്കി. "റഷ്യൻചരിത്രത്തിലേക്കുള്ള ചുഴിഞ്ഞുനോട്ടമാണ്, എൻെറ മാനസാന്തരത്തിനു കാരണമായത്. എൻെറ പൂർവ്വികന്മാരിൽ പലരും റഷ്യയിൽ കത്തോലിക്കമതം പുനഃസ്ഥാപിക്കുന്നതിനെ അനുകൂലിച്ചിരുന്നു എന്നത് എനിക്ക് ഉത്തേജകമായിരുന്നു," എന്ന് അദ്ദേഹം എഴുതുന്നു. (Through Hundred Gates p.253)

സാർചക്രവർത്തിമാരായ മൈക്കൾ ഫെയൊഡൊറോവിച്ചും അലെക്സെയി മിക്കെയിലോവിച്ചും റോമായുടെ ബദ്ധവൈരികളായിരുന്നു. പോളണ്ടിലെ ലഡിസ്ലാ എന്ന കത്തോലിക്കരാജകുമാരനെ റഷ്യൻചക്രവർത്തിയായി വാഴിക്കുവാൻ പ്രഭുവംശക്കാർ നടത്തിയ ശ്രമത്തെപ്പററിയുള്ള സ്മരണ അവരുടെ നയത്തെ ക്രൂരതരമാക്കി.

സറിനാ (ചക്രവർത്തിനി) സോഫിയാ തൻെറ ഉപദേഷ്ടാവായ വസിലീജിയുടേയും റഷ്യൻപ്രഭുക്കളുടേയും സഹായത്തോടുകൂടി ഒരു പുനരൈക്യശ്രമം നടത്തി. ഈ അവസരത്തിൽത്തന്നെ ടർക്കികൾക്കെതിരായുള്ള ഐക്യനിരയിൽ ചേരുന്നതിനെപ്പററി ആലോചിക്കുവാൻ ഒരു ഈശോസഭാവൈദികനെ മാർപ്പാപ്പാ വസിലീജിയുടെ പക്കലേക്ക് അയയ്ക്കുകയും ചെയ്തു. എന്നാൽ, പുനരൈക്യശ്രമങ്ങൾ വിജയത്തിലെത്തുന്നതിനുമുമ്പേ സോഫിയായുടെ ഭരണകാലം അവസാനിച്ചു.

അതിനുശേഷം ഭരണമേററ മഹാനായ പീററർ ഒരു തികഞ്ഞ നിരീശ്വരനായിരുന്നു. തന്മൂലം അദ്ദേഹം സഭയെ പല പ്രകാരത്തിലും പീഡിപ്പിച്ചു.

പീററർ രണ്ടാമൻെറ കാലത്താണു വീണ്ടും ഒരു പുനരൈക്യശ്രമം നടന്നത്. വിയെന്നായിൽ റഷ്യൻ അംബാസഡറായിരുന്ന ഐറീനി ഗോൾ ഗൊൾക്കി പുനരൈക്യത്തെ

സംബന്ധിച്ചു മാർപ്പാപ്പായുടെ പ്രതിനിധിയുമായി ഒരു സംഭാഷണം നടത്തി. 1727-ൽ അവർ കത്തോലിക്കാസഭയിൽ ചേരുകയും റോമാസഭയോടു യോജിക്കുന്നതിനുള്ള നിർദ്ദേശങ്ങളുമായി റഷ്യയിലേക്കു മടങ്ങുകയും ചെയ്തു. രാജകുടുംബത്തിൽനിന്നുതന്നെ ഒരാളെ റഷ്യയുടെ പാത്രിയർക്കീസും മാപ്പാപ്പായുടെ പ്രതിനിധിയുമായി നിയമിക്കുന്നതിനും ആലോചനയുണ്ടായിരുന്നു. എന്നാൽ, പീററർചക്രവർത്തിയുടെ അകാലമരണം ഈ പുനരൈക്യശ്രമത്തിനു വിരാമമിട്ടു.

പീററിന്റെ കാലശേഷം റീജൻറായി ഭരണം നടത്തിയ സറിനാ അന്നജൊനോവ്നാ സഭയുടെ ബദ്ധശത്രുവായിരുന്നു. കത്തോലിക്കാസഭയിൽ ചേർന്നതുനിമിത്തം ഒരു മൈക്കിൾ ഗലിററ്സിനെ അവർ കൊട്ടാരവിദൂഷകനാക്കി ആക്ഷേപിക്കയും നാനാപ്രകാരത്തിൽ പീഡിപ്പിക്കുകയും ചെയ്തു. എന്നിട്ടും മരണംവരെ ഒരു വേദസാക്ഷിയെപ്പോലെ അദ്ദേഹം വിശ്വാസത്തിൽ സ്ഥിരമായിനിന്നു. "എന്റെ ദൈവമേ, അവസാനമായി ഒരനുഗ്രഹംകൂടി ഞാൻ യാചിക്കുന്നു. എന്റെ കുടുംബത്തിലുള്ളവരെല്ലാം സത്യവിശ്വാസത്തിലേക്കു പ്രവേശിക്കട്ടെ!" എന്നതായിരുന്നു ആ ദൈവദാസന്റെ അന്ത്യപ്രാർത്ഥന. ഹൃദയം തകർന്നുള്ള ഈ പ്രാർത്ഥന തിരസ്കൃതമായതുമില്ല.

പോൾചക്രവർത്തി കത്തോലിക്കാസഭയുമായി മൈത്രിയിലാണു കഴിഞ്ഞതു്. 7-ാം പീയൂസ് പാപ്പാ സാമ്രാജ്യമോഹിയായ നെപ്പോളിയന്റെ മർദ്ദനത്തിന് ഇരയായപ്പോൾ ചക്രവർത്തി അദ്ദേഹത്തെ റഷ്യയിലേക്കു ക്ഷണിക്കുകപോലും ചെയ്തു. പോൾചക്രവർത്തി കത്തോലിക്കനായിട്ടാണു മരിച്ചതു്. എന്നാൽ, വിദേശശക്തികളുടെ പ്രേരണനിമിത്തം അദ്ദേഹം നിർദ്ദയം വധിക്കപ്പെടുകയാൽ റഷ്യൻസഭ ശീശ്മയിൽത്തന്നെ നീണ്ടുനിന്നു.

വീണ്ടും അലക്സാണ്ടർ ഒന്നാമൻ തന്റെ ഭരണകാലത്തു് ഇററാലിൻസ്കി എന്നൊരാളെ അംബാസിഡറായി വത്തിക്കാ

നിലേക്ക് അനുകുകയും, റഷ്യൻസഭയുടേയും ലത്തീൻസഭയു ടേയും വൈദികാദ്ധ്യക്ഷന്മാരെ വെനീസിൽ വിളിച്ചുകൂട്ടി പുന രൈക്യം സാധിക്കുന്നതിനു 7-ാം പീയൂസ് മാർപ്പാപ്പായോട് അഭ്യർത്ഥിക്കുകയുമുണ്ടായി. പക്ഷേ, രാജകീയോപദേഷ്ടാക്കളു ടെ ദുഷ്പ്രേരണക്കധീനനായി അലക്സാണ്ടർ തൻെറ നയത്തി നൊരു മാററം വരുത്തുവാനിടയായി.

1787-ൽ ഡിമിട്രി അഗസ്റ്റിൻ ഗലിററ്സിൻ കത്തോ ലിക്കസഭയിൽ പ്രവേശിച്ചു. മാത്രമല്ല, സുവിശേഷം പ്രസം ഗിക്കുവാൻ ജന്മാവകാശം നഷ്ടമാക്കിക്കൊണ്ട് അമേരിക്കയി ലേക്കു പോകയും എട്ടുകൊല്ലത്തിനുശേഷം ബാൾട്ടിമൂറിലെ മെ ത്രാനിൽനിന്നു പൗരോഹിത്യപട്ടം സ്വീകരിക്കുകയും ചെയ്തു. ഫാദർ പീററർ സ്മിത്ത് എന്ന പേരിലാണ് അദ്ദേഹം അറിയ പ്പെട്ടിരുന്നത്.

കത്തോലിക്കസഭയിൽ പ്രവേശിക്കുന്നവരെ നാടുകടത്തുക യോ മരണശിക്ഷയ്ക്കു വിധിക്കുകയോ ചെയ്തിരുന്ന കാലത്താണു പ്രൊട്ടസോഫ് പ്രഭ്വി കത്തോലിക്കസഭയുമായി രമ്യപ്പെട്ടതു്. ഇതിൽ രോഷാകുലയായ അവളുടെ മകൾ എലിസബത്തു ഗലി ററ്സിൻ താൻ ഒരുനാളും കത്തോലിക്കസഭയിൽ പ്രവേശിക്കു കയില്ലെന്നു സത്യംചെയ്തു. പക്ഷേ, മാതാവിൻെറ വിശ്വാസ സ്ഥിരത കണ്ടു കത്തോലിക്കസഭയെപ്പററി പഠിക്കുന്നതിനും നാലു വർഷങ്ങൾക്കുശേഷം എലിസബത്ത് മാതാവിനെ അനു ഗമിക്കുന്നതിനുമാണിടയായതു്. അവിടെയുമവസാനിച്ചില്ല; എലിസബത്തു 1826-ൽ തിരുഹൃദയസഭയിൽ ചേർന്നു സ ന്യാസജീവിതമാരംഭിച്ചു.

ഗ്രീക്കുസഭ ശീശ്മയാണെങ്കിൽ, സത്യസഭ കത്തോലിക്കസ ഭമാത്രമെങ്കിൽ ധീരാത്മാക്കളായ ഐറീനിയേയും പോൾചക്ര വത്തിയേയും അഗസ്റ്റിനേയും പ്രൊട്ടസോഫിയേയും എലിസബ ത്തിനേയും മററനേകരേയുംപോലെ സധൈര്യം കത്തോലിക്ക സഭയ്ക്കു കീഴടങ്ങുവാൻ ഡിമിട്രി നിശ്ചയിച്ചു. സത്യത്തിനുനേരെ

കണ്ണടച്ചുകളയുവാൻതക്ക് ഹൃദയകാഠിന്യമോ ധീരത്വമോ അദ്ദേഹത്തിനില്ലായിരുന്നു. "ഈ (ചരിത്ര) വസ്തുതകളെപ്പററി ചിന്തിക്കുകയും എൻെറ പൂർവ്വികന്മാരും ചാർച്ചക്കാരുമായ പലരും കത്തോലിക്കസഭയെ വിശ്വസ്തതാപൂർവ്വം സേവിച്ചിരുന്നു എന്നു മനസ്സിലാക്കുകയും ചെയ്തപ്പോൾ അവരെപ്പോലെ ഒരു കത്തോലിക്കനാകുവാൻ ഞാൻ ആഗ്രഹിച്ചു."

"മനുഷ്യപുത്രൻനിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിക്കയും ഭ്രഷ്ടരാക്കുകയും നിന്ദിക്കുകയും ദുഷ്ടന്മാരെന്നു നിങ്ങളെപ്പററി അപകീർത്തി പരത്തുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. ആ ദിവസത്തിൽ ആനന്ദിച്ചു കുതിച്ചുചാടുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു." (വി. ലൂക്കാ. vi 22, 23).

# X

# ജമ്മൻ വേദാന്തി

ഇൻഡ്യാക്കാക്ക സുപരിചിതനായ ഒരു ജമ്മൻകാരനാണ ഡോക്ടർ എച്ച്. സി. ഈ. സക്കറിയാസ്. അദ്ദേഹം ഇൻഡ്യ യ്ക്കു ചെയ്തിട്ടുള്ള സേവനങ്ങൾ വളരെയാണ്. ഇൻഡ്യയ്ക്ക് അ ദ്ദേഹത്തോടുള്ള കടപ്പാടും വളരെയാണ്. ഗോപാലകൃഷ്ണ ഗോ ക്കലേയാൽ സ്ഥാപിതമായ 'സേർവൻറ്സ് ഓഫ് ഇൻഡ്യാ' എന്ന സംഘത്തിൽ ചേർന്ന് അഞ്ചുകൊല്ലത്തോളം അദ്ദേ ഹം പൂനായിൽ ജോലിചെയ്യുകയും സംഘത്തിൻെറ ഔദ്യോഗി കനാവായ 'സേർവൻറ് ഓഫ് ഇൻഡ്യായുടെ' പത്രാധിപ ത്യം വഹിക്കുയും ചെയ്തിരുന്നു. കൽക്കട്ടായിൽനിന്നു പുറ പ്പെട്ടിരുന്ന 'ഗാർഡിയൻ' എന്ന പ്രതിവാരികയുടെ പത്രാ ധിപരായും അദ്ദേഹം ജോലിനോക്കിയിട്ടുണ്ട്. 'വീക്ക്' എന്ന പ്രസിദ്ധീകരണത്തിൻെറ സ്ഥാപകനും ഡോക്ടർ സക്കറിയാ സ് ആണ്.

കത്തോലിക്കസഭയുടെ ശീതളച്ഛായയിൽ വന്നു വിശ്രമം കൊള്ളുന്നതിനുമുമ്പു നിരീശ്വരൻ, അജ്ഞേയവാദി, പ്രകൃതി മതവാദി, ഫ്റീമേസൺ, വേദാന്തി, ആംഗ്ലിക്കൻ എന്നീ അ വസ്ഥകൾ അദ്ദേഹത്തിനു തരണം ചെയ്യേണ്ടിവന്നു. ജമ്മൻ ലൂതറൻമതത്തിൽ അദ്ദേഹം വളർത്തപ്പെട്ടു. എന്നാൽ, കോള ജുവിദ്യാഭ്യാസത്തിൻെറ ആരംഭദശയിൽത്തന്നെ സകലമത ങ്ങളേയും അപരിഷ്കൃതരുടെ പഴഞ്ചരക്കുകളായി അദ്ദേഹം പുറംതള്ളി. ഫ്റീമേസനായിരിക്കെത്തന്നെ അദ്ദേഹം വേദാ ന്തമതം സ്വീകരിച്ചു. അതിനുശേഷം ഹൈന്ദവ മിസ്റ്റിസി സത്തെപ്പററി പഠിച്ചുതുടങ്ങി. ക്രൈസ്തവമിസ്റ്റിസിസവുമാ

യി ഒരു താരതമ്യപഠനം നടത്തുന്നതിന് ഇതിടയാക്കി. അങ്ങനെയാണ് അനേകകൊല്ലങ്ങൾക്കശേഷം ക്രിസ്തുവിനെപ്പററിയുള്ള ചിന്ത അദ്ദേഹത്തിൻെറ മനസ്സിൽ സ്ഥലംപിടിച്ചതു്. അജ്ഞന്മാർക്കമാത്രം പററിയതെന്നു പുറംതള്ളിക്കളഞ്ഞ ക്രിസ്തുമതത്തിൽ വിശിഷ്ടമായി വല്ലതുമുണ്ടോ എന്നൊരു സംശയം; ആത്മദാഹം അവിടെ ശമിച്ചെങ്കിലോ എന്നൊരു പ്രത്യാശ. ഏതായാലും ശാസ്ത്രീയമായി ഒന്നു പരിശോധിക്കുകതന്നെയെന്ന് അദ്ദേഹം തീരുമാനിച്ചു. പക്ഷേ, ഏതൊരു നയമാണു സ്വീകരിക്കേണ്ടതു്? ക്രിസ്തുമതം സത്യമാണെന്ന് അങ്ങു സമ്മതിക്കയോ? ഒരു ക്രിസ്ത്യാനിയെപ്പോലെ ജീവിച്ചു പരീക്ഷണം നടത്തുകയോ?

അന്ന് അദ്ദേഹം ഒരു ഇംഗ്ലീഷുകോളനിയിൽ താമസിക്കയായിരുന്നു. അവിടെയുള്ളവർക്കു ക്രിസ്തുമതാനുഷ്ഠാനം ഞായറാഴ്ച വൈകിട്ടു പള്ളിയിൽ പോകുന്നതിലാണ് അടങ്ങിയിരുന്നതു്. അതിനാൽ അടുത്തൊരു ഞായറാഴ്ച പതിവുപോലെ ക്ലബ്ബിലേക്കു പോകുന്നതിനുപകരം ആംഗ്ലിക്കൻപള്ളിയിലേക്ക് അദ്ദേഹം നടകൊണ്ടു. ക്ലബ്ബിൽ പോകുന്നതിനുപകരം പള്ളിയിൽ പോകുന്നതിൽ വലിയ തരക്കേടൊന്നും കണ്ടില്ല. കൂടെക്കൂടെ അദ്ദേഹം ദൈവാലയചടങ്ങുകളിൽ സംബന്ധിക്കുവാൻ തുടങ്ങി. ഒരു മതവുമില്ലാതെ നടന്നതിനുശേഷം ഹിന്ദുമതം സ്വീകരിച്ചിട്ട് ഇപ്പോൾ മൂപ്പില പള്ളിയിലേക്കു നേരെവെച്ചു പിടിക്കുന്നതു കാണികൾക്കൊരു രസമായിരുന്നു.

ശാസ്ത്രീയപരീക്ഷണങ്ങൾ വിജയപ്രദമാകണമെങ്കിൽ അതിനനുകൂലമായ സാഹചര്യങ്ങൾകൂടി സൃഷ്ടിക്കണമല്ലോ. അതിനാൽ ക്രൈസ്തവതത്വങ്ങൾക്കു വിരുദ്ധമായ പ്രവൃത്തികൾ തല്ക്കാലത്തേക്ക് ഉപേക്ഷിക്കുന്നതിനും ആത്മസായമനം അഭ്യസിക്കുന്നതിനുമായിരുന്നു അടുത്ത പുറപ്പാട്. ആദ്യപരീക്ഷണങ്ങൾ വിജയപ്രദമായിരുന്നു, നിഷ്പ്രയാസങ്ങളുമായിരു

ന്നു. ദുർഗ്ഗുണങ്ങളെ ഓരോന്നായി കീഴടക്കുന്നതിന് അദ്ദേഹം ശ്രമിച്ചു. അപ്പോൾമാത്രമാണ് അദ്ദേഹത്തിനു മനസ്സിലായതു്, താൻ പാപത്തിൻെറ അടിമയായിരിക്കയാണെന്ന്. കാൽശതാബ്ദമായി അദ്ദേഹത്തെ പിടികൂടിയിരുന്ന ഒരു ദുഃസ്വഭാവത്തെ ജയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒരു നിരാശയും നുഴഞ്ഞുകയറി. അദ്ദേഹം ഒരു ശാസ്ത്രീയപരീക്ഷണം നടത്തുവാനാണു പുറപ്പെട്ടിരിക്കുന്നതു്. പക്ഷേ, ദൈവപ്രസാദവരം തന്നിൽ പ്രവർത്തിക്കുകയാണെന്ന് അദ്ദേഹത്തിനു മനസ്സിലായില്ല.

ഡോക്ടർ സക്കറിയാസ് യൂറോപ്പിൽനിന്നു പോന്നിട്ടു പത്തുകൊല്ലങ്ങൾ കഴിഞ്ഞിരുന്നു. അതിനാൽ യൂറോപ്പിലേക്കൊരു യാത്ര കഴിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. മാർഗ്ഗമദ്ധ്യേ വിശുദ്ധസ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി അദ്ദേഹം ജറുസലേമിലെത്തി. ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻമാത്രമാണ് അദ്ദേഹം ജറുസലേം സന്ദർശിച്ചതു്. പക്ഷേ, ഒരു മയക്കുവിദ്യയ്ക്കധീനനായാലത്തെ അനുഭവമാണു വിശുദ്ധസ്ഥലദർശനം അദ്ദേഹത്തിലുളവാക്കിയതു്. 'കവറിടദൈവാലയത്തിൽ' പ്രവേശിച്ചു നിർവികാരനായി അങ്ങുമിങ്ങും നോക്കിക്കൊണ്ടു കുറേനേരംനിന്നു. അപ്പോഴേക്കും ക്രിസ്തുവിൻെറ ജീവിതരംഗങ്ങൾ തൻെറ മുമ്പിൽ ആവർത്തിക്കപ്പെടുന്നതായി അദ്ദേഹത്തിനു തോന്നി. കണ്ണീർപ്രവാഹം തടുക്കുന്നതിന് അദ്ദേഹം അശക്തനായി ഭവിച്ചു.

അവിടെനിന്ന് അദ്ദേഹം ലണ്ടനിലെത്തി. പല കൊല്ലങ്ങൾക്കുമുമ്പ് ലണ്ടൻ അദ്ദേഹത്തിൻെറ ഭവനമായിരുന്നു. പക്ഷേ, അന്ന് അദ്ദേഹം ഒരജ്ഞേയവാദിയായിരുന്നു. ഇന്നാകട്ടെ, അവിടെ എത്തിയതിനുശേഷം ആദ്യ്യത്തായറാഴ്ചതന്നെ ഒരു ദൈവാലയമന്വേഷിച്ചു പുറപ്പെട്ടു. സ്പെയിനിൽ പ്രേഷിതജോലി നടത്തുവാൻ ഒരു ഐറീഷ് മെത്രാൻ പണം ശേഖരിച്ചുകൊണ്ടിരുന്ന ഒരു 'ലോ ചർച്ച്' ദൈവാലത്തിലാണ് അദ്ദേഹം ചെ

ന്നകപ്പെട്ടതു്. പേഴ്സിൽ തപ്പിയിട്ട കിട്ടിയ ഏററം ചെറിയ നാണയം ഒരു അരപ്പെനിയായിരുന്നു. അതിട്ടുകൊടുത്തിട്ട് അവിടെനിന്നും അദ്ദേഹം കടന്നുകളഞ്ഞു. യാതൊന്നും കൊടുക്കാതെ പോകുവാനുള്ള ധൈയ്യം തനിക്കുണ്ടായില്ലല്ലോ എന്നു പിന്നീടദ്ദേഹം ഖേദിച്ചു.

വേറൊരു ഞായറാഴ്ച മാർഗരററുതെരുവിലേ ഒരു ഹൈ ചർച്ച് ദൈവാലയത്തിൽ അദ്ദേഹം ചെന്നെത്തി. അവിടെ ജനങ്ങൾ വിശുദ്ധകുർബാനയെ ഭക്തിപൂർവ്വം ആരാധിച്ചുകൊണ്ടുനില്ക്കുന്ന കാഴ്ച ആകർഷകമായിരുന്നു. അവരോടൊപ്പം മുട്ടുമടക്കുന്നതിന് അദ്ദേഹം പ്രേരിതനായി. കുറെക്കഴിഞ്ഞു് അവിടത്തെ വികാരിയച്ചനുമായി അദ്ദേഹം പരിചയപ്പെട്ടു. ആംഗ്ലോകത്തോലിക്കാസഭയെപ്പററി അദ്ദേഹത്തിൽനിന്നു പല പാഠങ്ങളും പഠിക്കുകയും ചെയ്തു.

ലണ്ടനിൽവച്ച് ആംഗ്ലിക്കൻസഭയിലേ ബനഡിക്റ്റൻ ആശ്രമശ്രേഷ്ഠനായ അബട്ട് കാൽഡിയുമായി പരിചയപ്പെടുന്നതിനും അവരുടെ ആശ്രമത്തിൽ താമസിച്ചുകൊണ്ടു് ഏതാനും ദിവസത്തേക്കു നീണ്ടുനിന്ന ഒരു ധ്യാനം കഴിക്കുന്നതിനും സക്കറിയാസിനു സാധിച്ചു. (ആറു മാസങ്ങൾക്കുശേഷം കാൽഡിയും കൂട്ടരും കത്തോലിക്കാസഭയിൽ പ്രവേശിച്ചു.) ആദ്യസംഭാഷണത്തിൽത്തന്നെ അബട്ട് കാൽഡി അദ്ദേഹത്തെ തെല്ലൊന്നു വിരട്ടി. ഒരു ഇംഗ്ലീഷ്കാരനല്ലാത്ത താൻ റോമാസഭയിൽ ചേരാതെ ആംഗ്ലിക്കൻസഭയുടെ കാര്യവുമായി തല പുകയ്ക്കുന്നതിന്റെ കാരണമെന്താണ് എന്ന് അദ്ദേഹം ചോദിച്ചു. ധ്യാനത്തിന്റെ അവസാനം കുമ്പസാരം കഴിക്കണമെന്ന് അദ്ദേഹം സക്കറിയാസിനോട്ട് ആവശ്യപ്പെട്ടു. നല്ല കാര്യം! കുമ്പസാരമെന്നു കേട്ടിട്ടുള്ള ഓർമ്മപോലുമില്ലാതിരിക്കയാണിവിടെ! എങ്കിലും അദ്ദേഹം സമ്മതം മൂളി.

ധ്യാനാവസരത്തിൽ കാൽഡി പല കത്തോലിക്കാഗ്രന്ഥങ്ങളും സക്കറിയാസിനു വായിക്കുവാൻ കൊടുത്തു. ആംഗ്ലിക്കൻ

ഗ്രന്ഥങ്ങൾമാത്രം വായിക്കാതെ കത്തോലിക്കരുടെ കൃതികളും പരിശോധിക്കേണ്ടതാണെന്ന അപ്പോഴാണ് അദ്ദേഹത്തിന്ന തോന്നിയതു്. റോമൻപ്രശ്നത്തെപ്പററി പ്രതിപാദിക്കുമ്പോൾ കത്തോലിക്കഗ്രന്ഥങ്ങളെ ഒന്ന സൂക്ഷിച്ച വായിക്കേണ്ടതാണ് എന്ന് ആംഗ്ലോകത്തോലിക്കർ പറയാറുണ്ടു്. മററു കാര്യങ്ങളിൽ അവ വിശ്വസനീയങ്ങളാണെന്ന് അവർക്കം സമ്മതമാണ്.

ധ്യാനത്തിൻെറ അവസാനം തകർന്ന ഹൃദയത്തോടെ പൂർവ്വജീവിതത്തിലേ സകല പാപങ്ങളേയും സക്കറിയാസ് ആ സന്യാസശ്രേഷ്ഠൻെറ മുമ്പിൽ ഏററുപറഞ്ഞു മോചനം യാചിച്ചു.

ആംഗ്ലോകത്തോലിക്കമതത്തിൻെറ ആകർഷകത വർദ്ധിച്ചുവന്നു. ഫ്റീമേസനറിയോടൊരു വെറുപ്പും. രണ്ടു സംഘടനകളുമായുള്ള ബന്ധം ഒന്നിച്ചു തുടരുക സാധ്യമല്ലെന്ന് അദ്ദേഹം കണ്ടു. അതിനാൽ ഹൃദയവ്യഥയോടെയെങ്കിലും ഫ്റീമേസനറിയുമായുള്ള സംബന്ധം അദ്ദേഹം പരിത്യജിച്ചു.

കത്തോലിക്കഗ്രന്ഥങ്ങൾ അദ്ദേഹം തുടർച്ചയായി വായിച്ചുകൊണ്ടിരുന്നു. അങ്ങനെ ഫാദർ മാഹെറുടെ 'മനഃശാസ്ത്രം' എന്ന ഗ്രന്ഥം അദ്ദേഹത്തിൻെറ കൈയിലെത്തുപെട്ടു. അല്പം വൈമനസ്യത്തോടെയാണ് അതു വായിക്കുവാൻ തുടങ്ങിയതു്. ഗഹനമായ യാതൊരു പ്രശ്നത്തെപ്പററിയും പത്തിരുപതു കൊല്ലത്തേക്കു ഗാഢമായി ചിന്തിച്ചിട്ടില്ലാതിരുന്നതിനാൽ ഒരുവിധം 'തുരുമ്പുപിടിച്ചിരുന്ന' തൻെറ മനസ്സ് ആ താത്വികഗ്രന്ഥം പാരായണം ചെയ്യവേ 'ഓരോ ഇണക്കിലും' കറുകറശബ്ദത്തോടേ ഞെരിയുകയും തകരുകയും ചെയ്യുന്നുണ്ടായിരുന്നു എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മാഹറുടെ പ്രസ്തുത ഗ്രന്ഥം സക്കറിയാസിൽ വരുത്തിയ മാററങ്ങൾ വിസ്മയാവഹങ്ങളായിരുന്നു. 'കത്തോലിക്കതത്വശാസ്ത്രം വൃഥാ ജല്പനങ്ങളല്ലെന്നും, ഒരുത്തൻ അറിയേണ്ട കാര്യങ്ങളെക്കുറിച്ചുള്ള– ലോകത്തേയും മനുഷ്യനേയും ദൈവത്തേയും കുറിച്ചുള്ള– യഥാർത്ഥമായ വിശദീകരണമാണെന്നും ആ വിശദീക

രണ്ടും സാമാന്യം സ്പഷ്ടവും യുക്തിയുക്തവുമാണെന്നും' അദ്ദേഹം ഗ്രഹിച്ചു.

മാഹറുടെ 'മനഃശാസ്ത്രം' പഠിക്കുവാൻ സക്കറിയാസിന് ഒരു കൊല്ലത്തോളം വേണ്ടിവന്നു. തുടർന്നു സ്കോളാസ്റ്റിക്കതത്വശാസ്ത്രപരമായ ഇതരഗ്രന്ഥങ്ങളിലേക്ക് അദ്ദേഹം കടന്നു. വി. തോമസ് അക്വിനാസിന്റെ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ നിത്യസഹചാരികളായിത്തീർന്നു. "ഞാൻ വി. തോമസ് അക്വിനാസിന്റെ ഒരു സജീവപ്രേഷിതനായിത്തീന്നു. കഴുത്തിന്റെ ഇണക്കം നോക്കി തെരഞ്ഞെടുക്കേണ്ട കണ്ഠാഭരണങ്ങളല്ല തത്വശാസ്ത്രങ്ങളെന്നും ഓരോരുത്തരും അവനവന്റെ ഇഷ്ടത്തിനൊത്ത ഒരു തത്വശാസ്ത്രം തെരഞ്ഞെടുക്കുവാൻ വിടുന്ന തകരാറുപിടിച്ച പ്രോട്ടസ്റ്റന്റുസമ്പ്രദായം കൈവെടിഞ്ഞാലല്ലാതെ, ചിന്താശീലന്മാർക്ക്, പ്രത്യേകിച്ച് ആംഗ്ലോകത്തോലിക്കർക്കു യാതൊരു രക്ഷയുമില്ലെന്നും സമയത്തും അസമയത്തും ഞാൻ പ്രസംഗിച്ചുവെങ്കിൽ അതിലെന്താണ് അത്ഭുതപ്പെടുവാനുള്ളത്? ഇത്രയും ഗതികെട്ടിരുന്ന എനിക്കു 'നെയോസ്കൊളാസ്റ്റിസിസം' ഇത്രമാത്രം ഗുണം ചെയ്തെങ്കിൽ മററുള്ളവർക്ക് എത്രയധികം അശയ്ക്കാണു വഴിയുള്ളത്?" (Dominus Illuminatio Mea pp. 9,10).

പത്രോസിന്റെ പരമാധികാരം തുടങ്ങി ആംഗ്ലോകത്തോലിക്കരുടേയും കത്തോലിക്കരുടേയും വാദങ്ങളെ പ്രകാശിപ്പിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ സക്കറിയാസ് പരിശോധിച്ചു. അല്പം പക്ഷപാതത്തോടെ വായിക്കുന്ന ഒരാൾക്ക് ഏതൊരു കക്ഷിയുടേയും വാദങ്ങൾ സ്വീകാര്യമായിത്തോന്നും എന്നതായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. ഒരു ഭാഗത്തേയും അദ്ദേഹം അനുകൂലിച്ചില്ല. അപ്രമാദിത്വത്തെ ഭയപ്പെട്ട് അദ്ദേഹം മരക്കൊമ്പിൽ കയറിയിരിക്കയാണു ചെയ്തത്. ചരിത്രപരമായ വാദങ്ങൾക്കു പ്രാധാന്യം നല്കാതെ താത്വികമായ ഒരു വാദം അദ്ദേഹം ഉന്നയിച്ചു. മനുഷ്യന്റെ മനസ്സ് സ്വതന്ത്രമാണ്. അപ്രമാദമായ ഒരധികാരമുണ്ടെങ്കിൽ അതിനെ അ

നുസരിക്കുക അവശ്യമാണെന്നുവരും. മനസ്സിൻെറ ചിന്താശക്തിയേയും സത്യാന്വേഷണത്തേയും അതു ഹനിക്കും. അതിനാൽ സഭയ്ക്കോ, പാപ്പായ്ക്കോ, സൂനഹദോസുകൾക്കോ അപ്രമാദവരം നല്കപ്പെട്ടിട്ടില്ല. പല സഭകളിലായിട്ടു സത്യം നിലനില്ക്കുമെന്നേ ക്രിസ്തുവിൻെറ വാഗ്ദാനത്തിന് അർത്ഥമുള്ളൂ എന്ന് അദ്ദേഹം വ്യാഖ്യാനിച്ചു. ഒരു സഭയും പൂർണ്ണമായി എല്ലാ വിശ്വാസസത്യങ്ങളേയും പാലിക്കുന്നില്ല. 'ഒരു സഭയിൽ ഒരു രൂപാന്തുക്കം പ്രബോധനങ്ങളിൽ ഒരണത്തുക്കം അബദ്ധമായിരിക്കും ഉള്ളതു്. മററൊരു വിഭാഗത്തിൽ ഒരണത്തുക്കം സത്യമായിരിക്കുമുള്ളതു്. ചുരുക്കത്തിൽ എല്ലാ സഭകളും പാഷണ്ഡതയിലാണ്. എന്നാൽ, സാവധാനം ഒരു പുനരൈക്യം സാധിതമാകുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു.

റോമാകത്തോലിക്കസഭയിൽ സക്കറിയാസ് ദർശിച്ച പ്രധാന 'തെററ്,' ഒരു പക്ഷേ, ഏക തെററ് പാപ്പാധിപത്യമായിരുന്നു. അതു സ്പഷ്ടമായ ഒരു 'പാഷണ്ഡത'യെന്നു വിധിച്ചതിനാൽ അതിനെപ്പററി അല്പമെങ്കിലും ചിന്തിക്കുവാൻ അദ്ദേഹത്തിനു ക്ഷമയുണ്ടായില്ല. സകല സഭകളുടേയും മാതൃകയായിട്ട് അദ്ദേഹത്തിനു തോന്നിയതു കോൺസ്റ്റാൻറിനോപ്പിൾ സഭയാണ്. അതിനാൽ, ആംഗ്ലോകത്തോലിക്കരിൽ റോമായെ ഉപേക്ഷിച്ചു കോൺസ്റ്റാൻറിനോപ്പിളിനെ ആദരിച്ചിരുന്ന കൂട്ടരോടാണ് അക്കാലത്ത് അദ്ദേഹം യോജിച്ചുനിന്നതു്. താമസമെന്യേ കോൺസ്റ്റാൻറിനോപ്പിൾസഭയിലും ഒരു ന്യൂനത കണ്ടുപിടിച്ചു. അവർ 'എരാസ്റ്റിയാനിസം' (സഭ രാഷ്ട്രത്തിനു കീഴിലാണെന്ന വാദം) പഠിപ്പിച്ചിരുന്നു. പ്രസ്തുത പൗരസ്ത്യസഭയുടെ വിശ്വാസപ്രമാണത്തെ 'പുത്രൻേറയും' (Filioque) എന്നു ചേർത്തു റോമാ 'പാഷണ്ഡമാക്കിയതിനാൽ' ആംഗ്ലിക്കൻസഭ 'പുത്രൻേറയും' എന്ന ഭാഗം ഉപേക്ഷിക്കേണ്ടതാണെന്നും അദ്ദേഹം വിധിച്ചു. ഈ വിഷയത്തെക്കുറിച്ചു കാൻറർബറി മെത്രാപ്പോലീത്തായുടെ അഭിപ്രായം വളരെവിനോദപ്രദമായി സക്കറിയാസിനു തോന്നി. നീസിയൻ വിശ്വാസപ്രമാണം ഇംഗ്ലീഷിൽ

ചൊല്ലുകയാണെങ്കിൽ 'പുത്രന്റേയും' (and the Son) എന്നു ചേർത്തു ചൊല്ലണം, ഗ്രീക്കഭാഷയിൽ ചൊല്ലുമ്പോൾ അതു വിട്ടുകളയാം!

ഇൻഡ്യയിൽ തിരിച്ചെത്തിയ ഉടനെ സക്കറിയാസ് രാജ്യമൊട്ടുക്ക് ഒരു സഞ്ചാരം നടത്തി. കേരളത്തിലെ യാക്കോബായസഭ അദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. പല കാര്യങ്ങളിലും അതു കോൺസ്റ്റന്റിനോപ്പിൾ സഭയോട് സാധർമ്മ്യം വഹിച്ചിരുന്നു. അതിനാൽ, ആംഗ്ലോകത്തോലിക്കസഭയുടെ അംഗത്വം ഉപേക്ഷിക്കാതെതന്നെ യാക്കോബായസഭയിൽ ചേരുകയും സ്ഥിരീകരണക്രമം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഒരു കൊല്ലത്തോളം കേരളത്തിലെ അകത്തോലിക്കസെമ്മിനാരികളിലും ആശ്രമങ്ങളിലും പഠിച്ചും പഠിപ്പിച്ചുംകൊണ്ട് അദ്ദേഹം ചെലവഴിച്ചു. പൗരസ്ത്യസഭകളെ അടുത്തറിയുവാനുള്ള ഒരവസരമായിരുന്നു അത്. അവിടെ പാത്രിയക്കീസോ കാതോലിക്കോസോ മെത്രാപ്പോലീത്തായോ ഓരോരോ കൊച്ചുമാർപ്പാപ്പാമാരായി വാഴുന്നതായിട്ടാണ് അദ്ദേഹം കണ്ടത്. അവർക്കു പൂർണ്ണമായ അധികാരമില്ലാഞ്ഞപ്പോൾ സഭ പല വിഭാഗങ്ങളായിത്തിരിഞ്ഞു വഴക്കും വക്കാണവും. നേരേമറിച്ചു റോമൻസിറിയൻ റീത്തിലാകട്ടെ പുരാതനത്വവും നവീനത്വവും ഒന്നിച്ചു വിളങ്ങുന്നതായിത്തോന്നി. അവർ റോമായ്ക്കു കീഴ്പ്പെട്ടിരിക്കുന്നു, എന്നാൽ, പുരാതനമായ സുറിയാനിക്രമങ്ങൾതന്നെ അനുഷ്ഠിക്കയും ചെയ്യുന്നു!

ഇൻഡ്യയിലേക്കുള്ള മടക്കത്തിൽ മലയായിൽവച്ച് അദ്ദേഹം വി. തോമസ് അക്വിനാസിന്റെ "സുമ്മാ തെയൊളോജിക്കാ" എന്ന വിസ്മയാവഹമായ വേദശാസ്ത്രഗ്രന്ഥങ്ങൾ പഠിച്ചുതുടങ്ങി. ത്രിത്വത്തെസംബന്ധിച്ചുള്ള പ്രതിപാദനം അദ്ദേഹത്തിനു നവമായ ഒരു വെളിപാടായിരുന്നു. പരിശുദ്ധാത്മാവു പിതാവിൽനിന്നെന്നപോലെ പുത്രനിൽനിന്നുകൂടിയാണു പുറപ്പെടുന്നതെന്നു സമ്മതിക്കാത്തപക്ഷം ത്രിത്വത്തിലുള്ള വിശ്വാസം തന്നെഅടിസ്ഥാനരഹിതമാകുമെന്ന് അനിഷേധ്യമായവിധം അ

കചിനാസ് തെളിയിക്കുന്നു! പൗരസ്ത്യസഭകളിൽ സക്കറിയാസ് ഉറപ്പിച്ചിരുന്ന വിശ്വാസത്തിനും 'ഫീലിയോകേ'യോടുള്ള അദ്ദേഹത്തിന്റെ വിദ്വേഷത്തിനും അടിയോടെ ഇളക്കംതട്ടി. 'സേവ്ൻറ്സ് ഓഫ് ഇൻഡ്യാ സൊസൈററിയിൽ' ജോലിചെയ്തുകൊണ്ടിരുന്ന കാലത്തു വിശ്രമസമയം മുഴുവൻ 'സുമ്മാ' പഠിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായിരുന്നു. അകചിനാസിന്റെ സിദ്ധാന്തങ്ങളിൽനിന്നു വ്യതിചലിക്കാൻ സൂനഹദോസുമുതൽ റോമാസഭ വ്യതിചലിച്ചിട്ടില്ലെന്നും, പകരം സത്യത്തിന്റെ നൈർമ്മല്യം സംരക്ഷിക്കുവാൻ ദൈവപരിപാലന സൃഷ്ടിച്ചതായിരിക്കാം ആംഗ്ലോകത്തോലിക്കസഭയെന്നും അദ്ദേഹം വിശ്വസിച്ചു.

അങ്ങനെയിരിക്കെയാണ് മാലിനായിൽ 'പുനരൈക്യസംഭാഷണങ്ങൾ' ആരംഭിച്ചത്. പാപ്പാസ്ഥാനത്തെപ്പററി ഗാഢമായി ചിന്തിക്കുവാൻ അതവസരം നല്കി. പാപ്പാസ്ഥാനം ദൈവപരിപാലനയുടെ ഫലമാണെന്നു ഹാലിഫാക്സു പ്രഭു അഭിപ്രായപ്പെട്ടു. പാപ്പായ്ക്കു നല്കപ്പെട്ടെന്നു പറയുന്ന പരമാധികാരം, ആ ദൈവപരിപാലന, എന്തിലാണടങ്ങിയിരിക്കുന്നത്? ആ കീറാമുട്ടി വീണ്ടും വഴിയിൽവന്നു വിലങ്ങി.

ഇൻഡ്യയിലെ പരിഷ്കൃതവർഗ്ഗങ്ങളുടെയിടയിൽ സന്താനനിയന്ത്രണമെന്ന ദുർഭൂതം കടന്നുകൂടിയിരിക്കുന്നതായി ഡോക്ടർ സക്കറിയാസ് കണ്ടു. പ്രസ്തുത വിഷയത്തെക്കുറിച്ചു സമഗ്രമായ ജ്ഞാനം ലഭിക്കുവാൻ അദ്ദേഹം കത്തോലിക്കസഭയെ ആശ്രയിക്കേണ്ടിവന്നു. നിന്ദ്യവും നികൃഷ്ടവുമായ ഈ തിന്മയ്ക്കെതിരായി സ്വരമുയർത്തുന്നതിനും ഖണ്ഡിതമായ പ്രബോധനങ്ങൾ നല്കുന്നതിനും റോമാമാത്രമേ ധൈര്യപ്പെട്ടുള്ളു. ആംഗ്ലിക്കരുടെ അഭിപ്രായം ആരായുകയിൽ സന്താനനിയന്ത്രണത്തെ അനുകൂലിച്ചും പ്രതികൂലിച്ചും വളരെപ്പറയുവാനുണ്ടെന്ന് ഒരു മെത്രാനും സന്താനനിയന്ത്രണത്തെ ഇന്നത്തെ സകല സാമുദായികകുഴപ്പങ്ങൾക്കും പ്രതിവിധിയായി ഹൃദയപൂർവ്വം സ്വീകരിക്കേണ്ടതാണെന്നു മറെറാരു മെത്രാനും പഠിപ്പിച്ചിരുന്നു! എന്നാൽ

സന്താനനിയന്ത്രണം കൊലപാതകവും വ്യഭിചാരവുമാണെന്നു സക്കറിയാസിനു സ്പഷ്ടമായിരുന്നു. "ഇത്ര സ്പഷ്ടമായ ഒരു സാമ്മാർഗ്ഗികപ്രശ്നത്തിൽപോലും സത്യസംരക്ഷികയായി കത്തോലിക്കാസഭയല്ലാതെ മററാരുമുണ്ടായിരുന്നില്ല. വിവാഹത്തെസംബന്ധിച്ച് അവർ സത്യത്തെ പൂർണ്ണമായും കളങ്കരഹിതമായും പഠിപ്പിക്കുന്നുവെന്നു വളരെ മുമ്പുതന്നെ എനിക്കു മനസ്സിലായിരുന്നു. . . . ഇപ്പോൾ സന്താനനിയന്ത്രണത്തെസ്സംബന്ധിച്ചും."

സോഷ്യലിസം വലിയ ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരിക്കയായിരുന്നു അന്നും. പൂനായിൽവച്ചു ഫ്രഞ്ചുഭാഷയിലും ജർമ്മൻഭാഷയിലുമുള്ള കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ അദ്ദേഹത്തിനു സുലഭങ്ങളായിരുന്നു. അങ്ങനെ ക്രിസ്ത്യൻ ട്രെയിഡുയൂണിയനുകളെപ്പററി അദ്ദേഹം അറിയുവാനിടയായി. വ്യാവസായികപരിവത്തനത്തിന്റെ വിനാശഫലങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയപ്പോൾതന്നെ 13-ം ലെയോ മാർപ്പാപ്പാ തൊഴിലാളിപ്രശ്നങ്ങളെക്കുറിച്ചു പ്രസിദ്ധപ്പെടുത്തിയ 'റേരും നൊവാരും' എന്ന വിശ്വലേഖനത്തിന്റെ വില അദ്ദേഹം ശരിക്കു മനസ്സിലാക്കി. "ഒരിക്കൽക്കൂടി കത്തോലിക്കാസഭയുടെ ഔദ്യോഗികപ്രബോധനങ്ങൾ, ആ പ്രബോധനങ്ങൾമാത്രം, കുറിക്കുകൊള്ളുന്നവയായിരുന്നു." റഷ്യയിലും ഇതരരാജ്യങ്ങളിലും നടന്ന സോഷ്യലിസ്ററുപരീക്ഷണങ്ങൾ പരാജയമടയുന്നതായും അദ്ദേഹം ദർശിച്ചു.

ഒന്നാമത്തേ ലോകമഹായുദ്ധം ഒരുവിധമവസാനിച്ചു. ഒരു സമാധാനസന്ധിയും എല്ലാവരുംകൂടി ഒപ്പിട്ടു. സർവ്വദേശീയതയാണു ലോകസമാധാനത്തെ സംരക്ഷിക്കുവാൻ ഡോക്ടർ സക്കറിയാസ് കണ്ട ഏക മാർഗ്ഗം. എന്നാൽ, ഏതൊരു പ്രമാണമാണ് ഒരു സർവ്വരാജ്യസഖ്യത്തെ നിലനിറുത്തുവാൻപോകുന്നത്? ജനതതിയെ സമാധാനത്തിൽ സംയോജിപ്പിക്കുന്ന ഒരു സ്ഥാപനം, വിശ്വാസയോഗ്യമായ ഒരു സംഘടന ഉണ്ടെങ്കിൽ അതേതു്? 'വീണ്ടും ഒരു മറുപടിമാത്രമേ ലഭിച്ചുള്ളൂ—കത്തോലിക്കാസഭ.' അതിന്റെ അടിസ്ഥാനമോ പാപ്പാസ്ഥാനവും. മററു സ

കളെല്ലാം ദേശീയമായ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ഒന്നു മറെറാന്നിനെതിരായി വഴക്കം കൊല്ലാപ്പുമായി കഴിയുകയും ചെയ്യുന്നു. 'ഹിന്ദുമതം ഇൻഡ്യയുടേതെന്നപോലെ ആംഗ്ലിക്കൻസഭ ആംഗ്ലോസാക്സൻരാഷ്ട്രത്തിൻെറ മതമായിരുന്നു. ഒന്നു ക്രിസ്തീയവും മററത് അക്രൈസ്തവവുമാണെന്നുമാത്രം'. പേർഷ്യൻസഭ പേർഷ്യരുടേതും ബൽഗേറിയൻസഭ ബൽഗേറിയാക്കാരുടേതും റഷ്യൻസഭ റഷ്യാക്കാരുടേതുമായിരുന്നു. റോമാക്കമാത്രമാണു സാർവ്വലൗകികത്വമുള്ളതെന്നും കത്തോലിസിസത്തിൻെറ ഗോപുരമാണു പാപ്പാസ്ഥാനമെന്നുമുള്ള ബോധം ഇപ്പോൾ തൻെറ തലയിൽ കയറുന്നതിനായി അദ്ദേഹം ദർശിച്ചു.

"സുമ്മായിൽ" അമലോത്ഭവത്തെപ്പററിയുള്ള ഭാഗത്തു ഡോക്ടർ സക്കറിയാസ് എത്തിച്ചേർന്നു. ഈ വിഷയത്തിൽ ഒരു അക്വിനാസിൻെറ അഭിപ്രായത്തെപ്പോലും അബദ്ധമെന്നു മാർപ്പാപ്പാ നിർവ്വിശങ്കം പ്രസ്താവിക്കുന്നതു് അദ്ദേഹത്തിനു വിസ്മയജനകമായിരുന്നു. പക്ഷേ, ആധുനികകത്തോലിക്കാ ഗ്രന്ഥകാരന്മാരുടെ കൃതികൾ പരിശോധിച്ചപ്പോൾ ഈ വിഷയത്തിലും പാപ്പാസ്ഥാനത്തിൻെറ തീരുമാനമാണു യഥാർത്ഥമെന്നു സമ്മതിക്കുവാൻ അദ്ദേഹം നിർബന്ധിതനായി. എല്ലാ വിശ്വാസസത്യങ്ങളെസ്സംബന്ധിച്ചും എല്ലായ്പ്പോഴും പാപ്പാസ്ഥാനത്തിൻെറ പ്രബോധനംമാത്രം സത്യമെന്നു കാണുന്നു!

ഒരു വിഷമംകൂടി, അപ്പോൾ ചിന്താസ്വാതന്ത്ര്യത്തിൻെറ സ്ഥാനമോ? അപ്രമാദമായ ഒരധികാരമുണ്ടെങ്കിൽ പിന്നെ ചിന്താസ്വാതന്ത്ര്യമെവിടെ? അതിനുള്ള സമാധാനം ഇപ്പോൾ കൂടുതൽ തെളിവായിക്കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ശാശ്വതമായ ഒരു തത്വശാസ്ത്രവും വേദശാസ്ത്രവും ലഭിക്കണമെങ്കിൽ അപ്രമാദമായ ഒരു പരമാധികാരം കൂടിയേ കഴിയൂ. അല്ലാത്തപക്ഷം കത്തോലിക്കസഭയ്ക്കുപുറമെയുള്ള അനുഭവമായിരിക്കും, 'ഓരോ തലയ്ക്കും ഓരോ തത്വശാസ്ത്രവും ഓരോ വേദ

ശാസ്ത്രവും': ഏതെങ്കിലും ഒരു സത്യത്തെപ്പററിയുള്ള തക്കം ഒരു തീരുമാനത്തിലെത്തണമെങ്കിൽ ഒരപ്രമാദവിധി ആവശ്യമാണ്. എങ്കിൽമാത്രമേ ശാശ്വതമായ ഒരു വേദശാസ്ത്രസൗധം നിർമ്മിതമാകയുള്ളു. ഓരോ പണിക്കാരനും കെട്ടിടത്തിന്റെ അടിത്തറമാന്തി പണി ആരംഭിക്കണമെന്നുവച്ചാൽ കെട്ടിടം ഒരിക്കലും ഉയരുകയില്ല "പാപ്പായുടെ അധികാരങ്ങളെസ്സംബന്ധിക്കുന്ന ചരിത്രപരമായ തെളിവുകളെക്കുറിച്ചു കത്തോലിക്കസഭനല്കുന്ന വ്യാഖ്യാനംമാത്രമാണു ശരിയായിട്ടുള്ളതു് എന്ന നിഗമനം അനിഷേധ്യമായി എനിക്കു തോന്നി."

അവസാനപടിയേ ഇനി കടക്കുവാനുണ്ടായിരുന്നുള്ളു: "അതിനാൽ ഒന്നുമാത്രമേ എനിക്കു ചെയ്യുവാനുണ്ടായിരുന്നുള്ളു, മരക്കൊമ്പത്തു പിടിച്ചു തൂങ്ങിക്കിടക്കുന്ന നില ഉപേക്ഷിച്ചു ധൈര്യസമേതം താഴെക്കിറങ്ങി, കത്തോലിസിസത്തിന്റെ അടിസ്ഥാനമാണു പാപ്പായുടെ അപ്രമാദിത്വമെന്നു സമ്മതിക്കയും ദൈവികവും തന്മൂലം തെററുപിണയുവാൻ പാടില്ലാത്തതുമായ അധികാരത്തിന് അല്പീയസായ എന്റെ വ്യക്തിത്വത്തെ കീഴ്പ്പെടുത്തി വിശ്വാസം കൈവരിക്കുവാൻ സന്നദ്ധമാകുകയും ചെയ്യുക." 1926–ലേ ദുഃഖശനിയാഴ്ച കെഴ്സിദയാങ്ങിൽ വച്ച് അദ്ദേഹം ദിവ്യവും അപ്രമാദവുമായ ആ അധികാരത്തിനു കിഴടങ്ങുകയുംചെയ്തു.

മാനസാന്തരത്തിനുശേഷം കുറെക്കഴിഞ്ഞു ഡോക്ടർ സക്കറിയാസ് യൂറോപ്പിലേക്കു മടങ്ങി. ചൈനയുടെ പ്രധാനമന്ത്രിയായിരുന്നതിനുശേഷം ബനഡിക്ടയിൻ സന്യാസിഗണത്തിൽ ചേർന്ന ലൂററിസെംഗ് ററിസിയാംഗിനെ ബൽജിയത്തിൽവച്ചു പരിചയപ്പെടുന്നതിനും അവരുടെ ആശ്രമത്തിൽ കുറെനാൾ താമസിക്കുന്നതിനും അദ്ദേഹത്തിനു സൗകര്യപ്പെട്ടു. അനന്തരം അദ്ദേഹം ചൈനയിൽ പിപ്പിംഗ് യൂണിവേഴ്സിററിയിൽ ചരിത്രപ്രൊഫസ്സറായി നിയമിക്കപ്പെട്ടു. അമേരിക്കയിലേക്കു പോകുവാൻ ശ്രമിക്കവേ 1941–ൽ ഫിലിപ്പൈയിൻസിൽവച്ചു ജ

ഷ്പാൻസൈന്യങ്ങൾ സക്കറിയാസിനെ ബന്ധനസ്ഥനാക്കി. 1944 ഡിസംബറിൽ ജനറൽ മാക്ക് ആർതറിൻെറ സേന അദ്ദേഹത്തെ വിമുക്തനാക്കി. ഇപ്പോൾ അദ്ദേഹം അമേരിക്കയിലാണ്.

കത്തോലിക്കസഭയിലെ, തൻെറ അനുഭവങ്ങളെക്കുറിച്ചു സക്കറിയാസ് രേഖപ്പെടുത്തുന്ന വാക്കുകൾ സ്മരണീയങ്ങളാണ്: ഡോ. "അന്യസ്ത്രീകളാൽ വളർത്തപ്പെട്ട ഒരു ശിശുവിന് അതിൻെറ അമ്മയെ കണ്ടെത്തുവാനുള്ള ഭാഗ്യം ലഭിച്ചിട്ടു പത്തുകൊല്ലങ്ങളായിരിക്കുന്നു.(1936–ൽ അദ്ദേഹം എഴുതുന്നതാണ്.) സ്വർഗ്ഗീയസൗഭാഗ്യത്തിൻെറ മുൻകൂട്ടിയുള്ള ഒരാസ്വാദനമാണ് അവളുടെ മടിയിൽ അവനു സജ്ജമാക്കപ്പെട്ടിരുന്നതു്. ഇത്രമഹനീയമായ അനുഗ്രഹങ്ങൾ ലഭിക്കുവാൻ തനിക്കുള്ള അയോഗ്യതയെപ്പററിയുള്ള ബോധത്തെയോ സുരക്ഷിതാവസ്ഥയിലേക്കും ശാന്തിയിലേക്കും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന പ്രകാശത്തിലേക്കും തന്നെ നയിച്ചതിനു ദൈവത്തോടു് അവനുള്ള നിസ്സീമമായ കൃതജ്ഞതയെയോ ശരിയാംവണ്ണം പ്രകാശിപ്പിക്കുവാൻ അവൻ അശക്തനാണ്."(Dominus Illuminatio Mea p: 30)

കത്തോലിക്കസഭയുടെ സാർവ്വലൗകികതയേയും ഐക്യത്തേയും തുടർച്ചയായുള്ള വിദേശപര്യടനങ്ങളിൽ എപ്രകാരം അദ്ദേഹത്തിനു സ്പഷ്ടമായിക്കാണുവാൻ കഴിഞ്ഞു എന്നു നോക്കുക: "കഴിഞ്ഞ പത്തുകൊല്ലത്തേക്കു രാജ്യങ്ങൾതോറും ഭൂഖണ്ഡംതോറും ഞാൻ ചുററിനടക്കുവാനിടയായി. കത്തോലിക്കനുമാത്രം അനുഭവവേദ്യമാകുന്ന ഒരു വാസ്തവം ആ അവസരങ്ങളിൽ എനിക്കും അനുഭവപ്പെട്ടു; വിവിധഭാഷകൾ സംസാരിക്കുന്നവരുടേയും വിവിധസംസ്കാരങ്ങൾ പുലർത്തുന്നവരുടേയും ഇടയിൽ വസിക്കുവാൻ എനിക്കു സന്ദർഭങ്ങൾ ലഭിച്ചു. എന്നാൽ, പൂനായിലാകട്ടെ റോമിലാകട്ടെ, കൽക്കട്ടായിലാകട്ടെ .ബ്രൂഗസിലാകട്ടെ, ജനീവായിലാകട്ടെ ലണ്ടനിലാകട്ടെ, പാരീസിലാകട്ടെ വിയന്നായിലാകട്ടെ, കരയ്ക്കാകട്ടെ കപ്പലിലാകട്ടെ — ഞാൻ ചെന്നിടത്തെല്ലാം എ

നിക്കു സ്വാഗതമരുളുവാൻ ഒരു സഭ, ഏകസഭ, എൻെറ സഭ, തയാറായി നില്പുണ്ടായിരുന്നു. എല്ലായിടത്തും ദിവ്യബലിയും കർബാനയിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവും, പാപമോചനം ലഭിക്കുന്നതിനുള്ള സൗകര്യ്യവും ആരാധകസംഘങ്ങളും സ്വർഗ്ഗത്തിലേക്ക് ഏകസ്വരത്തിൽ ഉയരുന്ന കൂട്ടപ്രാത്ഥനകളും ഒന്നുപോലെ! വിദൂരത്തിൽനിന്നു വരുന്ന ഒരു യാത്രക്കാരന് എപ്പോഴും ഒരു വിദേശത്തു ലഭിക്കുന്ന ഈ സാന്ത്വനത്തെ വിവരിക്കുവാൻ ആക്കാണു സാധിക്കുക! ഒരുവൻെറ സംസാരഭാഷയോ സംസ്കാരമോ ഏതുമായിക്കൊള്ളട്ടെ, ലൗകികകായ്യങ്ങളിലുള്ള അഭിപ്രായവ്യത്യാസങ്ങൾ എന്തുമായിക്കൊള്ളട്ടെ, ഈ അപരിചിതരുടെയിടയിലും സ്വഭവനത്തിലാണെന്നു് അവനു തോന്നിപ്പോകുന്നു. ഏററവും ഗഹനവും ലോകത്തിൽ ഏററം പ്രധാനവുമായ കായ്യങ്ങളിൽ അവർ ഒരു ഹൃദയമാണെന്നു് അവനറിയാം. ഇന്നലെവരെ അവൻ കണ്ടിട്ടുപോലുമോ കേട്ടിട്ടുപോലുമോ ഇല്ലാതിരുന്ന പുരുഷന്മാരും സ്ത്രീകളും പൈതങ്ങളും ഇന്നു് അവൻെറ ഉററമിത്രങ്ങളായിത്തീരുന്നു.

"വിസ്മയനിയമായ ഈ സാഹോദര്യം, ക്രിസ്തുവിൻെറ മൗതികശരീരത്തിൽ അനുഭവപ്പെടുന്ന ഐക്യത്തിൻെറ ഈ കോരിത്തരിപ്പ് ആസ്വദിക്കുവാൻ ഒരു കത്തോലിക്കനുമാത്രമേ കഴിയൂ. എന്തെന്നാൽ അതിൻെറ അടിസ്ഥാനം ഏകാധികാരത്തിനുള്ള ആനന്ദപൂണ്ണമായ വിധേയത്വവും അനുസരണവുമാണു്; ആ അധികാരമോ അണുപ്രായനായ മനുഷ്യൻെറ ദുർബലകരങ്ങൾ സ്ഥാപിച്ചതല്ല, കാരുണികനായ സ്രഷ്ടാവിൻെറ സവ്വശക്തവും സവ്വജ്ഞവും സ്നേഹോജ്ജ്വലവുമായ തിരുച്ചിത്തം സംസ്ഥാപിച്ചതത്രേ! (Dominus Illuminatio Mea pp. 32- 33).

## XI

## കമ്മ്യൂണിസ്ററകാരി

ക്ഷമിക്കുക. സഹതപിക്കുക. അസാധാരണമല്ലാത്ത ഒരു ദൗർഭാഗ്യം ലൂസിനും അനുഭവപ്പെട്ടെന്നേയുള്ളു. നിഷ്കളങ്കമായ ഒരു ഹൃദയം വഞ്ചിക്കപ്പെട്ടുപോയതാണ്. ആ പെൺകൊടിയെ കമ്മ്യൂണിസം ചതിപ്രയോഗത്താൽ തട്ടിക്കൊണ്ടുപോയതാണ്. മതക്കാരേയും പണക്കാരേയും തുലച്ചാലല്ലാതെ ലോകത്തിനു സമാധാനമോ ശാന്തിയോ കൈവരുകയില്ലെന്ന് അവർ പ്രസംഗിച്ചുനടന്നു. സമുദായത്തിൽ കാണുന്ന സകല കുഴപ്പങ്ങളുടേയും വിഷബീജം വമിക്കുന്നതു മതവും മുതലാളിത്തവുമാണെന്ന് അവർ എഴുതിവിട്ടു. അതിനുള്ള ഏക പ്രതിവിധി കമ്മ്യൂണിസമാണെന്നും. മിസിസ് ക്ലെയർ ബൂത്ത് ലൂസ് (Clare Boothe Luce) സുസമ്മതയായ ഒരു ഗ്രന്ഥകർത്രിയും വാഗ്മിനിയും അമേരിക്കൻ കോൺഗ്രസിന്റെ ഒരു എക്സ്–മെമ്പറുമാണ്. അതിനാൽ കമ്മ്യൂണിസ്ററുകാർക്കു വലിയ ആമോദമായിരുന്നു അവളെ തങ്ങളുടെ പാർട്ടിക്കു ലഭിച്ചപ്പോൾ. കമ്മ്യൂണിസത്തിന്റെ പിടി വിടുവിച്ച് അവർ കത്തോലിക്കസഭയിൽ അഭയം തേടിയപ്പോൾ അവർക്കുണ്ടായ നൈരാശ്യവും അല്പമൊന്നുമല്ല.

"മനുഷ്യന് ഒരാത്മാവുണ്ടെന്നുള്ള വാദം ക്രിസ്തുമതത്തിന്റെ ഒരു തട്ടിപ്പും സ്വപ്നവും മിഥ്യയുമാണ്" എന്നു കമ്മ്യൂണിസത്തിന്റെ കാരണവരായ കാറൾ മാർക്സു ലൂസിനെ പഠിപ്പിച്ചു. ലോകത്തെ സ്വർഗ്ഗസമാനമാക്കുമെന്നും സമുദായത്തെ സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും അടിസ്ഥാനത്തിൽ നവീകരിക്കുമെന്നുമാണു കമ്മ്യൂണിസം വാദം നടത്തി



ക്ലെയർ ബൂത്ത് ലൂസ്

യിരുന്നത്. എന്നാൽ, വിദ്വേഷത്തിനോ അനീതിക്കോ അക്രമത്തിനോ പ്രതിവിധി നല്കുക കമ്മ്യൂണിസത്തിനു സാധ്യമല്ലെന്നും മരണത്തെപ്പററി ഒരു സമാധാനം നല്കുവാൻ അതിന് എളുമാവില്ലെന്നും കാലക്രമത്തിൽ അവർക്കു ബോധപ്പെട്ടു. മാക്ക്കാൾസ് മാസികയിൽ ലൂസ് ഇപ്രകാരം എഴുതുന്നു: "വർഗ്ഗവ്യത്യാസമില്ലാത്ത ഒരു സമുദായത്തിന് ഉൽപാദനത്തെ വളരെയധികം വർദ്ധിപ്പിക്കുന്നതിനും ധനത്തെ കൂടുതൽ സമമായ തോതിൽ വിതരണം ചെയ്യുന്നതിനും സാധ്യമായേക്കാം. എന്നാൽ, വിദ്വേഷം നീങ്ങി പരസ്നേഹവും ദ്രവ്യമോഹം നീങ്ങി ഉദാരമനസ്കതയും വഞ്ചനനീങ്ങി സത്യസന്ധതയും അനീതിനീങ്ങി നീതിയും ക്രൂരതനീങ്ങി ജീവകാരുണ്യവും കളിയാടുമെന്നുമുള്ളതിനു വർഗ്ഗരഹിതമായ ഒരു സമുദയം എന്തുറപ്പാണു നല്കുന്നതു്? തീക്ഷ്ണതനിമിത്തം തങ്ങളെത്തന്നെ മറന്ന് മാർക്സിൻെറ അനുയായികൾ വാദിക്കുറുണ്ട് ജീവിതത്തെസ്സംബന്ധിക്കുന്ന സകല പ്രശ്നങ്ങൾക്കും വർഗ്ഗവ്യത്യാസമില്ലാത്ത സമുദായം പ്രതിവിധി നല്കുമെന്ന്. എന്നാൽ മരണത്തിനൊരു സമാധാനം നല്കുമെന്ന് അവകാശപ്പെടുവാൻ അവരാരും ധൈര്യപ്പെടുകയില്ല. ആ പ്രശ്നം വീണ്ടും നിലനില്ക്കും."

റഷ്യയിലും ജർമ്മനിയിലും ദൈവത്തെ അകററിനിറുത്തിക്കൊണ്ടുള്ള ഒരു രാഷ്ട്രം സ്ഥാപിക്കുവാൻ, നിരീശ്വരപരമായ ഒരു സംസ്കാരം കെട്ടിപ്പടുക്കുവാൻ, പരിശ്രമങ്ങൾ നടന്നു. ഇരുരാജ്യങ്ങളും അതിൻെറ ഫലമെന്തെന്നു ലോകത്തിനു സാധനപാഠം നല്കി. അസാന്മാർഗ്ഗികതയുടേയും, അനീതിയുടേയും രംഗങ്ങളായിത്തീർന്നു ആ ദുർഭഗരാജ്യങ്ങൾ. "സൈൻ" എന്ന മാസികയിൽ മിസ്സസ് ക്ലെയർ ബൂത്ത് ലൂസ് പ്രസ്താവിക്കുന്നു: "ദൈവവിശ്വാസം മനുഷ്യൻെറ പുരോഗമനത്തെ തടഞ്ഞുനിറുത്തി എന്ന വാദം സ്വീകാര്യമോ അല്ലയോ എന്നറിയുവാനുള്ള പരീക്ഷണശാലകളായിരുന്നു ജർമ്മനിയും റഷ്യയും. സ്വർഗ്ഗീയപിതാവിനെ കൂടാതെ ജീവിക്കുവാനുള്ള പരി

ക്ഷണങ്ങളുടെ ഫലം അത്ര സന്തോഷാവഹമായിരുന്നില്ല. മതത്തിന്റെ അഭാവത്തിൽ നീതിയും സന്മാർഗ്ഗവും അതിവേഗം അപ്രത്യക്ഷമാകുന്നതായി കാണപ്പെട്ടു.

"സകല മതങ്ങളിലും എല്ലാക്കാലത്തും എല്ലാ സ്ഥലങ്ങളിലും കാണപ്പെടുന്ന സാന്മാർഗ്ഗികനിയമങ്ങൾക്കോ സമസ്തഷ്ടങ്ങളുടെ നേർക്കുള്ള സമഭാവനക്കോ സന്മനോഭാവത്തിനോ ആ രണ്ടു സ്വേച്ഛാധിപത്യരാജ്യങ്ങളുടേയും ഔദ്യോഗികാദർശങ്ങളിൽ സ്ഥാനമില്ലായിരുന്നു.

" 'നീ കൊല്ലരുത്' എന്നു പുരാതനയഹൂദപ്രമാണം പഠിപ്പിച്ചു. 'മർദ്ദനത്തിനു കോപ്പുകൂട്ടുന്നവൻ സ്വഭവനത്തെ നിലംപരിശാക്കുന്നു' എന്നു ബാബിലോണിയർ താക്കീതു നല്കി. 'അന്യനെ വേദനപ്പെടുത്തുന്ന ഒരു വാക്കുപോലും ഉച്ചരിക്കരുത്'' എന്നു ഹിന്ദുക്കൾ ഉൽബോധിപ്പിച്ചു. "നന്മയിൽ ഹൃദയമുറപ്പിച്ചിരിക്കുന്നവൻ അന്യനെ ദ്വേഷിക്കയില്ല" എന്നു ചൈനാക്കാർ ഉപദേശിച്ചു. ഹിററ്ലേറിയൻസന്മാർഗ്ഗത്തിലോ മാർക്സിയൻസന്മാഗ്ഗത്തിലോ ഈ സൂക്തികൾക്കു സ്ഥാനം ലഭിച്ചില്ല. . . ലെനിൻ പഠിപ്പിച്ചു: "നമ്മുടെ ആശയങ്ങളോടു വിയോജിക്കുന്നവരുടെനേർക്കു ജനങ്ങളുടെയിടയിൽ വിദ്വേഷവും വൈരാഗ്യവും അതൃപ്തിയും ഇളക്കിവിടുന്ന രീതിയിൽ എഴുതുവാൻ നമുക്കു കഴിയും, അങ്ങനെ എഴുതുകയും ചെയ്യണം. . . . ചതിയും വഞ്ചനയും നിയമനിഷേധവും സത്യഗോപനവും പ്രയോഗിക്കുവാൻ നാം മടിച്ചുകൂടാ," എന്ന്.

"സ്ത്രീപുരുഷബന്ധത്തേയും സത്യസന്ധതയേയും മാതാപിതാക്കന്മാരോടും അധികാരികളോടുമുള്ള കടമകളേയും ബലഹീനരോടും നിരാലംബരോടും പ്രദർശിപ്പിക്കേണ്ട കാരുണ്യത്തേയും കീഴടക്കപ്പെട്ടവരോടുണ്ടായിരിക്കേണ്ട വിശാലമനസ്കതയേയുംസംബന്ധിച്ചുള്ള പുരാതനനിയമങ്ങളെല്ലാം അപ്രത്യക്ഷമായി."

ഭൗതികവാദത്തിന്റെ പരാജയം സ്വാഭാവികമായി ല്യൂസി

ന്റെ ശ്രദ്ധയെ മതങ്ങളുടെനേർക്കു തിരിച്ചുവിട്ടു. "ക്രിസ്തുമതം, നമ്മുടെ പിതാക്കന്മാരുടെ മതം, ഭയാനകമായ ഈ വിനാശകാലത്തു നമുക്കു രക്ഷ നല്കുമോ? ദയനീയസ്ഥിതിയിലെത്തിരിക്കുന്ന ആധുനികമനുഷ്യന് ഈ വിശ്വാസം ഉപകാരപ്രദമാണോ?" എന്നു മിസ്സസ് ലൂസ് തന്നോടുതന്നെ ചോദിച്ചു. "ഞാൻ വഴിയും ജീവനും സത്യവുമാണ്" എന്നരുളിച്ചെയ്ത ക്രിസ്തുനാഥൻ ഇതരമതസ്ഥാപകരെക്കാൾ ശ്രേഷ്ഠനും സ്നേഹയോഗ്യനുമാണെന്ന് അവർക്കു തീർച്ചയായിരുന്നു. അവിടുത്തെ ദരിദ്രജീവിതവും കാരുണ്യകൃത്യങ്ങളും, സ്നേഹത്തിൻറയും ക്ഷമയുടേയും മാതൃകയും ഹൃദയം കവരുന്നവയായിരുന്നു. മാത്രമല്ല, അമേരിക്കൻസംസ്കാരത്തിൽ വിശിഷ്ടമായ വല്ലതുമുണ്ടെങ്കിൽ അതിന്റെ കാരണം ക്രിസ്തുമതമാണെന്നും ജനതതികൾ ജീവിതത്തെക്കാളും വിലമതിക്കുന്ന പ്രജാധിപത്യം ക്രൈസ്തവസിദ്ധാന്തങ്ങളിൽനിന്നു ജന്മമെടുത്തിട്ടുള്ളതാണെന്നും ആ സത്യാന്വേഷണിക്കു കാണുവാൻ കഴിഞ്ഞു:

"നമ്മുടെ അമേരിക്കൻ സംസ്കാരത്തിന്റെ അടിസ്ഥാനങ്ങളെ നാം പരിശോധിക്കുമ്പോൾ, നമ്മുടെ ജീവിതതത്വത്തിൽ അമൂല്യങ്ങളായി നാം വിലമതിക്കുന്നവയുടെ ഉത്ഭവസ്ഥാനമേതെന്നു നാം അന്വേഷിക്കുമ്പോൾ—സാഹോദര്യത്തോടുള്ള ഭക്തിയും സഹിഷ്ണുതയും, പ്രസംഗസ്വാതന്ത്ര്യവും മന:സാക്ഷിസ്വാതന്ത്ര്യവും, സമാധാനപ്രിയവും സമഭാവനയെപ്പററിയുള്ള നിഷ്കർഷയും, ചുരുക്കത്തിൽ, നമ്മുടെ പ്രജാധിപത്യാശയങ്ങളും ആദർശങ്ങളും ഏതൊരു തത്വസംഹിതയിൽനിന്ന് ഉത്ഭവിക്കുന്നു എന്നു നാം ആരായുമ്പോൾ, നമുക്കു കാണുവാൻ കഴിയും അവ മനുഷ്യനെപ്പററി ക്രിസ്തുമതം നല്കുന്ന പ്രബോധനങ്ങളിൽനിന്നാണെന്ന്. നാം സത്യസന്ധരെങ്കിൽ, നമ്മുടെ പ്രജാധിപത്യത്തിൽ നന്മയായിട്ടുള്ളതിന്റെ ഉപകർത്താക്കൾ എന്നും ക്രിസ്തുമതതത്വങ്ങളിൽനിന്നു നാം കടഞ്ഞെടുത്ത രാഷ്ട്രീയവും സാമ്പത്തികവും സാമുദായി

കവുമായ സിദ്ധാന്തങ്ങളാണെന്നു സമ്മതിക്കണം. . . .

"സ്വാതന്ത്ര്യമെന്നും, സാഹോദര്യമെന്നും സമത്വമെന്നും നാം വിളിക്കുന്നവ— പ്രജാധിപത്യത്തിന്റെ അമൂല്യപ്രമാണങ്ങളെല്ലാം—ജനിക്കുകയും വളരുകയും ചെയ്തിട്ടുള്ളതു "നിങ്ങളുടെ യജമാനൻ ഏകനാണ്; നിങ്ങളെല്ലാവരുമോ സഹോദരന്മാരും" എന്ന അവിടുത്തെ വാക്കുകളിൽനിന്നല്ലയോ?"

അമേരിക്കൻ ഭരണഘടനയെ കടഞ്ഞെടുത്തവർക്കു മാർഗ്ഗപ്രദീപമായിരുന്നതു സുവിശേഷപ്രബോധനങ്ങളായിരുന്നു. ക്രിസ്തുമതവും പ്രജാധിപത്യവും തമ്മിലുള്ള ബന്ധം അഭേദ്യമാണെന്നതിനെക്കുറിച്ച് അവർക്കു തെല്ലും സംശയമില്ലായിരുന്നു. മിസ്സസ് ലൂസ് തുടരുന്നു: "ക്രിസ്തുമതത്തിനു ഡെമോക്രസിയോടുള്ള ഗാഢമായ ബന്ധത്തെ നമ്മുടെ പിതാമഹന്മാർ ശരിക്കു ഗ്രഹിച്ചിട്ടുണ്ടായിരുന്നു. 1776-ൽ ഈ ഭൂഖണ്ഡത്തിൽ ആരബ്ധമായ നവീനവും മഹനീയവുമായ ഈ രാഷ്ട്രീയപരീക്ഷണത്തിനു ഉപോൽബലകമായി അവർ ദർശിച്ചതു സുവിശേഷസന്ദേശങ്ങളാണെന്നു "സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ" ഒപ്പുവച്ച അൻപത്താറുപേരുടേയും പ്രസ്താവനകളിൽനിന്നു സ്പഷ്ടമാണ്.

"പൗരക്ഷേമത്തെ സമ്പാദിക്കുന്നതിൽ നമ്മുടെ പ്രജാധിപത്യത്തെ സ്ഥാപിച്ച പിതാക്കന്മാർ ക്രിസ്തുമതത്തിന് എത്രമാത്രം പ്രധാന്യമാണു കല്പിച്ചതെന്നു തെളിയിക്കുവാൻ വാഷിംഗ്ടന്റെ ഉപസംഹാരപ്രസംഗത്തിലെ ഒരു ഭാഗം ധാരാളം മതിയാകും.

"നമ്മുടെ ആദ്യത്തെ പ്രസിഡന്റു പ്രസ്താവിച്ചു: 'രാഷ്ട്രീയക്ഷേമം പുലർത്തുന്നതിന് ആവശ്യകമായ സാഹചര്യങ്ങളിലും വ്യവസ്ഥകളിലുംവച്ച് അവശ്യാവശ്യം മതത്തിന്റേയും സന്മാർഗ്ഗത്തിന്റേയും പിൻതുണയാണ്. സൗഭാഗ്യലബ്ധിക്കുള്ള ഈ രണ്ടടിസ്ഥാനങ്ങളെ, പൗരന്മാർക്കും ജനങ്ങൾക്കും തങ്ങളുടെ കടമകളെ നിർവ്വഹിക്കുന്നതിനുള്ള ഏററം ശ

ക്തിമത്തായ ഈ പ്രേരണകളെ തകിടംമറിക്കുവാൻ പരിശ്ര മിക്കുന്നവൻെറ സ്വരാജ്യസ്നേഹം വെറും മിഥ്യയാണ്. മത ത്തെക്കൂടാതെ സന്മാർഗ്ഗത്തെ നിലനിറുത്താമെന്നുള്ള മിഥ്യാവാ ദത്തെ വകവെച്ചുകൊടുക്കാമെന്നിരിക്കട്ടെ. എന്നാൽ, മാന സികശിക്ഷണംകൊണ്ടു് എന്തുമാത്രം സാധിച്ചാലുംശരി, മത ശാസനങ്ങളുടെ അഭാവത്തിൽ സമുദായത്തിൻെറ സാന്മാർഗ്ഗി കത്വം സംരക്ഷിക്കുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നതി നു യുക്തിയും അനുഭവവും നമ്മെ അനുവദിക്കുന്നില്ല."


'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു' മാർക്സിയൻ പ്രഖ്യാപിച്ചു. അനുഭവം നേരേമറിച്ചായിരുന്നു. "മനുഷ്യനെ മയക്കുന്ന കറുപ്പാണു കമ്മ്യൂണിസ"മെന്നു പറയേണ്ടിവന്നു. മനുഷ്യനിൽനിന്നു മനുഷ്യത്വത്തെ എടുത്തുകളഞ്ഞു് അവനെ മൃഗതുല്യനും രാഷ്ട്രത്തിൻെറ അടിമയുമാക്കുകയും അസന്മാ ർഗ്ഗത്തേയും അനീതിയേയും അഴിച്ചുവിടുകയും ചെയ്യുന്ന മാർക്സി യൻവാദമുപേക്ഷിച്ചു സാഹോദര്യത്തിൻേറയും സ്വാതന്ത്ര്യ ത്തിൻേറയും സമത്വത്തിൻേറയും വിളനിലവും, ശാന്തിയുടേ യും സമാധാനത്തിൻേറയും മണിയറയുമായ കത്തോലിക്കസ ഭയിൽ പ്രവേശിക്കുവാൻ ലൂസ്യ തീരുമാനിച്ചെങ്കിൽ എന്താണു വിസ്മയത്തിനവകാശം.

# XII

## വണിക്പ്രഭു

'ഉദിച്ചുയരുന്ന ബാലാക്കൻ കവിയെ നോക്കി പുഞ്ചിരി തൂകും, അസ്തമിച്ചെരിയുന്ന ഭാനുബിംബം കവിയെനോക്കി കണ്ണീരൊഴുക്കും' എന്നാണു കവികൾ പറയുന്നത്. എന്തോ? നമുക്കത്ര വിശ്വാസമാകുന്നില്ല. എന്നാൽ, ഒരു കാര്യം തീർച്ചയാണ്. പ്രതാപപൂർണ്ണനായ ദിവാകരനും പാലൊളിവിതറുന്ന പനിമതിയും മിന്നിത്തിളങ്ങുന്ന താരഗണങ്ങളും വിസ്മയാവഹങ്ങളായ ജീവജാലങ്ങളും ലോകത്തോടു നിരന്തരം പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു: 'ഞങ്ങളാരും തനിയെയുണ്ടായവരല്ല. ഞങ്ങൾക്കൊരു പരമനാഥനുണ്ട്. ഞങ്ങൾ പരിമിതരാണ്. അവിടുന്ന് അപരിമിതനാണ്. അവിടുത്തെ സർവ്വജ്ഞമായ മനസ്സിനാൽ ഞങ്ങളെ നയിക്കുന്നതു നിങ്ങൾ കാണുന്നില്ലേ? നിങ്ങളുടേയും പരമനാഥനാണവിടുന്ന്. ഞങ്ങളെ നിങ്ങൾക്കുവേണ്ടി അവിടുന്നു സൃഷ്ടിക്കയും ചെയ്തിരിക്കുന്നു' എന്ന്. ലൗകായതികത്വത്തിൽ മുഴുകിയിരിക്കുന്നവന് ആ സന്ദേശപ്രഖ്യാപനം കേൾക്കുവാൻ കഴിയുന്നില്ലെന്നേയുള്ളൂ. നിരീശ്വരത്വത്തിലും അജ്ഞേയവാദത്തിലും എറെ നാൾ നട്ടം തിരിഞ്ഞു നിരാശയിലാണ്ടപ്പോൾ ആ സ്വരം കേൾക്കുവാൻ കഴിഞ്ഞ ഒരാളാണു മി. ജോൺ മൂഡി.

ചെറുപ്പത്തിൽത്തന്നെ സൂക്ഷ്മനിരീക്ഷകനും ചിന്താശീലനുമായിരുന്നു ജോൺ മൂഡി. എങ്ങനെ തൻെറ ചെറുശരീരം വളരുന്നു എന്നു കണ്ട് അവനു വിസ്മയം തോന്നി. അതിനു കാണുവാനും, കേൾക്കുവാനും കഴിയുന്നു! അപ്പൻെറ വാച്ച് അവൻ നിരീക്ഷിച്ചുകൊണ്ടിരുന്നു. അതിനു ദിവസേന ചാവി കൊടുക്കണം. എന്തൊരു വിസ്മയം. ശരീരമാകട്ടെ ചാവികൊടുക്കാതെ



ജോൺ മൂഡി

തന്നെ നിരന്തരം 'ജീവിക്കുന്നു'. പക്ഷികളും മൃഗങ്ങളും എല്ലാം വിസ്മയകരങ്ങൾതന്നെ. സൗന്ദര്യധാമങ്ങളായ ബാലികാബാലന്മാർ! അവരും തന്നെപ്പോലെ ജീവിക്കുന്നു, വളരുന്നു. ഇവരെല്ലാം എങ്ങനെയുത്ഭവിക്കുന്നു. കുറെക്കഴിഞ്ഞ് അവരെല്ലാം മരിക്കുമെന്നു പറയുന്നു. അതിൻെറ അർത്ഥമെന്ത്, കാരണമെന്ത്?

ഗഹനമായി ചിന്തിക്കുവാൻ അവൻെറ ബുദ്ധിക്കു വികാസം വന്നിട്ടില്ലായിരുന്നു. 'ശരീരത്തിൽ ആത്മാവുള്ളപ്പോഴാണു മനുഷ്യൻ ജീവിക്കുന്നതു്; കാണുകയും കേൾക്കുകയും ചിന്തിക്കുകയും ചെയ്യുന്നതു്', എന്നു ചിലർ പറഞ്ഞുകേട്ടു. 'സകലത്തേയും സൃഷ്ടിച്ച ഒരു സർവ്വശക്തനുണ്ട്, ദൈവം' എന്നു ചിലർ പറഞ്ഞു. ഠ്ഹാ! എന്നാൽ, ആ ദൈവം എത്ര ശക്തനും, ബുദ്ധിമാനുമാണ് എന്നവൻ വിസ്മയിച്ചു.

ഉയർന്ന ക്ലാസ്സുകളിലേക്കവൻ കയറി. കോളേജിലെത്തി. അവൻ 'ഒരഭ്യസ്തവിദ്യനായി.' വിസ്മയമൊക്കെ മാറിത്തുടങ്ങി. ഒരു സ്രഷ്ടാവും ദൈവവുമൊന്നുമില്ല. എല്ലാം പ്രകൃതിനിയമങ്ങളാണ്. "അജ്ഞേയവാദവും സന്ദേഹവാദവുമെന്ന നവീനനരകത്തിലേക്കു" അവൻ ചെന്നുചാടി.

നിരാശയിലെത്തിയപ്പോൾ അവൻ വീണ്ടും ചിന്തിക്കുവാൻ തുടങ്ങി. ചെറുപ്പകാലത്തെ ചിന്തകളും വിസ്മയങ്ങളും ധാരണകളുമായിരുന്നു കൂടുതൽ വിജ്ഞമെന്നു് അവൻ ഗ്രഹിച്ചു. 'ഭാനുബിംബത്തിൻെറയും പനിമതിയുടേയും ജീവജാലങ്ങളുടേയും പ്രഖ്യാപനത്തെ' അവൻ ശ്രവിച്ചു.

ലോകം പരിമിതമാകയാൽ ഒരു അപരിമിതവസ്തു ഉണ്ടായിരിക്കണം. പ്രപഞ്ചവസ്തുക്കൾ താനേ ഉണ്ടായവയല്ലാത്തതിനാൽ താനേ ഉണ്ടായ ഒരു വസ്തു കൂടിയേ കഴിയൂ. പ്രപഞ്ചത്തിൽ വിസ്മയാവഹമായ ക്രമപരിപാലന കാണുന്നതിനാൽ ഒരു ക്രമീകരണകർത്താവുണ്ടായിരിക്കണം. ഒരു മതം വേണമെന്നുള്ളിടത്തോളമായി.

ഇനിയും ഏതായിരിക്കണം ആ മതം. നിര്‍മ്മതവാദികള്‍, ഒരാള്‍ പറയുന്നതിനെതിരായിട്ട മറെറാരാള്‍ പറയും. പല വാദങ്ങള്‍തമ്മില്‍ ഒരു ഗുസ്തിപിടുത്തംതന്നെ. മതക്കാരും പലരും പലവിധത്തില്‍ പഠിപ്പിക്കുന്നു. അതിനാല്‍, അധികാരപൂര്‍വം, ഖണ്ഡിതമായി, പ്രമാദരഹിതമായി മതസത്യങ്ങളെല്ലാം പഠിപ്പിക്കുന്ന വിശ്വാസനീയമായ ഒരധികാരമുണ്ടോ എന്നാണ് അദ്ദേഹത്തിനറിയേണ്ടിയിരുന്നത്. കത്തോലിക്കാസഭമാത്രമേ അങ്ങനെയൊരവകാശവാദം നടത്തിയിരുന്നുള്ളു — തനിക്ക് അപ്രമാദിത്വമുണ്ടെന്ന്. അതിനാല്‍, സഭയുടെ അവകാശവാദത്തെ അദ്ദേഹം പരിശോധിച്ചുതുടങ്ങി. സഭാചരിത്രത്തിന്‍െറ പക്ഷങ്ങള്‍ മറിച്ചുനോക്കി. അവസാനം സഭ ഏകമാണെന്നും, സഭയുടെ സത്യങ്ങള്‍ മാററമില്ലാത്തവയാണെന്നും സഭയുടെ അധികാരം അപ്രമാദമാണെന്നും അദ്ദേഹത്തിനു ബോധപ്പെട്ടു.

"അപ്രമാദാധികാരമെന്ന പാറമേല്‍ സ്ഥാപിതമായിരുന്നില്ലെങ്കില്‍ ക്രിസ്തുമതം പണ്ടുപണ്ടേ ലോകത്തില്‍നിന്നു തിരോഭവിക്കുമായിരുന്നു എന്നു ചിന്താശക്തി അല്പമെങ്കിലും ഉള്ള ഒരുവനു ചിന്തിച്ചാല്‍ മനസ്സിലാക്കാം. മററു നിരവധി മതസമൂഹങ്ങളോടൊപ്പം പുരാതനകാലങ്ങളിലെ ഒരു ചെറിയ മതവിഭാഗമായി അതും ഇന്നെണ്ണപ്പെട്ടുമായിരുന്നു. ക്രിസ്തുവിന്‍െറ ദൈവികത്വത്തെയും തന്മൂലം അവിടുത്തെ സഭയുടെ അപ്രമാദിത്വത്തെയും നിഷേധിക്കുന്ന മതവിഭാഗങ്ങള്‍ മുളക്കുന്നതുപോലെ നശിക്കുന്നതായി ഇന്നു നാം കാണുന്നുണ്ടല്ലോ കത്തോലിക്കാസഭയുടേയും വിധി അതുതന്നെ ആകുമായിരുന്നു," എന്നു മി. മൂഡി എഴുതുന്നു.

"The Long Road Home" എന്ന ഗ്രന്ഥത്തില്‍ ജോണ്‍ മൂഡി തന്‍െറ മാനസാന്തരത്തെ ഹൃദ്യമായി വിവരിക്കുന്നുണ്ട്. 1932-ലാണ് അദ്ദേഹം കത്തോലിക്കമതം ആശ്ലേഷിച്ചത്. കത്തോലിക്കവിശ്വാസം തന്നിലുളവാക്കിയ ആനന്ദാനുഭൂതികളെ വിശദമാക്കിക്കൊണ്ടു പത്തു കൊല്ലങ്ങള്‍ക്കുശേഷം 'Fast

By the Road' എന്നൊരു ഗ്രന്ഥം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. "അനേകകൊല്ലത്തേക്കു താൻ ആണ്ടുകിടന്ന അടിമത്തത്തിൽനിന്ന്— സന്ദേഹങ്ങളുടേയും അന്ധതയുടേയും അനിശ്ചിതാവസ്ഥയുടേയും അടിമത്തത്തിൽനിന്ന്—" കത്തോലിക്കവിശ്വാസം തന്നെ സ്വതന്ത്രനാക്കി എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മി. മൂഡി ഉത്തമമായ ഒരു കാത്തലിക്കജീവിതം നയിക്കുന്നു. അനുദിനം ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനും ദിവ്യവിരുന്നിൽ പങ്കുകൊള്ളുന്നതിനും അദ്ദേഹം മുടക്കം വരുത്താറില്ല. ദീർഘനാളത്തേക്ക് അദ്ദേഹം ന്യൂയോർക്കിലെ 'കാത്തലിക്ക് കോൺവർട്ട ലീഗി"ന്റെ പ്രസിഡന്റായിരുന്നു. അദ്ദേഹത്തിന്റെ മാനസാന്തരത്തിനുശേഷം എട്ടു വർഷമായപ്പോൾ ഭാര്യയും സഭയിൽ പ്രവേശിച്ചു.

ലോകപ്രസിദ്ധനായ ഒരു ധനതത്വശാസ്ത്രജ്ഞനും വണിഗ്വരനുമാണു മി. ജോൺ മൂഡി. ന്യൂയോർക്കിലും ലണ്ടനിലും ചിക്കാഗോയിലും ബോസ്റ്റണിലും ഫിലാഡെൽഫിയായിലും ലോസ് ആൻജലസിലും ശാഖകളുള്ള "മൂഡീസ് ഇൻവെസ്റ്റ്മെൻറ് സർവീസിന്റെ" സ്ഥാപകനും പ്രസിഡന്റും ഡയറക്ടറും ജോൺമൂഡിയാണ്. പ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ കൂടിയാണദ്ദേഹം.

# XIII

## ഓക്സ്ഫോർഡ് പണ്ഡിതൻ

കത്തോലിക്കാസഭ ശാസ്ത്രത്തിനെതിരാണെന്നാണ് പൊല്ലും ഒരുകൂട്ടരുടെ ആക്ഷേപം. എന്നാൽ, അച്ചടിയന്ത്രം കണ്ടുപിടിച്ച ജോൺ ഗട്ടൻബെർഗ്, റേഡിയോയുടെ ഉപജ്ഞാതാവായ മർക്കോണി, കുത്തിവയ്പുസമ്പ്രദായം നടപ്പിലാക്കിയ ലൂയി പാസ്റ്റർ, ശാസ്ത്രലോകത്തിൽ സ്ഥിരപ്രതിഷ്ഠരായ ആംപിയർ, വോൾട്ടാ, മാഡംക്യൂരിയേ, കോപർണിക്കസ്, ലപ്പാച്ച്, ഫ്റെസ്നെൽ, ഗ്രിമാൾഡി, ഫബ്രീഷിയസ്, മരിയോട്ടി, പാസ്കൽ, കൊളോണാ, കർണോയി തുടങ്ങിയുള്ളവർ കത്തോലിക്കാസഭയുടെ വിശിഷ്ടസന്താനങ്ങളാണെന്ന് അവർ അനുസ്മരിക്കുന്നില്ല. സാക്ഷരതത്വത്തിന്റേയും ശാസ്ത്രത്തിന്റേയും കലയുടേയും മതത്തിന്റേയും പുരോഗതിക്കായി പ്രോട്ടസ്റ്റൻറുമതവിപ്ലവത്തിനു മുമ്പു 90- ലധികം സർവ്വകലാശാലകൾ അവളുടെ മേൽനോട്ടത്തിൽ നടത്തിയിരുന്നെന്നും കേംബ്രിഡ്ജ്, ഓക്സ്ഫോർഡ് മുതലായ കലാലയങ്ങൾ പ്രോട്ടസ്റ്റൻറധികാരികൾ സഭയുടെ പക്കൽനിന്നും തട്ടിയെടുത്തതാണെന്നും പ്രോട്ടസ്റ്റൻറുവിപ്ലവത്തിനുശേഷം 115-ലധികം യൂണിവേഴ്സിററികൾ കൂടി അവൾ സ്ഥാപിച്ചിട്ടുണ്ടെന്നുമുള്ള വസ്തുത അവർ മറക്കുകയോ മറയ്ക്കുകയോ ചെയ്യുന്നു.

സഭയുടെ രണ്ടായിരം കൊല്ലത്തെ ചരിത്രത്തിനിടയ്ക്ക്, വകഞ്ഞുകെട്ടിയ ഒരു ഗലീലിയോക്കഥമാത്രമേ അവർ ശാസ്ത്രത്തിന്റെ ശത്രുവാണെന്നു "സ്ഥാപിക്കുവാൻ" സഭയുടെ ശത്രുക്കൾക്കു കണ്ടുകിട്ടുന്നുള്ളു എന്ന സംഗതിയിൽനിന്നു ചിന്താശീലന്മാർ അനുമാനിക്കേണ്ടതു സഭ ശാസ്ത്രത്തിനെതിരല്ലെന്നാണ്. ഗലീലിയോക്കഥതന്നെ യുക്തിവാദിയായ ഒരു ശാസ്ത്ര

ജ്ഞനെ– പ്രൊഫസർ ഷെർവുഡ് ടെയിലർ എം. എ., ബി. എസ് സി., പി എച്ച്. ഡി. യെ– കത്തോലിക്കസഭയിലേക്ക് ആനയിച്ചു എന്നതു വിസ്മയകരമല്ലേ? ഗലീലിയോക്കേസിൻെറ യഥാർത്ഥവിവരണം നല്കുന്നതു കത്തോലിക്കരാണെന്നു കണ്ടപ്പോൾ സഭയുടെ പേരിൽ അദ്ദേഹത്തിനു വലിയ മതിപ്പുതോന്നി. സഭയുടെ പ്രബോധനങ്ങളെ വിശകലനം ചെയ്തുനോക്കുവാനും അവസാനം അവർക്കു കീഴടങ്ങുവാനും അതു കാരണമാക്കി.

പ്രൊഫസ്സർ ടെയിലർ ഓക്സ്ഫോർഡ് മ്യൂസിയത്തിലെ ശാസ്ത്രചരിത്രവിഭാഗത്തിൻെറ ക്യൂറേററാണ്. ഇംഗ്ലണ്ടിലെ "Month" എന്ന പണ്ഡിതമാസികയുടെ 1944 മാർച്ച്–ഏപ്രിൽ ലക്കത്തിൽ അദ്ദേഹം തൻെറ മാനസാന്തരത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു:

ഞാൻ ഈ രാജ്യം സന്ദർശിച്ചതു് ഏഴുകൊല്ലം മുമ്പാണ്. "ഗലീലിയോയും ചിന്താസ്വാതന്ത്ര്യവും" എന്ന വിഷയത്തെ അധികരിച്ചു യുക്തിവാദി പ്രസിദ്ധീകരണസംഘത്തോടു (Rationalist Press Association) ഒരു പ്രസംഗം ചെയ്യുവാൻ ഞാൻ ഗ്ലാസ്ഗോയിലേക്കു യാത്രചെയ്ത അവസരത്തിലായിരുന്നു അതു്. ഗലീലിയോ പ്രശ്നത്തിൽ ഞാൻ ഒരു വിദഗ്ധനായിരുന്നില്ലെങ്കിലും ആ വിഷയം ഞാൻ തെരഞ്ഞെടുക്കുവാനിടയായി. തത്സംബന്ധമായി കൂടുതൽ പഠിക്കുകയും മൂലരേഖകൾ പരിശോധിക്കുകയും ചെയ്തപ്പോൾ എനിക്കു വിസ്മയമാണുണ്ടായതു്. പ്രോട്ടസ്റ്റൻറുകാരും യുക്തിവാദികളും ആ വിഷയത്തെക്കുറിച്ചു നല്കുന്ന വിവരങ്ങൾ അധികവും മന:പൂർവ്വമെന്നു വിചാരിക്കേണ്ട അവാസ്തവപ്രസ്താവനകൾകൊണ്ടു നിറഞ്ഞതാണെന്നും നേരേമറിച്ചു, കത്തോലിക്കർ നല്കുന്ന വിവരങ്ങൾ പൂർണ്ണമായി പക്ഷപാതരഹിതമായിരുന്നില്ലെങ്കിലും മററുള്ളവയെക്കാൾ വളരെയധികം യഥാർത്ഥമാണെന്നും എനിക്കു മനസ്സിലായി. പ്രസ്തുത പ്രശ്നത്തെപ്പററിപഠിച്ചപ്പോൾ ഗ

ക്സ്ലിക്കെന്നതുപോലെ (കഴിഞ്ഞ നൂററാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഒരു അവിശ്വാസിയായ 'ശാസ്ത്രജ്ഞൻ) "മാപ്പാപ്പായ്ക്കും കർദ്ദിനാളന്മാർക്കുമാണ് ആകെക്കൂടിപ്പറഞ്ഞാൽ നീതീകരണത്തിന് അർഹതയുള്ളത്" എന്ന് എനിക്കും തോന്നി. പ്രസ്തുത വിഷയത്തിൽ എനിക്ക് അതിയായ താൽപര്യമുണ്ടായതിനാൽ അതെപ്പററി ഞാൻ ഒരു ഗ്രന്ഥംതന്നെ എഴുതി. ഒരു കത്തോലിക്കനെന്ന നിലയിൽ വളരെ നിസ്സാരമായ സംഗതികളിൽമാത്രമേ ആ ഗ്രന്ഥത്തിൽ അല്പമെങ്കിലും ഭേദഗതി വരുത്തേണ്ടതായി ഞാൻ ഇപ്പോഴും കാണുന്നുള്ളൂ. യുക്തിവാദിപ്രസിദ്ധീകരണസംഘത്തിൽനിന്ന് അതു പ്രസിദ്ധീകരിക്കുവാൻ നീതിബോധം അവരെ പ്രേരിപ്പിച്ചെങ്കിലും അതിൻെറ ഉള്ളടക്കം അവരുടെ പ്രതീക്ഷക്കനുസരിച്ചതോ അവരുടെ രുചിക്കു യോജിച്ചതോ ആയിരുന്നില്ല. എന്നാൽ, ഹക്സ്ലിയെപ്പോലെ ഞാൻ എൻെറ പഴയ അഭിപ്രായം മുറുകെപ്പിടിച്ചില്ല. എന്തുകൊണ്ടെന്നാൽ, സഭയുടെ പ്രവർത്തനത്തേയും പ്രബോധനങ്ങളേയും കുറിച്ചു ലഭിച്ച അല്പമായ ഈ സൂക്ഷ്മജ്ഞാനം ക്രമേണ പുരോഗമിച്ചുകൊണ്ടിരുന്നു. അതിൻെറ ഫലമായി ഏഴുകൊല്ലങ്ങൾക്കുശേഷം സഭയിൽ പ്രവേശിക്കുവാൻ ഞാൻ പ്രേരിതനാകുകയും ചെയ്തു."

വിനാശകരമായ ഭൗതികവാദം കൈവെടിയണമെന്നു ടെയിലർ ലോകത്തോടുപദേശിക്കുന്നു. സാമുദായികസമുദ്ധാരണത്തിന് ഇറങ്ങിപ്പുറപ്പെടുന്നവൻ മനുഷ്യൻെറ ആദ്ധ്യാത്മികസ്വഭാവത്തെ നിഷേധിക്കുന്നെങ്കിൽ അതു 'ഇരിക്കുന്ന കൊമ്പു വെട്ടുന്നതിനു' സമമായിരിക്കും. കമ്മ്യൂണിസത്തിൻെറയും ഭൗതികവാദത്തെ അടിസ്ഥാനമാക്കിയുള്ള ഇതരനവീകരണപദ്ധതികളുടേയും തകരാറ് ഇവിടെയാണ്. വ്യക്തി ഒരു ദ്രവ്യസഞ്ചയം മാത്രമാണെങ്കിൽ, ഒരു മണ്ണാംകട്ടയാണെങ്കിൽ അവന് എങ്ങനെയാണ് ഒരു മണ്ണാംകട്ടയ്ക്കുള്ളതിൽ കൂടുതൽ അവകാശങ്ങളുണ്ടായിരിക്കുക? ഒരു ആനയ്ക്കു കഴിയുന്നതിൻെറ

നൂറിലൊന്നു ജോലിമാത്രം ചെയ്യുവാൻ കഴിയുന്ന ഒരു മനുഷ്യന്നു കമ്മ്യൂണിസ്റ്റുരാഷ്ട്രത്തിൽ ആ മൃഗരാക്ഷസനുള്ളതിന്റെ നൂറിലൊന്നവകാശംമാത്രമേ ലഭിക്കയുള്ളുവെങ്കിൽ തെല്ലും വിസ്മയിക്കാനില്ല. മനുഷ്യനെ മൃഗതുല്യനും യന്ത്രസമാനനും ആക്കുന്നതിന്റെ അവശ്യഫലമാണതു്. ഭൗതികജീവിതതത്വത്തേയും ആദ്ധ്യാത്മികജീവിതതത്വത്തേയും താരതമ്യപ്പെടുത്തിക്കൊണ്ടു ഡോ. ടെയിലർ രണ്ടുകൊല്ലംമുമ്പു രചിച്ച ഒരുകൃതിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ചുരുക്കത്തിൽ വ്യക്തിഗതമായ ജീവിതത്തിലോ സാമുദായികജീവിതത്തിലോ ഭൗതികവാദംകൊണ്ടു യാതൊരു പ്രയോജനവുമില്ല. ശാസ്ത്രംകൊണ്ടു പ്രയോജനമുണ്ടു്; ശാസ്ത്രം മനുഷ്യനു നന്മ ചെയ്തിട്ടുണ്ടു്; മനുഷ്യന്റെ ഉത്തരവാദിത്വത്തെശാസ്ത്രം വളരെയധികം വർദ്ധിപ്പിക്കയും ചെയ്തിരിക്കുന്നു. എന്നാൽ, ശാസ്ത്രത്തിൽനിന്നു ഭൗതികവാദം യുക്തിയുക്തമാണെന്നു തെളിയുന്നില്ല. ശാസ്ത്രത്തിന്റെ പുരോഗതിക്കു് ഭൗതികവാദം ഒട്ടാവശ്യകവുമല്ല. വല്ല ദുർഭഗന്മാരും നേരേ വിപരീതമായി വിശ്വസിച്ചേക്കാം. പക്ഷേ, അവരുടെ വിശ്വാസം വ്യർത്ഥമാണെന്നുമാത്രം. വ്യക്തിപരമോ സാമുദായികമോ ആയ ജീവിതത്തിൽ മാനുഷികപ്രവർത്തനങ്ങൾക്കു ഭൗതികവാദം മാർഗ്ഗദർശനം നല്കുകയോ മനുഷ്യനെ പ്രബുദ്ധനാക്കുകയോ ചെയ്യുന്നില്ല; ജീവിതസുഖത്തെക്കാൾ ഉൽകൃഷ്ടമായ ഒരാദർശം അതു മനുഷ്യർക്കു പ്രദാനം ചെയ്യുന്നുമില്ല. മനഃസക്ഷിക്കടിക്കുടാതെ വഞ്ചനയും കളവും കൊലപാതകവും നടത്തുന്നതിനു മനുഷ്യനെ ശക്തനാക്കുന്നു എന്നതുമാത്രമാണു ഭൗതികവാദത്തിന്റെ മെച്ചം. . . .

"കത്തോലിക്കസഭയുടെ തത്വസംഹിതയാകട്ടെ, പരിപൂർണ്ണമായ ഒരു ജീവിതമാർഗ്ഗം നമുക്കു കാണിച്ചുതരുന്നു." (Two Ways of Life, p. 109)

# XIV

# നോബൽപ്രൈസ് നേടിയ നോവലെഴുത്തുകാരി

---

ടോൾസ്റ്റോയി, ഡിക്കൻസ്, ഡോറേറാവിസ്കി മുതലായവരോടൊപ്പം എണ്ണപ്പെടുന്ന സിഗ്രിഡ് അൺസെററ് (Sigrid Undset) നോർവേയുടെ അഭിമാനസ്തംഭമാണ്. ധർമ്മോപദേശത്തിൽ ജോർജ് ഇലിയട്ടിനോടും ചരിത്രവർണ്ണനയിൽ സ്കോട്ടിനോടും അവൾ കിടനില്ക്കും. നോബൽസമ്മാനമായി ലഭിച്ച 8000 പവനും സാധുജനസംരക്ഷണത്തിനുവേണ്ടി, പ്രത്യേകിച്ച ദാരിദ്ര്യംനിമിത്തം ശിഥിലമാകാറായിരുന്ന കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി അവൾ വിനിയോഗിച്ചു. "ക്രിസ്റ്റ്യൻ കൾച്ചർ അവാർഡ് മെഡൽ'' നല്കി അമേരിക്കർ അവളുടെ സേവനങ്ങളെക്കുറിച്ച തങ്ങൾക്കുള്ള ആദരം പ്രകടിപ്പിച്ചിട്ടുണ്ട്. 1947-ൽ നോർവേയുടെ രാജാവായ ഹാക്കൺ ഏഴാമൻ "ഗ്രാൻഡ് ക്രോസ് ഓഫ് ദി ഓർഡർ ഓഫ് സെൻറു് ഒളോഫ്" എന്ന കീർത്തിമുദ്ര നല്കി സിഗ്രിഡിനെ ബഹുമാനിച്ചു. രാജവംശത്തിൽപ്പെട്ടവർക്കു മാത്രമേ ഈ ബഹുമതി നല്കിയിരുന്നുള്ളു എന്നതും പ്രസ്താവയോഗ്യമാണ്.

സിഗ്രിഡിൻെറ പിതാവു നോർവേയിലെ പ്രശസ്തനായ ഒരു ശാസ്ത്രജ്ഞനായിരുന്നു; മാതാവു് ഒരു ഡാനിഷ് വനിതയും. സ്വരാജ്യസ്നേഹം സിഗ്രിഡിൽ ദൃഢമൂലമാക്കുന്നതിന് അവളുടെ പിതാവു വളരെ ശ്രദ്ധാലുവായിരുന്നു. പുരാതനവസ്തുഗവേഷണത്തിനായി രാജ്യത്തിൻെറ നാനാഭാഗങ്ങളിലും നട



സിഗ്രിഡ് അൺസെറ്റ്

ത്താറുണ്ടായിരുന്ന യാത്രകളിൽ പിതാവിനെ അനുഗമിക്കുക സിഗ്രിഡിൻെറ ഒരു പതിവായിരുന്നു. മാതാവ് ഇതിന് അനുവദിച്ചുവെന്നുമാത്രമല്ല, അവളെ നിരന്തരമായി പ്രോത്സാഹിപ്പിക്കുകൂടി ചെയ്തു. എന്നാൽ, ഈ യാത്രകൾ അധികകാലത്തേക്കു നീണ്ടുനിന്നില്ല. അവൾക്കു പതിനൊന്നു വയസ്സുമാത്രം പ്രായമായിരിക്കയിൽ പിതാവ് ഇഹലോകവാസം വെടിഞ്ഞു. ഈ ദാരുണസംഭവം അവളുടെ ജീവിതഗതിയെ സാരമായി ബാധിക്കാതിരുന്നില്ല. വിധവയായിത്തീർന്ന മാതാവിനേയും ഇളയ രണ്ടു സഹോദരിമാരേയും സഹായിക്കുകയാണു തൻെറ കത്തവ്യമെന്ന് അവൾ മനസ്സിലാക്കി. അതിനാൽ പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞപ്പോൾ അവൾ ഒരു വ്യാവസായികവിദ്യാലയത്തിൽ ചേർന്നു.

ജീവിതത്തെപ്പററി അവൾ കൂടുതൽ കണ്ടും കേട്ടും തുടങ്ങി. എവിടേയും ഒരു നവീനത്വം. "തന്നത്താൻ ചിന്തിക്കുക"— ഇതായിരുന്നു അദ്ധ്യാപകന്മാരിൽനിന്നും അവൾ ആവത്തിച്ചു കേട്ടിരുന്ന മുദ്രാവാക്യം. എന്നാൽ, അവളുടെ സ്വതന്ത്രചിന്ത അദ്ധ്യാപകന്മാർ അനുഗ്രഹിക്കാത്ത മാർഗ്ഗത്തിലൂടെ അവളെ നയിക്കുന്നതായി കണ്ടപ്പോൾ അവരുടെ മട്ടുമാറി. അവരുടെ അതൃപ്തിക്കും അതുപോലെതന്നെ വിസ്മയത്തിനും അവൾ കാരണമായി. അജ്ഞരും വഞ്ചകരുമായ ആളുകളുടെ പ്രേരണാശക്തിയിൽനിന്നുമുളവായ ധിക്കാരവും മത്സരബുദ്ധിയും മാത്രമേ അവളുടെ ജീവിതരീതികളിൽ അവർ ദശിച്ചുള്ളു. "പുരോഗമനം, പരിഷ്കാരം, സ്വാതന്ത്ര്യം"— സുന്ദരാദർശങ്ങൾ! ഇവയായിരുന്നു ആ സ്കൂളിൻെറ ആരാധനാവിഷയങ്ങൾ. 'ലിബറൽ' മനഃസ്ഥിതിക്കേ അവിടെ പ്രവേശനം കിട്ടിയിരുന്നുള്ളു. പക്ഷേ, അഭിപ്രായസ്വാതന്ത്ര്യം അംഗീകരിക്കുന്ന കാര്യത്തിൽ വാസ്തവത്തിൽ ഏററം അസഹിഷ്ണുക്കൾ 'ലിബറൽ' എന്നും പുരോഗമനവാദികൾ എന്നും മററും പറഞ്ഞു സ്വയം അഭിമാനിക്കുന്നവരാണെന്നു സ്കൂളിലെ അനുഭവങ്ങളിൽനിന്ന് അ

വർക്ക സ്പഷ്ടമായിരുന്നു.

മറുവശത്തു വേറൊന്ന് അവർക്ക കാണാറായി — യാഥാസ്ഥിതികമനഃസ്ഥിതി. അതിൻെറ ഗതി മറെറാന്നായിരുന്നു. പേരിനമാത്രം ഒരു മതം, വിഷമമില്ലാത്ത ചില മതാനുഷ്ഠാനങ്ങൾ— ഇവയൊക്കെ അവർക്ക നിർബന്ധമായിരുന്നു. ഈ ആശയഗതിയെപ്പററി അവർ ആദ്യമായി ഗ്രഹിച്ചതു തനിക്ക സ്ഥൈര്യലേപനം നല്കിയ വൈദികനിൽനിന്നാണ്. അഭ്യസിക്കുന്നതിന വലിയ വിഷമമില്ലാത്ത ചില പുണ്യങ്ങളെക്കവിഞ്ഞു യാതൊന്നും ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്നില്ല എന്ന ബോധമാണ് അദ്ദേഹം പ്രകടിപ്പിച്ചതു്. ആറാം പ്രമാണത്തെസ്സംബന്ധിച്ച് അദ്ദേഹം നല്കിയ പ്രബോധനങ്ങൾ അവർക്ക തീരെ അതൃപ്തിജനകമായിരുന്നു. കന്യാത്വത്തിന് എന്തെങ്കിലും വിലയോ മഹനീയതയോ കല്പിക്കുന്നതിന് അദ്ദേഹത്തിന കഴിഞ്ഞില്ല. ഇതേപ്പററി ലൂതറിനുണ്ടായിരുന്ന അഭിപ്രായവും അവർ വായിക്കുവാനിടയായി. തൽഫലമായി ലൂതറൻ അഭിപ്രായത്തോട് അവർക്ക കഠിനമായ അവജ്ഞയും പ്രതിഷേധവുമാണ് എന്നുമുണ്ടായിരുന്നതു്.

സ്ഥിരീകരണത്തിനുമുമ്പുള്ള പ്രസ്തുത പ്രബോധനങ്ങളിൽ സ്വന്തമായ രീതിയിലുള്ള ഒരു ക്രിസ്തുമതത്തെയാണ് അവളുടെ വികാരി എടുത്തുകാണിച്ചതു്. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾക്ക് അവർ വലിയ പ്രാമാണികത്വമൊന്നും കല്പിച്ചില്ല. ചെറുപ്പത്തിൽ അവർ വളർത്തപ്പെട്ടിരുന്ന മതവിഭാഗത്തിൻെറതിന് എതിരാണ് ഇപ്പോഴത്തേ അവളുടെ വിശ്വാസം എന്നു സ്പഷ്ടമാക്കുന്നതിനുമാത്രം അതുപകരിച്ചു. താൻ അവലംബിച്ചിരുന്ന പ്രോട്ടസ്ലൻറുവിഭാഗത്തിൽപ്പെട്ട ഓരോ വ്യക്തിക്കും ക്രിസ്തുമതത്തെപ്പററി ഓരോ അഭിപ്രായമാണുള്ളതെന്ന് അവർ ദർശിച്ചു.

സ്കൂളിലെ മതബോധനക്ലാസ്സുകളിൽ ദൈവത്തെപ്പററിയും ചിലതൊക്കെ പഠിപ്പിച്ചിരുന്നു. അവിടേയും ഒരു നൂതനത്വം.

മാനുഷികനായ ഒരു ദൈവം! എന്തും ചെയ്യുവാൻ അംഗീകരണം നല്കുന്ന ഒരു ദൈവം! അവിടുത്തേക്കു മാനുഷികമായ സകല ഗുണങ്ങളുമുണ്ട്. എന്നാൽ, ഭാവനാതീതമായ യാതൊരു ശ്രേഷ്ഠതയും അവിടുത്തേക്ക് അവർ നല്കിയില്ല. അവിടുന്നു ബുദ്ധിമാനാണ്, എന്നാൽ അവിടുത്തെ ബുദ്ധി മാനുഷികമാണെന്നുമാത്രം.

മനുഷ്യരുടെ ആശയങ്ങൾക്കും ആദർശങ്ങൾക്കും കീഴ്വഴങ്ങുന്ന—മനുഷ്യരുടെ അനുഗ്രഹങ്ങൾക്കൊത്തു പ്രവർത്തിക്കുന്ന—ഒരു ദൈവത്തിൻെറ ആവശ്യമേ അവർ കണ്ടില്ല. പരിപൂർണ്ണനായ ഒരു ദൈവത്തെ— തൻെറ പ്രമാണങ്ങളാൽ നമ്മെ നയിക്കുകയും തൻെറ നന്മയുടെ ആധിക്യത്താൽ തന്നിലേക്കു നമ്മെ ആകർഷിക്കുകയും ചെയ്യുന്ന ഒരു ദൈവത്തെ— വിഭാവനചെയ്യുന്നതിനുപോലും തനിക്ക് അനു കഴിഞ്ഞില്ലെന്ന് അവർ പ്രസ്താവിക്കുന്നുണ്ട്. 'സ്വതന്ത്രചിന്താഭ്രമ'ത്തിൽ വളരുന്ന മററനേകം യുവാക്കളെപ്പോലെ മതവിശ്വാസം ഒരുത്തൻെറ സ്വന്തം കാര്യമാണ്, അഭിരുചിയനുസരിച്ചു ശരിപ്പെടുത്തേണ്ട ഒരു കാര്യമാണ് എന്നായിരുന്നു അവളുടേയും അഭിപ്രായം. തന്മൂലം സ്വന്തമായ രീതിയിൽ ഒരു വിശ്വാസം അവളും പുലർത്തിവന്നു.

പതിനാറാമത്തേ വയസ്സിൽ അൺസെററു് വ്യാവസായികകോളേജിലേ പരിശീലനം പൂർത്തിയാക്കി. അധികം താമസിയാതെതന്നെ അവർ ഒരു ക്ലാക്കിൻെറ ജോലി സ്വീകരിച്ചു. ആ ജോലി അവർക്കു തീരെ ഇഷ്ടപ്പെട്ടില്ല. എങ്കിലും കുടുംബത്തോടുള്ള കടപ്പാടുനിമിത്തം പത്തു കൊല്ലത്തേക്ക് ആ ഉദ്യോഗത്തിൽ അവർ തുടർന്നു. ഇക്കാലത്തു ലഭിച്ച പരിചയത്തിൽനിന്നും അവിടത്തെ യുവതികളുടെ ജീവിതരീതിയും നിലയും ഒട്ടും ആശാസ്യമല്ലെന്ന് അവർ മനസ്സിലാക്കി. ഇതുതന്നെയാണ് അവളുടെ ആദ്യകൃതികളിലേ പ്രതിപാദ്യവിഷയവും.

ഈശ്വരവിശ്വാസത്തെ മാററിനിറുത്തിക്കൊണ്ടുപോലുമാണു ചില നൂതനമതങ്ങൾ നിർമ്മിതമായിരിക്കുന്നതെന്നു് അവർ മനസ്സിലാക്കി. ഇവ പുരാതനമതങ്ങളെക്കാൾ യാതൊരുവിധത്തിലും ശാസ്ത്രീയമേ അല്ല. പോരെങ്കിൽ, അവ മിക്കവാറും അഭിരുചിയേയും ശാസ്ത്രസങ്കല്പങ്ങളേയും ആധാരമാക്കിയാണു നിർമ്മിക്കപ്പെട്ടിരുന്നതു്. ഇവ ഓരോന്നും തൽകർത്താക്കളുടെ ഭോഷത്തങ്ങളുടെ ഒരു പ്രകടനമായി അവർക്കു തോന്നി. അതിനാൽ ഓരോന്നോരോന്നായി ഇവയെല്ലാം അവർ പാടേ പരിത്യജിച്ചു. എന്നാൽ, സ്വന്തം അഭിപ്രായങ്ങൾക്കും ഇതേ ന്യൂനത ഉണ്ടെന്ന വാസ്തവം താമസിയാതെ അവളുടെ മനസ്സിൽ കടന്നുകൂടി. എന്തിന്? അവസാനം ഈശ്വരവിശ്വാസംതന്നെ അവളിൽ ഇല്ലാതായി. എന്നാൽ, അതിലുമധികമായി സ്വന്തം അവിശ്വാസത്തിന്റെ വിശ്വാസ്യതയെത്തന്നേയും അവർ സംശയിച്ചു.

1919-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു കൃതിയിൽ അബൻസെററു് തന്നിൽ നടമാടിക്കൊണ്ടിരുന്ന ആധ്യാത്മികസമരങ്ങളേയും അനുഭവപ്പെട്ടിരുന്ന ആത്മീയാന്ധകാരത്തേയും വിശദമാക്കി. ഈ അസ്വാസ്ഥതയിൽനിന്നു വിമുക്തയാകുന്നതിനുമുമ്പ് ആറുകൊല്ലംകൂടി അതിൽ കിടന്നുഴലേണ്ടിയിരുന്നു. സത്യം അറിയാതിരിക്കുക പരമമായ അന്ധതയാണെന്നും സ്രഷ്ടാവിൽനിന്നും വിമുക്തയാകുന്നതിനുള്ള ശ്രമം സൃഷ്ടിയുടെ അടിമത്തത്തിലേക്കുള്ള പന്ഥാവാണെന്നും സ്വാനുഭവത്തിൽനിന്നുതന്നെ അവർ ഗ്രഹിച്ചു.

പുരാതനവും ചരിത്രപരവുമായ ക്രിസ്തുമതം അപ്രായോഗികമായി പലതും ഉപേക്ഷിച്ചുകളഞ്ഞിരിക്കുന്നതായി അവർ ദർശിച്ചു. മനുഷ്യനും അതേസമയം ദൈവവുമായ ക്രിസ്തുവിലുള്ള വിശ്വാസവും അവർ പരിത്യജിച്ചിരുന്നു. ആധ്യാത്മികാനുഭൂതിയുള്ള ഒരു സാധാരണപുരുഷനായോ മതബോധകനായോ മാത്രം അവിടുന്നു് ആരാധിക്കപ്പെട്ടിരുന്നു. ആവിഷ്കൃതസത്യ

ങ്ങൾ— ദൈവം മനുഷ്യർക്ക വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ള സത്യങ്ങൾ— അക്കൂട്ടർക്ക സ്വീകാൎയ്യമായിരുന്നില്ല.

എന്നാൽ, മററാരാളുടെ അനുഭൂതിയിൽ അൺസ്സെററിനു വിശ്വാസമില്ലായിരുന്നു. "നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ, എന്തുകൊണ്ടെന്നാൽ ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകുന്നു," എന്നു ക്രിസ്തു പഠിപ്പിക്കുന്നു. ഒരസാധാരണ പുരുഷൻ എന്നതിൽക്കൂടുതലായ സ്ഥാനമൊന്നും അവിടുത്തേക്കില്ലായിരുന്നുവെങ്കിൽ ശത്രുക്കൾക്കെതിരായി അവിടുന്ന് ഉപയോഗിച്ച വാക്കുകൾ ഈ ഉൽബോധനത്തിനു വിരുദ്ധമെന്നു മാത്രമല്ല ഉദ്ധതവുമാണ്. വീണ്ടും, "നിങ്ങളിൽ ആർക്ക് എന്നിൽ കുററം ആരോപിക്കുവാൻ കഴിയും" എന്ന് അവിടുന്നു ശത്രുക്കളെ വെല്ലുവിളിക്കുന്നു. അതിനാൽ പാപമെന്തെന്നോ അതിൻെറ നികൃഷ്ടതയോ അതിൽനിന്നുത്ഭവിക്കുന്ന അസമാധനമോ എന്തെന്നോ അവർ പറയുന്നതുപോലെ അനുഭവത്തെ അസ്സദമാക്കി പഠിപ്പിക്കുവാൻ അവിടുത്തേക്കു സാധിക്കുകയില്ലായിരുന്നു. ഇങ്ങനെയുള്ള ഒരു യഹൂദയുവാവു പത്തൊൻപതു നൂററാണ്ടുകൾക്കുമുമ്പു സ്വജനങ്ങളുടെയിടയിൽ അവരുടെ പാപങ്ങൾ വിമോചിക്കപ്പെട്ടിരിക്കുന്നുവെന്നു പ്രസംഗിച്ചുനടന്നെങ്കിൽ 'എനിക്കെന്തുകാൎയ്യം'— ഇതായിരുന്നു ക്രിസ്തുവിൻെറ അനുഭൂതിയെപ്പററി പ്രസംഗിക്കുന്നവരോട് അവളുടെ മനോഭാവം.

ക്രിസ്തു സ്രഷ്ടാവും ദൈവവുമാകയാൽ സകലരുടെയും പാപങ്ങൾ മോചിക്കുന്നതിന് അവിടുന്നു ശക്തനാണെന്നത്രേ ചരിത്രകാലങ്ങളിൽ ക്രിസ്തുമതം പഠിപ്പിച്ചിട്ടുള്ളത് എന്നവൾ ഗ്രഹിച്ചു. ക്രിസ്തുവിനെ കേവലം ഒരു ചരിത്രപുരുഷനാക്കുന്നതിനായിരുന്നു റെനാൻെറയും കൂട്ടരുടെയും പരിശ്രമം. അവരുടെ ഗ്രന്ഥങ്ങളിൽനിന്ന് ഒരു സംഗതി അൺസെററു നിഗമനം ചെയ്തു— ക്രിസ്തു അമാനുഷികമായ അവകാശങ്ങൾ തനിക്കുണ്ടെന്നു പഠിപ്പിച്ചിരുന്നില്ലെങ്കിൽ അവിടുത്തേക്ക് അ

പ്പസ്തോലന്മാരെ അവർ ജീവിതത്തിലും മരണത്തിലും പ്രദർശിപ്പിച്ച അസാധാരണ ധീരതയ്ക്കു പ്രേരിപ്പിക്കുക സാധ്യമായിരുന്നില്ല.

ക്രിസ്തുവിൻെറ സഭ കത്തോലിക്കസഭയാണെന്നു സ്വഗ്രിഡിന്നു ബോധപ്പെട്ടിരുന്നു. എന്നാൽ, ക്രിസ്തുവിന് ഒരു സഭ സ്ഥാപിക്കുവാനുള്ള അധികാരമുണ്ടായിരുന്നുവോ, അവിടുന്നു ദൈവമായിരുന്നുവോ എന്നവൾ സംശയിച്ചു. "കത്തോലിക്കസഭ ക്രിസ്തു സ്ഥാപിച്ച സഭ തന്നെയാണെന്ന് എപ്പോഴും ഞാൻ വിശ്വസിച്ചിരുന്നു. എന്നാൽ, ക്രിസ്തുവിൻെറ അധികാരത്തെപ്പററിയുള്ള പ്രശ്നമാണ് എന്നെ അലട്ടിയിരുന്നതു്. നവീകരണപ്രസ്ഥാനം ക്രിസ്തുമതത്തിനെതിരായി നടത്തപ്പെട്ട ഒരു വിപ്ലവം- ചില വിശ്വാസികളാൽത്തന്നെ നടത്തപ്പെട്ടതെങ്കിലും— ആയിട്ടേ ഞാൻ ഗ്രഹിച്ചുള്ളൂ" എന്നവൾ രേഖപ്പെടുത്തുന്നു.

സുകൃതത്തിൻെറയും വിജ്ഞാനത്തിൻെറയും അഭാവത്തെ പരിഹരിക്കുന്നതിനുള്ള ബലഹീനത മനുഷ്യർക്കു സഹജമാണ്. അതിനാൽ, ഒരുവന് ഏതെല്ലാം വ്യക്തിമാഹാത്മ്യങ്ങളും യോഗ്യതകളും ഉണ്ടെങ്കിലുംശരി അവൻ മററുള്ളവരെ നയിക്കുന്നെങ്കിൽ അതു് അപകടത്തിലേക്കായിരിക്കും. മററുള്ളവരെ നയിക്കുന്നതിനുമുമ്പായി അയാൾ സ്വയം ഈ അധഃപതനത്തിൽനിന്നു് ഉയരേണ്ടിയിരിക്കുന്നു. സകല മനുഷ്യരുടേയുംമേൽ കർത്തൃത്വമുള്ള ഒരാളോടു് അവനു് ഉത്തരവാദിത്തബോധമില്ലെങ്കിൽ അവൻെറ നായകത്വംവഴി അവൻ അറിഞ്ഞോ അറിയാതെയോ തൻെറ അനുയായികൾക്കു് ഒരുപദ്രവകാരിയായിരിക്കും. ഈ സ്ഥിതിയിൽ അഭൗമികമായ ഒരു ശക്തിയുടെ ഇടപെടൽ ആവശ്യമാണെന്നു് അവൾ യുക്തിവാദം ചെയ്തു. ക്രിസ്തുവാണു് ഈ ശക്തി എന്നു സഭ അവകാശപ്പെടുന്നു. ഈ ചിന്തയാണു ക്രിസ്തുമതത്തിനു് എന്തെങ്കിലും സ്ഥാനവും സാധ്യതയും കല്പിക്കുവാൻ അവളെ നിർബന്ധിച്ചതു്. സ്വന്തം മനസ്സിനെതി

രായി ക്രിസ്തുമതത്തെ സ്വീകരിക്കുവാൻ പ്രേരിപ്പിക്കുന്ന തെളിവുകൾ— ബോട്ടണിയിലും മററും പരീക്ഷണങ്ങളിൽനിന്നു ലഭിക്കുന്നതുപോലെയുള്ളവ– ആരായുന്നതു് അസ്ഥാനത്താണെന്നു് അവർ നിശ്ചയിച്ചു. അതുകൊണ്ടാണല്ലോ ക്രിസ്തുതന്നെ അരുളിച്ചെയ്യുന്നതു്: "വിശ്വസിക്കയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും; വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും" എന്നു്. ഇതു നിശ്ചയമായും യുക്തി ഉപയോഗിക്കുന്നതിൽനിന്നു് ഒരുവനെ തടയുന്നില്ല, അവസാനതീരുമാനം ചെയ്യേണ്ടതു മനസ്സാണെന്നുമാത്രം.

പിന്നെയുമുണ്ടായിരുന്നു പ്രതിബന്ധങ്ങൾ പലതും തരണം ചെയ്യുവാൻ. സഭയ്ക്കെതിരായി ശത്രുക്കൾ പറഞ്ഞു പരത്തുന്ന അപവാദങ്ങളെല്ലാം അവർ കണ്ണുമടച്ചു വിശ്വസിച്ചിരുന്നു. അതിൻെറ പിടി വിടിവിക്കുക എളുപ്പമായിരുന്നില്ല. ഇക്കാലത്തു് അൺസെററു് തൻെറ പ്രസിദ്ധമായ 'Christin Lavransdatter' എന്ന ചരിത്രപരമായ നോവൽ രചിക്കയായിരുന്നു. അതിൻെറ നിർമ്മിതിക്കുവേണ്ടി നടത്തിയ വിസ്തീർണ്ണമായ അന്വേഷണങ്ങളാണു കത്തോലിക്കസഭയെപ്പററി അവർക്കുണ്ടായിരുന്ന പല തെററിദ്ധാരണകളും നീക്കിയതു്.

വിശുദ്ധരുടെ വണക്കമായിരുന്നു ഒരു പ്രധാനപ്രതിബന്ധം. സഭ ആരംഭംമുതൽ പുലർത്തിയിരുന്ന ഈ പതിവു മനുഷ്യപ്രകൃതിയുടെ ഒരവശ്യാവശ്യം മാത്രമാണെന്നു് അൺസെററു മനസ്സിലാക്കി. ധീരാരാധനം നമുക്കു സഹജമാണു്. രണശൂരന്മാരേയും പരാക്രമികളേയും കലാകാരന്മാരേയും സിനിമാതാരങ്ങളേയും നാം ആദരിക്കുന്നു. നാം വിലമതിക്കുന്ന ഏതെങ്കിലും ഒരു ഗുണം മറെറാരാളിൽ അസാമാന്യമായ പൂർണ്ണതയോടെ പ്രത്യക്ഷമാകുമ്പോൾ നാം വിസ്മയഭരിതരാകുന്നു; നമ്മുടെ ഹൃദയത്തിൽ അയാളെ പ്രതിഷ്ഠിക്കുന്നു; അയാളെ നാം അനുകരിക്കുന്നു. മനുഷ്യസൃഷ്ടിയിൽ ദൈവത്തിനുള്ള ഉദ്ദേശ്യം അതിൻെറ സമ്പൂർണ്ണതയിൽ പ്രകടമായി നാം ദർശിക്കുന്നതു വിശുദ്ധ

രിലാണ്. അതിനാൽ മനുഷ്യർക്കു സഹജമായ ധീരാരാധനക്കു യോഗ്യവിഷയങ്ങളായി വിശുദ്ധരെ മാത്രമേ നാം കണ്ടെത്തുകയുള്ളൂ എന്ന് ആൺസെററു പ്രസ്താവിക്കുന്നു.


ദൈവമാതൃവണക്കമായിരുന്നു മറെറാരു പ്രതിബന്ധം. ഇക്കാര്യത്തിലും സഭയുടെ നില ഏററം യുക്തിപൂർവകമാണെന്ന് അവർക്കു മനസ്സിലായി. "മാംസരക്തങ്ങൾ സ്വീകരിച്ചുകൊണ്ട് ദൈവം നമ്മെ രക്ഷിച്ചുവെന്നു നാം വിശ്വസിക്കുന്നെങ്കിൽ അവിടുന്ന് ആരിൽനിന്നു തൻെറ ശരീരം രൂപീകരിച്ചുവോ ആ മറിയത്തെ കേവലം മനുഷ്യനായ മറേറതൊരു വ്യക്തിയുടേയും നേർക്കുള്ളതിൽ നിന്നു പാടേ വ്യത്യസ്തമായ വികാരങ്ങളോടെ—അഗാധമായ വണക്കത്തോടും ഉജ്ജ്വലമായ ഭക്തിയോടും, ഭൂമിയിൽ അവർ സഹിച്ച അവർണ്ണ്യമായ പീഡകളിൽ ഹൃദയപൂർവകമായ സഹതാപത്തോടും സ്വർഗ്ഗരാജ്യത്തിൽ അവർക്കു ലഭിച്ചിരിക്കുന്ന അചിന്ത്യമായ മഹിമയിൽ മനം കവരുന്ന കളിർമ്മയോടും—വീക്ഷിക്കേണ്ടതാണ് എന്നതിൽ വിവാദത്തിന് എന്തു സ്ഥാനമാണുള്ളത്? എന്തെന്നാൽ, മരിയയുടെ പുത്രൻ യഥാർത്ഥത്തിൽ ദൈവവും യഥാർത്ഥത്തിൽ മനുഷ്യനുമെങ്കിൽ ആ പുത്രൻ അവളുടെ പുത്രനാണ്; ആ മാതാവു് അവിടുത്തെ മാതാവുമാണ്— എന്നേക്കും. അതേസമയം അവിടുന്നു സ്രഷ്ടാവും അവർ സൃഷ്ടിയും. ദൈവത്തിനു നല്കുന്ന വണക്കവും (ആരാധനയും) അവിടുത്തെ മനോഹര സൃഷ്ടിയായ മറിയത്തിനു നല്കുന്ന 'വണക്കവും' പാടേ വ്യത്യസ്തങ്ങളാണെന്ന് ഏതൊരു കത്തോലിക്കനും മനസ്സിലാക്കുന്നു.

ക്രിസ്തു ദൈവമാണെന്നും ക്രിസ്തുവിൻെറ സഭയുടെ അധികാരം ദൈവികമാണെന്നും സഭയ്ക്കെതിരായുള്ള ആക്ഷേപങ്ങൾ, അർത്ഥശൂന്യങ്ങളും വിദ്വേഷജന്യങ്ങളുമാണെന്നും ആൺസെററിനു സ്പഷ്ടമായി. അനന്തരകരണീയമെന്തെന്ന് ആന്തരികപ്രചോദനം അവളുടെ ചെവിയിൽ മന്ത്രിച്ചു. അതിനു

വരം കീഴ്പ്പെടുകയും ഹാമർ കത്തീഡ്രലിൽവച്ച് 1925-ൽ അവരം തൻെറ നാലു സന്താനങ്ങളോടുകൂടി സഭാകവാടങ്ങരം കടക്കുകയും ചെയ്തു. ദീർഘയാത്രയാൽ തളർന്നു തുടങ്ങിയ പഥികയ്ക്കു മന്ദമാരുതൻെറ കുളിർമ്മയിൽ വിശ്രമമരുളുന്ന കമനീയമായ ഒരു ശാദ്വലപ്രദേശം പ്രത്യക്ഷമായി.

ഭയാനകമായ കോളിളക്കത്തിനുശേഷം തൻെറ അന്തരാത്മാവിൽ അനുഭവവേദ്യമായ പ്രത്യാശാജനകമായ പ്രശാന്തതയെ വർണ്ണിക്കുവാൻ അവളുടെ തൂലിക തത്രപ്പെടുന്നു: "ശ്രീയേശുക്രിസ്തു എൻെറ സ്രഷ്ടാവായ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ,മനുഷ്യന് ആവശ്യമായിരിക്കുന്ന സഭയെ അവിടുന്നു സ്ഥാപിച്ചുവെന്നും ഞാൻ വിശ്വസിക്കുന്നു. ദൈവം തൻെറ തിരുസ്സഭവഴി എന്നിൽ വർഷിച്ചിട്ടുള്ള അനുഗ്രഹങ്ങളെ വിവരിക്കുവാൻ എൻെറ വാക്കുകരം അശക്തങ്ങളാണ്.അങ്ങയുടെ അധരങ്ങരംതന്നെയാണല്ലോ,അവിടുത്തെ സമാധാനം നമുക്കു പ്രദാനം ചെയ്യുമെന്നു നമ്മോട് അരുളിച്ചെയ്തിട്ടുള്ളത്. എന്നാൽ, ലോകത്തിനടുത്ത സമാധാനമല്ല അവിടുന്നു നല്കുന്നത്. മഹാസമുദ്രങ്ങളുടെ അഗാധതയിൽ പ്രത്യക്ഷമാകുന്ന പ്രശാന്തതയോട് ഒരുപക്ഷേ, അതിനെ ഉപമിക്കാം. അത്ഭുതമായ കാലാവസ്ഥയോ പരസ്പരം വെട്ടി വിഴുങ്ങുന്നതിന് ആഴത്തിൽ ബഹളംകൂട്ടുന്ന ഭീകരജന്തുക്കളോ ആ പ്രശാന്തതയെ ഭഞ്ജിക്കുന്നില്ല. വസ്തുതകളിലും ലോകത്തിൻെറ മിഥ്യകളിലുമായി അർദ്ധശ്രദ്ധയോടെ കഴിയുന്ന അസ്വസ്ഥമായ നമ്മുടെ പ്രകൃതിതന്നെ നമ്മെ വലയം ചെയ്തിരിക്കുന്നതായി നാം കാണുന്നെങ്കിലും നമുക്കനുഭവപ്പെടുന്നു, ദൈവരാജ്യം നമ്മിൽ സ്ഥിതിചെയ്യുന്നുവെന്ന്. അഭൗമികമായവിധം ദൈവം നമ്മിൽ സന്നിധികൊള്ളുന്നെന്നും, നമ്മുടെ കയ്യേററങ്ങളിൽനിന്നുതന്നെ സംരക്ഷിച്ചുകൊണ്ടു ദൈവരാജ്യത്തെ അവിടുന്നു നമ്മിൽ നിലനിർത്തുന്നുവെന്നും അനുഭവം നമ്മെ പഠിപ്പിക്കുന്നു." (Through Hundred Gates p. 165)

1940-ൽ നാസികൾക്കെതിരായുള്ള യുദ്ധത്തിൽ അൺസെററിൻെറ മൂത്ത പുത്രൻ അൻഡേഴ് കൊല്ലപ്പെട്ടു. നോർവെ ജർമ്മനിക്കു കീഴ്പ്പെട്ടപ്പോൾ അവരം രാജ്യംവിട്ടോടി. സ്വീഡനും റഷ്യയും ജപ്പാനും കടന്ന് അമേരിക്കയിൽ അഭയം പ്രാപിക്കുന്നതിന് അവൾക്കു സാധിച്ചു. അമേരിക്കയിലെ പ്രധാനപട്ടണങ്ങളിലെല്ലാം അൺസെററു പ്രസംഗങ്ങൾ നടത്തി. സ്വജനങ്ങളുടെ ശിഥിലീകൃതമായ സന്മാർഗ്ഗബോധത്തെ പുനരുദ്ധരിക്കുന്നതിനായി യുദ്ധം അവസാനിച്ചപ്പോൾ അവരം നോർവെയിലേക്കു മടങ്ങി. നോർവീജിയൻ പർവ്വതപ്രാന്തങ്ങളിൽ ലില്ലെഹാമർ എന്ന സ്ഥലത്തുള്ള പ്രസിദ്ധമായ ഭവനത്തിൽവച്ചു 1949 ജൂൺ 10-ാം തീയതി അൺസെററ് ഇഹലോകവാസംവെടിഞ്ഞു.



ഇരിക്കുന്നവർ ഇടത്തുനിന്നു്-

ഖേംചന്ദ്, ഉപാദ്ധ്യായജി, പരമാനന്ദ്

നില്ക്കുന്നവർ-

അനിമാനന്ദാ, ഡൂലമാൾ

# XV

## ഉപാദ്ധ്യായജി

ഈ അടുത്തകാലത്തു ഹിന്ദുമതത്തിൽനിന്നു കത്തോലിക്ക സഭയിൽ പ്രവേശിച്ച ഏററം വലിയ ഭാരതീയൻ ഭവാനി ചരൻ ബാനർജ്ജിയാണെന്നു പറയപ്പെടുന്നു. ദേശഭക്തനും ദേശീയനേതാവുമായ ബാനർജ്ജി 1861–ൽ ബംഗാളിലെ ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. സ്വാതന്ത്ര്യപ്രേമവും നേതൃത്വവൈഭവവും തീക്ഷ്ണമായ മതഭക്തിയും ചെറുപ്പംമുതല്ക്കു അദ്ദേഹത്തിൽ വിളങ്ങിയിരുന്നു. ഒരു ബ്രഹ്മചാരിയായി ജീവിതം കഴിക്കുന്നതിനും സർവ്വകലാശാലാബിരുദം സ്വീകരിക്കാതിരിക്കുന്നതിനും ഭാരതമാതാവിനുവേണ്ടി ജീവിതം ബലിയർപ്പിക്കുന്നതിനും ഇരുപതുവയസ്സു തികയുന്നതിനു മുമ്പേ ബാനർജ്ജി ദൃഢപ്രതിജ്ഞചെയ്തു.

ഒരു വേദഗുരുവായി ഇൻഡ്യയെ സേവിക്കണമെന്ന ഉദ്ദേശ്യത്തോടെ അദ്ദേഹം ബംഗാളിയും സംസ്കൃതവും വശമാക്കി. കേശവചന്ദ്രസേനൻ, സ്വാമി വിവേകാനന്ദൻ മുതലായവരായിരുന്നു അക്കാലത്ത് അദ്ദേഹത്തിൻെറ സഹപ്രവത്തകർ. കേശവിൻെറ ഒരു ശിഷ്യനായ ഹിരാനന്ദ് കൽക്കട്ടാ യൂണിവേഴ്സിററിയിൽനിന്നു ബിരുദമെടുത്തശേഷം സ്വദേശമായ സിൻഡിലേക്കു മടങ്ങി നാട്ടുകാരുടെ സാന്മാർഗ്ഗികവും സാമുദായികവുമായ സമുദ്ധാരണത്തിനുവേണ്ടി പരിശ്രമിക്കുവാൻ തീരുമാനിച്ചു. കൽക്കട്ടായിൽ തൻെറ സ്നേഹിതനും ബ്രഹ്മസമാജത്തിൻെറ ഒരു സജീവ പ്രവത്തകനുമായിരുന്ന ബാനർജ്ജിയെ അദ്ദേഹം സഹായത്തിനു ക്ഷണിച്ചു. ബാനർജ്ജി അദ്ദേഹത്തിൻെറ അപേക്ഷയെ നിരസിച്ചില്ല.

1888-ൽ ബാനർജിയും കേശവിൻെറ ഒരു ഭാഗിനേയനായ ബാബു നൻഡലാൽ സേനനുംകൂടി സിൻഡിൽ "യൂണിയൻ അക്കാഡമി" എന്ന പേരിൽ ഒരു സ്കൂൾ സ്ഥാപിച്ചു. മാനുഷികമായിപ്പറഞ്ഞാൽ സിൻഡിലെ വലിയ പ്രേഷിതപ്രസ്ഥാനത്തിനു വഴി തെളിച്ചതു് ഈ സംഭവമാണു്. സ്കൂളിൽ യഥാർത്ഥമായ മതചൈതന്യം പാലിക്കുന്നതിൽ അവർ ദത്തശ്രദ്ധരായിരുന്നു. കേശവചന്ദ്രസേനനെപ്പോലെ ക്രിസ്തുവിൻെറ വ്യക്തിമാഹാത്മ്യം ബാനർജിയെ അനല്പമായി ആകർഷിച്ചിരുന്നു. സിൻഡിൽ അദ്ദേഹം ക്രിസ്തുവിനെപ്പററിയുള്ള പഠനം തുടർന്നുകൊണ്ടാണിരുന്നതു്. കത്തോലിക്കവൈദികന്മാരും പ്രോട്ടസ്റ്റൻറു പുരോഹിതന്മാരുമായി അദ്ദേഹം വാദപ്രതിവാദങ്ങളിലേർപ്പെട്ടുമിരുന്നു. 1891 ഫെബ്രുവരിയിൽ അദ്ദേഹം പ്രോട്ടസ്റ്റൻറുമതം സ്വീകരിച്ചു. "ഞാൻ ഒരു റോമൻ കത്തോലിക്കനോ പ്രോട്ടസ്റ്റൻറോ അല്ല, ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരു ഇൻഡ്യാക്കാരനാണു്" എന്നു് അദ്ദേഹം പ്രഖ്യാപിച്ചു. കത്തോലിക്കാഗ്രന്ഥങ്ങൾ തുടർന്നു പഠിച്ചതിൻെറ ഫലമായി 1891 സെപ്ററംബറിൽ അദ്ദേഹം കത്തോലിക്കാസഭയിൽ പ്രവേശിച്ചു. തിയോഫിലോസ് എന്ന പേരു സ്വീകരിക്കുകയും ചെയ്തു.

ഇൻഡ്യയെ ക്രിസ്തുവിൻെറ പാദങ്ങളിലേക്കാനയിക്കുകയും ക്രിസ്തുവിനെ ഇൻഡ്യയ്ക്കു സമ്മാനിക്കുകയുമായിരുന്നു അന്നു മുതൽ അദ്ദേഹത്തിൻെറ ഏക ലക്ഷ്യം. ഇൻഡ്യൻജനതയ്ക്കു വേണ്ടി തനിക്കുചെയ്യുവാൻ കഴിയുന്ന ഏററംവലിയ സേവനം അതാണെന്നു് അദ്ദേഹം കരുതി. "ഞാൻ കത്തോലിക്കനായതുമുതൽ എൻെറ ഏകലക്ഷ്യം ഇൻഡ്യയെ വിശ്വാസത്തിലേക്കു നയിക്കുകയായിരുന്നു" എന്നു് അദ്ദേഹം പറയുക പതിവായിരുന്നു. ഒരു മഹാൻെറ ജീവിതം ഏകലക്ഷ്യമായിരിക്കണമല്ലോ. എന്നാൽ, തൻെറ ലക്ഷ്യപ്രാപ്തിക്ക് അദ്ദേഹം സ്വീകരിച്ച മാർഗ്ഗങ്ങൾ അനർത്ഥങ്ങളും തെററിദ്ധാരണകളും തൻെറ തലയിൽ വരുത്തിവെയ്ക്കുന്നതിനാണിടയാക്കിയതു്.

ബോംബെ, കൽക്കട്ടാ, മദ്രാസ്, ലാഹോർ, തൃശിനാപ്പിള്ളി മുതലായ ഇൻഡ്യയിലെ പ്രധാനപട്ടണങ്ങളിലെല്ലാം മതപരമായ വിഷയങ്ങളെപ്പററി പ്രസംഗങ്ങളും പരസ്യമായ വാദപ്രതിവാദങ്ങളും നടത്തിക്കൊണ്ട് അദ്ദേഹം ഇൻഡ്യയൊട്ടുക്കചുററിസഞ്ചരിച്ചു. 1899-ൽ "The Sophia" എന്നപേരിൽ ദൈവശാസ്ത്രവിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒരു മാസിക ആരംഭിച്ചു. തിയോഫിലോസ് എന്ന സ്വന്തംപേരുമാററി അതിന്റെ ഇൻഡ്യൻ രൂപമായ 'ബ്രഹ്മബാന്ധവ്' എന്ന പേരു സ്വീകരിക്കയും ചെയ്തു.

ക്രിസ്തുമതത്തിന്റെ സാരാംശത്തെ ബാധിക്കാത്ത പാശ്ചാത്യബാഹ്യവേഷങ്ങൾ മാററി ക്രിസ്തുമതത്തെ ഭാരതീയവേഷത്തിൽ പ്രദർശിപ്പിച്ചെങ്കിലേ ഇൻഡ്യൻജനതയെ അതാകർഷിക്കയുള്ളു എന്ന് അദ്ദേഹം ഗ്രഹിച്ചു. അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രത്തെ പാശ്ചാത്യർ ക്രൈസ്തവചിന്തക്ക് ഉപകരണമാക്കിയതുപോലെ വേദാന്തികഭാഷയിൽ ക്രിസ്തുമതത്തെ ഹൈന്ദവപണ്ഡിതന്മാർക്കു പ്രദർശിപ്പിക്കുവാനാണ് അദ്ദേഹം നിശ്ചയിച്ചതു്. മിസ് ആനിബെസൻറും ബാനർജിയുടെ പൂർവ്വമിത്രമായിരുന്ന വിവേകാനന്ദസ്വാമിയും തുടങ്ങിയിരിക്കുന്ന പ്രസ്ഥാനം ഇൻഡ്യയെ അബദ്ധത്തിലേക്കും അജ്ഞേയവാദത്തിലേക്കും നയിച്ചുകൊണ്ടിരുന്നു. അതിനുള്ള ഏക പ്രതിവിധി അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കത്തോലിക്കമതപ്രചരണമായിരുന്നു. രാജ്യമാകെ ചുററിസഞ്ചരിച്ചു മതപ്രസംഗം നടത്തുന്ന ഒരു സന്ന്യാസസഭ സ്ഥാപിച്ചുകൊണ്ട് ഈ ഉദ്ദേശ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് അദ്ദേഹം നിശ്ചയിച്ചു. മതപ്രചരണത്തിന് ഇൻഡ്യയിൽ വേദഗുരുക്കന്മാർ എന്നും ഉപയോഗിച്ചിട്ടുള്ള മാർഗ്ഗം മതംപ്രസംഗിച്ചുകൊണ്ടു ദേശാടനം നടത്തുകയായിരുന്നെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

നാഗപ്പൂർ മെത്രാന്റെ അനുമതിയോടുകൂടി ഉപാദ്ധ്യായജിയും

ആനിമാനന്ദനുംകൂടി ജൂബൽപ്പൂരിൽ ഒരു സന്ന്യാസാശ്രമം തുറന്നു. വളരെ കർക്കശമായ ഒരു ജീവിതമാണ് അവർ നയിച്ചതു്. ഹൈന്ദവസന്ന്യാസികളുടെ വസ്ത്രം ധരിച്ചു. ഉപയോഗിക്കുന്ന വസ്ത്രം കീറിപ്പോയിട്ടല്ലാതെ പുതിയവസ്ത്രം വാങ്ങുമായിരുന്നില്ല. അവരുടെ കിടക്ക വെറും തറ മാത്രമായിരുന്നു. രാവിലെ നാലുമണിക്കെഴുന്നേററു 10 മണിവരെ തുടർച്ചയായി ധ്യാനവും പഠനവും കഴിച്ചിരുന്നു.

ഇൻഡ്യയിൽ അന്നു് അപ്പസ്തോലിക് ഡലിഗേററായിരുന്ന മോൺ. സലെസ്സി ഈ പുതിയ പ്രസ്ഥാനത്തോട് ആനുകൂല്യം പ്രദർശിപ്പിച്ചില്ല. അതിനാൽ ആവശ്യമായ വൈദികാനുമതി വാങ്ങുന്നതിനു നേരിട്ടു റോമിലേക്കു പോകണമെന്ന ഉദ്ദേശ്യത്തോടെ ബാനർജി ബോംബെയിൽനിന്നു കപ്പൽ കയറുവാൻ പുറപ്പെട്ടു. എന്നാൽ ബോംബെയിലെത്തിയപ്പോൾ അദ്ദേഹത്തിനു സുഖക്കേടു പിടിപെടുകയാൽ റോമായാത്ര ഉപേക്ഷിക്കയും ആശ്രമം അടയ്ക്കുകയുംചെയ്തു. 'സോഫിയാ'യുടെ പോക്കു വഴിപിഴച്ചതാണെന്നു കരുതി അതു വായിക്കരുതെന്നു മോൺ. സലെസ്സി വിശ്വാസികളെ ഉൽബോധിപ്പിച്ചു. ഉപാദ്ധ്യായജിയുടെ അഭിപ്രായങ്ങൾ ഇന്നു പൊതുവെ അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും അന്നത്തെ ചിന്താഗതി അതായിരുന്നില്ല. വേണ്ടത്ര ആലോചനയും ശാന്തതയും കൂടാതെയാണു പുതിയ സംരംഭങ്ങൾക്കു് അടിസ്ഥാനമിടുവാൻ അദ്ദേഹം ശ്രമിച്ചതു് എന്നു പറയേണ്ടിയിരിക്കുന്നു. മോൺ. സലെസ്സിയും തൻെറ നയത്തെപ്പററി ഖേദിക്കാതിരുന്നില്ല.

ജീവിതത്തിൻെറ അന്തിമഘട്ടത്തിൽ ഉപാദ്ധ്യായജി മന്ദഭക്തനാകുവാനിടയായി. എങ്കിലും, അവസാനംവരെ അദ്ദേഹം കത്തോലിക്കവിശ്വാസത്തിൽ ഉറച്ചുനിന്നു. സഭാപ്രവേശത്തിനുശേഷം ഉത്തമനായ ഒരു കത്തോലിക്കനായിട്ടാണ് അദ്ദേഹം ജീവിച്ചിരുന്നതു്. ദിവസേന അദ്ദേഹം ധ്യാനം കഴിക്കുകയും ദിവ്യപൂജയിൽ സംബന്ധിക്കുകയും ചെയ്തിരുന്നു. ആഴ്ച

തോറും പാപമോചനം സ്വീകരിക്കുന്നതിനും ഭക്തിപൂർവ്വം വിശുദ്ധ കുർബാന കൈക്കൊള്ളുന്നതിനും മുടക്കം വരുത്തിയില്ല. 1899–ലെ തപസ്സുകാലത്ത് ഒരു മലയിലേക്കു പോയി 40 ദിവസം അവിടെ പ്രാർത്ഥനയിലും തപസിലും കഴിച്ചുകൂട്ടി. പകൽ മുഴുവൻ പൂർണ്ണമായ ഉപവാസമനുഷ്ഠിച്ചു. തനിയെ പാകപ്പെടുത്തിയ അല്പം ചോറുമാത്രം രാത്രിയിൽ ഒരു പ്രാവശ്യം ഭക്ഷിച്ചിരുന്നതേയുള്ളു. പെസഹാ വ്യാഴാഴ്ച രാത്രി മുഴുവൻ ദിവ്യസക്രാരിയുടെ മുമ്പിൽ മുട്ടുകുത്തി ആരാധനാനിമഗ്നനായി ചെലവഴിച്ചു.

ഭാരതസംസ്കാരത്തിനോ മാതൃരാജ്യസേവനത്തിനോ കത്തോലിക്കമതം യാതൊരുവിധത്തിലും അപകടമല്ലെന്നും നേരേമറിച്ച് ഒരു കത്തോലിക്കന് ഒരേസമയം തികഞ്ഞ ദേശഭക്തനും ദേശീയസംസ്കാരപ്രണേതാവുമായിരിക്കുവാൻ കഴിയുമെന്നും സ്വമാതൃകകൊണ്ടു തെളിയിക്കുവാൻ കഴിഞ്ഞു എന്നതാണ് ഉപദ്ധ്യായജിയുടെ ഏററം വലിയ നേട്ടം.

# XVI

## പരമാനന്ദ മേവാരം

സിൻഡിലെ പുരാതനമായ ഒരു ക്ഷത്രിയകുടുംബത്തിലാണു പരമാനന്ദ മേവാരം ജാതനായതു്. വിദ്യാഭ്യാസം കഴിഞ്ഞു പരമാനന്ദ് 1866-ൽ ഖേംചന്ദ് നടത്തിയിരുന്ന ഒരു സ്കൂളിൽ അദ്ധ്യാപകനായി ജോലി സ്വീകരിച്ചു. കുറെക്കഴിഞ്ഞു് അദ്ദേഹം ഉപാദ്ധ്യായജിയുടെ 'യൂണിയൻ അക്കാഡമി' എന്ന ബ്രഹ്മസമാജംവക സ്കൂളിലേക്കു മാറി.

അന്നു് അദ്ദേഹം ഒരു നിരീശ്വരനായിരുന്നു. എങ്കിലും ചിലപ്പോഴൊക്കെ 'ബ്രഹ്മമന്ദിരത്തി'ലെ പ്രാർത്ഥനകളിൽ സംബന്ധിച്ചിരുന്നു. യൂണിയൻ അക്കാഡമിയിൽവച്ചു ക്രിസ്താനുകരണം പഠിക്കുന്നതിന്നു് അദ്ദേഹത്തിനവസരം ലഭിച്ചു. കുറെക്കഴിഞ്ഞു റവ. ജോസഫ് റെഡ്മാൻ എന്നു പേരുള്ള പ്രോട്ടസ്റ്റൻറുമിഷനറി നടത്തിയിരുന്ന ബൈബിൾ ക്ലാസ്സുകളിൽ അദ്ദേഹം സംബന്ധിക്കുവാൻ തുടങ്ങി. ഇംഗ്ലീഷു നല്ലവണ്ണം വശമാക്കണമെന്നതായിരുന്നു പരമാനന്ദിന്റെ ലക്ഷ്യം. ധൂർത്തപുത്രന്റെ ഉപമ അദ്ദേഹത്തെ എന്തെന്നില്ലാതെ ആകർഷിച്ചു. അപ്പോൾമുതൽ ക്രിസ്തുമതത്തെപ്പററി അദ്ദേഹം പഠിച്ചുതുടങ്ങി. ഉപാദ്ധ്യായജിയുടെ മാതൃക പ്രോട്ടസ്റ്റൻറിസം വിട്ടു കത്തോലിക്കമതത്തെപ്പററി പഠിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ബ്രൂണോ, മാനിംഗ്, മെവ്വറിൻ മുതലായവരുടെ ചില കൃതികൾ പരമാനന്ദു പരിശോധിച്ചുനോക്കി. ക്രിസ്തുവിന്റെ സഭ കത്തോലിക്കാസഭയാണെന്നു് അദ്ദേഹത്തിനു ബോധപ്പെടുകയും ചെയ്തു.

27-ാമത്തെ വയസ്സിൽ പരമാനന്ദ് കത്തോലിക്ക

മതം സ്വീകരിച്ചു. ഉപാദ്ധ്യായജ്ജിയായിരുന്നു അദ്ദേഹത്തിന്റെ 'തലതൊട്ടപ്പൻ'. ബംഗാളിലേക്ക് ഉപാദ്ധ്യായ ബ്രഹ്മബാന്ധവ് തന്റെ പ്രവർത്തനം മാററിയപ്പോൾ പരമാനന്ദ് സിൻഡിലെ കത്തോലിക്കപ്രവർത്തനത്തിന്റെ നേതൃത്വം ഏറെറടുത്തു. അനേകർക്കു സഭയുടെ കവാടങ്ങൾ തുറന്നുകൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. 1896–ൽ പരമാനന്ദും ഉപാദ്ധ്യായജ്ജിയും ഖേംചന്ദുംകൂടി 'ജോട്ട്' എന്നൊരു വാരിക പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. സിൻഡിലെ ആദ്യപത്രമായിരുന്നു അത്. സിൻഡിയിലുള്ള ഭാഗം പരമാനന്ദും ഇംഗ്ലീഷിലുള്ള ഭാഗം ഉപാദ്ധ്യായജ്ജിയും ഖേംചന്ദുംകൂടിയും എഴുതിയിരുന്നു. 1900 മുതൽ പരമാനന്ദിന്റെ മരണംവരേ (1938) അദ്ദേഹം തനിച്ചാണ് 'ജോട്ട്' നടത്തിയിരുന്നത്. ക്രൈസ്തവതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനു പരമാനന്ദുപയോഗിച്ച പ്രധാനോപകരണമായിരുന്നു 'ജോട്ട്'.

സിൻഡുഭാഷയിലുള്ള ഗ്രന്ഥകാരന്മാരുടെയിടയിൽ പരമാനന്ദിനു നിസ്തുലമായ ഒരുസ്ഥാനമുണ്ട്. സിൻഡിലെ ഏററം നല്ല നിഘണ്ടു അദ്ദേഹം രചിച്ചിട്ടുള്ളതാണ്. 28 കൊല്ലത്തെ പരിശ്രമങ്ങളുടെ ഫലമായി 1932–ൽ അദ്ദേഹം ഒരു ഇംഗ്ലീഷ് – സിൻഡിനിഘണ്ടുവും പ്രസിദ്ധപ്പെടുത്തി.

കത്തോലിക്കമതം സ്വീകരിച്ചതുനിമിത്തം പരമാനന്ദിനു സ്വജനങ്ങളിൽനിന്നു വളരെയധികം സഹിക്കേണ്ടിവന്നു. പരമാനന്ദിന്റെ ദിനചര്യയെക്കുറിച്ച് ആനിമാനന്ദൻ ഇപ്രകാരം എഴുതുന്നു: "പരമാനന്ദിന്റെ അനുദിനജീവിതത്തിൽനിന്ന് അദ്ദേഹം എത്രയും ക്രിസ്തീയമായ ജീവിതമാണു നയിച്ചിരുന്നതെന്നു സ്പഷ്ടമാണ്. രാവിലെ ആറുമണിക്ക് അദ്ദേഹം പതിവായി ഉണരും. ഉടനെതന്നെ മുട്ടിന്മേൽനിന്നു കുരിശടയാളം വരയ്ക്കുകയും തന്നെത്തന്നെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഒരു ചെറിയ ജപം ചൊല്ലുകയും ചെയ്യും. കുളിയും മററും കഴിഞ്ഞു കുർബാന കാണുന്നതിനും കൈക്കൊള്ളുന്നതിനും പള്ളിയിലേക്കു പോ

കും. പള്ളിയിൽനിന്നു കടയിൽപോയി ആവശ്യമുള്ള സാമാനങ്ങൾ വാങ്ങിക്കൊണ്ടു വീട്ടിലേക്കു മടങ്ങും. കാപ്പി കഴിഞ്ഞാൽ ഉടനെ എഴുത്തോ വായനയോ തുടങ്ങുകയായി. സന്ദർശകർ വരുമ്പോൾ പഠനം നിറുത്തി അവരുമായി സംഭാഷണങ്ങളിലേർപ്പെടുന്നതിന് അദ്ദേഹം മടിക്കുകയില്ല. 12 മണിക്കു ത്രികാലജപം ചൊല്ലും. പിന്നീടു കുളിയും ഭക്ഷണവും. ഭക്ഷണം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും പ്രാർത്ഥനയോടുകൂടിയായിരിക്കും. അല്പസമയം വിശ്രമിച്ചതിനുശേഷം അഞ്ചുമണിവരെ വീണ്ടും പഠനത്തിലേർപ്പെട്ടിരിക്കും. അതു കഴിഞ്ഞാൽ വി. കുർബാന സന്ദർശിക്കുവാൻ പള്ളിയിലേക്കു തിരിക്കും. അവിടെനിന്നു സിവിൽ ആശുപത്രിയിലേക്കാണു പോകുക. രോഗികളെ സന്ദർശിച്ച് അവർക്ക് ആശ്വാസം നല്കുവാൻ ശ്രമിക്കും; ഒരുവന് ഒരു സിഗററു സമ്മാനിക്കും; മററൊരുവനുവേണ്ടി ഒരെഴുത്തെഴുതും; വേറൊരാൾക്കു ധനസഹായം നല്കും; മററൊരാളുടെ ആവശ്യം ഡോക്ടരുടെ ശ്രദ്ധയിൽപ്പെടുത്തും. . . വീട്ടിൽ മടങ്ങിയതിനുശേഷം കൊന്ത ജപിക്കും; അതിൽ സഹപ്രവർത്തകരെല്ലാവരും സംബന്ധിക്കുകയും ചെയ്യും. അത്താഴം കഴിഞ്ഞു് അല്പസമയം നടക്കും. നിശാപ്രാർത്ഥനകൾക്കുശേഷം പത്തുമണിയോടുകൂടി കിടക്കും." (Paramananda Mewaram p. 40)

# XVII

# ബ്രഹ്മചാരിസ്വാമി
# ആനിമാനന്ദൻ

കൽക്കട്ടായിൽ കോസിപ്പോർ എന്ന സ്ഥലത്തുള്ള ബോയിസ് ഓൺഹോം (Boys Own Home) എന്ന മാതൃകാവിദ്യാലയത്തിന്റെ സ്ഥാപകനും പ്രിൻസിപ്പാളുമായിട്ടാണു് ആനിമാനന്ദൻ അറിയപ്പെട്ടുക. പ്രാചീന ഹൈന്ദവസമ്പ്രദായങ്ങളോടും വിശേഷാത്തരമായ ക്രൈസ്തവചൈതന്യത്തോടുംകൂടിയതായിരുന്നു ആ സ്കൂളിലെ ശിക്ഷണം. 44 കൊല്ലത്തോളം ആനിമാനന്ദൻ അതിന്റെ പ്രിൻസിപ്പളായിരുന്നു. അക്കാലംകൊണ്ടു് ഉത്തമരും സത്യസന്ധരും കൃത്യനിഷ്ഠരുമായ അനേകായിരം പൗരന്മാരെ അദ്ദേഹത്തിന്റെ വിദ്യാലയം ഭാരതത്തിനു നല്കിയിട്ടുണ്ടു്. പ്രസ്തുത വിദ്യാലയത്തെപ്പററി സുപ്രസിദ്ധ വിദ്യാഭ്യാസപ്രവർത്തകനായ മൈക്കേൽ സാററ്ലർ പറഞ്ഞതിങ്ങനെയാണു്: "ബംഗാളത്തുള്ള സകല സ്കൂളുകളും ഇതുപോലെയുള്ളതായിരുന്നെങ്കിൽ ഇവിടെ വിദ്യാഭ്യാസപ്രശ്നം ഉണ്ടാകുമായിരുന്നില്ല. ആനിമാനന്ദനേയും അദ്ദേഹത്തിന്റെ അദ്ധ്യയനരീതിയേയുംമാത്രമേ ഞാൻ ഇൻഡ്യയിൽ കണ്ടിരുന്നുള്ളുവെങ്കിലും അതുകൊണ്ടുതന്നെ ഈ നാട്ടിലേക്കുള്ള എന്റെ യാത്ര പ്രയോജനകരമായിരുന്നേനേ." കൽക്കട്ടായൂണിവേഴ്സിററിയിൽനിന്നു നിയുക്തമായ വിദ്യാഭ്യാസപരിഷ്കരണസമിതി ആനിമാനന്ദന്റെ ബോയിസ് ഓൺ ഹോമിനെ മാതൃകാവിദ്യാലയമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ഉപാദ്ധ്യായജിയുടെ ഉത്തമശിഷ്യനും വലംകൈയുമായി

രുന്നു അനിമാനന്ദൻ. 1868–ൽ അദ്ദേഹം സിൻഡിൽ ജനിച്ചു. അദ്ദേഹത്തിൻെറ അന്നത്തേ പേരു റിവച്ചന്ദ് എന്നായിരുന്നു.

ആറുകൊല്ലം റിവച്ചന്ദ് ഒരു പ്രോട്ടസ്റ്റൻറു സ്കൂളിൽ പഠിച്ചിരുന്നു. ക്ലാസ്സു തുടങ്ങുന്നതിനുമുമ്പു കുട്ടികഠം കൂട്ടമായി 'സ്വർഗ്ഗസ്ഥനായ പിതാവേ,' എന്ന പ്രാർത്ഥന ചൊല്ലുക പതിവായിരുന്നു. ക്രിസ്തുമതത്തോടുള്ള വിരോധംനിമിത്തം പല കൊല്ലത്തേക്കു 'പിതാവേ' എന്നതിനുപകരം 'സ്വർഗ്ഗസ്ഥനായ കിടാവേ' എന്നു പരിഹാസപൂർവ്വം അവൻ ചൊല്ലിയിരുന്നു.

ചെറുപ്പത്തിൽ റിവച്ചന്ദ് സിക്കമതനിയമങ്ങളെല്ലാം കൃത്യമായി പാലിച്ചുവന്നു. ഒരവസരത്തിൽ ക്ഷേത്രത്തിൽ പോയപ്പോഠം കുറെ മണ്ണു് അവനു നല്കപ്പെട്ടു. ഒരു കൊല്ലത്തിനകം അതു സ്വർണ്ണക്കട്ടയാകുമെന്നാണു പറഞ്ഞിരുന്നതു്. എന്നാൽ, ഒരു കൊല്ലത്തിനുശേഷവും അതു പഴയ മണ്ണുതന്നെയായിരുന്നു. അവനു പരിചയപ്പെടുവാൻ ഇടയായ ഹൈന്ദവപുരോഹിതന്മാരും സന്യാസികളും ദുർമ്മാതൃകാപരമായ ജീവിതമാണു നയിച്ചിരുന്നതു്. ഇങ്ങനെ പല കാരണങ്ങഠം കൊണ്ടു ഹിന്ദുമതത്തിലുള്ള വിശ്വാസം റിവച്ചന്ദിനു നഷ്ടപ്പെട്ടു.

അതിനുശേഷം ബൈബിഠംക്ലാസുകളിൽ അവൻ സംബന്ധിച്ചുവന്നു. മൂന്നു ബാലന്മാരെ തീച്ചൂളയിൽ എറിഞ്ഞതും അത്ഭുതാവഹമായി അവർ രക്ഷപെട്ടതുമായ പഴയനിയമകഥ ഒരു ഞായറാഴ്ച അദ്ധ്യാപകൻ വിവരിച്ചുകേഠംപ്പിച്ചു. അദ്ദേഹത്തിൻെറ വിശ്വാസദാർഢ്യവും തീക്ഷ്ണതയും കണ്ടു അതൊരു വാസ്തവസംഭവംതന്നെയെന്നും ക്രിസ്തുമതം സത്യമാണെന്നും റിവച്ചന്ദിനു തോന്നി. രണ്ടുകൊല്ലം കഴിഞ്ഞു് അപ്പോസ്തലന്മാരുടെ 'നടപടി' എന്ന ഗ്രന്ഥം പാഠപ്പുസ്തകമായി അവനു പഠിക്കേണ്ടിവന്നു. വി. പൗലോസിൻെറ മാനസാന്തരം അവൻെറ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. ക്രിസ്തമതത്തിൻെറ ബദ്ധശത്രുവായിരുന്ന പൗലോസ് ക്രിസ്തുവിൻെറ തീ

ക്ഷ്ണതയുള്ള പ്രേഷിതനായിത്തീന്നതുകണ്ടു ക്രിസ്തുമതം ദൈവികമാണെന്നു് അവൻ തീരുമാനിച്ചു. ഒരുകാലത്തു ക്രിസ്തുമതം സ്വീകരിക്കണമെന്നു് അവൻ നിശ്ചയിക്കയും ചെയ്തു.

"ക്രിസ്തുമതം ദൈവികമാണോ എന്ന സംശയം നിശ്ശേഷം എന്നിൽനിന്നകല്യുന്നതായി ഞാൻ ദർശിച്ചു; വി. പൗലോസിൻെറ മാനസാന്തരം അത്രയ്ക്കും അപ്രതിഹതമാംവിധം എന്നെ ആകർഷിച്ചു. ഞാൻ ക്രിസ്തുമതത്തിലേക്കു തിരിയുന്ന ഒരു ദിവസംവരും എന്നു്, നടക്കുന്നതിനായി പോയപ്പോൾ ഒരു സ്നേഹിതനോടു പറഞ്ഞതു ഞാൻ ഓർമ്മിക്കുന്നു" എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. (The Ways of Divine Grace p. 42). പൗലോസ് എന്നതിൻെറ ഇൻഡ്യൻരൂപമായ ആനിമാനന്ദ എന്ന നാമം ജ്ഞാനസ്നാനത്തിൽ അദ്ദേഹം സ്വീകരിച്ചതു വിശുദ്ധൻെറ മാനസാന്തരം സ്വന്തം മാനസാന്തരത്തിനു കാരണമായതുനിമിത്തമാണു്.

ഉപാദ്ധ്യായജി പ്രോട്ടസ്റ്റൻറുമതം സ്വീകരിച്ചതു് അയിടെയായിരുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നതിനുവേണ്ടി സ്ഥാനമാനങ്ങളും ഉദ്യോഗവും വലിച്ചെറിയുവാൻ ഉപാദ്ധ്യായജി മടിച്ചില്ല. ക്രിസ്തുവിൻെറ ദൈവത്വത്തെപ്പററി ഉപാദ്ധ്യായജി ഒരു പ്രസംഗം ചെയ്തതു കേട്ടപ്പോൾ ക്രിസ്തുവിൻെറ ഒരു പ്രേഷിതനാകുവാൻ റിവച്ചന്ദും തീരുമാനിച്ചു. അധികം താമസിയാതെ ഉപാദ്ധ്യായജി കത്തോലിക്കസഭയിൽ പ്രവേശിച്ചു. എന്നാൽ, റിവച്ചന്ദിനെ ഈ സംഭവം രോഷാകുലനാക്കി. ക്രിസ്തുമതനവീകരണകത്താവായ ലൂതറിൻെറ പ്രബോധനങ്ങൾക്കെതിരായി കത്തോലിക്കമതം സ്വീകരിച്ചതു മഹാവിഢിത്തമായി അദ്ദേഹം കരുതി. ഉപാദ്ധ്യായജിയുടെ ആദ്ധ്യക്ഷതയിൽ നടന്ന ഒരു യോഗത്തിൽ ലൂതറിനെ സ്തുതിച്ചുകൊണ്ടു റിവച്ചന്ദ് ഒരു പ്രസംഗം നടത്തി. അദ്ധ്യക്ഷൻ അതെപ്പററിയാതൊന്നും സംസാരിച്ചില്ല. എന്നാൽ, പ്രസംഗം കഴിഞ്ഞപ്പോൾ ഉപാദ്ധ്യായജിയുടെ ഒരു സ്നേഹിതനായിരുന്ന പരമാന

ദമേവാരം രഹസ്യത്തിൽ അദ്ദേഹത്തോടു പറഞ്ഞു ലൂതർ അദ്ദേഹം പ്രസ്താവിച്ചതുപോലെയുള്ള ഒരു നവീകരണകർത്താവല്ല, നേരേമറിച്ച് ഒരു മതത്യാഗിയാണെന്ന്. റിവച്ചന്ദിനു ചില കത്തോലിക്കഗ്രന്ഥങ്ങൾ വായിക്കുവാൻ പരമാനന്ദ് കൊടുക്കയും ചെയ്തു. എങ്കിലും അദ്ദേഹത്തിൻെറ സംശയം നീങ്ങിയില്ല. അനന്തരം ചില കത്തോലിക്കവൈദികന്മാരെ കണ്ടു കത്തോലിക്കസിദ്ധാന്തങ്ങളെപ്പററി വാദപ്രതിവാദങ്ങൾ നടത്തിയതിൻെറ ഫലമായി സഭയുടെ യുക്തിയുക്തമായ നിലയെ അദ്ദേഹം ഗ്രഹിച്ചു.

എങ്കിലും ചാർച്ചക്കാരിൽനിന്നുണ്ടായ പ്രതിബന്ധങ്ങൾ നിമിത്തം തൽക്ഷണം റിവച്ചന്ദിനു കത്തോലിക്കസഭയിൽ ചേരുവാൻ സാധിച്ചില്ല. അവസരം കിട്ടുമ്പോഴെല്ലാം അദ്ദേഹം കത്തോലിക്കമതത്തിൻെറ ശ്രേഷ്ഠതയെക്കുറിച്ച് അന്യരോടു സംസാരിച്ചിരുന്നു. ഇപ്രകാരം ഒരവസരത്തിൽ ക്രിസ്തുമതത്തെപ്പററി അദ്ദേഹം തൻെറ ഒരു ശിഷ്യനോടു സംസാരിച്ചു. ക്രിസ്തുവിനു പൂർണ്ണമായി ഹൃദയത്തെ സമർപ്പിച്ചതിനുശേഷം മാത്രം തന്നോടു ക്രിസ്തുമതത്തെപ്പററി പ്രസംഗിച്ചാൽ മതിയെന്ന് ആ ശിഷ്യൻ റിവച്ചന്ദിന് എഴുതിയയച്ചു. ശിഷ്യൻെറ കത്തു കുറിക്കുകൊണ്ടു. 8 മാസങ്ങൾ കഴിഞ്ഞ് 1898-ൽ പരിശുദ്ധ ത്രിത്വത്തിൻെറ തിരുനാളിൽ റിവച്ചന്ദ് കത്തോലിക്കമതം സ്വീകരിച്ചു.

1849-ൽ അദ്ദേഹം ഉമർകോട്ട് എന്ന സ്ഥലത്ത് ഒരു പുതിയ വേദപ്രചരണകേന്ദ്രം സ്ഥാപിക്കയും ഫാദർ ഹെഗ്ളിൽ എന്ന ജസ്വിററുവൈദികനുമൊരുമിച്ചു സുവിശേഷപ്രസംഗം നടത്തുകയും ചെയ്തിരുന്നു. 1900-മാണ്ടു് ഉപാദ്ധ്യായജിയും റിവച്ചന്ദുംകൂടി കൽക്കട്ടായിൽവന്ന് ഒരു ചെറിയ വിദ്യാലയം സ്ഥാപിച്ചു. രവീന്ദ്രനാഥ ടാഗോറിൻെറ ശാന്തിനികേതനം സ്ഥാപിക്കുന്നതിലും ഇവർക്കു പങ്കുണ്ടായിരുന്നു. പക്ഷേ, ഉപാദ്ധ്യായജിയുടെ ഉജ്ജ്വലപ്രകൃതിയും ടാഗോറിൻെറ പ്രശാ

ത്തപ്രകൃതിയും തമ്മിൽ യോജിച്ചുപോകുക സാധ്യമായിരുന്നില്ല.

ആയുഷ്കാലം മുഴുവൻ ദിവ്യപ്രതി ദിവ്യകാരുണ്യം ഉൾക്കൊണ്ടിരുന്ന ഒരു ഭക്താത്മാവായിരുന്നു ആനിമാനന്ദൻ. പള്ളിയിൽപോയി, വി. കുർബ്ബാന സ്വീകരിക്കുവാനുള്ള ശക്തി അദ്ദേഹത്തിൻെറ ശരീരത്തിനു നഷ്ടപ്പെട്ടപ്പോൾ നമ്മുടെ കർത്താവു തൻെറ വിശ്വസ്തദാസൻെറ പക്കലേക്ക് എഴുന്നള്ളുവാൻ തിരുമനസ്സായി. ആനിമാനന്ദൻെറ ബോയിസ് ഓൺ ഹോമിനു സമീപം ഒരു പുതിയ സ്കൂൾ (സെൻറ് ലോറൻസ് ഹൈസ്കൂൾ) സ്ഥാപിതമായി. അവിടെ എന്നും ദിവ്യപൂജ അർപ്പിക്കപ്പെടുകയും ചെയ്തിരുന്നു. അഞ്ചുമാസക്കാലത്തേക്ക് ആനിമാനന്ദൻ പനിപിടിപെട്ടു കിടന്നിരുന്നു. ക്രിസ്തുവിൻെറ പീഡാനുഭവങ്ങളായിരുന്നു അദ്ദേഹത്തിൻെറ നിരന്തരധ്യാനവിഷയം. അന്ത്യകാലത്തു വി. ഫ്റാൻസിസ് അസ്സീസിയുടെ ജീവചരിത്രം അദ്ദേഹം പലപ്പോഴും വായിച്ചിരുന്നു. ക്രിസ്തുവിനെപ്രതി ഭിക്ഷുവായ ഫ്റാൻസിസിനെ അനുകരിച്ച് അദ്ദേഹം ദരിദ്രോചിതമായ ഒരു മുറിയിൽ തറയിലാണു ശയിച്ചിരുന്നത്. **1945** ജാനുവരി **12**-ാം തീയതി ആ ഇൻസ്യൻ അസ്സീസി ഇഹലോകവാസം വെടിഞ്ഞു.

# XVIII

## സ്റ്റീഫൻ നാരായണൻ

നമ്മുടെ നാട്ടിൽ ജനിച്ചുവളർന്നതിനുശേഷം നമ്മിൽനിന്നകന്നു ജീവിക്കുവാൻ ഇടയായ ഒരു മലയാളിയുടെ അനുഭവകഥ നമുക്കു പ്രത്യേകം രസാവഹമായിരിക്കണം. അയാളുടെ സന്തോഷങ്ങളും സന്താപങ്ങളും നമ്മുടേതെന്നപോലെ അനുഭവപ്പെടുന്നെങ്കിൽ അതിൽ വിസ്മയം കൊള്ളേണ്ടതില്ല. സമ്പൽസമൃദ്ധമായ തൃശിവപേരൂരും വ്യവസായ കേന്ദ്രമായ ആലുവായും പ്രകൃതിരമണീയമായ പീരുമേടും വാണിജ്യകേന്ദ്രമായ കോട്ടയവും മററുമായിരുന്നു സ്റ്റീഫൻ നാരായണന്റെ ബാല്യകൗമാരരംഗങ്ങൾ. ബാംഗളൂരും കൽക്കട്ടായിലുമുള്ള കോളേജുകളിലാണു പിന്നീടദ്ദേഹത്തെ കാണുക. പുരാണങ്ങളിലെ രസകരമായ കെട്ടുകഥകൾ വർണ്ണിക്കുന്ന ലങ്കാദ്വീപിൽ ഒരിംഗ്ലീഷ് സ്കൂളിന്റെ പ്രിൻസിപ്പലായിരിക്കെയാണ് അദ്ദേഹം കത്തോലിക്കാമതം സ്വീകരിച്ചത്. അനന്തരം ബാററിക്കലോവായിലെ കോളേജിൽ അദ്ദേഹം ദീർഘനാൾ പഠിപ്പിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഷില്ലോംഗിലാണ് അദ്ദേഹത്തിന്റെ താമസം. ഏതാനും ആണ്ടുകൾക്കുമുമ്പ് അദ്ദേഹത്തിന്റെ ഏക പുത്രി കൃഷ്ണനഗർമിസത്തിലെ ഒരു സന്യാസസഭയിൽ ചേർന്നു എന്നതും പ്രസ്താവയോഗ്യമാണ്.

തൃശിവപേരൂരെ ഒരു ആഢ്യ ബ്രാഹ്മണകുടുംബത്തിൽ 1898 മേയ് 2-ാംതീയതി നാരായണൻ ഭൂജാതനായി. നാരായണന്റെ ബാല്യത്തിൽത്തന്നെ പിതാവ് ഇഹലോകവാസം വെടിയുകയാൽ മാതാമഹന്റെ സംരക്ഷണയിലാണ് അവൻ വളർന്നുവന്നത്. തിരുവിതാംകൂറിലെ ഒരു പ്രധാന ക്ഷേത്രത്തി

ൻെറ പ്രധാനപുരോഹിതനും മഹാരാജാവിൻെറ ഒരു സുഹൃത്തുമായിരുന്നു അദ്ദേഹത്തിൻെറ പിതാവ്. നാരായണൻെറ ശിവഭക്തയായ മാതാവ് പുത്രനേയും ശിവഭക്തിയിൽ വളത്തിക്കൊണ്ടുവന്നു. പ്രഭാതസ്നാനംനടത്തി, സമീപമുള്ള ശിവക്ഷേത്രത്തിൽപോയി ശിവവന്ദനം കഴിച്ചല്ലാതെ മററു ജോലികളിൽ ഏർപ്പെടുവാൻ അവർ മകനെ അനുവദിച്ചിരുന്നില്ല. രാമായണത്തിലേയും ഭാഗവതപുരാണങ്ങളിലേയും കഥകൾ സുശീലയായ ആ മാതാവു നരായണനെ വായിച്ചു കേൾപ്പിക്കുക പതിവായിരുന്നു. അങ്ങനെ ശ്രീകൃഷ്ണനോടും ചെറുപ്പത്തിൽ അവനു വലിയ ഭക്തിയായിരുന്നു. "ഈശ്വരാ, എനിക്കു സത്യജ്ഞാനം നല്കേണമേ" എന്നു ദിവസവും പ്രാത്ഥിക്കുവാൻ ആ മഹതി സ്വപുത്രനെ അഭ്യസിപ്പിച്ചു. ആ പ്രാത്ഥന ക്രമാനുഗതം എപ്രകാരം സാധിതമായി എന്നതിൻെറ വിവരണമാണ് അദ്ദേഹത്തിൻെറ ജീവിത കഥ.

ആറുവയസ്സു പ്രായമായപ്പോൾ നാരായണനെ തൃശിവപേരൂരെ സി. എം. എസ്. സ്കൂളിൽചേത്തു. 1912-ൽ അയാൾ നാലാംഫാറത്തിൽ കയറി. ഹൈന്ദവവിദ്യാത്ഥികളും അവിടെ ബൈബിൾക്ലാസ്സിൽ സംബന്ധിക്കണമെന്നായിരുന്നു നിബന്ധന. ഹൈസ്കൂൾക്ലാസ്സുകളിൽ ബൈബിൾ പഠിപ്പിച്ചിരുന്നതു് ടി. ഡി. ജോർജ്ജ് എന്നൊരദ്ധ്യാപകനാണ്. നാരായണൻെറ മാതുലൻ ആ സ്കൂളിലെ മുൻഷിയായിരുന്നു. അദ്ദേഹവുമായുള്ള പരിചയംനിമിത്തം നാരായണനോടു മി. ജോർജ് പ്രത്യേകവാത്സല്യം കാണിച്ചിരുന്നു. ക്രിസ്തുമതത്തെപ്പററി പലപ്പോഴും സംസാരിക്കയും പതിവായിരുന്നു. ബൈബിൾക്ലാസ്സുകളിൽ ക്രിസ്തുമതത്തെപ്പററി ചോദ്യങ്ങൾ ചോദിക്കുന്നതിനും എതിരഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും വിദ്യാത്ഥികൾക്കു സ്വാതന്ത്ര്യം നല്കിയിരുന്നു. ഹിന്ദുക്കളായിരുന്നു വിദ്യാർത്ഥികളിലധികഭാഗവും. അതിനാൽ പലപ്പോഴും ക്ലാസ്സിൽവച്ചു് ക്രിസ്തുവിനേയും ക്രിസ്തുമതത്തേയുംകുറിച്ചു വലിയ വാദപ്രതിവാദങ്ങൾ നടക്കാറുണ്ടായിരുന്നു. ഇവയുടെ ഫലമായി ഹിന്ദുമത

ത്തെക്കുറിച്ചു നാരായണനു ചില സംശയങ്ങൾ തോന്നിത്തുടങ്ങി. എങ്കിലും സ്വന്തം മതത്തിനുവേണ്ടി പോരാടുകതന്നെയെന്ന് അയാൾ തീരുമാനിച്ചു. തൃശിവപേരൂരെ പബ്ളിക്ക ലൈബ്രറിയിൽ അംഗമായിച്ചേർന്ന് ഹിന്ദുമതത്തെപ്പററി സ്വാമി വിവേകാനന്ദനും മററും എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ പഠിക്കുവാനാരംഭിച്ചു. ശ്രീകൃഷ്ണമിഷൻ നടത്തിയിരുന്ന മതപഠന ക്ലാസ്സുകളിൽ സംബന്ധിച്ചുംവന്നു. ഇംഗർസോളിൻെറയും മററു നിരീശ്വരഗ്രന്ഥകാരന്മാരുടേയും കൃതികളിൽ ബൈബിളിനും ക്രിസ്തുമതത്തിനും എതിരായുള്ള വാദങ്ങൾ അന്വേഷിച്ചുനോക്കി. ഇതൊക്കെയായിട്ടും ഹിന്ദുമതത്തെപ്പററിയുള്ള സംശയങ്ങൾ കൂടുതൽ കൂടുതൽ നാരായണനെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ഹിന്ദുമതം ഒരു മതമെന്ന നിലയിൽ ശരിയാണെങ്കിലും ഒരു സാമുദായിക വ്യവസ്ഥിതി എന്ന നിലയിൽ സ്വീകാര്യമല്ലെന്ന് അയാൾക്കു തോന്നി. തൻെറ സന്ദേഹങ്ങൾക്കു നിവാരണം വരുത്തണമെന്നു കരുതി ഹൈന്ദവാചാരങ്ങളുടെ ന്യൂനതകളെപ്പററി ഒരു ദിവസം അയാൾ മാതാവിനോടു സംസാരിക്കുവാൻ ധൈര്യപ്പെട്ടു. എന്നാൽ വിപ്ലവപരമായ ഇത്തരം ആശയങ്ങൾ വച്ചുകൊണ്ടിരിക്കുന്നതിനു പുത്രനെ ശകാരിക്കയും ഈവക സംഗതികളെപ്പററി മേലാൽ തന്നോടു സംസാരിച്ചുകൂടാ എന്നു കല്പിക്കയുമാണ് അവർ ചെയ്തതു്. മതവിഷയങ്ങളെക്കുറിച്ചു മാതാവുമായുള്ള സംസാരം അന്നുകൊണ്ടവസാനിച്ചു.

ഈ മനഃക്ലേശങ്ങളെപ്പററി സംസാരിക്കുന്നതിനോ തന്നെ അലട്ടിക്കൊണ്ടിരുന്ന പ്രശ്നങ്ങൾക്കു സമാധാനം നല്കുന്നതിനോ ആരേയും കാണാതെ നാരായണൻ ഒരു നിരാശ്രയാവസ്ഥയിലെത്തി. തൻെറ ഹൃദയകവാടങ്ങളിൽ ആരോ മുട്ടിവിളിക്കുന്നതായി അയാൾക്കു തോന്നി. മണിയറയിലേക്കു കൂട്ടിക്കൊണ്ടു പോകുവാൻ ക്രിസ്തുനാഥൻ വന്നു മുട്ടിവിളിക്കുകയായിരുന്നു. ക്രിസ്തുവിൻെറ വ്യക്തിമാഹാത്മ്യത്തിൻെറ പ്രതിഭാവിലാ

സത്തിനുമുമ്പിൽ കൃഷ്ണൻെറ രൂപം നിഷ്പ്രഭമാകുന്നതായി അയാൾക്കനുഭവപ്പെട്ടു.

"ഇപ്രകാരം, എന്നെ സഹായിക്കുന്നതിന് ആരുമില്ലാതെ ഞാൻ അവശനും ദുഃഖിതനുമായിത്തീർന്നു. ശ്രീകൃഷ്ണൻ വെറുമൊരു കല്പിതപുരുഷനായി എനിക്കു തോന്നി. എൻെറ ക്ലേശങ്ങളിൽ അല്പമെങ്കിലും എന്നെ സഹായിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. മാത്രമല്ല, കൃഷ്ണൻെറ സ്വഭാവത്തോട് എനിക്കു വളരെ വെറുപ്പു തോന്നിത്തുടങ്ങി .... ക്രിസ്തുവിൻെറ മൃദുലതയും സ്നേഹമസൃണതയും എൻെറ ഹൃദയത്തെ കീഴ്പ്പെടുത്തിക്കൊണ്ടുമിരുന്നു! ദിവസം ചെല്ലുന്നതോടൊപ്പം എൻെറ മാനസികക്ലേശം ഉഗ്രതരമാകുകയും എൻെറ ഇഷ്ടത്തിനെതിരായിത്തന്നെ എൻെറ ഹൃദയം ക്രിസ്തുവിനെ കാംക്ഷിക്കുകയും ചെയ്തു. അവിടുത്തെ മൃദുലരൂപം കൃഷ്ണൻെറ രൂപത്തെക്കാൾ എൻെറ മനസ്സിൽ യഥാർത്ഥവും സജീവവുമായിത്തീർന്നു. എൻെറ സവാരികളിലും പഠനത്തിലും സ്വപ്നത്തിലും, എല്ലാസ്ഥലത്തും എല്ലാ ജോലികൾക്കിടയിലും ക്രിസ്തുവിൻെറ രൂപം എൻെറ മുമ്പിൽ പ്രത്യക്ഷമാകുന്നതായി എനിക്കു തോന്നി. അവസാനം അവിടുത്തെ തടഞ്ഞുനിറുത്തുവാൻ കെല്പില്ലാതെ ഒരു ക്രിസ്ത്യാനിയാകുവാൻ ഞാൻ നിശ്ചയിച്ചു. പക്ഷെ, എൻെറ പഠനം പൂർത്തിയായി, എനിക്കു പ്രായമായി, അമ്മയുടെ മരണശേഷംമാത്രം അതു പ്രയോഗത്തിൽ വരുത്തുവാനാണ് ഞാൻ തീരുമാനിച്ചതു്. അല്ലാതെ, ലോകത്തിൽ ഞാൻ ഏററം വാത്സല്യപൂർവ്വം സ്നേഹിച്ചിരുന്ന എൻെറ അമ്മയെ എങ്ങനെ ഞാൻ വേർപിരിയുവാനാണ്?" (From Hinduism To Catholicism Via Anglicanism p. 5.)

ഒരു കാമുകനോ കാമുകിയോ തൻെറ സ്നേഹഭാജനത്തിൻെറ ഹൃദയത്തെ മുഴുവനായി ലഭിക്കാതെ തൃപ്തിയടയുകയില്ല. ആത്മവല്ലഭനായ ക്രിസ്തുവും അവിഭക്തമായ ഹൃദയത്തെ ആവശ്യപ്പെടുന്നതായി നാരായണനു തോന്നി. ഒരു കാലത്തു ക്രി

സ്തുവിനെ അനുഗമിക്കാമല്ലോ എന്ന പ്രത്യാശയോടെ സമാധാനമായിക്കഴിയുവാൻ അയാൾ ശ്രമിച്ചു. പക്ഷേ, ഏതാനും മാസങ്ങൾക്കപ്പുറം ആ സമാധാനം നീണ്ടുനിന്നില്ല. മനഃക്ലേശങ്ങൾ വീണ്ടും പീഡിപ്പിക്കുവാൻ തുടങ്ങി. ക്രിസ്തുവിനെപ്പററി തനിക്കു ലഭിച്ച അറിവു വാസ്തവമാണോ എന്നൊരു സംശയം അങ്ങനെ. താൻ ഹിന്ദുമതം ഉപേക്ഷിച്ചു എന്നു സംശയിച്ച സംബന്ധികളിൽനിന്നും ഹൈന്ദവസ്നേഹിതരിൽ നിന്നുമുള്ള ഉപദ്രവങ്ങൾ മറുവശത്ത്. മി. ററി. ഡി. ജോർജ്ജിന് അവസാനം നാരായണൻ തൻെറ ക്ലേശങ്ങളെ വെളിപ്പെടുത്തി. മി. ജോർജ്ജ് അയാളെ ആലുവായിൽ മിഷൻ പ്രവർത്തനം നടത്തിയിരുന്ന റവ. ജോൺ ഹെൻട്രി ഓസ്മാസ്റ്റൺ എന്ന സി. എം. എസ്. വൈദികൻെറ പക്കലേക്കു പറഞ്ഞയച്ചു. 1916 ജനുവരി 30-ാം തീയതിയാണ് ആദ്യമായി ഓസ്മാസ്റ്റനെ നാരായണൻ സന്ദർശിച്ചത്. അദ്ദേഹത്തിൻെറ മുമ്പിൽവച്ച് നാരായണൻ പൊട്ടിക്കരഞ്ഞുപോയി. മനസ്സമാധാനം ലഭിക്കുവാൻ തന്നെ സഹായിക്കണമെന്നും ക്രിസ്തുമതത്തിലേക്കു തന്നെ സ്വീകരിക്കണമെന്നും അയാൾ അപേക്ഷിച്ചു. പക്ഷേ, നിയമപ്രകാരം പ്രായപൂർത്തി വന്നിട്ടില്ലാത്തതിനാൽ അമ്മയുടെ സമ്മതംകൂടാതെ ജ്ഞാനസ്നാനം നല്കുവാൻ നിവൃത്തിയില്ലെന്നും അതിനാൽ ഒരു കൊല്ലംകൂടി ക്ഷമിച്ചിരിക്കണമെന്നും റവ. ഓസ്മാസ്റ്റൺ നാരായണനെ ഉപദേശിച്ചു. അടുത്ത മൂന്നുനാലു മാസങ്ങൾക്കുള്ളിൽ പല പ്രാവശ്യം അയാൾ ആലുവായിൽവന്ന് ഓസ്മാസ്റ്റനെ സന്ദർശിച്ചിരുന്നു. ചില വ്യവസ്ഥകളിന്മേൽ ഈ സന്ദർശനങ്ങൾ നടത്തിക്കൊള്ളുവാൻ അമ്മ അയാളെ അനുവദിച്ചു. ക്രിസ്ത്യാനികളോടുകൂടി ഭക്ഷണം കഴിക്കരുത്; സന്ദർശനം കഴിഞ്ഞാൽ സമീപമുള്ള ആലുവാപ്പുഴയിൽ മുങ്ങിക്കുളിച്ച് വിശുദ്ധി വരുത്തിയതിനുശേഷം ഏതെങ്കിലും ബ്രാഹ്മണ ഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചുകൊള്ളണം. ഒന്നുരണ്ടു സന്ദർശനങ്ങളിൽ ഈ വ്യവസ്ഥക

ളെല്ലാം അയാൾ പാലിച്ചു. എന്നാൽ ജാതിയും ഭക്ഷണവുമല്ല ദൈവസന്നിധിയിൽ സ്വീകാര്യമായിട്ടുള്ളതു് എന്ന ബോധത്തോടെ പിന്നീട് റവ. ഓസ്മാസ്റ്റനോടുകൂടിയാണു് അയാൾ ഭക്ഷണം കഴിച്ചിരുന്നതു്.

1915-ൽ നാരായണൻ മട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. ഉന്നതവിദ്യാഭ്യാസാൎത്ഥം അദ്ദേഹത്തെ കോളജിൽ വിടണമെന്നായിരുന്നു ചാർച്ചക്കാരുടെ അഭിലാഷം. തൃശ്ശിവപേരൂർ കോളജ് അന്നു സ്ഥാപിതമായിരുന്നില്ല. വിദൂരദേശത്തു് പുത്രനെ തനിച്ചയയ്ക്കുവാൻ അമ്മയ്ക്കു സമ്മതവുമില്ലായിരുന്നു. അതിനാൽ വിദ്യാഭ്യാസസൗകര്യത്തിനുവേണ്ടി നാരായണന്റെ വല്യച്ഛൻ കുടുംബസമേതം തിരുവനന്തപുരത്തേക്കു താമസം മാററി. എന്നാൽ അവരവിടെയെത്തിയപ്പോഴേക്കും മഹാരാജാസ് കോളജിൽ പ്രവേശനത്തിനുള്ള ദിവസം കഴിഞ്ഞിരുന്നതിനാൽ അടുത്ത സ്കൂൾവർഷംവരെ കാത്തിരിക്കേണ്ടിവന്നു.

അക്കൊല്ലം തിരുവനന്തപുരത്തു പല പ്രോട്ടസ്റ്റന്റു മിഷനറിമാരുമായി പരിചയപ്പെടുന്നതിനു് നാരായണനു് അവസരം ലഭിച്ചു. ഏകാകിയായി കടൽത്തീരംവരെ സായാഹ്നസവാരിക്കുപോകയും അവിടെ പ്രാൎത്ഥനയിലും മതസത്യങ്ങളെപ്പററിയുള്ള ധ്യാനത്തിലും വളരെ സമയം കഴിക്കയും ചെയ്യുക അദ്ദേഹത്തിന്റെ പതിവായിരുന്നു. ആ ഫെബ്റുവരിയിൽ നാരായണനെ സംബന്ധിച്ചിടത്തോളം പ്രധാനമായ ഒരു സംഭവം നടന്നു. അദ്ദേഹത്തിന്റെ ചാർച്ചയിൽപ്പെട്ട അച്ച്യുതൻ പിഷാരടി എന്നൊരാൾ ക്രിസ്തുമതം സ്വീകരിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തു സ്വഭവനത്തിൽനിന്നു ഒളിച്ചോടി ആലുവായിലെത്തുകയും ഓസ്മാസ്റ്റണിൽനിന്നു മാമ്മോദീസാ സ്വീകരിക്കയും ചെയ്തു. അതിന്റെ പരിണതഫലമെന്തായിരുന്നെന്നു് അന്നു നാരായണൻ റവ. ഓസ്മാസ്റ്റനെഴുതിയ കത്തിൽനിന്നു സ്പഷ്ടമാണു്. ഇംഗ്ലീഷിലെഴുതിയ ആ എഴുത്തിൽനിന്നു ചില ഭാഗങ്ങൾ തർജ്ജമചെയ്തുകൊള്ളട്ടെ

തിരുവനന്തപുരം,
20—2—1916.

പ്രിയപ്പെട്ട സഹോദരാ,

അച്യുതന്റെ ജ്ഞാനസ്നാനം വീട്ടിൽ വലിയ സങ്കടത്തിനു കാരണമായി . . . . ഒരു ഹിന്ദു ക്രിസ്ത്യാനിയോ മഹമ്മദീയനോ ആകുന്നതു് അയാളുടെ ബന്ധുക്കളുടെ ദൃഷ്ടിയിൽ മരിക്കുന്നതിനു സമമാണു് . . . . കോപത്താൽ മതിമറന്നു് അച്യുതന്റെ സഹോദരൻ (അപ്പോൾ അയാൾ ഞങ്ങളോടുകൂടെ താമസിക്കയായിരുന്നു) ഇപ്രകാരം വിളിച്ചുപറഞ്ഞു. "ഞാനിപ്പോൾ ആലുവായിൽചെന്നു് അവന്മാരേയും വെടിവച്ചിട്ടു ഞാനും വെടിവച്ചു ചാകട്ടെയോ?" . . . എന്റെ കൈവശം ഒന്നു രണ്ടു ബൈബിൾ ഉണ്ടെന്നു അമ്മയ്ക്കറിയാം. അതിനാൽ അമ്മ പറഞ്ഞു: "എവിടെയിരിക്കുന്നു നിന്റെ ബൈബിൾ? ഉടനെ കൊണ്ടുപോയി ചുട്ടു കളയുക." "എന്റെ അമ്മേ, എന്തിനാണു് അവ ദഹിപ്പിച്ചുകളയുന്നതു്? എന്റെ ഒരു കൂട്ടുകാരൻ, ഒരു ക്രിസ്ത്യാനിക്കു കൊടുത്തേക്കാം. അയാൾക്കവകൊണ്ടു ഗുണം കിട്ടുമല്ലോ?" എന്നു ഞാൻ മറുപടി പറഞ്ഞു. "എന്നാൽ ഉടനെ കൊണ്ടുപോയി അയാൾക്കു കൊടുത്തുകൊള്ളണം. ഈ ഉപദ്രവം പിടിച്ച പുസ്തകങ്ങളൊന്നും ഈ വീട്ടിൽ വച്ചിരിക്കാൻ പാടില്ല" എന്നു് അപ്പോൾ അമ്മ പറഞ്ഞു. ഉടനെതന്നെ അവയെല്ലാം, ഒന്നുപോലും വച്ചിരിക്കാതെ, ഞാൻ എടുത്തു കെട്ടി മി. ഫിലിപ്പിന്റെ പക്കൽ കൊണ്ടുപോയിക്കൊടുത്തു. ഞാൻ തിരുവനന്തപുരത്തുനിന്നു പോകുന്നതുവരെ അദ്ദേഹം അവ സൂക്ഷിച്ചുകൊള്ളും . . . . . ബൈബിൾ വായിക്കുകയോ മിഷനറിമാരേയും ക്രിസ്ത്യാനികളായ സ്നേഹിതന്മാരേയും സന്ദർശിക്കുകയോ നിങ്ങളിലാർക്കെങ്കിലും എഴുതുകയോ ചെയ്യുന്നതിൽനിന്നു് എന്നെ തടഞ്ഞിരിക്കയാണു്. ദിവസം രണ്ടുപ്രാവശ്യം, കാലത്തും വൈകിട്ടും, ക്ഷേത്രത്തിൽ പോകുന്നതിനും കർമ്മങ്ങളിലെല്ലാം സംബന്ധിക്കു

ന്നതിനും അമ്മ എന്നെ നിർബന്ധിക്കുന്നു . . . എൻെറ പെരുമാററങ്ങളെ അമ്മ ശ്രദ്ധയോടെ സൂക്ഷിച്ചുകൊണ്ടിരിക്കയാണ്. വീട്ടിൽവച്ച് അങ്ങേക്ക് എഴുതുന്നതിന് എനിക്കനുവാദമില്ലാത്തതിനാൽ കടൽത്തീരത്തുവച്ചാണ് ഞാനിതെഴുതുന്നത്. പേനയോ മഷിയോ കിട്ടുവാൻ മാർഗ്ഗമില്ല . . . .

എന്നു നിങ്ങളുടെ സ്വന്തം . . . ."

ഈ സ്ഥിതിയിൽ ദിവസങ്ങൾ കടന്നുകൊണ്ടിരുന്നു. മേയ് രണ്ടാംതീയതി ഇൻഡ്യൻ നിയമപ്രകാരം നാരായണനു പ്രായപൂർത്തിയായി. സ്വാഭീഷ്ടമനുസരിച്ചു പ്രവർത്തിക്കുവാൻ സ്വതന്ത്രനായി. രണ്ടുദിവസങ്ങൾക്കുശേഷം ആലുവായിക്കു കടക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. എന്നാൽ, നിശ്ചിത ദിവസം സമീപിച്ചതോടുകൂടി ക്രിസ്തുമതത്തെപ്പററിയുള്ള സംശയങ്ങളാൽ അദ്ദേഹം അസ്വസ്ഥനായിത്തീർന്നു. ക്രിസ്തുമതം ആശ്ലേഷിച്ചാലത്തെ അനുഭവങ്ങളെന്താണെന്നോർത്തപ്പോൾ നാഡികൾ തളരുന്നതുപോലെ അദ്ദേഹത്തിനു തോന്നി. അമ്മയുടെ സ്ഥിതി എന്തായിരിക്കുമെന്ന വിചാരമാണ് ഏററമധികം അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടിരുന്നത്. ആ ദിവസങ്ങളിൽ മരണവേദനയാണു താൻ സഹിച്ചിരുന്നതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

മേയ് 4-ാംതീയതി അസാധാരണമായ ധൈര്യവും സമാധാനവും അദ്ദേഹത്തിനനുഭവപ്പെട്ടു. അന്നു പ്രഭാതഭക്ഷണം കഴിഞ്ഞു പത്തുമണിക്ക് ഒരു സ്നേഹിതനെ കാണുവാൻ പോകയാണെന്നുമാത്രം അമ്മയോടു പറഞ്ഞിട്ട് അദ്ദേഹം വീട്ടിൽനിന്നിറങ്ങി. തൻെറ യാത്രയുടെ ഉദ്ദേശ്യം വിവരിക്കുന്ന ഒരു കത്ത് അമ്മയുടെപേർക്കെഴുതി അഞ്ചലിൽ ഇട്ടതിനുശേഷം അദ്ദേഹം ആലുവായിക്കു തിരിച്ചു. എഴുത്തു വായിച്ചപ്പോൾ ആ വത്സല മാതാവിന് അനുഭവപ്പെട്ട വ്യസനം നിസ്സീമമായിരുന്നു. നിരാശനിമിത്തം സമീപത്തുള്ള ഒരു കുളത്തിൽ ചാടി ആത്മഹത്യ ചെയ്യുന്നതിനുപോലും അവർ ശ്രമിച്ചു. പക്ഷേ, അ

യൽക്കാർ അവളെ ഒരു മുറിയിലിട്ടു പൂട്ടി ആ സാഹസകൃത്യത്തിൽനിന്നു തടഞ്ഞു. എറണാകുളത്ത് എത്തുമ്പോൾ നാരായണനെ പിടിക്കണമെന്നു കാണിച്ച് വീട്ടുകാർ അവിടെയുള്ള ചില സ്നേഹിതന്മാർക്കു കമ്പിയടിച്ചു. ഈ സംഭവവികാസങ്ങളൊന്നുമറിയാതെ പിറേറദിവസം ഉച്ചയ്ക്കുശേഷം അദ്ദേഹം കൊച്ചിയിലെത്തി. അവിടെനിന്ന് എറണാകുളത്തേക്കു ബോട്ടു കയറുവാൻ നോക്കിനില്ക്കവെ അപ്രതീക്ഷിതമായി റെവ. ഓസ് മാസ്റ്റൺ അവിടെ പ്രത്യക്ഷനായി. ഇരുവരുംകൂടി ഒരു ചെറുവഞ്ചിയിൽകയറി രഹസ്യമായി എറണാകുളത്തടുക്കുകയും അവിടെനിന്ന് ആലുവായിലേക്ക് ഉടനെ തിരിക്കയുംചെയ്തു. എറണാകുളത്തുവച്ചു നാരായണനെ പിടികൂടുവാൻ അദ്ദേഹത്തിൻെറ വീട്ടുകാർ നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് ഓസ്മാസ്റ്റന് തിരുവനന്തപുരത്തുനിന്ന് ഒരു സ്നേഹിതയുടെ കമ്പി കിട്ടിയിരുന്നതു നിമിത്തമാണ് ഈ മുൻ കരുതലുകൾ ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചത്. നാരായണനെ ബലമായി പിടിച്ചുകൊണ്ടുപോകണമെന്ന ഉദ്ദേശ്യത്തോടെ ചിലർ രണ്ടുമൂന്നു ദിവസത്തിനുശേഷം ആലുവായിൽ മി. ഓസ്മാസ്റ്റൻെറ ബംഗ്ലാവിലെത്തി. എങ്കിലും അവർ നിരാശരായി മടങ്ങേണ്ടിവന്നു. ഒരാഴ്ചത്തെ ഒരുക്കത്തിനുശേഷം അവിടെവച്ചു നാരായണൻ പ്രോട്ടസ്റ്റൻറുമതം സ്വീകരിച്ചു.

നാരായണൻെറ ആദ്ധ്യാത്മികതീർത്ഥയാത്രയുടെ അവസാനമായിരുന്നില്ല അത്. ആരംഭംമാത്രമേ ആയിരുന്നുള്ളു. കത്തോലിക്കസഭയിൽ പ്രവേശിക്കുന്നതിനു പല കൊല്ലങ്ങൾ പിന്നെയും സഞ്ചരിക്കേണ്ടിയിരുന്നു. ക്രിസ്തുവിൻെറ ഉയിപ്പിനെപ്പററി യഹൂദപ്രമാണികൾ ഒരു കളവു പറഞ്ഞുപരത്തി; ക്രിസ്തു ഉയിർത്തില്ല, അവൻെറ ശരീരം ശിഷ്യന്മാർ രാത്രിയിൽ മോഷ്ടിച്ചുകൊണ്ടുപോയി മറവുചെയ്തതിനുശേഷം അവൻ ഉയിർത്തെഴുന്നേററെന്ന് അവർപ്രസംഗിക്കയാണെന്ന്. ഇന്നും യഹൂദരുടെയിടയിലുള്ള വിശ്വാസം ഇങ്ങനെയാണ്. പ്രോട്ടസ്റ്റൻറു

മതവിപ്ലവകാരികൾ സഭയെപ്പററി ഒരു വ്യാജസംഹിതതന്നെ പറഞ്ഞുപരത്തി, സഭ മറിയത്തേയും വിശുദ്ധരേയും ആരാധിക്കുന്നെന്നു്, സഭയിൽ ഒരു പെൺപാപ്പാ ഭരണം നടത്തിയിട്ടുണ്ടെന്നു്, സഭ അബദ്ധങ്ങളെ ആവിഷ്കൃതസത്യങ്ങളായി പഠിപ്പിക്കുന്നെന്നു്. ഇന്നും പ്രോട്ടസ്റ്റൻറുകാരുടെ ഇടയിലുള്ള വിശ്വാസം ഇങ്ങനെയാണു്. ഇങ്ങനെ വ്യാജസമ്മിളിതമായ ഒരു ക്രിസ്തീയതത്വമാണു നാരായണൻ ഗ്രഹിക്കുവാനിടയായതു്. ക്രിസ്തുമതത്തെക്കുറിച്ചു് അദ്ദേഹത്തിനു ലഭിച്ച അറിവുമുഴുവൻ ആംഗ്ലിക്കൻ ലോചർച്ചിൽപ്പെട്ട മിഷനറിമാരിൽനിന്നാണു്. ക്രിസ്തുമതത്തെപ്പററി അവഗാഢമായ പഠനം നടത്തുന്നതിനുമാത്രം അദ്ദേഹത്തിൻെറ ബുദ്ധി വികസിച്ചിരുന്നില്ല. ഈ അബദ്ധവിശ്വാസങ്ങളിൽനിന്നു വിടുതൽ ലഭിക്കുന്നതിനും സത്യസഭയെ കണ്ടെത്തുന്നതിനും കൊല്ലങ്ങൾ പലതു വേണ്ടിവന്നു. പ്രോട്ടസ്റ്റൻറുമതത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച കാലത്തു തൻെറ വിശ്വാസമെന്തായിരുന്നെന്നു് അദ്ദേഹം ഇപ്രകാരം സംക്ഷേപിച്ചെഴുതുന്നു:

"ബൈബിൾ അനുപമമെന്നാണും ദൈവനിവേശിതമാണെന്നും ക്രിസ്ത്യാനികളുടെ അപ്രമാദമായ മാർഗ്ഗദർശിയും പ്രമാണവും ബൈബിൾമാത്രമാണെന്നും എന്നെ പഠിപ്പിച്ചിരുന്നു. ലോകത്തിലെ വിവിധസഭാവിഭാഗങ്ങളിൽപ്പെട്ട യഥാർത്ഥക്രിസ്ത്യാനികളുടെ അദൃശ്യമായ സമൂഹമാണു ക്രിസ്തുവിൻെറ സഭ. രണ്ടു കൂദാശകൾമാത്രമേ ക്രിസ്തു സ്ഥാപിച്ചിട്ടുള്ളു. മാമ്മോദീസാ ഒരുവൻെറ വിശ്വാസപ്രഖ്യാപനവും ഭൂമിയിലെ ദൃശ്യസഭയിലേക്കുള്ള ഔദ്യോഗികപ്രവേശനവുമാണെന്നു പറയാം. മാമ്മോദീസായിൽ വസ്തുപരമായി ലഭിക്കുന്ന പ്രസാദവരത്തെപ്പററിഞാൻ യാതൊന്നും കേട്ടിട്ടില്ലായിരുന്നു. വി. കുർബാന എന്ന കൂദാശയെപ്പററി എന്നെ യാതൊന്നും പഠിപ്പിച്ചിരുന്നില്ല. ക്രിസ്തുമതത്തിൻെറ ഏററം ശുദ്ധമായ രൂപം അപ്പസ്തോലികകാലഘട്ടത്തതാണു്. ശതാബ്ദങ്ങൾ കഴിയുന്തോറും ദൃ

ശ്വസഭാസമൂഹം കൂടുതൽ കൂടുതൽ ദുഷിക്കയും മതനവീകര ണകാലത്തു പ്രോട്ടസ്റ്റൻറുകാർ ബൈബിൾ പ്രോക്തമായ ക്രി സ്തുമതത്തിൻെറ ശുദ്ധരൂപം തിരിച്ചെടുക്കുകയും ചെയ്തു. മദ്ധ്യ ശതകങ്ങളിലെ ദുഷിച്ച സഭയുടെ തുടർച്ചയാണു റോമൻസഭ. പരിശുദ്ധ കന്യകാമറിയത്തേയും വിശുദ്ധന്മ രയും അവരുടെ പ്രതിമകളേയും കത്തോലിക്കർ ആരാധിക്കുന്നു വിഗ്രഹാരാധ നാപരവും അന്ധവിശ്വാസപൂർണ്ണവുമാണ് അവരുടെ മതം. എ ല്ലാക്കാര്യങ്ങളിലും പാപ്പായ്ക്കു തെററാവരമുണ്ടെന്ന് അവർ വി ശ്വസിക്കുന്നു. ബാഹ്യചടങ്ങുകൾ വിഗ്രഹാരാധനാപരമാണ്, ശരിയായ ആരാധന ബാഹ്യവസ്തുക്കളുടെ സഹായംകൂടാതെ തി കച്ചും ആത്മീയമായിരിക്കണം. സുവിശേഷം പ്രസംഗിക്കുകയാ ണു യഥാർത്ഥക്രിസ്ത്യാനികളുടെ പ്രധാനകൃത്യം, നാം ദൈവത്തി നു സമർപ്പിക്കേണ്ട ആരാധനയുടെ പ്രധാനരൂപവും അതുതന്നെ. മരിക്കുന്നവർ നിദ്രാവസ്ഥയിലാണ്. ഉയിർപ്പുദിവസം അവർ എഴുന്നേല്ക്കുകയും പൊതുവിധിക്കുശേഷം ശിഷ്ടന്മാർ നിത്യ സ്വർഗ്ഗത്തിലേക്കും ദുഷ്ടന്മാർ നിത്യനരകത്തിലേക്കും പോകുക യും ചെയ്യും. ഒരു പ്രോട്ടസ്റ്റൻറായി ജീവിതമാരംഭിച്ചപ്പോഴ ത്തെ എൻെറ വിശ്വാസം ചുരുക്കത്തിൽ ഇപ്രകാരമായിരു ന്നു." (From Hinduism to Catholicism Via Anglicanism pp. 14-15).

നാരായണനെ കോട്ടയത്തെ സി. എം. എസ്. കോളേജി ൻെറ വൈസ് പ്രിൻസിപ്പാളായിരുന്ന റവ. ജെ. ആർ. മാക്ക് വിക്കറിൻെറ സംരക്ഷണത്തിലാക്കിയതിനുശേഷം 1916 മേ യ് അവസാനം മി. ഓസ്മാസ്റ്റൺ ഇംഗ്ലണ്ടിലേക്ക് അവധി യെടുത്തുപോയി. അതിനാൽ ഏതാനും ആഴ്ചകൾ കഴിഞ്ഞു കോളജു തുറന്നപ്പോൾ കോട്ടയത്ത് ഇൻറർമീഡിയററുക്ലാ സ്സിൽ ചേർന്നു പഠനം തുടരുവാൻ നാരായണനു സൗകര്യം ല ഭിച്ചു.

കോളജിലും പുറത്തും അധികം പരിചയപ്പെടുവാൻ കഴി

ഞ്ഞ പ്രോട്ടസ്റ്റൻറുകാരുടെ ജീവിതം ആദരണീയമായി അദ്ദേഹത്തിനു തോന്നിയില്ല. സ്വഭവനത്തിലെ ദൈവഭയവും ഭക്തിതീക്ഷ്ണതയും കോളെജിൽ കാണ്മാനില്ലായിരുന്നു. ഹൈന്ദവഭവനത്തിൽ വളരെ സമയം പ്രാത്ഥനയും ധ്യാനവുംവഴി ദൈവവുമായുള്ള ഐക്യത്തിൽ അദ്ദേഹം ചെലവഴിച്ചിരുന്നു. ആദ്ധ്യാത്മികമായ ആനന്ദത്തെ ആസ്വദിക്കുന്നതിനുള്ള അവസരങ്ങളായിരുന്നു അവ. ഇപ്പോഴാകട്ടെ മററുള്ളവരെക്കാൾ അല്പസമയം കൂടുതൽ പ്രാത്ഥനയിൽ ചെലവഴിച്ചാൽ കപടഭക്തനെന്നും ഭക്തിഭ്രാന്തനെന്നും സഹപാഠികൾ ആക്ഷേപിച്ചുതുടങ്ങും. ഏറെത്താമസിയാതെ, പ്രോട്ടസ്റ്റൻറിസം നിർജ്ജീവവും അനാകർഷകവുമായി നാരായണനു് അനുഭവപ്പെട്ടുതുടങ്ങി. ക്രിസ്തുമതത്തിനു് ഇതിലും വിശിഷ്ടമായ രൂപങ്ങളുമുണ്ടെന്നു് ഈയവസരത്തിൽ അദ്ദേഹം മാക്ക് വിക്കറിൽനിന്നു ശ്രവിച്ചതു വളരെ ചാരിതാത്ഥ്യത്തോടുകൂടിയാണു്.

ഏഴുമാസത്തോളമേ മാക്ക് വിക്കറുമൊരുമിച്ചു നാരായണൻ താമസിച്ചുള്ളു. എങ്കിലും ആ ചുരുങ്ങിയ കാലത്തെ പരിചയം നാരായണൻെറ വിശ്വാസത്തിനു വളരെ മാററം വരുത്തി. മതത്തെപ്പററി പഠിപ്പിക്കുവാനല്ലാതെ ഭൂമിശാസ്ത്രമോ, രസതന്ത്രമോ പഠിപ്പിക്കുവാനല്ല ബൈബിൾ എഴുതപ്പെട്ടതെന്നും വേദപുസ്തകത്തിലെ വാക്കുകളല്ല ആശയങ്ങളാണു ദൈവനിവേശിതങ്ങളെന്നും മാക്ക് വിക്കർ പഠിപ്പിച്ചു.

കർബ്ബാനയെസംബന്ധിച്ച്, അൾത്താരയിൽ ക്രിസ്തു പ്രത്യേകമായവിധത്തിൽ സന്നിഹിതനാണെന്നും നാരായണൻ വിശ്വസിക്കുവാൻ തുടങ്ങി. ബാഹ്യക്രമങ്ങളോടുകൂടിയുള്ള ദൈവാരാധന ആകർഷകമായും അനുഭവപ്പെട്ടു. ഇരനേവൂസ്, തെർത്തുല്യൻ മുതലായ സഭാപിതാക്കന്മാരുടെ പേരുകൾ മാക്ക് വിക്കറിൽനിന്നു് അദ്ദേഹം കേൾക്കുവാനിടയായി. ആ ആദിമരക്തസാക്ഷികളുടേയും ഗ്രന്ഥകാരന്മാരുടേയും വിശ്വാസം എന്തായിരുന്നെന്നും അവർ വേദപുസ്തകത്തെ എല്ലാ

കാരം വ്യാഖ്യാനിച്ചെന്നും പഠിക്കുവാൻ നാരായണനു വളരെ കൗതുകം തോന്നി.

ഓമനപ്പുത്രനെ വേർപെട്ടു ജീവിക്കുക അസാധ്യമായിത്തോന്നിയതിനാൽ നാരായണനെ അനുഗമിച്ചു പ്രൊട്ടസ്റ്റൻറുമതം സ്വീകരിക്കുന്നതിനു് അദ്ദേഹത്തിൻെറ മാതാവു തീരുമാനിച്ചു. 1917–ജനുവരിയിൽ അവർ മി. അച്ചുതൻ പിഷാരടിയോടുകൂടി പീരുമേട്ടിൽ താമസമാക്കി. അവരോടൊരുമിച്ചാണു നാരായണൻ അക്കൊല്ലത്തെ അവധിക്കാലം കഴിച്ചതു്. ഏതാനും മാസങ്ങൾ കഴിഞ്ഞു പ്രൊട്ടസ്റ്റൻറു മതത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ ഒരുങ്ങുന്നതിനുവേണ്ടി അദ്ദേഹത്തിൻെറ മാതാവു് ആലുവായിലേക്കു താമസം മാററി. അവിടെച്ചെന്നു് അധികം താമസിയാതെ ഭയങ്കരമായ മസൂരി പിടിപെട്ടു് അവർ ഇഹലോകവാസം വെടിയുവാൻ ഇടയായി. എങ്കിലും മരണത്തിനുമുമ്പു സുബോധത്തോടേ സസന്തോഷം ജ്ഞാനസ്നാനം സ്വീകരിച്ചു. അമ്മയുടെ മരണാവസരത്തിലോ സംസ്കാരസമയത്തുപോലുമോ സന്നിഹിതനാകുവാൻ നാരായണനു സാധിച്ചില്ല. ബാല്യകാലത്തു ദൈവം കഴിഞ്ഞാൽ തൻെറ സർവ്വസ്വവുമായിരുന്ന വത്സലമാതാവിൻെറ വേർപാടു് അദ്ദേഹത്തിനു ഹൃദയഭേദകമായിരുന്നു.

മരണാനന്തരം ആത്മാവിൻെറ സ്ഥിതി എന്താണു് എന്നതിനെപ്പററി ഗാഢമായി ചിന്തിക്കുവാൻ മാതാവിൻെറ വേർപാടു് നാരായണനെ പ്രേരിപ്പിച്ചു. അമ്മ ജീവിച്ചിരിക്കയിൽ നിത്യവും അവർക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. ഇനി പ്രാർത്ഥനയിൽ അവരെ സ്മരിക്കേണ്ടെന്നോ? തനിക്കു ലഭിച്ച ദിവ്യപ്രകാശമനുസരിച്ചു മാമ്മോദീസാ സ്വീകരിച്ചതിനുശേഷമാണു് അവർ ലോകത്തോടു യാത്രപറഞ്ഞതു്. അതിനാൽ കാരുണ്യവാനായ ദൈവം അവരെ നിത്യമായി ശിക്ഷിച്ചു എന്നു് ഒരുനാളും വിചാരിക്കുവാൻ പാടില്ല. എന്നാൽ, നേരെ സ്വർഗ്ഗത്തെ പ്രാപിക്കുവാൻ തക്കവിധം മാലിന്യരഹിതവും പ

രിശുദ്ധവുമായിരുന്ന അവരുടെ ആത്മാവ് എന്ന് എങ്ങനെയാണു വിചാരിക്കുക? അതിനാൽ, കത്തോലിക്കസഭ പഠിപ്പിക്കുന്നതുപോലെ അല്പമായ മാലിന്യങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെടുന്ന ഒരു മധ്യസ്ഥലവുമുണ്ടായിരിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. തന്നിമിത്തം, അമ്മയുടെ ആത്മശാന്തിക്കായി ക്രിസ്തുവിൻെറ തൃപ്പാദങ്ങളിൽ പ്രാർത്ഥനകൾ അർപ്പിക്കുവാനും തുടങ്ങി.

ഇൻററർമീഡിയററു പരീക്ഷ ജയിച്ചുകഴിഞ്ഞപ്പോൾ ദൈവശാസ്ത്രത്തിൽ ബിരുദമെടുത്ത് ഒരാംഗ്ലിക്കൻവൈദികനാകണമെന്ന ആഗ്രഹത്തോടെ 1920-ൽ നാരായണൻ ബാംഗളൂരുള്ള 'യുണൈററഡ് തിയോളജിക്കൽ കോളെജിൽ' ചേർന്നു. ആദിമശതകങ്ങളിലെ ക്രിസ്തീയതപമാണ് ഏററം ശുദ്ധമായ രൂപത്തിലുള്ളതെന്നു പ്രോട്ടസ്റ്റൻറുകാരിൽനിന്ന് അദ്ദേഹം പലപ്പോഴും കേട്ടിരുന്നു. അതിനാൽ ആദിമക്രിസ്ത്യാനികൾ എന്തു വിശ്വസിച്ചു, എങ്ങനെ ജീവിച്ചു എന്നു സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നു നേരിട്ടു ഗ്രഹിക്കുവാൻ അദ്ദേഹം കോളെജിലെ ഗ്രന്ഥശേഖരങ്ങളെല്ലാം തിരഞ്ഞുനോക്കി. ക്രിസ്തുമതത്തെയും വേദപുസ്തകത്തെയും വ്യാഖ്യാനിക്കുന്നതിന് ഇക്കാലത്തു ജീവിക്കുന്ന പ്രോട്ടസ്റ്റൻറുകാരെക്കാൾ യോഗ്യതയുള്ളതു തീർച്ചയായും അപ്പോസ്തലകാലത്തോടടുത്തു ജീവിച്ചിരുന്ന പണ്ഡിതന്മാരും വിശുദ്ധന്മാരും, സഭയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചവരുമായ സഭാപിതാക്കന്മാരാണല്ലോ. പക്ഷേ, ദൈവശാസ്ത്രബിരുദത്തിനു വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ആ സ്ഥാപനത്തിൻെറ ഗ്രന്ഥശേഖരത്തിൽ പ്രസ്തുത ഗ്രന്ഥങ്ങൾക്കു സ്ഥാനം നല്കിയിട്ടില്ല എന്നു കണ്ടപ്പോൾ അദ്ദേഹത്തിനനുഭവപ്പെട്ട നിരാശ അല്പമായിരുന്നില്ല.

ബാംഗളൂർവച്ച് നാരായണൻ പണ്ഡിതനായ ഡോക്ടർ എച്ച്. സി. ഈ. സക്കറിയാസുമായി പരിചയപ്പെടുന്നതിനിടയായി. കോട്ടയത്തുവച്ചു മുമ്പൊരിക്കൽ അദ്ദേഹത്തെ നാരായ

ണ്ടൻ കണ്ടിട്ടുണ്ടായിരുന്നു. അക്കാലത്തു ഡോക്ടർ സക്കറിയാസ് ആംഗ്ലോകത്തോലിക്കസഭയിൽ ഉൾപ്പെട്ടിരുന്നു. സക്കറിയാസുമായുള്ള പരിചയം നാരായണൻെറ ഭാവിജീവിതത്തിൽ വലിയ സ്വാധീനത ചെലുത്തുന്നതായി നമുക്കു കാണാം. വിശ്വാസസംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് അവർ പലപ്പോഴും സംഭാഷണങ്ങൾ നടത്തിയിരുന്നു. പ്രസിദ്ധരായ ചില ആംഗ്ലോകത്തോലിക്കദൈവശാസ്ത്രജ്ഞന്മാരുടെ ഗ്രന്ഥങ്ങളുമായി നാരായണനെ അദ്ദേഹം പരിചയപ്പെടുത്തുകയും ചെയ്തു. വിശുദ്ധകുർബാനയിൽ ക്രിസ്തു യഥാർത്ഥമായി സന്നിഹിതനാണോ എന്ന പ്രശ്നമാണ് ഇക്കാലത്തു നാരായണനെ കൂടുതലായി അലട്ടിക്കൊണ്ടിരുന്നത്.

ബാംഗളൂരിലെ ജീവിതം അദ്ദേഹത്തിന് അനാകർഷകമായിത്തുടങ്ങി. അവിടത്തെ ശുഷ്കമായ ആരാധനക്രമങ്ങൾ അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയില്ല, അതിനാൽ ഈസ്റ്റർ അവധിക്കുശേഷം കൽക്കട്ടായിലെ 'ബിഷപ്പ്സ് കോളെജി'ലാണ് അദ്ദേഹം പഠനം തുടർന്നത്. 'കത്തോലിക്കസഭയ്ക്കുപുറമേ കഴിച്ച വർഷങ്ങളിൽ ഏററം ഉപകാരപ്രദവും സൗഭാഗ്യകരവുമായവ' എന്നാണു കൽക്കട്ടായിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തെപ്പററി അദ്ദേഹം പ്രസ്താവിക്കുന്നത്.

ആംഗ്ലിക്കരുടെ പ്രാദേശികസൂനഹദോസ് ക്രമമായി കൽക്കട്ടായിൽ സമ്മേളിച്ചിരുന്നതിനാൽ ഇൻഡ്യയിലേയും ബർമ്മായിലേയും സിലോണിലേയും വിവിധ മിസ്സങ്ങളിൽനിന്ന് ആംഗ്ലിക്കൻ മെത്രാന്മാരും വൈദികരും അത്മായപ്രമുഖരും അവിടെ വന്നുകൊണ്ടിരുന്നു. സൂനഹദോസിൻെറ ചില സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് ദൈവശാസ്ത്രം പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളേയും അനുവദിച്ചിരുന്നു. ആംഗ്ലിക്കൻസഭയിൽപ്പെട്ട വിവിധഭാഗക്കാരുടെ വിശ്വാസത്തേയും ആരാധനക്രമത്തേയുംപററി കൂടുതലായി പഠിക്കുന്നതിന് ഈ സുവർണ്ണാവസരം അദ്ദേഹം ഉപയോഗപ്പെടുത്തി.

കൽക്കട്ടായിൽ നാരായണന്റെ ശ്രദ്ധയെ ഏററവുമധികമായി ആകർഷിച്ചതു് 'ഓക്സ്ഫോർഡ് മിഷൻഫാദേഴ്സ്' എന്ന അംഗ്ലിക്കൻ സന്യാസവൈദികരാണ്. അവിടെ ചെന്ന കൊല്ലം മുതൽക്കേ അവരുടെ പ്രേരണയ്ക്കു വശഗനായി അദ്ദേഹം 'പാപമോചനം' പതിവായി സ്വീകരിച്ചുതുടങ്ങി. അംഗ്ലിക്കൻപട്ടം അവാസ്തവമാകയാൽ കൂദാശാപരമായ യാതൊരു ഫലവും ആ പാപമോചനസ്വീകരണംകൊണ്ടുണ്ടായില്ലെങ്കിലും ആദ്ധ്യാത്മികജീവിതത്തിൽ പുരോഗമിക്കുന്നതിന് അതു വളരെ സഹായകമായിരുന്നു എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. "ഓക്സ്ഫോർഡ് ഫാദേഴ്സ് വിശ്വാസത്തിലും ആചാരത്തിലും 'അംഗ്ലോകത്തോലിക്ക'രായിരുന്നു. അവരിൽനിന്നു കത്തോലിക്കസഭയുടെ പല പ്രബോധനങ്ങളും അദ്ദേഹം ഗ്രഹിക്കുവാനിടയായി. എങ്കിലും കത്തോലിക്കസഭയെക്കുറിച്ചുണ്ടായിരുന്ന മുൻവിധിയും അവജ്ഞയുംനിമിത്തം സഭയുടെ പ്രബോധനങ്ങളെ ആരായുവാൻ അദ്ദേഹം ഉത്സാഹിച്ചില്ല.

ആദിമസഭാപിതാക്കന്മാരുടെ ചില ഗ്രന്ഥങ്ങൾ പഠിക്കുന്നതിന് അവിടെ സൗകര്യം ലഭിച്ചു. കോട്ടയത്തു് പഠിച്ചിരുന്ന കാലത്തു് ഇരനേവൂസിനേയും തെർത്തുല്യനേയും മററും പററി കേട്ടപ്പോൾമുതൽ അദ്ദേഹം പുലർത്തിക്കൊണ്ടിരുന്ന ഒരാഗ്രഹമായിരുന്നു അതു്. പ്രോട്ടസ്റ്റൻറുകാരുടേതുപോലെ അവ്യവസ്ഥമായിരുന്നില്ല ആദിമക്രിസ്ത്യാനികളുടെ വിശ്വാസമെന്നും മനുഷ്യന്റെ ആത്മാവും ശരീരവും ഒന്നുപോലെ സഹകരിച്ചു ദൈവത്തെ ആന്തരികമായും ബാഹ്യമായും മഹത്വപ്പെടുത്തുന്ന ആകർഷകമായ ഒരാരാധനക്രമമായിരുന്നു അവരുടേതെന്നും, കൂദാശകളുടെ വസ്തുപരമായ ഫലദായകത്വത്തിൽ അവർ വിശ്വസിച്ചിരുന്നെന്നും ആ ഗ്രന്ഥങ്ങളിൽനിന്നു സ്പഷ്ടമായി. സഭയുടെ ആ വിശ്വസ്തശുശ്രൂഷകരുടെ കൃതികൾ വായിച്ചതിന്റെ ഫലം നാരായണൻ സംക്ഷേപിച്ചെഴുതുന്നു:

"ആദിമപിതാക്കന്മാരുടെ മതം തിരുവിതാംകൂറിൽ ഞാൻ ദർശിച്ച ശുഷ്കമായ പ്രോട്ടസ്റ്റൻറിസമല്ലെന്നും എൻെറ ആത്മാവു ദാഹിച്ചുകൊണ്ടിരുന്ന യുക്തിയുക്തവും സമാശ്വാസദായകവുമായ കത്തോലിസിസമാണെന്നും കണ്ടുപിടിച്ചപ്പോൾ എൻെറ ആനന്ദത്തിന് അതിരില്ലായിരുന്നു. ആദിമക്രൈസ്തവർ പാപമോചനമെന്ന കൂദാശയിലും മരിച്ചവർക്കു വേണ്ടിയുള്ള പ്രാത്ഥനകളുടെ ഫലത്തിലും വിശുദ്ധകുർബാനയിലെ യഥാത്ഥസാന്നിദ്ധ്യത്തിലും ബാഹ്യാനുഷ്ഠാനങ്ങളോടു കൂടിയ ആരാധനയിലും വിശുദ്ധരുടെ മാദ്ധ്യസ്ഥ്യത്തിലും വിശ്വസിച്ചിരുന്നു എന്നു ഞാൻ ദർശിച്ചു. അവരുടെ കൃതികളിൽ നിന്ന് എൻെറ ദൈവശാസ്ത്രം ഞാൻ കെട്ടിപ്പടുക്കുവാൻ ആരംഭിച്ചു. ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലതാണ്. പദാത്ഥം പ്രകൃത്യാ തിന്മയല്ല— ചില ആദിമപാഷണ്ഡികളും ആധുനികപ്രോട്ടസ്റ്റൻറുകാരും ഇതിനെ നിഷേധിക്കുന്നുണ്ടാവാം. പാപം സ്ഥിതിചെയ്യുന്നതു മനുഷ്യൻെറ മനസ്സിലാണ്. മനുഷ്യനേയും ലോകവസ്തുക്കളേയും ഉപകരണമാക്കിയാണു ദൈവം ഈ ലോകത്തിൽ പ്രവത്തിക്കാറുള്ളതു്. ആവിഷ്കൃതമതത്തിൽ ദൈവം മനുഷ്യഹൃദയങ്ങളെ തേടി ഇങ്ങോട്ടു വരുന്നു. അവിടുന്നു വരപ്രസാദങ്ങളും തൻെറ യഥാത്ഥ സാന്നിധ്യവും മനുഷ്യക്കു നല്കുന്നതിനുള്ള മാഗ്ഗമായി കൂദാശകളെ സ്ഥാപിച്ചു. നമ്മിൽ നിന്ന് അവിടുന്നു പ്രതീക്ഷിക്കുന്നതു്, നമ്മുടെ സ്വാതന്ത്രമനസ്സുകൊണ്ടു കൂദാശകളുടെ പ്രസാദവരങ്ങളുപയോഗിച്ചു തൻെറ സ്നേഹത്തിനു കീഴ്പ്പെടുകയും തന്നോടു സഹകരിക്കയും ചെയ്യുന്നമെന്നുമാത്രമാണ്. ശരീരബന്ധമില്ലാത്ത അരൂപികളല്ല നമ്മൾ; നമുക്കൊരു ശരീരവുമുണ്ട്. നമ്മുടെ അനുദിനജീവിതത്തിൽ മറെറല്ലാക്കായ്യങ്ങളിലും ശരീരത്തേയും ബാഹ്യപദാത്ഥങ്ങളേയും നാം ഉപയോഗപ്പെടുത്തുന്നു. അതിനാൽ നമ്മുടെ ദൈവാരാധനയും, പൂണ്ണവും അന്യൂനവുമായിരിക്കണമെ

ങ്കിൽ, ആന്തരികവും ബാഹ്യവുംകൂടിയായിരിക്കണം" (From Hinduism . . . . p. 28, 29).

ഓരോ വിദ്യാത്ഥിയും തനിക്കു യുക്തമെന്നു തോന്നുന്ന ഒരു ദൈവശാസ്ത്രം സൃഷ്ടിക്കുന്നതിനു കോളെജിൽ പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. ഖണ്ഡിതമായ ഒരു ദൈവശാസ്ത്രം അവിടെ പഠിപ്പിച്ചിരുന്നില്ല. സ്കോളാസ്റ്റിക് തത്വശാസ്ത്രവും തോമസ് അക്വിനാസിൻെറ ഗ്രന്ഥങ്ങളും ഒരന്ധകാരദശയിലേ അന്ധവിശ്വാസങ്ങളെന്ന മട്ടിൽ ക്ലാസ്സിൽ അവഗണിക്കപ്പെട്ടു. അന്നു സ്റ്റീഫൻ നാരായണൻെറ ഏകാഭിലാഷം അസന്ദിഗ്ധവും നിശ്ചിതവുമായ ഒരു വിശ്വാസസംഹിത ലഭിക്കുന്നതിനായിരുന്നു. അതിനാൽ ഏതെങ്കിലും സന്യാസാശ്രമത്തിൽ ചേൎന്ന് ആംഗ്ലിക്കൻസഭയിൽ ഇൻഡ്യൻവീക്ഷണത്തിനു യോജിച്ചതും യുക്തിപൂൎവ്വകവും സുനിശ്ചിതവുമായ ഒരു ക്രിസ്തീയവിശ്വാസസംഹിത സൃഷ്ടിക്കുവാൻവേണ്ടി ജീവിതം ചെലവഴിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു.

സ്റ്റീഫൻ നാരായണൻെറ ജീവിതത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവം ഇക്കാലത്തു നടന്നു. 1924-ൽ കൽക്കട്ടായിൽ കോളെജുവിദ്യാഭ്യാസം നടത്തിക്കൊണ്ടിരുന്ന ടിൽഡാ എന്നുപേരുള്ള ഒരു ഷില്ലോംഗ് കാരിയുമായി നാരായണൻ പരിചയപ്പെട്ടു. ഇരുവരുടേയും വിശ്വാസവും ആദർശങ്ങളും തമ്മിലുള്ള ഐക്യം അവരുടെ പരിചയത്തെ പ്രണയമായിപ്പകൎത്തി. പഠനം പൂൎത്തിയാകുമ്പോൾ വിവാഹബന്ധത്തിലേർപ്പെടുന്നതിന് അവർ പരസ്പരം വാഗ്ദാനം ചെയ്തു.

അക്കൊല്ലംതന്നെ, അഹമ്മദ്നഗറിൽ റവ. വിൻസ്ലോ എന്നയാൾ ആയിടെ സ്ഥാപിച്ച ആശ്രമത്തിൽ നാരായണൻ ചേർന്നു. വൈവാഹിതരേയും അദ്ദേഹത്തിൻെറ ആശ്രമത്തിൽ സ്വീകരിച്ചിരുന്നു. എന്നാൽ മി. വിൻസ്ലോയുടെ ആദർശങ്ങളുമായി യോജിച്ചു തുടരുക സാധ്യമല്ലെന്നു കാണുകയാൽ അദ്ദേഹം വിൻസ്ലോയുമായുള്ള ബന്ധം ഉപേക്ഷിച്ച് ആശ്രമം വിട്ടുപോകുവാൻ നിർബന്ധിതനായി.

1924 സെപ്റ്റംബറിൽ സ്റ്റീഫൻ ഡീക്കൻപട്ടം സ്വീകരിച്ചു 'കൗലി ഫാദേഴ്സ്' എന്ന സന്ന്യാസവൈദികരുടെ കീഴിൽ പൂനായിൽ ജോലിയാരംഭിച്ചു. ഇതിനകം അദ്ദേഹം ആംഗ്ലോക്കത്തോലിക്കമനഃസ്ഥിതി ആർജ്ജിച്ചുകഴിഞ്ഞിരുന്നു. ദണ്ഡവിമോചനം, പരിശുദ്ധകന്യകയുടെ അമലോത്ഭവം, പാപ്പായുടെ അപ്രമാദിത്വം മുതലായ ചുരുക്കം ചില വിഷയങ്ങളെപ്പററിയുള്ള വിശ്വാസമാണു് അദ്ദേഹത്തെ കത്തോലിക്കസഭയിൽനിന്ന് അകററിനിറുത്തിയിരുന്നതു്. ഈ വിഷയങ്ങളെപ്പററി അധികം ആലോചിക്കുവാൻപോയാൽ തനിക്കിഷ്ടമില്ലാത്ത കത്തോലിക്കസഭയിൽ പ്രവേശിക്കുവാൻ ഇടയായേക്കുമെന്നും അദ്ദേഹം ഭയപ്പെടാതിരുന്നില്ല. കൂടാതെ, ആംഗ്ലിക്കൻസഭയും ഗ്രീക്കുസഭയും റോമാസഭയും കത്തോലിക്കസഭയുടെ മൂന്നു ശാഖകളാണെന്നുള്ള വാദവും അദ്ദേഹം അംഗീകരിച്ചിരുന്നു. മാലിനെസിൽ കർദ്ദിനാൾ മെർസിയേറിൻെറ അദ്ധ്യക്ഷതയിൽ പുനരൈക്യശ്രമങ്ങൾ നടക്കുന്നുണ്ടായിരുന്നു. അതിൻെറ ഫലമായി ഭിന്നതകളെല്ലാം അവസാനിച്ചു മൂന്നു സഭകളും യോജിക്കുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു.

പൂനായിൽ 'സേർവൻറ്സ് ഓഫ് ഇൻഡ്യാ' സൊസൈററിയുടെ വസതിക്കു സമീപമാണു് നാരായണൻ താമസമാക്കിയിരുന്നതു്. ഡോക്ടർ സക്കറിയാസും സൊസൈററിയുടെ ഒരംഗമായിച്ചേർന്നു് അവിടെ താമസിച്ചിരുന്നു. അന്നദ്ദേഹം സ്കൊളാസ്റ്റിക്ക് തത്വശാസ്ത്രവും വി. തോമസ് അക്വിനാസിൻെറ 'സുമ്മാ തിയളോജിക്കാ' എന്ന പ്രസിദ്ധ വേദശാസ്ത്രഗ്രന്ഥങ്ങളും സനിഷ്കർഷം പഠിച്ചുകൊണ്ടിരിക്കയായിരുന്നു. അധികം താമസിയാതെ വിശ്വാസവിഷയകമായ സംശയങ്ങളും മനഃക്ലേശങ്ങളും സക്കറിയാസിനെ അലട്ടിത്തുടങ്ങി. വാരാന്ത്യരാത്രികളിൽ ഈവക പ്രശ്നങ്ങളെപ്പററി നാരായണൻ സക്കറിയാസുമായി ദീർഘനേരത്തേക്കു പ്രതിപാദിച്ചുവന്നു. പൂനായിൽവച്ചു് നാരായണനു റവ. ജോൺ ലോഡർ എന്നൊ

രു ജസ്യൂറ്റു വൈദികനുമായി അടുത്തു പരിചയപ്പെടുന്നതി നു സൗകര്യം ലഭിച്ചു. ഫാദർ ലോഡരുടെ നി:സ്വാർത്ഥതയും പാണ്ഡിത്യവും മി. നാരായണനെ ഗാഢാകർഷിച്ചു. കത്തോ ലിക്കാവൈദികർ അജ്ഞരും അസംസ്കൃതരുമാണെന്നാണ് അദ്ദേഹം ധരിച്ചുവച്ചിരുന്നതു്!

1926-ലെ ഉയിർപ്പു തിരുനാളിൽ ഡോക്ടർ സക്കറിയാ സ് കത്തോലിക്കാസഭയ്ക്കു കീഴടങ്ങി. നാരായണനെ ആ സംഭ വം വളരെയധികം അസ്വസ്ഥനാക്കി. ആംഗ്ലിക്കൻസഭയിൽ അദ്ദേഹം ഉറപ്പിച്ചിരുന്ന വിശ്വാസത്തിന് ഇളക്കം തട്ടുകയും ചെയ്തു.

അക്കൊല്ലം റെറിൽഡായുടെ കോളേജ്‌വിദ്യാഭ്യാസം പൂ ത്തിയായി. ഏപ്രിൽ 24-ാംനു- നാരായണനും റെറിൽഡായും തമ്മിലുള്ള വിവാഹം ബോംബെയിൽവച്ച് ആഘോഷിക്കപ്പെ ട്ടു. മൂന്നുമാസങ്ങൾക്കുശേഷം പൂനായിൽവച്ചു സ്റ്റീഫൻ നാരാ യണൻ വൈദികപദത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ഒരു ദിവസം ഭാര്യയുമായി ആംഗ്ലിക്കരുടെ ശാഖാവാദത്തെപ്പററി സംസാരിക്കവെ സഭ പരസ്പരവിരുദ്ധങ്ങളായ വിശ്വാസങ്ങൾ പഠിപ്പിക്കുന്ന മൂന്നു ഗണങ്ങളായി പിളർന്നിരിക്കെ എങ്ങനെ യാണു മൂന്നും കത്തോലിക്കാസഭയുടെ സജീവശാഖകളായിരി ക്കുന്നതു് എന്നു് ഭാര്യ അദ്ദേഹത്തോടു ചോദിച്ചു. ഈ ചോദ്യ ത്തിനു ശരിയായ സമാധാനം നല്കുവാൻ കഴിയാതെ അദ്ദേ ഹം കുഴങ്ങി. സക്കറിയാസിൻെറ മാനസാന്തരത്തെപ്പററിയു ള്ള സ്മരണ മനസ്സിൽനിന്നു മായാതിരുന്ന ആ അവസരത്തിൽ അതു പ്രത്യേകം അസ്വാസ്ഥ്യജനകമായിരുന്നു.

ആയിടെത്തന്നെ ഫാദർ ലോഡർ നാരായണനുമായി നട ത്തിയ ഒരു സംഭാഷണത്തിനിടയിൽ ആംഗ്ലിക്കൻപട്ടം ശരി യായ നിയോഗമില്ലാത്തതിനാൽ അവാസ്തവമാണെന്നു സൂചി പ്പിക്കുകയുണ്ടായി. കൽക്കട്ടായിൽവച്ചു പ്രസ്തുത പ്രശ്നത്തെ സം ബന്ധിച്ചു ചില ഗ്രന്ഥങ്ങൾ വായിച്ചിരുന്നു. എന്നാൽ ആംഗ്ലി ക്കൻസഭയിലുള്ള വിശ്വാസത്തിന് ഇളക്കം തട്ടിയിരുന്ന ഈ

അവസരത്തിൽമാത്രമേ അതിൻെറ ഭവിഷ്യൽഫലങ്ങളെപ്പററിയുള്ള ഭയാനകമായ ചിന്ത അദ്ദേഹത്തിൻെറ മനസ്സിൽ കടന്നുകൂടിയുള്ളു. അംഗ്ലിക്കൻപട്ടം വാസ്തവമല്ലെങ്കിൽ അംഗ്ലിക്കൻ വൈദികർ ശുശ്രൂഷിക്കുന്ന കൂദാശകളുടെ സ്ഥിതി എന്തു്? ക്രിസ്തുവിൻെറ സാന്നിദ്ധ്യമില്ലാത്ത വെറും ഓസ്തിയെയോ താനാരാധിച്ചിരുന്നതു്? അംഗ്ലിക്കൻപട്ടത്തിൻെറ വാസ്തവികതയെ സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ചില ഗ്രന്ഥങ്ങൾ കൗളി ഫാദേഴ്സിൻെറ പക്കൽനിന്നും അദ്ദേഹം വാങ്ങിവായിച്ചു. അവയൊന്നും ശരിയായ സമാധാനം നല്കിയില്ല. അവസാനം ഈ സംശയങ്ങൾ പിശാചിൻെറ പരീക്ഷകളാണെന്നു് ആദ്ധ്യാത്മികപിതാവു് ഉപദേശിച്ചതനുസരിച്ചു് അവയെ മനസ്സിൽനിന്നു തള്ളിക്കളയുവാൻ അദ്ദേഹം പരിശ്രമിച്ചു. അതും നിഷ്ഫലമായി.

1927-ൽ സിലോണിലേക്കു സ്റ്റീഫനു സ്ഥലമാററം കിട്ടി. അവിടെ ബാററിക്കലോവായിലെ ഇടവക വൈദികൻെറ സഹായകനും ഒരു സ്കൂളിൻെറ പ്രിൻസിപ്പലുമായിട്ടാണ് അദ്ദേഹം നിയുക്തനായതു്. പുതിയ നിയമനം അദ്ദേഹത്തിനു വളരെ സന്തോഷകരമായിരുന്നു. അവിടെ ധാരാളം ജോലികളുണ്ടായിരുന്നതിനാൽ ദൈവശാസ്ത്രപ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിന് അവസരം ലഭിച്ചില്ല. അങ്ങനെ സംശയങ്ങളും വിഷമതകളും മറക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. മനസ്സമാധാനം വീണ്ടും കരഗതമായി.

പക്ഷേ, അഞ്ഞടിക്കുവാൻപോകുന്ന കൊടുങ്കാററിൻെറ നാന്ദിയായിരുന്നു അതു്. "ലോചർച്ച്"ൽപ്പെട്ടതായിരുന്നു ബാററിക്കലോവായിലെ ദൈവാലയം. നാരായണനും വികാരിയും തമ്മിൽ വിശ്വാസസംബന്ധമായ പല കാര്യങ്ങളിലും യോജിച്ചില്ല. വി. കുർബാനയിലെ വസ്തുഭേദത്തെ നാരായണൻ വിശ്വസിക്കുന്നു എന്നു ഗ്രഹിച്ചപ്പോൾ ഈ തത്ത്വങ്ങളൊന്നും പള്ളിയിൽ പ്രസംഗിക്കയോ സ്കൂളിൽ പഠിപ്പിക്കയോ ചെയ്തുകൂടെന്നു് അദ്ദേഹം മുടക്കി. ദൈവാലയത്തിൽ പറയുവാനുള്ള

ശിക്കുന്ന പ്രസംഗങ്ങൾ നേരത്തേ എഴുതിക്കാണിക്കണമെന്നു് ആവശ്യപ്പെടുന്നതിനും അദ്ദേഹം മടിച്ചില്ല.

ആംഗ്ലിക്കൻസഭയിൽ ഉടലെടുത്തിരുന്ന ചില സംഭവങ്ങളും നാരായണൻെറ ഹൃദയത്തെ കരണ്ടു തുടങ്ങി. ബർമിങ്ങാമിലെ മെത്രാനായിരുന്ന ഡോക്ടർ ബാർനെസ് കൃത്രിമമായ സന്താനനിയന്ത്രണത്തെ അനുകൂലിച്ചു പരസ്യമായി പരിശുദ്ധസ്ഥലത്തു നിന്നുകൊണ്ടു പ്രസംഗിച്ചപ്പോൾ മററാംഗ്ലിക്കൻ മെത്രാന്മാർ മൂകരായിരുന്നതേയുള്ളു. റോമാസഭ ദുഷിച്ചുപോയെന്നു കുററപ്പെടുത്തിക്കൊണ്ടിരുന്ന അവർക്കു് ഇപ്പോൾ യാതൊന്നും പറയുവാനില്ല! പരിശുദ്ധ കുർബാന ഒരു തന്ത്രമാണെന്നു പറഞ്ഞു് അദ്ദേഹം ആക്ഷേപിച്ചപ്പോഴും അംഗ്ലിക്കൻ മെത്രാന്മാർ മിക്കവരും കണ്ണടച്ചുകളയുകയാണു ചെയ്തതു്. അക്രൈസ്തവരേയും നിരീശ്വരന്മാരേയുംകൂടി ഉൾക്കൊള്ളുന്ന കോമൺസ് സഭ ആംഗ്ലിക്കരുടെ ആരാധനക്രമങ്ങൾ നിശ്ചയിച്ചതു് ലജ്ജാവഹമായി സ്റ്റീഫനു തോന്നി.

ഫാദർ ലോഡർവഴി ബാററിക്കലോവായിലെ കത്തോലിക്ക കോളെജിൻെറ പ്രിൻസിപ്പലായിരുന്ന റവ. ബൊട്ടി എസ്. ജെ. യുമായി നാരായണൻ പരിചയപ്പെട്ടു. ഈ പരിചയം പൂനായിൽവച്ചു് അദ്ദേഹത്തിനു വിശ്വാസസംബന്ധമായി അനുഭവപ്പെട്ടിരുന്ന വിഷമതകൾ ആവർത്തിക്കപ്പെടുവാൻ കാരണമായി.

മാലിനസിൽ നടന്നുകൊണ്ടിരുന്ന സംഭാഷണങ്ങളുടെ ഫലമായി റോമായുമായുള്ള ഐക്യം കൈവരുമെന്നു് നാരായണൻ അത്യാശയോടേ പ്രതീക്ഷിച്ചിരിക്കയായിരുന്നു. എന്നാൽ അതു പരാജയത്തിലവസാനിക്കയാണു ചെയ്തതു്. പരിശുദ്ധ പിതാവു് ഐക്യത്തെപ്പററി പരസ്യപ്പെടുത്തിയ വിശ്വലേഖനം അദ്ദേഹം വായിച്ചപ്പോൾ ക്രിസ്തുവും ആദിമസഭയും വിശ്വാസസത്യങ്ങളെ സംബന്ധിച്ചു സ്വീകരിച്ചുവന്ന ഉറച്ച നിലയാണു് അതിൽ നിഴലിച്ചുകണ്ടതു്. സത്യസഭയ്ക്കു വെളിയിലായിരിക്കുമോ താൻ എന്നു് അദ്ദേഹം ഭയപ്പെടാതെയുമിരു

ന്നില്ല. എങ്കിലും അംഗ്ലിക്കൻ സഭയുടെ പട്ടവും കൂദാശകളും വാസ്തവമാണെന്നും അതിനാൽ താൻ സത്യസഭയിൽത്തന്നെയാണെന്നും സ്വയം സമാധാനപ്പെടുവാൻ ശ്രമിച്ചു.

ആ ദിവസങ്ങളിൽ ഒരു പ്രഭാതത്തിൽ നാരായണൻ വി. അഗ്രസ്തീനോസിൻെറ പ്രഭാഷണങ്ങളിൽനിന്ന് ഒരു ഭാഗം വായിക്കുകയായിരുന്നു. അതിനുമുമ്പും പല പ്രാവശ്യം ആ ഭാഗം അദ്ദേഹം കടന്നുപോയിട്ടുള്ളതാണ്. എന്നാൽ, അന്നൊന്നും അദ്ദേഹത്തിൻെറ ശ്രദ്ധയെ അതാകർഷിച്ചില്ല. സ്റ്റീഫൻെറ ജീവിതത്തിൽ ഏററവും വലിയ മാററം വരുത്തിയ ആ ഭാഗം ഇപ്രകാരമാണ്:

"ആത്മാവു മനുഷ്യശരീരത്തിനെന്നപോലെയാണ് പരിശുദ്ധാത്മാവു ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയ്ക്ക്. ആത്മാവ് ഒരു ശരീരത്തിൽ ഉളവാക്കുന്ന ഫലങ്ങൾ പരിശുദ്ധാത്മാവു സഭമുഴുവനിലും ഉളവാക്കുന്നു. അതിനാൽ എന്താണ് ഉപേക്ഷിക്കേണ്ടത്, എന്താണു ചെയ്യേണ്ടത്, എന്താണു ഭയപ്പെടേണ്ടത് എന്നു സൂക്ഷിച്ചുകൊള്ളുക. മനുഷ്യശരീരത്തിൽനിന്ന് ഒരവയവം—ഒരു കൈയോ കൈവിരലോ കാലോ— വിച്ഛേദിക്കപ്പെടാൻ ഇടയാകാറുണ്ട്. എന്നാൽ വിച്ഛേദിക്കപ്പെടുന്ന ആ അംഗത്തെ ആത്മാവ് അനുഗമിക്കുന്നുണ്ടോ? ശരീരത്തോടു യോജിച്ചിരുന്നപ്പോൾ ആ അവയവത്തിനു ജീവനുണ്ടായിരുന്നു. എന്നാൽ അതു വിച്ഛേദിക്കപ്പെടുമ്പോൾ അതിൻെറ ജീവൻ നഷ്ടപ്പെടുന്നു. അതുപോലെ ഒരു ക്രിസ്ത്യാനി സഭയുടെ അംഗമായിരിക്കുന്നിടത്തോളംകാലം അതിൻെറ ജീവൻ അവൻെറ ശരീരത്തിലുണ്ട്; അവൻ ഒരു കത്തോലിക്കനാണ്. അവൻ എപ്പോൾ സഭയിൽനിന്നു വിച്ഛേദിക്കപ്പെടുന്നുവോ, അപ്പോൾ അവൻ ഒരു പാഷണ്ഡിയായിത്തീരുന്നു; വിച്ഛേദിക്കപ്പെട്ട അംഗത്തെ പരിശുദ്ധാത്മാവ് അനുഗമിക്കുന്നില്ല" (Sermon 247).

നാരായണൻ തുടരുന്നു: "ആദിമ സഭാപിതാക്കന്മാരിൽ അഗ്രഗണ്യനായ ആ മഹാപണ്ഡിതൻെറ വാക്കുകൾ എൻെറ ഹൃദയത്തിൽ ആ പ്രഭാതത്തിൽ ആഴമായി തറച്ചുകയറി. വി. അഗ്രസ്തീനോസ്, ഡൊനാററിസ്ററുകളേയും തൻെറ കാലത്തു

ണ്ടായിരുന്ന ഇതര പാഷണ്ഡശീശ്മസഭകളേയും ഉദ്ദേശി ച്ചാണ് ഈ വാക്കുകൾ എഴുതിയതു്. അതിനാൽ ഡൊണാററി സ്ററുകളുടെപക്കലേക്ക് ആ പ്രഭാതത്തിൽ എൻെറ ശ്രദ്ധ തി രിഞ്ഞു. ഡൊണാററിസ്ററുകൾക്കു വാസ്തവമായ പട്ടവും വാസ്ത വമായ കൂദാശകളുമുണ്ടായിരുന്നു. എന്നാൽ വി. അഗുസ്തീനോ സാകട്ടെ, അദ്ദേഹത്തിൻെറകാലത്തേ കത്തോലിക്കസഭയാക ട്ടെ അവരെ സത്യസഭയുടെ ഒരു വിഭാഗമായി അംഗീകരിച്ചി ല്ല. അതിനാൽ ആംഗ്ലിക്കൻസഭയ്ക്കു വാസ്തവമായ പട്ടവും കൂദാ ശകളുമുണ്ടെങ്കിൽത്തന്നെ അതുനിമിത്തം വി. അഗുസ്തീനോസി ൻെറയും ആദിമസഭയുടേയും വേദശാസ്ത്രപ്രകാരം ആംഗ്ലിക്കൻ സഭ കത്തോലിക്കാസഭയുടെ സജീവശാഖയാകുകയില്ലെന്നു ഞാൻ അനുമാനിച്ചു ....."

ക്രിസ്തു സ്ഥാപിച്ചതും ഏകവും ദൃശ്യവും അപ്രമാദവും ആ ദിമരക്തസാക്ഷികളെ ഉൽപാദിപ്പിച്ചതുമായ സഭയെന്നു അവകാശപ്പെടുവാൻ ആംഗ്ലിക്കൻസഭയെക്കാളും അർഹ തയുള്ളതു് റോമസഭയ്ക്കാണെന്നു നേരത്തേതന്നെ നാരായണനു ബോധപ്പെട്ടിരുന്നു. എന്നാൽ ആംഗ്ലിക്കരുടെ പട്ടം വാസ്തവമാ ണെങ്കിൽ ആംഗ്ലേയസഭയും കത്തോലിക്കസഭയുടെ സജീവ വിഭാഗമാണെന്നുള്ള വാദത്തെ മുറുകെപ്പിടിച്ചുകൊണ്ടു് ഒരു പരിവത്തനം അവശ്യമില്ലെന്ന ഉറപ്പോടെ കഴിഞ്ഞിരുന്നു. വി. അഗുസ്തീനോസിൻെറ വാക്കുകൾ ആ വാദത്തെ തകർക്കു ന്നതായി അദ്ദേഹം ദർശിച്ചു. "ഇത്രയുംനാൾ ഞാൻ ക്രിസ്തുവി ൻെറ സഭയുടെ ഒരംഗമല്ലായിരുന്നുവെന്നോ? എൻെറ ആത്മ രക്ഷതന്നെ അപകടത്തിലോ?" അദ്ദേഹം ഭയംകൊണ്ടു വിറ ച്ചു. 1928 ഫെബ്റുവരിമാസത്തിലാണ് ഈ സംഭവം നടന്ന തു. അന്നുതന്നെ നാരായണൻ തൻെറ വിഷമതകളെ വിവ രിച്ചുകൊണ്ടു സ്വന്തം മെത്രാൻെറപേർക്ക് ദീർഘമായ ഒരു ക ത്തയച്ചു. ദൈവഭക്തന്മാരും പണ്ഡിതന്മാരുമെന്നു് അദ്ദേഹ ത്തിനു വിശ്വാസമുണ്ടായിരുന്ന ചില ആംഗ്ലിക്കൻ വൈദിക ന്മാർക്കും അദ്ദേഹം എഴുതി. എഴുത്തു കിട്ടിയ ഉടനെ, കൊളം ബോയിൽ തൻെറ അരമനയിലേക്കു ചെല്ലുവാൻ അവശ്യപ്പെട്ടു

കൊണ്ട് മെത്രാൻ അദ്ദേഹത്തിനു കമ്പിയടിച്ചു. അദ്ദേഹം മെത്രാനെ ചെന്നു കണ്ടു ദീർഘനേരം സഭയുടെ ശാഖാവാദത്തെപ്പററി സംസാരിച്ചു. എങ്കിലും സംശയങ്ങൾക്കു യാതൊരു പരിഹാരവുമുണ്ടായില്ല. ഒടുവിൽ, ഡാർബൽസ്റ്റോൺ എന്ന ആംഗ്ലിക്കൻ വേദശാസ്ത്രജ്ഞൻെറ ഒരു ഗ്രന്ഥം അദ്ദേഹം നാരായണനു കൊടുത്തു. റോമാസഭയിൽ പ്രവേശിക്കുന്നതിനാണു തീരുമാനിക്കുന്നതെങ്കിൽ ബാററിക്കലോവായിലെ ക്രൈസ്തവരെ അസ്വസ്ഥരാക്കാതിരിക്കുവാൻ അവിടെ നിന്ന് സ്ഥലം വിട്ടതിനുശേഷമേ അപ്രകാരം ചെയ്യാവു എന്ന് അദ്ദേഹം നാരായണനോടഭ്യർത്ഥിച്ചു. അദ്ദേഹം അതിനു സമ്മതിക്കയും ചെയ്തു.

ബാററിക്കലോവായിലെത്തിയതിനുശേഷം, സ്റ്റോണിൻെറ വാദങ്ങളെല്ലാം സ്റ്റീഫൻ പരിശോധിച്ചുനോക്കി. സംശയങ്ങളെ അത് ഒന്നുകൂടി പ്രബലമാക്കിയതേയുള്ളു. യാതൊന്നും പുതിയതായിട്ടു കണ്ടില്ല. നാരായണനെ മെത്രാനച്ചൻ കമ്പിയടിച്ച് അരമനയിലേക്കു വിളിച്ചെന്നും അദ്ദേഹത്തെ ജോലിയിൽനിന്നു സസ്പെണ്ടു ചെയ്തിരിക്കയാണെന്നും ഇടവകയിലെങ്ങും ശ്രുതി പരന്നു. സ്നേഹിതന്മാർക്കയച്ച കത്തുകൾക്ക് മറുപടികൾ ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ വൈഷമ്യങ്ങൾക്കു സമാധാനം നല്കുവാൻ അവർക്കും കഴിഞ്ഞില്ല.

ഒരാളെഴുതി: "നമ്മൾമാത്രമല്ല ശീശ്മയിൽപ്പെട്ടിരിക്കുന്നവർ. റോമാക്കാരും ശീശ്മയിലാണെ''ന്ന്. നിരാശയും ഭീതിയും സന്ദേഹങ്ങളും നിമിത്തം ഹൃദയം വെന്തുനീറുമ്പോൾ ലഭിക്കുന്ന, ആശ്വാസം!

വേറൊരാൾ പറഞ്ഞു: "ശവക്കുഴിക്കിപ്പുറത്തു നമുക്കു പരിപൂർണ്ണമായ തീർച്ചയുണ്ടാകുന്നതെങ്ങനെയാണ്?" "അപ്പോൾ, എൻെറ വത്സല ഭവനത്തേയും ഏററം വത്സലയായ എൻെറ മാതാവിനേയും എനിക്കു പ്രിയംകരവും മോഹനവുമായിരുന്ന സകലതിനേയും ഞാൻ ഉപേക്ഷിച്ചതു വെറും സംശയാസ്പദമായ ഒരു വിശ്വാസത്തിനു വേണ്ടിയോ?'' എന്ന് അദ്ദേഹം ഹൃദയം വിങ്ങി ആത്മഗതം ചെയ്തു.

റോമാസഭയിൽ ചേരുന്നപക്ഷം മാമ്മോദീസാസ്വീകരണംമുതൽ സകലവും ആവത്തിക്കേണ്ടിവരും എന്നൊരാറം വാദിച്ചു. ആത്മരക്ഷയ്ക്കുവേണ്ടി, സത്യത്തെ അറിയുന്നതിനുവേണ്ടി, അതും അതിലധികവും ത്യാഗം സഹിക്കുവാൻ അദ്ദേഹം സന്നദ്ധനാണ്.

യാതൊന്നിനെപ്പററിയും അദ്ദേഹത്തിനു തീർച്ചയില്ലെന്നായി. 'ദൈവമെന്നൊരാറംതന്നെയുണ്ടോ? അവിടുന്നു യഥാർത്ഥത്തിൽ ഒരു മതം വെളിപ്പെടുത്തിയിട്ടുണ്ടോ? ദൃശ്യവും ലോകോത്തരവുമായ ഒരു സഭയെ അവിടുന്നു സ്ഥാപിച്ചുവോ? സ്ഥാപിച്ചെങ്കിൽ അതെവിടെ?' ആകാശം ഇടിഞ്ഞു വീഴുന്നതായും നില്ക്കുന്ന സ്ഥലം പിളർന്നുപോകുന്നതായും അന്ധകാരം മനസ്സിനെ മൂടുന്നതായും അദ്ദേഹത്തിനു തോന്നി. യാതൊരുത്തനും, യാതൊന്നിനും അദ്ദേഹത്തെ സഹായിക്കുന്നതിനു സാധിച്ചില്ല. അവസാനം പരിപൂർണ്ണമായി ദൈവത്തിൽ സമാശ്രയിക്കുന്നതിന് അദ്ദേഹം തീരുമാനിച്ചു. അന്ധകാരത്തെ ഭേദിച്ച് ദൈവപ്രസാദത്തിന്റെ ഒരു നേരിയ കിരണം അദ്ദേഹത്തിന്റെ ഹൃദയത്തിൽ പ്രവേശിച്ചു.

ഏതായാലും ഒരാംഗ്ലിക്കൻ വൈദികന്റെ ജോലി തുടരുക സാദ്ധ്യമല്ലെന്നു നിശ്ചയിച്ചു നാരായണൻ രാജി സമർപ്പിച്ചു. ആംഗ്ലിക്കൻസഭയുമായുള്ള ബന്ധമെല്ലാം വിടർത്തി. ആദിമരക്തസാക്ഷികളുടെ സഭയെന്ന്, ഏകവും ദൃശ്യവും അപ്രമാദവുമായ സഭയെന്ന്, അവകാശപ്പെടുവാൻ ആംഗ്ലിക്കൻസഭയെക്കാളും അർഹതയുള്ളത് റോമാസഭയ്ക്കാണെന്ന് അദ്ദേഹത്തിനു ബോധപ്പെട്ടിരുന്നു. എന്നാൽ റോമാസഭ അപ്പസ്തോലികവിശ്വാസസംഹിതയോടു ചില പുതിയ സിദ്ധാന്തങ്ങറംകൂടി ചേർത്തുവെന്നായിരുന്നു അദ്ദേഹത്തിന്റെ ഭയം. ആത്മരക്ഷയ്ക്കുവേണ്ടി ഏതു ത്യാഗവും അധികമായിപ്പോകയില്ലെന്ന സമാധാനത്തോടെ കത്തോലിക്കാസഭയുടെ തത്വങ്ങളെ പരിശോധിക്കുന്നതിന് അദ്ദേഹം തീരുമാനിച്ചു. "പരദേശമായ ഈജിപ്തിലേക്കു പരദേശികളുടെയിടയിൽ വസിക്കുവാൻ ഒരിക്കൽ ഒളി

ച്ചോടേണ്ടിവന്ന വി. യൗസേപ്പുപിതാവിൻെറ സംരക്ഷണ ത്തിന്ന് തങ്ങളുടെ ഭാവിയെ ഏല്പിച്ചുകൊണ്ടു് നാരായണൻ ഭാര്യയോടുകൂടി വിശുദ്ധൻെറ തിരുനാളായ മാച്ച് 19-ാംതീയതി ബാററിക്കലോവായിൽനിന്നു ട്രിങ്കൊമാലിയിലേക്കു പുറപ്പെട്ടു

ട്രിങ്കൊമാലിയിൽ എത്തിയ ഉടനെ ഫാ. ഡൂപ്ലോണ്ടു എന്ന വൈദികനുമായി നാരായണൻ സംസർഗ്ഗത്തിലേപ്പെട്ടു. പ്രാൎത്ഥന യിൽ സമാശ്രയിച്ചുകൊണ്ടു് ഫാ. ഡൂപ്ലാണ്ടുമായി വിശ്വാസസ ത്യങ്ങളെപ്പററിയുള്ള സംഭാഷണത്തിൽ ഏതാനും ദിവസങ്ങൾ അവിടെ കഴിച്ചു. ബാററിക്കലോവാ വിടുന്നതിനുമുമ്പുതന്നെ കാർഡിനൽ ന്യൂമാൻെറ "Development of Christian Doctrine" എന്ന ഗ്രന്ഥം അദ്ദേഹം പഠിച്ചു തുടങ്ങിയിരുന്നു. അവ സാനം കത്തോലിക്കാസഭയെപ്പററി ശേഖിച്ചിരുന്ന തെററിദ്ധാ രണകളും മുൻവിധികളും നീങ്ങി. പാപ്പായുടെ അപ്രമാദിത്വ ത്തേയും ദിവ്യജനനിയുടെ അമലോത്ഭവത്തേയുംപററിയുള്ള സഭയുടെ പ്രബോധനങ്ങൾ ആദിമസഭയുടെ വളർച്ചയെ കുറി ക്കുകയാണെന്ന് അദ്ദേഹം ഗ്രഹിച്ചു. 1928 മാർച്ചു 31-ാം തീയതി ഫാദർ ഡൂപ്ലോണ്ടിൻെറ സാന്നിധ്യത്തിൽ ട്രിങ്കൊമാ ലിയിലെ ഭദ്രാസന ദൈവാലയത്തിൽവച്ചു സ്റ്റീഫൻ നാരായ ണനും ഭാര്യയും കത്തോലിക്കാസഭയിലേക്കു പ്രവേശിച്ചു. ശാ ശ്വതമായ ശാന്തിയും സമാധാനവും ലബ്ധമാകയുംചെയ്തു.

പതിനഞ്ചുകൊല്ലങ്ങൾക്കുശേഷം നാരായണൻ ഇപ്രകാ രം എഴുതുന്നു: "ഏതൊരു വാക്കുകളാണു് (കത്തോലിക്കാസഭ യിൽ കഴിച്ച) കഴിഞ്ഞകൊല്ലങ്ങളിലെ എൻെറ അനുഭവങ്ങ ളിൽ ചിലതെങ്കിലും വിവരിക്കുന്നതിനു ശക്തമാകുക? . . . ഈ ശോയേ, അങ്ങുന്നു മാത്രമേ, അങ്ങയുടെ വിശുദ്ധ കത്തോലിക്കാ സഭവഴി എന്നിൽ ചൊരിഞ്ഞിട്ടുള്ള അനുഗ്രഹങ്ങളിൽ ചില തെങ്കിലും വിശ്വസ്തമായും അൎത്ഥമായും ശരിയായും വിവരി ക്കുന്നതിനുള്ള ശക്തി എൻെറ നാവിനു നല്കുവാൻ ശക്തനാ യുള്ളു." (From Hinduism...p. 61)

# XIX

## എഫ്. എക്സ്. ജെ. ഖാൻ

കഴിഞ്ഞ നൂററാണ്ടിൽ അഫ്ഗാനിസ്ഥാനിൽനിന്നു തെക്കേ ഇൻഡ്യയിൽ വന്നു താമസമുറപ്പിച്ച പഠാൻസ് എന്ന മഹമ്മദീയകുടുംബത്തിലാണ് എഫ്. എക്സ്. ജെ. ഖാൻ ഭൂജാതനായതു്. മുസ്ലീം പാരമ്പര്യങ്ങളനുസരിച്ച ഖാനിനെ വളത്തുന്നതിൽ അദ്ദേഹത്തിൻെറ മാതാവു ശ്രദ്ധാലുവായിരുന്നു. കുടുംബത്തിലെ പതിവനുസരിച്ച് അദ്ദേഹവും പത്തു വയസ്സ് തികയുന്നതിനുമുമ്പു കുറാൻ ഒരാവൃത്തി വായിച്ചുതീൎത്തു. അമേരിക്കൻ പ്രോട്ടസ്റ്റൻറുകാർ നടത്തിയിരുന്ന ഒരു വിദ്യാലയത്തിലാണ് അദ്ദേഹത്തിൻെറ ഹൈസ്കൂർ വിദ്യാഭ്യാസം നടന്നതു്. ക്രിസ്തുമതത്തോടുള്ള നൈസൎഗ്ഗികമായ വിരോധംനിമിത്തം ബൈബിൾക്ലാസ്സിൽ അദ്ധ്യാപകനെ ഖാൻ നിരന്തരം ശല്യപ്പെടുത്തിയിരുന്നു. ഒരു മാതൃകാമഹമ്മദീയനായി അദ്ദേഹം വളൎന്നുവന്നു. പതിവായി പള്ളിയിൽ പോകുന്നതിനും ദിവസവും രാവിലെ കുറാൻ വായിക്കുന്നതിനും ഇസ്ലാംവിധിപ്രകാരമുള്ള ഉപവാസങ്ങൾ അനുഷ്ഠിക്കുന്നതിനും ഒരിക്കലും അദ്ദേഹം മുടക്കംവരുത്തിയില്ല. സ്കൂളിൽവച്ചു മാതൃഭാഷയായ ഉൎദ്ദുവിനുപുറമെ ഇംഗ്ലീഷും തമിഴും അദ്ദേഹം വശമാക്കി.

യുദ്ധം വരുത്തിവച്ച വിനാശങ്ങളിൽനിന്നു രാജ്യത്തെ ഉദ്ധരിക്കുവാൻ ഗവമ്മെൻറു് യുവാക്കന്മാരുടെ സേവനം അഭ്യൎത്ഥിച്ചു. അതനുസരിച്ചു ഖാൻ പേരു കൊടുക്കുകയും 1919 മേയ് 22-ാം തീയതി ബോംബെയിൽനിന്നു കപ്പൽകയറി ഇറാക്കിലേക്കു പുറപ്പെടുകയും ചെയ്തു. കപ്പലിൽവച്ചു എഡ്വേർഡ് സാമുവേൽ എന്നൊരു പ്രോട്ടസ്റ്റൻറുകാരനുമായി ഖാൻ മൈത്രീബന്ധം സമ്പാദിച്ചു. സാമുവേലിൻെറ സ്വഭാവവൈശിഷ്ട്യവും സത്യസന്ധതയും നിമിത്തം ഖാനിനു ക്രിസ്തുമതത്തോടു ബഹുമാനം തോന്നാതിരുന്നില്ല.

ബാഗ്ഡാഡ് നഗരത്തിലേക്കാണു ഖാൻ നിയുക്തനായത്. നഗരവാസികൾ അധികവും കത്തോലിക്കരായിരുന്നു. അവരുടെയിടയിൽ ദൃശ്യമായ സഹോദരസ്നേഹവും സേവനതൽപരതയും അദ്ദേഹത്തെ വളരെയാകർഷിച്ചു. ഒരു പക്ഷേ, ക്രിസ്തുമതമല്ലയോ ഏററവും വിശിഷ്ടമായ മതം എന്നൊരു സംശയം അദ്ദേഹത്തിൻെറ മനസ്സിൽ സ്ഥലംപിടിച്ചു ഇൻഡ്യയിലായിരിക്കവേ ഹിന്ദുമതത്തിൻേറയും ബുദ്ധമതത്തിൻേറയും ജൈനമതത്തിൻേറയും സിദ്ധാന്തങ്ങൾ അല്പമായൊന്നു പരിശോധിച്ചതിൻെറ ഫലമായി അവയെല്ലാം യുക്തിഹീനങ്ങളെന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നു.

യഹൂദമതത്തേയും ക്രിസ്തുമതത്തേയും കുറാൻ അംഗീകരിക്കുന്നതിനാൽ അവയെപ്പററിയും പഠിക്കുന്നതിനു ഖാൻ നിശ്ചയിച്ചു. അതോടൊപ്പം മഹമ്മദിനെക്കുറിച്ചും അദ്ദേഹം കൂടുതലായി പഠിച്ചുതുടങ്ങി. അങ്ങനെയിരിക്കെ ഡോക്ടർ ഗോൾഡ്സാക്ക് രചിച്ച "Muhammed In Islam" എന്നൊരു ഗ്രന്ഥം അദ്ദേഹത്തിൻെറ കൈയിൽ കിട്ടി പ്രവാചകശ്രേഷ്ഠനും ദിവ്യനുമെന്നു താൻ വിശ്വസിച്ചിരുന്ന മഹമ്മദ് ഒരു വഞ്ചകനെന്ന് ആ "കഫിർ" ഗ്രന്ഥത്തിൻെറ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നതായി കണ്ടപ്പോൾ അദ്ദേഹത്തിൻെറ രക്തം തിളച്ചു. പുസ്തകം മേശയിലേക്ക വലിച്ചെറിഞ്ഞു. സാമുവേലുമായുള്ള മൈത്രിബന്ധം ഉപേക്ഷിക്കുന്നതിനും ക്രൈസ്തവപ്രാബല്യമുള്ള ആ പട്ടണം വിട്ടുപോകുന്നതിനും അദ്ദേഹം തീരുമാനിച്ചു.

ഗോൾഡ്സാക്കിൻെറ വാദങ്ങളെ ഖണ്ഡിക്കണമെന്ന ഉദ്ദേശ്യത്തോടെ ഏതാനും ആഴ്ചകൾക്കുശേഷം വീണ്ടും ഖാൻ ആ പുസ്തകം കൈയിലെടുത്തു. പക്ഷേ, അദ്ദേഹം പ്രതീക്ഷിക്കാത്ത അനുഭവമാണുണ്ടായതു്. ഗോൾഡ്സാക്ക് കുറാനെത്തന്നെ ആധാരമാക്കിയാണു തൻെറ വാദം സ്ഥാപിക്കുവാൻ ശ്രമിച്ചിരുന്നതു്. ബാഗ്ഡാഡിലെ താമസത്തിനിടയ്ക്കു് ഖാൻ അറബിഭാഷ നല്ലവണ്ണം വശമാക്കിയിരുന്നു. അതിനാൽ ഗോൾഡ്സാക്ക് നല്കിയ ഉദ്ധരണികൾ എത്രമാത്രം വാസ്തവമാണെന്നു

മൂലകൃതിയുമായി ഒത്തുനോക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

മഹമ്മദിന്റെയും ക്രിസ്തുവിന്റെയും ജീവിതവും പ്രബോധനങ്ങളും തമ്മിൽ ഖാൻ താരതമ്യപ്പെടുത്തിനോക്കി. അദ്ദേഹത്തിന്റെ മനസ്സ് ഒരു സമരരംഗമായിത്തീൎന്നു. അവസാനം ഗോർഡ് സാക്കിന്റെ വാദം ശരിയെന്നു സമ്മതിക്കുവാൻ അദ്ദേഹം നിർബന്ധിതനായി. മഹമ്മദുമതത്തിലെ ഉൽകൃഷ്ടതത്വങ്ങളെല്ലാം യഹൂദമതത്തിൽനിന്നും ക്രിസ്തുമതത്തിൽനിന്നും വാങ്ങിച്ചതാണെന്ന് അദ്ദേഹം മനസ്സിലാക്കി. ക്രിസ്തുവിന്റെ മനുഷ്യാവതാരം അനിഷേധ്യസത്യമാണെന്നും ഖാൻ ഗ്രഹിച്ചു.

1921 മെയ് 22-ാം തീയതി ഖാൻ പ്രൊട്ടസ്റ്റൻറിസം സ്വീകരിച്ചു. ഇൻഡ്യയിൽനിന്നു കൂടെപ്പോന്ന മഹമ്മദീയരുടെ ആക്ഷേപങ്ങളോ ഉപദ്രവങ്ങളോ അദ്ദേഹത്തിനനുഭവപ്പെട്ട ആന്തരികസമാധാനത്തെ കളങ്കപ്പെടുത്തുവാൻ ശക്തമായില്ല.

കത്തോലിക്കമതവും പ്രൊട്ടസ്റ്റൻറുമതവും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നും പ്രൊട്ടസ്റ്റൻറുസഭയിൽ പരസ്പരവിരുദ്ധങ്ങളായ പ്രബോധനങ്ങൾ പഠിപ്പിക്കുന്ന അനേകം വിഭാഗങ്ങളുണ്ടെന്നും ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ ഖാൻ കേൾക്കുവാനിടയായി. ഉടനെതന്നെ അദ്ദേഹം ഇരുഭാഗക്കാരുടെയും വാദങ്ങൾ പഠിക്കുവാനാരംഭിച്ചു. അനേകം പ്രൊട്ടസ്റ്റൻറുകാരും കത്തോലിക്കരുമായി മതത്തെപ്പററി സംസാരിക്കുന്നതിനുള്ള അവസരങ്ങളും അദ്ദേഹത്തിനു ധാരാളം ലഭിച്ചിരുന്നു. വിരുദ്ധങ്ങളായ സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്ന പ്രൊട്ടസ്റ്റൻറു സഭകൾ ക്രിസ്തു സ്ഥാപിച്ചവയായിരിക്കുവാൻ പാടില്ലെന്നു മനസ്സിലാക്കി.

1922 അവസാനം കിർക്കക്ക് എന്ന സ്ഥലത്തേക്കു ഖാൻ മാററപ്പെട്ടു. കൽദായറീത്തുകാരായ കത്തോലിക്കരുടെ കത്തീഡ്രലിനു സമീപമാണ് അദ്ദേഹം കുടാരമടിച്ചിരുന്നത്. ഒരു കത്തോലിക്കനെന്ന മട്ടിൽ അദ്ദേഹം ദേവാലയത്തിലെ മതകർമ്മങ്ങളിൽ സംബന്ധിച്ചുവന്നു. കിർക്കുക്കിലെ കത്തോലിക്കരെ അവിടത്തെ മഹമ്മദീയർ പലപ്രകാരം പീഡിപ്പിച്ചിരുന്നു. അതിനാൽ താൻ ഒരു മഹമ്മദീയനായി ജനിച്ചുവളൎന്നവനാണെന്ന് അദ്ദേഹം വെളിപ്പെടുത്തിയില്ല. അവസരം കിട്ടുമ്പോഴൊക്കെ അദ്ദേഹം പള്ളിയിൽ പോയി ദീർഘനേരം ധ്യാനനിമഗ്നനായി നില്ക്കുന്നതു കാണാമായിരുന്നു.

1926-ൽ ഖാൻ ബോംബെയിൽ തിരിച്ചെത്തി. മി. സാമുവേൽ അന്നു പാററ്നായിലായിരുന്നു. പൂർവ്വമിത്രത്തെക്കാണുവാൻ ഉടൻതന്നെ ഖാൻ അങ്ങോട്ടു തിരിച്ചു. ഫാദർ സള്ളിവൻ എന്നൊരു ജസ്വിററു വൈദികനാണു് (ഇപ്പോൾ അദ്ദേഹം മെത്രാനാണു്) അന്നു പാററ്നായിൽ ഇടവകഭരണം നടത്തിയിരുന്നതു്. പാററ്നായിലെത്തിയതിന്റെ അടുത്തദിവസം ഫാദർ സള്ളിവനെ ഖാൻ സന്ദർശിച്ചു തന്റെ കഥ മുഴുവൻ അദ്ദേഹത്തെ വിവരിച്ചുകേൾപ്പിച്ചു. ആദ്യമൊന്നും അദ്ദേഹത്തിനു ഖാനിന്റെ വാക്കുകളിൽ വിശ്വാസം തോന്നിയില്ല. എന്നാൽ, തുടർച്ചയായുള്ള അഭ്യർത്ഥനകളിൽനിന്നു ഖാനിന്റെ ആത്മാർത്ഥതയെ ഗ്രഹിച്ചപ്പോൾ അദ്ദേഹം ഖാനിനെ സ്നേഹപുരസ്സരം സ്വീകരിച്ചു. ആവശ്യകമായ മതബോധം ലഭിച്ചതിനുശേഷം 1926-ലെ വലിയ ശനിയാഴ്ച ഖാൻ കത്തോലിക്കസഭയിൽ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു.

സ്വകുടുംബത്തെയും സത്യസഭയിലേക്കു നയിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ ഏതാനും മാസങ്ങൾക്കുശേഷം ഖാൻ തെക്കേ ഇൻഡ്യയിലേക്കു മടങ്ങി. പക്ഷേ, സ്വജനങ്ങളുടെ പീഡനങ്ങളും ഉപദ്രവങ്ങളുമാണു് അവിടെ അദ്ദേഹത്തെ കാത്തുനിന്നതു്. അപ്പോസ്തലന്മാരെപ്പോലെ ക്രിസ്തുവിനെപ്രതി സഹിക്കുവാൻ സാധിച്ചതിൽ അദ്ദേഹം ആനന്ദിച്ചതേയുള്ളു. ഖാൻ പ്രസ്താവിക്കുന്നു: "ഇപ്രകാരമുള്ള ഞെരുക്കങ്ങൾനിമിത്തം എന്റെ ജീവിതം സഹതാപജനകമല്ലേ എന്നു ചോദിക്കുവാൻ നിങ്ങൾ പ്രേരിതനായേക്കാം. എന്നാൽ, അപ്രകാരമല്ലെന്നു ഞാൻ തീർത്തുപറയുന്നു. ഈ ത്യാഗങ്ങളെല്ലാം സഹിക്കുന്നതുകൊണ്ടു വല്ല ലാഭവുമുണ്ടോ? തീർച്ചയായും ഉണ്ടു്. മാത്രമല്ല, സ്വമനസാ നിന്ദ്യമായ കുരിശുമരണം കൈവരിച്ച ആ ലോകരക്ഷകനോടുള്ള വിശ്വസ്തതയെ തെളിയിക്കുന്നതിനായി, വേണ്ടിവന്നാൽ, എന്നെ മുഴുവനും ബലികഴിക്കുവാൻപോലും ഞാൻ ഒരുക്കമാണു്" (From, Prophet of God to Son of God, p. 23).

L. D. V. M.

KOTTAYAM PUBLIC LIBRARY

...7110 Acc. No. 12553

This book should be returned on or befor the date last stamped below.

16 JUN 1969

4 MAR 1983

21 OCT 1985

23 FEB 1991

M410 12553

എബ്രഹാം ഡി. മററം.
ശാന്തിനികേതനത്തിലേക്ക്

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M.910 Acc. No. 12553

Author ... എബ്രഹാം ഡി. വട്ടം.

Title ... ശാന്തിനികേതനത്തിലേക്ക്

cm

gpura.org